

കോങ്ങാട് ഗ്രാമ പഞ്ചായത്ത്



ജനകീയാസൂത്രണം

സമഗ്ര വികസന രേഖ

1997 - 2002


KARNATAKA
KASARAGOD
KANNUR
KANNUR
MAHE
(PONDICHERRY)
WAYANAD
KALPETTA
KOZHIKODE
KOZHIKODE
MALAPPURAM
MALAPPURAM
PALAKKAD
THRISSUR
ERNAKULAM
ERNAKULAM
IDUKKI
PAINAVU
KOTTAYAM
ALAPPUZHA
ALAPPUZHA
PATHANAMTHITTA
PATHANAMTHITTA
KOLLAM
KOLLAM
THIRUVANANTHAPURAM
LAKSHADWEEP SEA
TAMILNADU

104 — 3

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

കോങ്ങാട് ഗ്രാമ പഞ്ചായത്ത്
സമഗ്ര വികസന രേഖ

വികസന സെമിനാർ : 14 – 12 – 96
(ഗവ. യു. പി. സ്കൂൾ, കോങ്ങാട്)

ഉള്ളടക്കം


	ആമുഖം	8
	ചരിത്രപശ്ചാത്തലം	19
	പ്രകൃതി പഠനപര്യടനം	29
	വിവിധ മേഖലകൾ	
1	കൃഷിയും ജലസേചനവും	31
2	മൃഗസംരക്ഷണം – മത്സ്യബന്ധനം	45
3	വിദ്യാഭ്യാസം	52
4	വ്യവസായം	56
5	കുടിവെള്ളവും പൊതുജനാരോഗ്യവും	69
6	ഗതാഗതം – ഊർജ്ജം, മാർക്കറ്റ്	81
7	പാർപ്പിടം– സാമൂഹ്യക്ഷേമം	99
8	സംസ്ക്കാരം	105
9	വനിതാക്ഷേമം	115
10	സഹകരണമേഖല	118
11	പട്ടികജാതി – പട്ടികവർഗ്ഗക്ഷേമം	123
12	വിഭവസമാഹരണം	130
13	ഉപസംഹാരം	136





എം. സി. വേലായുധൻ
പ്രസിഡൻറ്

കോങ്ങോട് പഞ്ചായത്തിലെ കർഷക തൊഴിലാളിസമരങ്ങളിലൂടെ കർഷക പീഠനങ്ങളേറ്റു വാങ്ങിക്കൊണ്ട്, കോങ്ങാടിൻറെ സാമൂഹ്യ വളർച്ച യ്ക്കൊപ്പം പൊതുരംഗത്തുയർന്നു വന്നു. ലളിതജീവിതത്തിനും സൗമ്യ മായ പെരുമാറ്റത്തിനും കർമ്മനിര തയ്ക്കും മാതൃകയാക്കാവുന്ന പൊതു പ്രവർത്തകൻ.
62 വയസ്സ്. 83ൽ ഭാര്യ മരിച്ചു.
അഞ്ചു മക്കൾ



വി. യു. സെയ്താലി
വൈസ് പ്രസിഡൻറ്



കെ. സി. ചിന്നപ്പൻ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ

ഭരണസമിതി
അംഗങ്ങൾ



ഇ. ശാന്തകുമാരി
പി. കെ. രാമചന്ദ്രൻ
അമ്പാട്ട് ഗോപാലകൃഷ്ണൻ
ടി. എ. ശിവകുമാരി
എ. കമലം
കെ. കരുണാകരൻ
പി. ശാന്തകുമാരി
അബ്ദുൾ അഷറഫ്

" കാലമിനിയുമുരുളും വിഷു വരും
വർഷം വരും പിന്നെ-
ഓരോ തളിരിനും പൂവരും കായ്വരും അപ്പോ-
ളാരെന്നുമെന്തെന്നുമാർക്കറിയാം., നമു-
ക്കിപ്പോഴീയാർദ്രതയെ ശാന്തമായ്
സൗമ്യരായ് എതിരേൽക്കാം
വരിക സഖീ, അരികത്തു നിൽക്ക
പഴയൊരു മന്ത്രം സ്മരിക്ക, നാമന്യോന്യ-
മൂന്നുവടികളായ് നിൽക്കാം
ഹാ! സഫലമീ യാത്ര ! "




വരികയാണു വരികയാണു വിശ്വകേരളം
അണി നിരന്നു നീങ്ങുമീ പ്രബുദ്ധ കേരളം
ഇതിനു കക്ഷിഭേദമില്ല തോഴരേ, കൂട്ടരേ,
മതവിരോധ ശബ്ദമില്ല, മാതൃഭൂമി മക്കളേ !

നമ്മളാണു ഭരണവും
നമ്മളാണു പ്രജകളും
നമ്മളാണ് നമ്മുടെ
നൻമ തിൻമതീർപ്പതും

പഞ്ചായത്തീരാജ്
ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടി


I
II
III
IV
V
VI
VII
VIII
IX
X
XI
പഞ്ചായത്ത് വാർഡ്
റോഡ്
ജംഗ്ഷൻ



എന്റെ ജീവിതമാണ്
എന്റെ സന്ദേശം

ഭാരതമെന്ന പേർ കേട്ടാലഭിമാന-
പൂരിതമാകണമന്തരംഗം,
കേരളമെന്നുകേട്ടാലോ തിളക്കണം
ചോര നമുക്കു ഞരമ്പുകളിൽ !

– വള്ളത്തോൾ



ചിട്ടപ്പെടുത്തിയത്
എം. പി. ഗോപാലകൃഷ്ണപിഷാരടി

സഹായിച്ചത്
പി. എൻ. മോഹൻദാസ്
സി. വാസുദേവൻ നായർ
ഡോക്ടർ മധു
വി. സേതുമാധവൻ
ടി. അജിത്കുമാർ
എ. ഉണ്ണികൃഷ്ണൻ
പി. ഗംഗാധരൻ പിള്ള

ഡി. ടി. പി. & ലേ ഔട്ട്
അമ്പാൾ കമ്പ്യൂട്ടർ
ഡി. ടി. പി. സിസ്റ്റംസ്, പാലക്കാട്

പ്രിൻറിംഗ്
അമ്പാൾ ക്വിക് പ്രിൻറ് ഷോപ്പ്
പാലക്കാട്. ഫോൺ/ഫാക്സ് : 522764

"ആർഭാടങ്ങൾ ആവശ്യത്തിന് വഴിമാറട്ടെ
ആവശ്യങ്ങൾ അത്യാവശ്യത്തിനും"

കോങ്ങാട്
ഗ്രാമ പഞ്ചായത്ത്
പൊതുവിവരം

ഗ്രാമ പഞ്ചായത്തിന്റെ പേര്	കോങ്ങാട്
ഉൾപ്പെടുന്ന വില്ലേജ്	കോങ്ങാട് 1, 2
ബ്ലോക്ക് പഞ്ചായത്ത്	പാലക്കാട്
ബ്ലോക്ക് ഡിവിഷൻ	കേരളശ്ശേരി, കോങ്ങാട്
റവന്യൂ ജില്ല	പാലക്കാട്
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	കോങ്ങാട്
താലൂക്ക്	പാലക്കാട്
അസംബ്ളി മണ്ഡലം	ശ്രീകൃഷ്ണപുരം
പാർലിമെന്റ് മണ്ഡലം	പാലക്കാട്
വിസ്തീർണം	35.55 ച. കി. മീ.

വടക്ക് കരിമ്പ പഞ്ചായത്ത്
കിഴക്ക് മുണ്ടൂർ പഞ്ചായത്ത്
തെക്ക് പറളി, കേരളശ്ശേരി പഞ്ചായത്തുകൾ
പടിഞ്ഞാറ് കടമ്പഴിപ്പുറം പഞ്ചായത്ത്

ജനസംഖ്യ(1991)	25165
പുരുഷൻമാർ	12082
സ്ത്രീകൾ	13083
വാർഡുകൾ എണ്ണം	11 (പതിനൊന്ന്)
വീടുകൾ എണ്ണം	4738
മറ്റു കെട്ടിടങ്ങൾ	1526
ജനസാന്ദ്രത(ച. കി. മീ)	708
സാക്ഷരത (1992)	92%

പഞ്ചായത്ത് പ്രസിഡൻറ്	എം. സി. വേലായുധൻ
വൈസ് പ്രസിഡൻറ്	വി. യു. സെയ്താലി
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ	കെ. സി. ചിന്നപ്പൻ

ജില്ലാ റിസോഴ്സ് പേഴ്സൺസ്

പി. എൻ. മോഹൻദാസ്, അജന്ത, കോങ്ങാട് (കൺവീനർ)
എം. പി. ജി. പിഷാരടി, തെക്കേപിഷാരം, കോങ്ങാട്
പി. ഗംഗാധരൻ പിള്ള, വൈശാഖ്, കോങ്ങാട്
എം. എം. കൃഷ്ണവേണി, പൂതങ്കോട്
ഇ. ഡി. ശ്രീജ, ഇന്ദുമന്ദിരം, കോങ്ങാട്
സി. ജി. രാമചന്ദ്രൻ, ശ്രീഹരി, പാറശ്ശേരി
ടി. അജിത് കുമാർ, തോണിക്കര, ചെറായ
പി. ഹരിദാസ്, പതിയിൽ, പാറശ്ശേരി
ടി. ദേവാനന്ദ്, തേക്കത്ത്, കോൽപ്പാടം
സി. എൻ. ശിവദാസൻ, ചോലക്കുണ്ട്, കോങ്ങാട്

ആമുഖം

പ്രിയമുള്ളവരെ,

ഒമ്പതാം പദ്ധതി- ജനകീയപദ്ധതി.എട്ട് പഞ്ചവത്സര പദ്ധതികൾ കടന്നുപോയി. ഒമ്പതാം പദ്ധതി 1997 ഏപ്രിൽ ഒന്നിന് ആരംഭിക്കുകയാണ്. ഈ പദ്ധതി നമ്മെ 21-ാം നൂറ്റാണ്ടിലേക്ക് നയിക്കുന്നു.

പൊയ്പ്പോയ ഇന്നലെകൾ - ബ്രിട്ടീഷ് ഭരണത്തോട് ഏറ്റുമുട്ടിയ ഇന്നലെകൾ.... കൊലക്കയറിനെ പൂമാലയാക്കിയവർ.... നമ്മുടെ പൂർവ്വികർ അവരെത്ര. "കാലാപാനി" കളെ അതിജീവിച്ചു. ജയിലറകൾ അവർക്കെത്രയെത്ര കാലം വീരഗേഹങ്ങളായി.... കൊടിയ മർദ്ദനങ്ങൾ...യാതനകൾ .... അങ്ങനെ ...1947 ആഗസ്റ്റ് 15വന്നെത്തി കൊളോണിയൽ നുകത്തിൽ നിന്ന് ഭാരതം സ്വതന്ത്രമായി. "ജനാധിപത്യ-മതേതര-സോഷ്യലിസ്റ്റ് ഇൻഡ്യ" എന്ന് നമ്മുടെ രാജ്യത്തിന് പേരു നല്കി. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ ഭരണകൂടം-അതാണല്ലൊ ജനാധിപത്യഭരണകൂടം.

അധികാരവും ആസൂത്രണവും മുകൾത്തട്ടിലായിരുന്നു. ആ തട്ടിൽ നിന്ന് വികസനത്തിന്റെ തുള്ളികൾ ഇറ്റിറ്റു വീണു. റയിൽവെ, ടെലഗ്രാഫ്, ടെക്സ്റ്റയിൽ, ഘനവ്യവസായങ്ങൾ തുടങ്ങിയ രംഗങ്ങളിൽ ഏറെ മുന്നോട്ടുപോയി. ജനകീയാവശ്യങ്ങളിൽ പലതും ആഗ്രഹങ്ങൾക്കനുസരിച്ച് പരിഹരിക്കപ്പെട്ടില്ല.

നമ്മുടെ രാജ്യം സമ്പന്നമാണ്. വനം, മരുഭൂമി തുടങ്ങിയവ ഒഴിവാക്കിയുള്ള ഇൻഡ്യൻ ഭൂമി ഇവിടത്തെ കുടുംബങ്ങൾക്ക് വീതിക്കുകയാണെങ്കിൽ ഓരോ കുടുംബത്തിനും 20 ഏക്കർഭൂമിവീതം ലഭിക്കും. 200 ലക്ഷം ഏക്കർ ഭൂമിവീതം മിച്ചവും വരും. എന്നിട്ടും "ആറടി മണ്ണും" പോലും സ്വന്തം എന്നുപറയാൻ ഇല്ലാത്ത എത്രയോ കുടുംബങ്ങൾ.

നമ്മുടെ രാജ്യത്തെ ജനങ്ങൾക്ക് ഭക്ഷണം കഴിക്കാൻ പ്രതിവർഷം 15 കോടി ടൺ ഭക്ഷ്യധാന്യം വേണം. ഉല്പാദിപ്പിക്കുന്നത് 19 കോടിയോളം ടൺ. മിച്ച ഉല്പാദനം ഉണ്ടായിട്ടും 45 കോടിയോളം മനുഷ്യർ പട്ടിണി കിടക്കുന്നു. തൊഴിലില്ലായ്മ പെരുകുന്നു.ജനസംഖ്യയുടെ പകുതി നിരക്ഷരതയിൽ കഴിയുന്നു. കടക്കെണിയിലാണ് നമ്മുടെ രാജ്യം. അപ്പുറത്തെ കുടിലുകളിൽ നിന്നും, ഇപ്പോഴും തേങ്ങലുകൾ ഉയരുന്നത് ശ്രദ്ധിച്ചാൽ കേൾക്കാൻ കഴിയും.

നമ്മുടെ വികസന സങ്കല്പത്തിന് മാറ്റങ്ങൾ ഉണ്ടാകണം. ജനങ്ങളുടെ ജീവിത നിലവാരം പടിപടിയായി ഉയർത്തുന്ന സാമൂഹ്യ പ്രക്രിയയാണ് വികസനം- അത് സ്ഥായിയായിരിക്കണം, ദ്രുതഗതിയിലുള്ളതായിരിക്കണം. നീതിപൂർവ്വകമായിരിക്കണം. ഇത് നടക്കണമെങ്കിൽ വികസനത്തിൽ ജനപങ്കാളിത്തം കൂടിയേ തീരൂ.

അകലെയെവിടെയോ കണ്ണാടിക്കൂട്ടിലിരുന്ന് തയ്യാറാക്കപ്പെടുന്ന പദ്ധതികൾ ജനകീയമായിക്കൊള്ളണമെന്നില്ല. നമ്മുടെ മുൻപ്രധാനമന്ത്രി രാജീവ്ഗാന്ധി ഒരിക്കൽ പറയുകയുണ്ടായി. വികസനത്തിനു വേണ്ടി സർക്കാർ ചെലവഴിക്കുന്ന തുകയിൽ 18% മാത്രമെ താഴെയെത്തുന്നുള്ളു എന്ന്. അട്ടപ്പാടിയിൽ ഇത് 10% മാത്രം.

ജനങ്ങൾക്കുവേണ്ടി ജനങ്ങൾ തയ്യാറാക്കുന്ന പദ്ധതി - അതാണ് ജനകീയാസൂത്രണ പ്രസ്ഥാനം അതിന് കേരളത്തിൽ നായനാർ സർക്കാർ തുടക്കം കുറിച്ചിരിക്കുകയാണ്.







കേരളം മനോഹരം.ഐക്യരാഷ്ട്ര സംഘടനയുടെ രേഖകളിൽ കേരളത്തെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട് - " Gold Spot in Asia" എന്ന്. വിദ്യാഭ്യാസം, ആരോഗ്യം, ഭൂപരിഷ്ക്കരണം എന്നീ രംഗങ്ങളിൽ കൈവരിച്ച മാതൃകാപരമായ നേട്ടങ്ങളെ വിലയിരുത്തിക്കൊണ്ടാണ് ഇങ്ങനെ രേഖപ്പെടുത്തിയത്. നമുക്കു മുമ്പേ നടന്നുപോയ സാമൂഹ്യ പരിഷ്ക്കർത്താക്കൾ, രാഷ്ട്രീയപ്രസ്ഥാനങ്ങൾ, സന്നദ്ധസേവന സംഘടനകൾ ഇവയെല്ലാമാണ് കേരളത്തെ ഈ നിലയിലെത്തിച്ചത്.

എങ്കിലും പ്രശ്നങ്ങളേറെ,

ഒരു ലക്ഷം ഏക്കർ ഭൂമി ഇനിയും കൃഷിസ്ഥലമാക്കി മാറ്റാനുണ്ട് കേരളത്തിൽ. ഉള്ള കൃഷിഭൂമി കുറഞ്ഞുവരുന്ന സ്ഥിതിയുണ്ട്. അരി ആന്ധ്രയിൽ നിന്ന് വന്നിട്ടു വേണം. പച്ചക്കറിയും (750കോടിരൂപ) മുട്ടയും തമിഴ്നാട്ടിൽ നിന്ന് വരണം. 200 കോടി കോഴിമുട്ട കേരളത്തിലേക്ക് വരുന്നുണ്ട്. പണം ഗൾഫിൽനിന്ന് വരണം. ഗൾഫ് പണം ഒരു സമ്പത്തല്ല. ഒരു വശത്ത് തൊഴിലില്ലായ്മ രൂക്ഷമായിവരുന്നു. മറുവശത്ത് പാടശേഖരങ്ങളിൽ ജോലി ചെയ്യാൻ, ടെലിഫോൺ ലൈനിന്ന് ചാല് കീറാൻ, ആയാസമുള്ള ശാരീരിക ജോലികൾ ചെയ്യാൻ ആളെ കിട്ടാനില്ല. എന്നസ്ഥിതിയും ഉണ്ടെന്നു പറയാം. കേരളം ഒരു ഉപഭോഗസംസ്ഥാനമായി (Consumer State) മാറിക്കൊണ്ടിരിക്കുന്നു. വ്യവസായ വികസനം നടക്കുന്നില്ല. വൈദ്യുതിക്കമ്മി വളരെ രൂക്ഷമാണ്. വിദ്യാഭ്യാസ രംഗത്തും ഗുണനിലവാരം കുറഞ്ഞെന്ന പരാതിയുണ്ട്. ഏറ്റവും കുറഞ്ഞ ജനന നിരക്കും ശിശുമരണനിരക്കും കൂടുതൽ ആയുർ ദൈർഘ്യവും കേരളത്തിലാണ്. അപ്പോഴും രോഗി ഡോക്ടറേയും ഡോക്ടർ രോഗിയേയും അന്വേഷിക്കുന്ന സ്ഥിതിയുമുണ്ട്. നമ്മുടെ സാംസ്ക്കാരിക നേതൃത്വം സജീവമാണ്- താഴെ സ്ത്രീപീഡനങ്ങൾ - അക്രമങ്ങൾ- അഴിമതി- കൈക്കൂലി തുടങ്ങി പലതും പലതും

വേണം - നമുക്കൊരു പുതിയ സംസ്ക്കാരം -വികസന

സംസ്ക്കാരം

വേണം - നമുക്കൊരു പുതിയ സാമൂഹ്യ വ്യവസ്ഥിതി.

വികസന രംഗത്ത് നമുക്കൊത്തു ചേരാം.1991 കാത്ത് നടന്ന സാക്ഷരതാ പ്രസ്ഥാനം ഒരു മാതൃകയാണ്. രാഷ്ട്രീയമായി നമ്മൾ പല തൂവൽ പക്ഷികളായിരിക്കാം.വികസനത്തിൽ നമുക്കൊരേ തൂവൽ പക്ഷികളാകാം. സപ്തവർണ്ണങ്ങൾ ചേർന്നാണല്ലൊ മനോഹരമായ മഴവില്ല് രൂപം കൊള്ളുന്നത്.

96 നവമ്പർ ഒന്ന്- വരുവാനിരിക്കും വസന്തത്തിന്റെ ദിശ കാണിക്കുന്ന ചൂണ്ടുപലകയാണ്. ഇതിലേ ഇതിലേ, എന്നു പറഞ്ഞു കൊണ്ട്.



ജനപങ്കാളിത്തത്തോടെ നമ്മുടെ പഞ്ചായത്തിൽ പതിനൊന്ന് വാർഡുകളിലായി അന്ന് ഏകദേശം അര ലക്ഷത്തോളം രൂപയുടെ സന്നദ്ധ പ്രവർത്തനം നടക്കുകയുണ്ടായി.

"നിങ്ങളും ഞങ്ങളും" "നമ്മളാണ്" ഭരണസമിതിയും ജനങ്ങളും തമ്മിൽ അകലമുണ്ടാകരുത്. എല്ലാവർക്കും ഭരണകർത്താക്കളാകാൻ കഴിയുകയില്ലല്ലൊ.

പദ്ധതി വിഹിതമായി കേരളത്തിനു ലഭിക്കുന്ന തുകയിൽ 35 മുതൽ 40% വരെ വരുന്ന പണം താഴെ തലങ്ങളിലേക്ക് ജില്ലാ, ബ്ളോക്ക്,

പഞ്ചായത്ത് ഇറക്കി ക്കൊണ്ടു വരികയാണ്. അതോടൊപ്പം അധികാരങ്ങളും ഇറങ്ങി വരും.നമ്മുടെ രാഷ്ട്രപിതാവ് സ്വപ്നം കണ്ട "ഗ്രാമസ്വരാജ്" യാഥാർത്ഥ്യങ്ങളിലേക്ക്നീങ്ങുകയാണ്.

ഇവിടെ നടന്നത്

ജില്ലാ പഠനക്യാമ്പ് - ഒന്നാം ഘട്ടം

96 സെപ്തമബർ 7, 8, 9 തീയതികളിൽ അകത്തേത്തറയിൽ നടന്നു. കോങ്ങാട് പഞ്ചായത്ത് ഭരണസമിതി തെരഞ്ഞെടുത്ത പി.എൻ.മോഹൻദാസ്, സി.ജി. രാമചന്ദ്രൻ, ടി. അജിത്കുമാർ,



സി.എൻ.ശിവദാസ്, ടി. ദേവാനന്ദ്, എം.എം.കൃഷ്ണവേണി, ജില്ലാ പ്ലാനിംഗ് ബോർഡ് തെരഞ്ഞെടുത്ത എം.പി. ഗോപാലകൃഷ്ണ പിഷാരടി,പി.ഹരിദാസ് എന്നിവർക്യാമ്പിൽ പങ്കെടുത്തു.

'എനിക്കെന്തുകിട്ടും' എന്നതിനപ്പുറം ' എനിക്കെന്തുചെയ്യാൻ കഴിയും' - നാടിനുവേണ്ടി എന്ന ചിന്താഗതിക്ക് തിരികൊളുത്താൻ ക്യാമ്പിനു കഴിഞ്ഞു. നമ്മൾവന്ന വഴി ഇപ്പോൾ എവിടെയെത്തി നിൽക്കുന്നു. ഇനിയെങ്ങോട്ട്? ഒരു രൂപചിത്രം ക്യാമ്പ്നല്കി.ക്ലാസ്സുകളും ചർച്ചകളും ഫലപ്രദമായിരുന്നു പി.എൻ മോഹൻദാസിനെ പഞ്ചായത്ത്തല റിസോഴ്സ് പേഴ്സൺസിന്റെ കൺവീനറായി തെരഞ്ഞെടുത്തു.

പഞ്ചായത്ത്തല പരിശീലന ക്യാമ്പ് 15.9.96 ന് കോങ്ങാട് ഗവ.യു.പി. സ്ക്കൂളിൽ വെച്ച് നടന്നു. 102 പേർ (85+17) പങ്കെടുത്തു.7 പഞ്ചായത്ത്മെമ്പർമാരും 39 ഉദ്യോഗസ്ഥരും 8 DRP മാരും ഇതിലുൾപ്പെട്ടിരുന്നു. സംസ്ഥാന റിസോഴ്സ് പേഴ്സനായ (KRP) സി. രാധാകൃഷ്ണൻ ക്യാമ്പിൽ ആമുഖ പ്രഭാഷണം നടത്തി. പഞ്ചായത്ത് പ്രസിഡൻറ് എം.സി. വേലായുധൻ ഉദ്ഘാടനം ചെയ്തു. പി. എൻ.മോഹൻദാസ് സി.ജി. പാറശ്ശേരി , എം. പി. ജി. പിഷാരടിഎന്നിവർ ക്ലാസ്സുകളെടുത്തു. പെരിങ്ങോട്,കോങ്ങാട് സർവ്വീസ് സഹകരണ ബാങ്കുകൾ, പാറശ്ശേരി കോങ്ങാട് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ എന്നിവ സാമ്പത്തികമായി സഹായിച്ചു. ക്യാമ്പ് ഫലപ്രദമായിരുന്നു. എല്ലാ വാർഡുകളിൽ നിന്നും ഭരണസമിതി തെരഞ്ഞെടുത്ത പ്രതിനിധികൾ പങ്കെടുത്തിരുന്നു. ആത് മവിശ്വാസത്തോടെ വിശേഷാൽ ഗ്രാമസഭകളിലേക്ക് പോകാനുള്ള ധൈര്യം ക്യാമ്പിലൂടെ ലഭിച്ചു. "ഒന്നും നടക്കില്ല" എന്നല്ല, " ചിലതൊക്കെ നടക്കാനിടയുണ്ട്" എന്ന തോന്നലുണ്ടാക്കാനും ക്യാമ്പിന് കഴിഞ്ഞു. എം. സി. വേലായുധൻ, അമ്പാട്ട് ഗോപാലകൃഷ്ണൻ പി.എൻ. മോഹൻദാസ് എന്നിവർ ക്യാമ്പ് ഡയറക്ടർമാർ ആയിരുന്നു.

വിശേഷാൽഗ്രാമസഭകൾ

വാർഡുകളിൽ സംഘാടക സമിതികൾ രൂപീകരിച്ചു. അവയുടെ നേതൃത്വത്തിൽ സ്കാഡ്വർക്ക് നടത്തി. ''പൊന്നുരുക്കുന്നിടത്തുപൂച്ചക്കെന്തുകാര്യം "എന്ന ധാരണയിലായിരുന്ന ജനങ്ങളിൽ മാറ്റത്തിന്റെ ലാഞ്ഛനകൾകണ്ടു.'തങ്ങൾക്കും എന്തോ ചെയ്യാനുണ്ട്'എന്ന രീതിയിൽ മർമ്മരങ്ങൾ പടർന്നു.

21.9.96 ന് വിശേഷാൽഗ്രാമസഭകൾക്ക് തുടക്കം കുറിച്ചു. 6.10.96 ന് പൂർത്തിയായി. മൈക്ക് അനൗൺസ്മെൻറ്, ബാൻറുമേളം, വെടിക്കെട്ട്, ചായ, ലഘുഭക്ഷണം, കലാപരിപാടികൾ എല്ലാം ഗ്രാമസഭകൾക്ക് കൊഴുപ്പേകി. കോരിച്ചൊരിയുന്ന മഴപോലും പ്രശ്നമായിരുന്നില്ല. 6മുതൽ 12 വരെഗ്രൂപ്പുകളും ഓരോ ഗ്രാമസഭയിലും ചേർന്ന് വിശദമായ ചർച്ചകൾ നടത്തി. വികസന പ്രശ്നങ്ങളാണ് പ്രധാനമായും ഉയർന്നുവന്നത്. 4, 8 തുടങ്ങിയ ചില വാർഡുകളിൽനിന്ന് ക്രിയാത്മകമായ പല നിർദ്ദേശങ്ങളും ഉണ്ടായി. പി.എൻ.മോഹൻദാസ്,സി.ജി. പാറശ്ശേരി, എന്നിവർ ഗ്രാമ സഭകളിൽ ക്ലാസ്സെടുത്തു. പാലക്കാട് എം.പി.ശ്രീ. എൻ.എൻ. കൃഷ്ണദാസ്, ശ്രീകൃഷ്ണപുരം എം.എൽ.എ. ശ്രീമതി. ഗിരിജാ സുരേന്ദ്രൻ, ജില്ലാപഞ്ചായത്ത് മെമ്പർ ശ്രീമതി. കെ.എസ്. വിശാലാക്ഷിടീച്ചർ,പാലക്കാട് ബ്ളോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീ.പി. സേതുമാധവൻ, കോങ്ങാട് ബ്ളോക്ക് മെമ്പർ ശ്രീമതി. ഇ.ഡി. ശ്രീജ തുടങ്ങിയവർ വിവിധവിശേഷാൽ ഗ്രാമസഭകളിൽ എത്തിച്ചേർന്നു. ആകെ 1617(1260+357) പേർപങ്കെടുത്തു.

സംഘാടക സമിതി

17.9.96 ന് പഞ്ചായത്തടിസ്ഥാനത്തിൽ സംഘാടക സമിതിരൂപീകരിച്ചു. എം.സി. വേലായുധൻ (ചെയർമാൻ) അമ്പാട്ട് ഗോപാലകൃഷ്ണൻ, സി. വാസുദേവൻനായർ.മേരി റജീന,പി.കെ.കണ്ടുണ്ണി,പി.എ. ഗോകുൽദാസ്, ഇ.ഡി. ശ്രീജ,പി.മോഹനൻ (വൈസ്ചെയർമാൻമാർ) പി.എൻ മോഹൻദാസ് (കൺവീനർ)വി.യു. സെയ്താലി, സാറാമ്മകുര്യാക്കോസ് , ടി. അജിത് കുമാർ, കെ.ആർ. ഹരിദാസ്, ടി. ശങ്കരനാരായണൻ(ജോ.കൺവീനർമാർ) അടക്കം 29 അംഗ സംഘാടകസമിതി രൂപീകരിച്ചു. ഈസമിതി ഗ്രാമസഭാപ്രവർത്തനങ്ങൾക്ക് സഹായങ്ങൾ നല്കി.

ദ്വിതീയ സ്ഥിതി വിവരക്കണക്കുകൾ

ടി. ദേവാനന്ദ് കൺവീനറായി സ്ഥിതിവിവരക്കണക്ക് കമ്മിറ്റിരൂപീകരിച്ചു.കമ്മിറ്റിയിൽ ധാരാളം പേരുണ്ടായിരുന്നു. പ്രധാനമായും കൺവീനറാണ് വിവരങ്ങൾ ശേഖരിച്ചത്. 26.9.96ന് കൂടിയ സ്ഥാപനമേധാവികളുടെ യോഗം Data collectionന് എല്ലാവിധ സഹായങ്ങളും വാഗ്ദാനം നൽകി.സ്ഥാപന മേധാവികൾസ്വയമേവ കണക്കുകൾ നല്കി.കോങ്ങാട്Veterinary Centre ൽ നിന്ന് uptodate കണക്കുകളാണ് ലഭിച്ചത്. വിദ്യാലയങ്ങളിൽ നിന്നും മെച്ചപ്പെട്ട രീതിയിൽ കണക്കുകൾലഭിച്ചു. അങ്കണവാടി അദ്ധ്യാപകർ, Kongad Veterinary Surgen ഡോക്ടർ മധു തുടങ്ങിയവർ വികസന യാത്രയിൽ സദാ പങ്കാളിയായിരുനു.

കലാജാഥ

പാലക്കാട് ബ്ളോക്കിന്റെ നേതൃത്വത്തിലുള്ള കലാജാഥ 20.10.96 ന് കോങ്ങാട് ടൗൺ, പാറശ്ശേരി എന്നിവിടങ്ങളിൽ കലാപരിപാടികൾ അവതരിപ്പിച്ചു. ടൗണിൽ നല്ല ആൾകൂട്ടമായിരുന്നു. പാറശ്ശേരിയിൽ വിജയിച്ചില്ല. പരിപാടികൾ ആകർഷകങ്ങളായിരുന്നു.

രണ്ടാം ഘട്ട പരിശീലന ക്യാമ്പ്

96 ഒക്ടോബർ 22, 23, 24 തീയതികളിൽ അകത്തേത്തറയിൽ വെച്ച് നടന്നു. എം.സി.വേലായുധൻ, മേരി റജീന, വി.ബാലകുമാരൻ (AEOപറളി), VEO.K.S.അബ്ദുൾ നാസ്സർ.എം.പി. ഗോപാലകൃഷ്ണപിഷാരടി, എം. എം. കൃഷ്ണവേണി, പി.ഹരിദാസ്,ടി. ദേവാനന്ദ്, ടി.അജിത്കുമാർ, പി. ഗംഗാധരൻപിള്ള,

പി.എൻ. മോഹൻദാസ് എന്നിവർ പങ്കെടുത്തു. വികസന രേഖ എങ്ങനെ തയ്യാറാക്കാം-വികസന സെമിനാർ എങ്ങനെ നടത്താം എന്നെല്ലാമായിരുന്നു പ്രധാന ചർച്ചാ വിഷയങ്ങൾ.

96 നവമ്പർ 1 പുനരർപ്പണദിനം




കേരളപ്പിറവി ദിനം പുരർപ്പണദിനമായി ആഘോഷിക്കാൻസർക്കാർ ആഹ്വാനം ചെയ്തു. ഇതൊരു ''ടെസ്റ്റ് ഡോസ്'' ആയിരുന്നു. കഴിഞ്ഞ ചിങ്ങം ഒന്നിന് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ തുടങ്ങി വെച്ച ജനകീയാസൂത്രണ വികസനം പല പടവുകൾ കയറിക്കഴിഞ്ഞിരുന്നു. നവമ്പർ ഒന്നിന് കേരളമാകെ,ആയിരക്കണക്കിനാളുകൾ വികസനത്തിൽ''എന്റെ വിയർപ്പിനും പങ്കുണ്ട്'' എന്ന് തെളിയിച്ചു കാണിച്ചു. ഇൻഡ്യൻ പ്രധാന മന്ത്രി ശ്രീ. എച്ച്. ഡി. ദേവഗൗഡ കേരളത്തിന്റെ പുതിയ മാതൃകയ്ക്ക് സാക്ഷ്യം വഹിച്ചു

നമ്മുടെ പഞ്ചായത്തിൽഎല്ലാവാർഡുകളിലും സന്നദ്ധപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. വാർഡുകളിൽ കൂടുതൽ ശ്രദ്ധേയമായ വികസന നടപടികൾക്കാണ് ജനങ്ങൾ പങ്കാളികളായത്.

രണ്ടാംഘട്ടപഞ്ചായത്ത് പരിശീലന ക്യാമ്പ്

96 നവമ്പർ3ന് കോങ്ങാട് ഗവഃ യു.പി.സ്ക്കൂളിൽ ചേർന്നു.110 പേർ(93+17) പങ്കെടുത്തു. 9 പഞ്ചായത്ത് മെമ്പർമാർ, 36 ഉദ്യോഗസ്ഥർ,7 DRP മാർ KRP ആയ DR. ദിനേശ് (മുണ്ടൂർ വെറ്ററിനറി





സർജൻ) തുടങ്ങിയവർഇതിലുൾപ്പെട്ടിരുന്നു. 40 പേർ പുതുമുഖങ്ങളായിരുന്നു. പി.എൻ.മോഹൻദാസ് ആമുഖ പ്രഭാഷണം നടത്തി. എം.സി. വേലായുധൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പി. ഗംഗാധരൻപിള്ള, ടി.അജിത് കുമാർ,എം.പി.ജി. പിഷാരടി, ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട് പി.സേതുമാധവൻ എന്നിവർ ക്ലാസ്സുകൾ എടുത്തു.13 വിഷയഗ്രൂപ്പുകളെ തെരഞ്ഞെടുത്തു. പ്രത്യേക ചർച്ചാ യോഗങ്ങൾ ചേർന്നു. തുടർച്ചയായകൂടിച്ചേരലുകളിലൂടെ ഇവർവികസന രേഖാ നിർമ്മാണത്തിലേക്ക് കനത്ത സംഭാവനകൾ നല്കി.

പ്രകൃതി പഠന പര്യടനം 9.11.1996

നമുക്ക് അമേരിക്കയുടേയും ഇൻഡ്യയുടേയും കേരളത്തിന്റേയും ഭൂപ്രകൃതിയെക്കുറിച്ചറിയാം. എന്നാൽ നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതിയെക്കുറിച്ച് വ്യക്തമായ ധാരണ കളില്ല. 9.11.96 ന് കുന്നും



മലയും തോടുകളും പുഴയും പാടവും പാലവും കടന്ന് രണ്ടു സംഘങ്ങൾ തെക്കു വടക്കും, കിഴക്കു പടിഞ്ഞാറും സഞ്ചരിച്ചു. അവർ അതിരാവിലെ ബംഗ്ലാവു കുന്നിൽ ഒത്തുചേർന്ന്, രേഖകളും ഉപകരണങ്ങളുമായി രണ്ടായിപ്പിരിഞ്ഞ് കാൽ നട യാത്രയാരംഭിച്ചു. കോങ്ങാടിന്റെ കാണാപ്പുറങ്ങൾ അവർകണ്ടെത്തി. നമ്മൾ, പലരും കണ്ടിട്ടും കാണാത്ത പലതും അവർ കണ്ടു. ശ്രമകരവും കൗതുകകരവുമായ പഠന യാത്രയിൽ ഇവർ പങ്കാളികളായി.

തെക്കു-വടക്ക് കൺവീനർ- പി. ഗംഗാധരൻ പിള്ള.

പങ്കെടുത്തവർ. പി.എൽ. രാധാകൃഷ്ണൻ, സാറാമ്മകുര്യൻ,എം.എം. കൃഷ്ണവേണി, എ.കമലം, സുരേഷ് കുമാർ, വി.യു. സെയ്തലി, എം.സി. വേലായുധൻ

കിഴക്കു-പടിഞ്ഞാറ്. കൺവീനർ.കെ.എസ്. അബ്ദുൾ നാസ്സർ

പങ്കെടുത്തവർ. ടി. അജിത് കുമാർ, പി. ഹരിദാസ്, ടി. ദേവാനന്ദ്, കെ.എം. ഷംസുദ്ദീൻ,എ.എൻ. ഷംസുദ്ദീൻ, പി. വി. ബാലകൃഷ്ണൻ.

തെക്കു-വടക്കു പഠനഗ്രൂപ്പ് അയ്യർമലയുടെ താഴ്വാരത്തിൽ നിന്നു തുടങ്ങി കീരിപ്പാറയിലെത്തി. കിഴക്കു-പടിഞ്ഞാറ് ഗ്രൂപ്പ് ബംഗ്ലാവു കുന്നിൽ നിന്നു തുടങ്ങി കുണ്ടുവംപാടത്ത് എത്തി.വിഭവ ഭൂപടം തയ്യാറാക്കുന്നതിന് ഈപര്യടനം സഹായിച്ചു. നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതി, നീരൊഴുക്ക്, മണ്ണിനങ്ങൾ, പക്ഷികൾ, മൃഗാദികൾ, ജലവിഭവങ്ങൾ തുടങ്ങിയവയെക്കുറിച്ച് ഒരു ഏകദേശചിത്രം- ഇവർ തയ്യാറാക്കിയ ചിത്രങ്ങളിലൂടെ നമുക്ക് ലഭിക്കും.



11.11.1996

വിഷയഗ്രൂപ്പ് പ്രവർത്തകർ 'ക്ഷമാ' മന്ദിരത്തിൽ ഒത്തുകൂടി. കരടുരേഖകൾ ചർച്ചചെയ്തു.

16.1.96

DRP മാരുടേയും ഗ്രൂപ്പ് കൺവീനർമാരുടേയും യോഗം പഞ്ചായത്ത് ഓഫീസ്സിൽ ചേർന്നു. വികസന രേഖ, വികസന സെമിനാർ എന്നിവയെക്കുറിച്ച് ചർച്ചചെയ്തു. കോങ്ങാട് പഞ്ചായത്തിന്റെ പഞ്ചവത്സര പദ്ധതിക്ക് മിനുക്കു പണികൾ നടത്തി.

1996 നവമ്പർ 1 പുനരർപ്പണ ദിനം

കോങ്ങാട് പഞ്ചായത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

വാർഡ്.	നടത്തിയ വികസന പ്രവർത്തനങ്ങൾ	പങ്കെടുത്തവർ	മതിപ്പ് കൂലി	
1.	1 കുണ്ടുവംപാടം-ആശാരിത്തററോഡ്	20	1500	
	2 വെള്ളിലാപ്പുള്ളി റോഡ്	15	1125	
	3 പെരുമ്പാറ ഹരിജൻകോളനി റോഡ്	25 സ്ത്രീകൾ	1000	3625
2	1 ചണ്ണക്കര- താലപ്പൊലിപ്പറമ്പ് റോഡ്	35	2625	
3	1 മൂളിപ്പാറ റോഡ്	30	2250	

4	1 കോട്ടക്കുന്ന്-മുണ്ടംപാടംറോഡ്	22	1650	
	2 പണിക്കരുകുന്ന്-പുത്തം പതിയിൽപാടം	8	600	
	3 വെണ്ണിയേടത്തുകുന്നുറോഡ്	18	1350	3600
5	1 മാട്ടത്തിൽ-ഇരിഞ്ഞിരിക്കുന്ന് റോഡ്	80	6000	
6	1 മാട്ടുമ്മൽകുന്ന്-ചിറയിൽ പള്ളിയാൽ	35	1925	
	2 ആനക്കോട്-കോരമുണ്ട	20	1550	3475
7	1പന്നിക്കോട്-വെണ്ണേക്കാട് റോഡ്	21	1575	
8	1വെള്ളയംതോട്-കൊടയൻകാട്റോഡ്	87		
	2 ചോലക്കുണ്ട്-മാമ്പുഴപ്പാടം റോഡ്	53		
	3 പുളക്കുണ്ട്-മാമ്പുഴപാടം	49	14175	
9	NIL	-	-	
10.	1 പുള്ളിക്കാട്-വാരണിറോഡ്	50	3750	
	2 പൂതക്കോട്-ചീപ്പാററോഡ്	55	4125	8875
11	1 കൂട്ടാലംകുന്ന്-പാറക്കോട് റോഡ്	15	1125	
	ആകെ.		46325 രൂപ	

വിഷയഗ്രൂപ്പ് കൺവീനർമാർ



1	കൃഷിയുംജലസേചനവും	:	വി. സേതുമാധവൻ
2	മൃഗസംരക്ഷണവും മത്സ്യബന്ധനവും	:	ഡോ. മധു.
3.	സാമൂഹ്യക്ഷേമം, ഭവന നിർമ്മാണം.	:	സി.വാസുദേവൻനായർ
4.	കുടിവെള്ളം,പൊതുജനാരോഗ്യം	:	മുള്ളത്ത് വാസുദേവൻ
5.	വ്യവസായം	:	ടി. അജിത്കുമാർ
6.	വനിത	:	എം.എം.കൃഷ്ണവേണി
7.	സഹകരണം	:	കെ. കരുണാകരൻ മാസ്റ്റർ
8.	വിദ്യാഭ്യാസം	:	പി.എൻ. മോഹൻദാസ്

9.	സംസ്ക്കാരം	:	എം .പി .ജി. പിഷാരടി
10.	പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം.	:	എ.ഉണ്ണിക്കൃഷ്ണൻ
11.	ഗതാഗതം,ഊർജ്ജം, മാർക്കറ്റ്	:	വി.യു. സെയ്താലി
12.	വിഭവ സമാഹരണം	:	കെ.സി. ചിന്നപ്പൻ
13.	ചരിത്രപശ്ചാത്തലം	:	സി.കെ. ഹരിദാസ്

വികസനരേഖ തയ്യാറാക്കൽ.എം. പി.ജി. പിഷാരടി



വളരെയേറെ ആളുകൾ കഴിഞ്ഞ മൂന്നുമാസക്കാലം ഈ രംഗത്ത് കഠിനമായി ജോലി ചെയ്തിട്ടുണ്ട്. ഓരോ ചുവടുവയ്ക്കുന്തോറും ദൂരംകൂടി വരുന്ന അനുഭവമാണുണ്ടായത്. ചുറ്റും കണ്ട ആവേശവും സഹകരണവും നമ്മെ കാണാപ്പുറങ്ങൾ കാണാനും,വരികൾക്കിടയിൽ വായിക്കാനും കഥയ്ക്കുള്ളിലെകഥയെ കണ്ടെത്താനും പ്രാപ്തരാക്കി.

എന്റെ കഴിവും പ്രാപ്തിയും രാഷ്ട്രീയവും സ്വാധീനവും എല്ലാമെല്ലാം എന്റെ നാടിനുവേണ്ടി പരമാവധി ഉപയോഗിക്കുമെന്ന പ്രതിജ്ഞയോടെ, ഈ പ്രദേശത്തിന്റെ വളർച്ചയിലൂടെയാണ് എന്റെയും മോചനം എന്ന തിരിച്ചറിവോടെ, ഒരുനല്ല നാളേയ്ക്കു വേണ്ടി നമുക്ക് കൂട്ടംകൂടാം, പ്രിയമുള്ളവരെ.

രൂപീകരിക്കപ്പെടുന്ന കർമ്മസമിതികളുടെ സഹായത്തോടെ, അവർ തയ്യാറാക്കുന്ന സ്ക്കീമുകൾ ഭരണസമിതിയും സ്റ്റാഫും ജനങ്ങളും തോളോടു തോൾ ചേർന്നുകൊണ്ട് അടുത്ത അഞ്ചുവർഷക്കാലം കൊണ്ട് നടപ്പിലാക്കുമെന്ന്,അങ്ങനെ നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിൽ പുതിയ പന്ഥാവുകൾ തെളിയിക്കുമെന്ന പ്രതീക്ഷയോടെ,.....

കോങ്ങാട്
14-12-96

സ്നേഹപൂർവ്വം,
പി.എൻ.മോഹൻദാസ്,
കൺവീനർ

വികസനത്തിനു വേണ്ടി ഒരു രൂപ ചെലവാക്കുമ്പോൾ വെറും പതിനെട്ടു പൈസ മാത്രമെ യഥാർത്ഥ ഗുണഭോക്താവിന് ലഭിക്കുന്നുള്ളു - രാജീവ് ഗാന്ധി

പഞ്ചായത്തുകൾ പ്രാദേശിക, പരമാധികാര സ്വയംഭരണ സ്ഥാപനങ്ങളായി മാറണം
(Local self Government) - ഇ.എം.എസ്

4	1 കോട്ടക്കുന്ന്-മുണ്ടംപാടംറോഡ്	22	1650	
	2 പണിക്കരുകുന്ന്-പുത്തം പതിയിൽപാടം	8	600	
	3 വെണ്ണിയേടത്തുകുന്നുറോഡ്	18	1350	3600
5	1 മാട്ടത്തിൽ-ഇരിഞ്ഞീരിക്കുന്ന് റോഡ്	80	6000	
6	1 മാട്ടുമേൽകുന്ന്-ചിറയിൽ പള്ളിയറത്ത്	35	1925	
	2 ആനക്കോട്-കോരമുണ്ട	20	1550	3475
7	1പന്നിക്കോട്-വെട്ടിക്കോട് റോഡ്	21	1575	
8	1വെള്ളയംതോട്-കൊടയൻകാട്റോഡ്	87		
	2 ചോലക്കുണ്ട്-മാമ്പുഴപ്പാടം റോഡ്	53		
	3 പൂളക്കുണ്ട്-മാമ്പുഴപാടം	49	14175	
9	NIL	-	-	
10.	1 ചുള്ളിക്കാട്-വരേണിറോഡ്	50	3750	
	2 പുതുക്കാട്-ചീപ്പാററോഡ്	55	4125	8875
11	1 കൂട്ടാലംകുന്ന്-പാറക്കോട് റോഡ്	15	1125	
	ആകെ.		46325 രൂപ	

വിഷയഗ്രൂപ്പ് കൺവീനർമാർ



1	കൃഷിയുംജലദേചനവും	:	വി. ദേവുമാധവൻ
2	മൃഗസംരക്ഷണവും മത്സ്യബന്ധനവും	:	ഡോ. മധു.
3.	സാമൂഹ്യക്ഷേമം. ഭവന നിർമ്മാണം.	:	സി.വാസുദേവൻനായർ
4.	കുടിവെള്ളം,പൊതുജനാരോഗ്യം	:	മുള്ളത്ത് വാസുദേവൻ
5.	വ്യവസായം	:	ടി. അജിത്കുമാർ
6.	വനിത	:	എം.എം.കൃഷ്ണവേണി
7.	സഹകരണം	:	കെ. കരുണാകരൻ മാസ്റ്റർ
8.	വിദ്യാഭ്യാസം	:	പി.എൻ. മോഹൻദാസ്

9.	സംസ്ക്കാരം	:	എം .പി .ജി. പിഷാരടി
10.	പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം.	:	എ.ഉണ്ണിക്കൃഷ്ണൻ
11.	ഗതാഗതം,ഊർജ്ജം, മാർക്കറ്റ്	:	വി.യു. സെയ്താലി
12.	വിഭവ സമാഹരണം	:	കെ.സി. ചിന്നപ്പൻ
13.	ചരിത്രപശ്ചാത്തലം	:	സി.കെ. ഹരിദാസ്

വികസനരേഖ തയ്യാറാക്കൽ.എം. പി.ജി. പിഷാരടി



വളരെയേറെ ആളുകൾ കഴിഞ്ഞ മൂന്നുമാസക്കാലം ഈ രംഗത്ത് കഠിനമായി ജോലി ചെയ്തിട്ടുണ്ട്. ഓരോ ചുവടുവയ്ക്കുന്തോറും ദൂരംകൂടി വരുന്ന അനുഭവമാണുണ്ടായത്. ചുറ്റും കണ്ട ആവേശവും സഹകരണവും നമ്മെ കാണാപ്പുറങ്ങൾ കാണാനും,വരികൾക്കിടയിൽ വായിക്കാനും കഥയ്ക്കുള്ളിലെകഥയെ കണ്ടെത്താനും പ്രാപ്തരാക്കി.

എന്റെ കഴിവും പ്രാപ്തിയും രാഷ്ട്രീയവും സ്വാധീനവും എല്ലാമെല്ലാം എന്റെ നാടിനുവേണ്ടി പരമാവധി ഉപയോഗിക്കുമെന്ന പ്രതിജ്ഞയോടെ, ഈ പ്രദേശത്തിന്റെ വളർച്ചയിലൂടെയാണ് എന്റെയും മോചനം എന്ന തിരിച്ചറിവോടെ, ഒരുനല്ല നാളേയ്ക്കു വേണ്ടി നമുക്ക് കൂട്ടംകൂടാം, പ്രിയമുള്ളവരെ.

രൂപീകരിക്കപ്പെടുന്ന കർമ്മസമിതികളുടെ സഹായത്തോടെ, അവർ തയ്യാറാക്കുന്ന സ്ക്കീമുകൾ ഭരണസമിതിയും സ്റ്റാഫും ജനങ്ങളും തോളോടു തോൾ ചേർന്നുകൊണ്ട് അടുത്ത അഞ്ചുവർഷക്കാലം കൊണ്ട് നടപ്പിലാക്കുമെന്ന്,അങ്ങനെ നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിൽ പുതിയ പന്ഥാവുകൾ തെളിയിക്കുമെന്ന പ്രതീക്ഷയോടെ,.....

കോങ്ങാട്
14-12-96

സ്നേഹപൂർവ്വം,
പി.എൻ.മോഹൻദാസ്,
കൺവീനർ

വികസനത്തിനു വേണ്ടി ഒരു രൂപ ചെലവാക്കുമ്പോൾ വെറും പതിനെട്ടു പൈസ മാത്രമെ യഥാർത്ഥ ഗുണഭോക്താവിന് ലഭിക്കുന്നുള്ളു - രാജീവ് ഗാന്ധി

പഞ്ചായത്തുകൾ പ്രാദേശിക, പരമാധികാര സ്വയംഭരണ സ്ഥാപനങ്ങളായി മാറണം (Local self Government) - ഇ.എം.എസ്

വിശേഷാൽ ഗ്രാമസഭകൾ

സ്ഥലം	വാർഡ്	തീയതി	തുടങ്ങിയ സമയം	പങ്കെടുത്ത വോട്ടർമാർ	അദ്ധ്യക്ഷൻ	ഉത്ഘാടനം
ALPS Kunduvampadam	1	22-9-96	9 am	118+48=166	എം. സി. വേലായുധൻ	ഗിരിജാ സുരേന്ദ്രൻ എം. എൽ. എ
AUPS Parassery	2	2-10-96	2 pm	75+15=90	"	ഇ. ഡി. ശ്രീജ
ABLPS Thippalamunda	3	2-10-96	9 am	122+18=140	"	ഗിരിജാ സുരേന്ദ്രൻ എം. എൽ. എ
GLPS Cheraya	4	22-09-96	2 pm	120+50=170	ടി. എ. ശിവകുമാരി	കെ. എസ്. വിശാലാക്ഷി ടീച്ചർ
GLPS Mararkulam	5	6-10-96	2 pm	140+18=158	എം. സി. വേലായുധൻ	പി. സേതുമാധവൻ
AJBS Manikkassery	6	29-09-96	2 pm	172+32=204	"	എൻ. എൻ. കൃഷ്ണദാസ് എം. പി
Central Tackies	7	21-09-96	9 am	112+35=147	"	പി. സേതുമാധവൻ
Central Tackies	8	06-10-96	9 am	94+18=112	വി. യു. മൊയ്താലി	പി. സേതുമാധവൻ
GUPS Kongad	9	22-09-96	2 pm	52+16=68	എം. സി. വേലായുധൻ	വി. യു. മൊയ്താലി
GLPS Poothankode	10	28-09-96	2 pm	179+95=274	"	കെ. എസ്. വിശാലാക്ഷി ടീച്ചർ
AJBS Mucheeri	11	28-09-96	9 am	76+12=88	;;	പി. സേതുമാധവൻ
ആകെ				1260 + 357 / 1617		

അടുത്തപേജിൽ തുടരുന്നു.....

വിശേഷാൽ ഗ്രാമ സഭ –തുടർച്ച

വാർഡ്	ആശംസകൾ	വിഷയാവതരണം	റിമാർക്സ്	പങ്കെടുത്ത ഉദ്യോഗ സ്ഥരുടെ എണ്ണം
1	പി. സേതുമാധവൻ. ഇ. ഡി, ശ്രീജ, തക. എസ്. വിശാലാക്ഷി വി. ബാലകുമാരൻ	സി. ജി. പാറശ്ശേരി	ചായ + ബിസ്കറ്റ് കലാപരിപാടി	15
2	അമ്പാട്ട് ഗോപാലകൃഷ്ണൻ, തക. കരുണാകരൻ, എം. കുട്ടിശങ്കരൻ തക. സി. ചിന്നപ്പൻ, ഇ. ശാന്തകുമാർ, ടി. ശങ്കരനാരായണൻ	പി. എൻ. മോഹൻദാസ്	ചായ	20
3	പി. സേതുമാധവൻ, ഇ. ഡി. ശ്രീജ, തക. കരുണാകരൻ, കുട്ടാല രാജൻ	സി. ജി. പാറശ്ശേരി, പി. എൻ. മോഹൻദാസ്	–	15
4	ഇ. ഡി. ശ്രീജ, വി. യു രസയ്താമി, ഗിരിജാ സുരേന്ദ്രൻ എം. എൽ. എ സി. എൻ. ശിവദാസ്	»	ചായ + ബ്രഡ്	15
5	തക. എസ്. വിശാലാക്ഷി, ഡോ. മധു, തക. സി. ചിന്നപ്പൻ തക. എസ്. അബ്ദുൾ നാസർ	»	ചായ+ബിസ്കറ്റ് തരമക്ക് പ്രചരണം	15
6	ഇ. ഡി. ശ്രീജ, ജോൺ വർഗീസ്	»	തരമക്ക് പ്രചരണം വടിതക്കട്ട്, ബാൻറുമേളം ചായ+ബിസ്കറ്റ്	15
7	ഇ. ഡി. ശ്രീജ, തക. എസ്. വിശാലാക്ഷി ടീച്ചർ, സി. എൻ. ശിവദാസ്	»	ചായ	
8	തക. എസ് വിശാലാക്ഷി ടീച്ചർ	»	കലാപരിപാടി	12
9	ഇ. ഡി. ശ്രീജ, സി. എൻ. ശിവദാസ്	»	തരമക്ക് പ്രചരണം, ചായ	12
10	തക. എസ്. വിശാലാക്ഷി, ഇ. ഡി. ശ്രീജ, പി. തക. കണ്ടുണ്ണി, സി. എൻ. ശിവദാസ്	»	ചായ കനത്ത മഴ, ചായ+ബിസ്കറ്റ് കലാപരിപാടി	20 15
11	തക. എസ്. വിശാലാക്ഷി, ഇ. ഡി. ശ്രീജ, തക. ബാലസുബ്രഹ്മണ്യൻ	»	ചായ	10
Total				164

കോങ്ങാടിന്റെ ചരിത്രം

ഓരോ കേരളഗ്രാമത്തിനും അതാതിന്റേതായ സാമൂഹ്യ സാംസ്ക്കാരിക ചരിത്ര പശ്ചാത്തലങ്ങളുണ്ടായിരിക്കും. നമ്മുടെ ഗ്രാമമായ കോങ്ങാടിനും നൂറ്റണ്ടുകളോളം വേരോട്ടമുള്ള ഒരു ചരിത്രമുണ്ട്. ഈ ചരിത്രാംശങ്ങളുടെ ഉള്ളറകളിലേക്ക് ഇറങ്ങി ചെല്ലാനോ, വിശദമായ പ്രതിപാദനത്തിനോ ഇവിടെ ഉദ്ദേശ്യമില്ല. ഗ്രാമ വികസനംജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് ആവശ്യമായ ഒരുരൂപരേഖ(വികസനരേഖ) തയ്യാറാക്കുന്ന ഈ അവസരത്തിൽ, ഈ നാട് നടന്നുനീങ്ങിയ പഴമകളെ ഒന്നു തൊട്ടു തലോടിക്കൊണ്ട് സംക്ഷേപിക്കുക മാത്രമെ ഇവിടെ ചെയ്യുന്നുള്ളു.

കേരളീയർ തമിഴരേയും കൊങ്കണ ദേശക്കാരായ കർണ്ണാടകരേയും പൊതുവിൽ 'കൊങ്ങർ'എന്നാണ് വിളിച്ചിരുന്നത്. പരദേശികളായ കൊങ്ങർ പലപ്പോഴും പാലക്കാട് ചുരം വഴിമലബാർ തീരത്തെ ആക്രമിക്കുകയും ഭൂഭാഗങ്ങൾ കൈവശം വെക്കുകയുംചെയ്തിട്ടുണ്ട്. കൊങ്ങരു മായുള്ള സമ്പർക്കംമൂലമോ, കൊങ്ങു നാട്ടിലേക്കുള്ള പ്രവേശനഗ്രാമമെന്ന നിലയിലോ ആയിരിക്കണം ഈ നാടിന് 'കോങ്ങാട്' എന്ന് പേർ വന്നത്. ഇത്ഒരു അനുമാനം മാത്രമാണ്. "മാമാങ്കം കാണാൻ കോങ്ങാട്ടിൽ ക്കൂടെ" എന്നൊരു ചൊല്ലുണ്ട്. 1766-ലാണ് അവസാനത്തെ മാമാങ്കം നടന്നത്. അപ്പോൾ അതിനു മുമ്പുതന്നെ ഈ പ്രദേശത്തിന് കോങ്ങാട് എന്ന സ്ഥലനാമം ഉണ്ടായിരുന്നതായി കരുതാം.

നാടുവാഴികളുടേയും ഭൂപ്രഭുക്കന്മാരുടേയും കലഹങ്ങളും സന്ധികളും പരദേശികളുടെ കടന്നാക്രമണവും പ്രതിരോധവും സമരസപ്പെടലുമായി പതിനാറും പതിനേഴും നൂറ്റണ്ടുകളിൽ മലബാർ തീരം പലപ്പോഴും കലുഷമായിരുന്നു.പിന്നീട്ബ്രിട്ടീഷുകാർ നാട്ടു രാജാക്കന്മാരെ പ്രീണിപ്പിച്ചും ഭീഷണിപ്പെടുത്തിയും ഇവിടെ ഭരണം നടത്തി. തുടർന്നുണ്ടായ സ്വാതന്ത്ര്യസമരത്തിലും മറ്റുദേശീയ പ്രസ്ഥാനങ്ങളിലും നാം പങ്കാളികളായി.സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം ജനായത്ത ഭരണ ക്രമം നിലവിൽ വന്നു.സാമൂഹ്യവും രാഷ്ട്രീയവുമായ നവോത്ഥാനപ്രക്രിയകൾ തുടർന്നും നടന്നു. അങ്ങി നെയാണ് ഈ നാട് ഇവിടംവരെ എത്തി നിൽക്കുന്നത്. ഇപ്പറഞ്ഞ ഊടുവഴികളിലൂടെയെല്ലാം മലബാറിനോടൊപ്പം പാലക്കാടും കോങ്ങാടും കടന്നുവന്നിട്ടുണ്ട്.ഈയാത്രയെക്കുറിച്ച് ചെറിയ തോതിലെങ്കിലും ഓർമ്മിക്കുന്നതും അറിയുന്നതും കൗതുകകരമായിരിക്കും.

പഴമകളുടെ കാലം.

ഭൂമിശാസ്ത്രപരമായി കോങ്ങാടു മുതൽ മുതലമടവരെയുള്ള പ്രദേശം മൂന്നായി വിഭജിച്ചിരുന്നു. വടമലപ്പുറം,തെമ്മലപ്പുറം,നടുവട്ടം എന്നിങ്ങനെ. കോങ്ങാട്വടമലപ്പുറത്തിന്റെ പടിഞ്ഞാറെ അതിർത്തിയായിരുന്നു. ഈപ്രദേശം പതിനഞ്ചു മുതൽ പതിനേഴു വരെയുള്ള നൂറ്റാണ്ടുകളിൽപലപ്പോഴും മാറി മാറി സാമൂതിരിയും വള്ളുവക്കോനാതിരിയും പാലക്കാട്ടുശ്ശേരി രാജാവും ഭരിച്ചുവന്നു. ഇവർ തലമുറകളായി ഇണങ്ങിയും പിണങ്ങിയും നാടുവാണു.

ഒരിക്കൽ പാണ്ഡ്യരാജാവിനെ തുരത്താൻ പാലക്കാട്ടു രാജാവിനെ വള്ളുവക്കോനാതിരി സഹായിച്ചു. തന്റെ വിജയത്തിന് പാരിതോഷികമായി കോങ്ങാടുപ്രദേശംപാലക്കാട് വള്ളുവനാടിന് വിട്ടുകൊടുത്തു. പതിനാറാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടടുത്താണ് ഈ സംഭവം നടന്നത്.

തങ്ങൾക്കു കിട്ടിയഗ്രാമത്തിലൂടെ വള്ളുവനാട്ടുരാജാവിന്റെ രണ്ടു സഹോദരിമാർ നാടു കാണാനെത്തി. അവർ തമ്മിൽ അന്തഃപുരത്തിൽഒരു 'സൗന്ദര്യപ്പിണക്കം'ഉണ്ടായിരുന്നു. മഞ്ചലിൽ യാത്ര ചെയ്തിരുന്നകെട്ടിലമ്മമാർ അമാലന്മാർ കൊണ്ടുവന്ന ഇളനീർ കഴിച്ച് ദാഹശാന്തി വരുത്തി. തദവസരത്തിൽ അനുജത്തിക്ക് ഒരുപാകപ്പിഴപറ്റി.അവർ തണ്ടിൽനിന്നിറങ്ങി വെള്ളംകുടിച്ചത് അശുദ്ധിക്കും പതിത്വത്തിനും വിഴിയൊരുക്കി. ജ്യേഷ്ഠത്തിയുടെ ആവലാതി പ്രകാരം കോവിലകത്തു വെച്ചുണ്ടായ സ്മാർത്ത വിചാരത്തെതുടർന്ന് സഹോദരിയെഭ്രഷ്ട് കല്പിച്ച് പുറത്താക്കി. രാജാവിന് വ്യവസ്ഥിതി പാലിക്കുകയല്ലാതെ ഗത്യന്തരമില്ലായിരുന്നു. വാത്സല്യ നിധിയായിരുന്ന അദ്ദേഹം പാലക്കാടിന്റെ സമ്മാനമായി കിട്ടിയകോങ്ങാടു പ്രദേശവും സ്ഥാവരസ്വത്തുക്കളും ഇളയവൾക്ക് ദാനം



നല്കി. അങ്ങിനെ പുറത്താക്കപ്പെട്ടതമ്പുരാട്ടി യും ഭർത്താവ് മൊടപ്പിലാപ്പള്ളിനമ്പൂതിരി പ്പാടും അങ്ങാടിപ്പുറത്തു നിന്നു വന്ന് കോങ്ങാട്ടിൽ താമസംതുടങ്ങി. ഇവരുടെ പരമ്പരയാണ് കോങ്ങാട് നായർ സ്വരൂപത്തിൽ പെട്ടവർ.തന്റെ ഇഷ്ടദേവതയെ നിത്യവും ഉപാസിക്കുവാനുള്ള സഹധർമ്മിണിയുടെ ആഗ്രഹം നിറവേറ്റികൊണ്ട് നമ്പൂതിരിപ്പാട് പ്രതിഷ്ഠ നടത്തി നിർമ്മിച്ചതാണ്,കോങ്ങാട് തിരു മാന്ധാംകുന്ന് ഭഗവതീ ക്ഷേത്രം. (എല്ലാവർഷവുംമീനമാസത്തിൽ ഇവിടെ നടന്നു വരുന്ന പൂരാഘോഷമാണ് ഈപഞ്ചായത്തിലെ പ്രധാനപ്പെട്ടഗ്രാമോത്സവം)ക്ഷേത്ര നിർമ്മാണത്തോടൊപ്പം തന്നെസ്വരൂപസ്വത്തിൽ പകുതി ദേവസ്വമായി നീക്കി വെക്കുകയും ചെയ്തു. പിന്നീട് ദേവസ്വ ത്തിന്റെയും ക്ഷേത്രത്തിന്റേയും ഊരായ്മ മൊടപ്പിലാപ്പള്ളി മനയ്ക്കലേക്കായി. ഈ ക്ഷേത്രത്തി നും,സമീപത്തുള്ള ഒരുനൂറ്റാണ്ടിലേറെ പഴക്കം ചെന്ന വിദ്യാലയത്തിനും കോങ്ങാട്ടിലെ ജന ജീവിതത്തിൽ കാര്യമായ സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടുണ്ട്.

കോങ്ങാടു സ്വരൂപത്തിലെ പ്രധാന ശാഖ ക്ഷേത്രത്തിനടുത്തുള്ള പടിഞ്ഞാറെ നായർ വീടാണ്. തറവാട്ടുപുര 1980-ൽ പൊളിച്ചുമാറ്റി. കൂടാതെ ആറങ്ങോട്,പുറവത്തൊടി, പഴോറ,കതിരമ്പറ്റ എന്നീ ശാഖകൾ പഞ്ചായത്തിനകത്തും പുറത്തുമായി നിരവധി തായ്വഴികളായി പിരിഞ്ഞു താമസിക്കുന്നു. തറവാട്ടിലെമൂത്ത പുരുഷനെ, 'കൊളത്തൂർ കണ്ടൻ ചാത്തൻ കോവിൽ' എന്ന സ്ഥാനപ്പേരുള്ള 'വലിയനായർ' എന്നും മൂത്തസ്ത്രീയെ'മുല്ലക്കരമ്മ'എന്നും പറഞ്ഞുവരുന്നു.സ്വരൂപത്തിലെ പുരുഷന്മാർ 'യജമാനന്മാരും' സ്ത്രീകൾ 'കുഞ്ഞിയമ്മ'മാരുമത്രെ. ഇപ്പോഴത്തെ വലിയനായർ,അദ്ധ്യാപകനായിരുന്ന ശ്രീ.പി.വി. കുഞ്ഞുണ്ണി നായരാണ്. അദ്ദേഹത്തിന്തൊണ്ണൂറ്റി നാല് വയസ്സുണ്ട്. കോങ്ങാട്ടിലെ രാജാവെന്ന

നിലയുള്ള വലിയ നായർ അധികാരമേൽക്കുന്ന 'അരിയിട്ടു വാഴ്ച' സ്വരൂപം വകയായുള്ള മേനശ്ശേരി അമ്പലത്തിലാണ് നടന്നിരുന്നത്. കുറച്ചുകാലമായി പ്രസ്തുത ചടങ്ങ് പതിവില്ല.

പതിനെട്ടാം നൂറ്റാണ്ടിൽ പാലക്കാട്ടു രാജാവ് മൈസൂർ സുൽത്താനായിരുന്ന ഹൈദരാലിയെ സാമൂതിരിക്കെതിരായി ക്ഷണിച്ചു വരുത്തി. ഹൈദർ സാമൂതിരിയെ തോൽപ്പിച്ചു.മാമാങ്കം അവസാനിപ്പിച്ചു. ആതിഥേയന്റെ ഒത്താശയോടുകൂടി 1766-ൽ പാലക്കാടു കോട്ടയുടെ നിർമ്മാണം തുടങ്ങി വെച്ചു. പിന്നീട് മലബാറിലെത്തിയ ടിപ്പുസുൽത്താൻ 'പടയോട്ടം' നടത്തി പലപ്രദേശങ്ങളും പിടിച്ചടക്കി.ടിപ്പുവും പട്ടാളവും കടന്നു പോയ അന്നത്തെ ചെറിയ പാതയാണ് പാലക്കാട്ടു നിന്ന് ചെർപ്പുളശ്ശേരിക്കുള്ള ഇന്നത്തെ വീതികൂടിയ ടാർ റോഡ്. ഈപഞ്ചായത്തിലെ അഞ്ചാം വാർഡിൽ നിന്നാരംഭിച്ച് വടക്കോട്ട് മണ്ണാർക്കുടു വരെ പോകുന്ന പാത ടിപ്പു സുൽത്താൻ നിർമ്മിച്ചതത്രെ. അത് ടിപ്പുവിന്റെ പേരിൽത്തന്നെയാണ് ഇന്നുംഅറിയപ്പെടുന്നത്. അടുത്ത കാലത്തായി വീതികൂട്ടി പുതുക്കിപണിയുന്നു. പണിതീരുമ്പോൾ കോങ്ങാട്ടുനിന്ന് മണ്ണാർക്കാട്ടെക്കുള്ള ദൂരത്തിന് കിലോ മീറ്ററുകളോളം കുറവു വരുന്നു.

മദ്ധ്യകാലഘട്ടം

പാലക്കാട് കോട്ടയുടെ നിർമ്മാണം പൂർത്തിയായപ്പോൾ ടിപ്പുസുൽത്താൻ തന്റെ വിശ്വസ്തനായ മുറാദ് അലിഖാനെ മൈസൂരിൽ നിന്നു കൊണ്ടുവന്ന് അതിന്റെ ചുമതല ഏല്പിച്ചു. 1792 മാർച്ച് 10-ാം തീയതി ടിപ്പുവും ഈസ്റ്റിന്ത്യാ കമ്പനിക്കാരുമായുണ്ടാക്കിയ ഉടമ്പടി പ്രകാരം മലബാറിൽ ടിപ്പുവിന്റെ കൈവശമുണ്ടായിരുന്ന പ്രദേശങ്ങളെല്ലാം കമ്പനിക്കു കൈമാറിയതിൽ കോങ്ങാടും ഉൾപ്പെടുന്നു. കമ്പനികോങ്ങാട്ടുനായർക്ക് 4000 പണം (1043രൂപ) മാലീഖാൻ കൊടുത്തു. തന്റെ പ്രദേശത്തുനിന്ന് 1454 രൂപ നികുതി പിരിച്ച് കമ്പനിയെ ഏല്പിക്കുവാനും നിർദ്ദേശിച്ചു. വർഷങ്ങൾക്കു ശേഷം താലൂക്കുകളും അംശങ്ങളും വിഭജിച്ച് നികുതി പിരിവിനുള്ള അധികാരം 'അധികാരി' മാരെ ചുമതലപ്പെടുത്തുന്നതുവരെ ഈ നിലതുടർന്നു. ഓരോ പ്രദേശത്തേയും പ്രമാണികുടുംബാംഗങ്ങളെയാണ് അധികാരിമാരായി നിയമിച്ചിരുന്നത്. ഈ തസ്തികകളിലാണ് ഇന്നത്തെ വില്ലേജ് ഓഫീസർമാരുടെ നിയമനമുണ്ടായത്. കോങ്ങാട് വലിയനായർക്ക് മൂന്നുമാസം കൂടുമ്പോൾ 350 രൂപ മാലിഖാനമായി ഇപ്പോഴും ലഭിച്ചുവരുന്നു.


കോട്ട കാവൽക്കാരായി മൈസൂരിൽ നിന്നു വന്ന പത്താൻ വംശജർ ബ്രിട്ടീഷുകാരോട് കൂറു പ്രഖ്യാപിച്ചു. സന്തുഷ്ടരായ വെള്ളക്കാർ, പാലക്കാടിന്റെ പരിസര പ്രദേശങ്ങളിൽ ഇരുപത്തി രണ്ട് കളങ്ങളും പതിനെട്ടു മാപ്പും 'കിലേദാർ'എന്ന സ്ഥാനപ്പേരും അനുവദിച്ചു കൊടുത്തു. കളങ്ങളിൽ ഒന്നാണ് കോങ്ങാട്ടിലെ കവളെങ്കിൽകളം. മുറാദ് അലിഖാന്റെ പരമ്പരകൾ പലതാവഴികളായി ഇന്നും ഇവിടെ ജീവിക്കുന്നു. തോക്കും കുതിരയും അന്തസ്സിന്റെ ചിഹ്നങ്ങളായി ഈ നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ പോലും അവരുടെ കാരണവന്മാർ ഉപയോഗിച്ചിരുന്നു.

പെരുവേമ്പിൽനിന്ന് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന കാലത്ത് കോങ്ങാട്ടിൽ വന്ന് താമസം തുടങ്ങിയ മറ്റൊരു തറവാട്ടുകാരാണ് വേർക്കോട്ടു പണിക്കന്മാർ(വള്ളുവനാട്ടിലുണ്ടായിരുന്ന ഇവരുടെ ഒരു ശാഖ വള്ളുവക്കോനാതിരിയുടെ പടനായകത്വം വഹിച്ചിരുന്നതായും ശ്രുതിയുണ്ട്) അന്നത്തെ കാരണവരായിരുന്ന അച്ചുതപണിക്കർ 1839-ൽ ജനിച്ചു. മദിരാശി ഗവൺമെൻറിന്റെ മലയാളം പരീക്ഷാ മേധാവിയായിരുന്നു. ഹരിശ്ചന്ദ്ര പുരാണസംഗ്രഹം, മുഹമ്മദ് നബി തുടങ്ങിയ ഗ്രന്ഥങ്ങളുടെ കർത്താവാണ്. 1885-90 കാലഘട്ടത്തിൽ, ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന, പ്രാഥമിക വിദ്യാലയം-ഇന്നത്തെ ഗവഃ യു. പി. സ്ക്കൂൾ സ്ഥാപിച്ചത് അച്ചുതപണിക്കരാണ്. 1891-ൽ 52-ാം വയസ്സിൽ അദ്ദേഹം അന്തരിച്ചു. അനന്തിരവൻ ശങ്കരപണിക്കർ വിദ്യാലയം അന്നത്തെ താലൂക്ക് ബോർഡിന് കൈമാറി. 1920-ലാണ് ഹയർ എലിമെൻററി സ്ക്കൂളായി ഉയർത്തിയത്. 1990 ഫെബ്രുവരി

25, 26 തീയതികളിൽ നാട്ടുകാരുടെ സഹകരണത്തോടു കൂടി വിദ്യാലയത്തിന്റെ ശതാബ്ദി സമുചിതമായി ആഘോഷിച്ചു. എം. പി. ഗോപാലകൃഷ്ണ പിഷാരടി ആയിരുന്നു അന്നത്തെ പ്രധാനാദ്ധ്യാപകൻ.

കോങ്ങാട് തിരുമാന്ധാംകുന്ന് ഭഗവതീ ക്ഷേത്രത്തിനു പുറമെ മമ്പുള്ളി വിഷ്ണുശിവക്ഷേത്രങ്ങൾ, രാമേശ്വരം ക്ഷേത്രം, മേനശ്ശേരി അമ്പലം, മാങ്ങേരിക്കാവ്, മുമ്മൂർത്തി ക്ഷേത്രം, മണക്കുളങ്ങര ക്ഷേത്രം, പാറശ്ശേരിക്കാവ്, തൃപ്പലമുണ്ട ശിവക്ഷേത്രം, കുണ്ടുവമ്പാടം ചെറുകുന്നത്തുകാവ് തുടങ്ങിയ നിരവധി ക്ഷേത്രങ്ങളും രങ്കനാഥൻ റോഡിന്റെ (പത്തിരിപ്പാല റോഡ്) വലതുവശത്തുള്ള മുസ്ലീം പള്ളിയും നൂറ്റാണ്ടുകളോളം പഴക്കമുള്ളവയാണ്. പോയകാലങ്ങളിൽ സാംസ്ക്കാരിക കേന്ദ്രങ്ങളായി നിലകൊണ്ടിരുന്ന ഈ ആരാധനാലയങ്ങൾ അന്നത്തെ ജനജീവിതത്തെ കാര്യമായി സ്വാധീനിച്ചിരുന്നു. അതാതിടത്തെ വേലകളും പൂരങ്ങളും താലപ്പൊലികളും ഉത്സവങ്ങളും





എല്ലാ വിഭാഗം ജനങ്ങളേയും ഒരുമിച്ചു നിർത്തിയിരുന്നു. അടുത്ത കാലത്തായി സ്ഥാപിതമായ പുതിയ ചില ക്ഷേത്രങ്ങളും മുസ്ലീം ക്രിസ്ത്യൻ പള്ളികളും ഈ പഞ്ചായത്തിന്റെ പലഭാഗങ്ങളിലുമുണ്ട്.

വലിയ നാടുവാഴികളെപ്പോലെ ഈ പഞ്ചായത്തിനകത്തുള്ള പ്രമാണി കുടുംബങ്ങൾ തമ്മിലും ചേരിപ്പോരും ചെറിയ തോതിലുള്ള സംഘട്ടനങ്ങളും ഈ നൂറ്റാണ്ടിന്റെ പാതിവരെ നടന്നിരുന്നു. അതിനുദാഹരണമായി ഒന്നു രണ്ടുസംഭവങ്ങൾ ചൂണ്ടിക്കാണിക്കാം. കോങ്ങാട്ടു നായർ കുടുംബവും മുണ്ടഞ്ചേരി തറവാട്ടുകാരും തമ്മിൽ വലിയ വൈരത്തിലായിരുന്നു. വർഷങ്ങൾക്കു മുമ്പ് മുണ്ടഞ്ചേരിയിലെ ശങ്കരൻനായർ ഒരു പകപോക്കലിന്റെ പേരിൽ കൊല്ലപ്പെട്ടു. അവിടത്തെ കുട്ടൻ കോഴിശ്ശീരി നായർ എന്ന ഇളയനായരും വടശ്ശേരിയിലെ മല്ലിശ്ശീരി നമ്പൂതിരിയും തമ്മിൽ നടന്ന ഒരു സിവിൽ വ്യവഹാരം അന്നത്തെ സുപ്രീം കോടതിയായിരുന്ന ലണ്ടനിലെ പ്രിവി കൗൺസിലോളം എത്തി.

മലബാറിൽ നിന്ന് പ്രിവി കൗൺസിലിലെത്തിയ ഓരേയൊരു കേസായിരുന്നു അത്. കേസിൽ നമ്പൂതിരിയാണത്രെ ജയിച്ചത്.

ആനമങ്ങാടു നിന്നു വന്ന് പെരിങ്ങോട് താമസമാക്കിയ പാരമ്പര്യ ആര്യവൈദ്യ ചെകിത്സകരാണ് പതിനെട്ടാംകണ്ടക്കാർ. ഒന്നൊന്നര നൂറ്റാണ്ടു മുമ്പ് അവരെ താമസസൗകര്യവും വസ്തുവകകളും കൊടുത്ത് കൊണ്ടുവന്നു താമസിപ്പിച്ചത് മുണ്ടഞ്ചേരി മൂത്തനായരായിരുന്നുവത്രെ. പതിനെട്ടാം കണ്ടത്തിലെ പ്രസിദ്ധനായ അയ്യപ്പൻകുട്ടി വൈദ്യർ അടുത്ത കാലത്താണ് അന്തരിച്ചത്.

ചുരുക്കത്തിൽ ജന്മിമാരായ പ്രമാണികുടുംബക്കാർ, അവരുടെ കുടിയായ്മയുള്ള കൃഷിക്കാർ, കൃഷിപ്പണി ചെയ്യുന്ന തൊഴിലാളികൾ വിരലിലെണ്ണാവുന്ന വ്യാപാരികളും മറ്റു ജോലിക്കാരും എന്നിങ്ങനെയായിരുന്നു പഴയകാലത്തും മദ്ധ്യകാലഘട്ടത്തിലും ഈ നാട്ടിലെ സമൂഹ്യാവസ്ഥ. അന്നൊന്നും ഗ്രാമത്തിന്റെ വികസനത്തെ കുറിച്ചോ, സാധാരണക്കാരന്റേയൊ, ദരിദ്രന്റേയൊ ജീവിതപുരോഗതിയെക്കുറിച്ചോ യാതൊരു വിധ ചിന്തയോ പ്രവർത്തനങ്ങളോ ഉണ്ടായിരുന്നില്ല.

ആധുനികകാലം

നാടുവാഴികളുടേയും ഭൂപ്രഭുക്കന്മാരായ പ്രമാണിമാരുടേയും മേൽക്കോയ്മകളുടെ കഥകളാണ് ഇതുവരെ പറഞ്ഞത്. ആധുനിക കാലത്തിന്റെ ചരിത്രം ജനസാമാന്യത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ടതാണ്. കോങ്ങാട്-പഞ്ചായത്തിൽ ഹിന്ദു മുസ്ലീം ജനവിഭാഗങ്ങൾ സഹവർത്തിത്വത്തോടെ നൂറ്റാണ്ടുകളായി ജീവിച്ചു പോന്നു. പ്രാദേശികവും, സാമുദായികവും കുടുംബപരവുമായ ആഘോഷങ്ങളിലും, ചടങ്ങുകളിലും എല്ലാ ജാതിമത വിഭാഗങ്ങളും പരസ്പരം സഹകരിച്ചുപോന്നു. ഒരു കാര്യം പ്രത്യേകം ചൂണ്ടിക്കാട്ടേണ്ടതുണ്ട്. ഇവിടത്ത മുസ്ലീം ജനവിഭാഗം എക്കാലത്തും കോങ്ങാട് സ്വരൂപത്തോട് സ്നേഹം പുലർത്തിപ്പോന്നു. സാമുദായിക സംഘട്ടനങ്ങളൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ പഴയ തറവാട്ടുകാരും പുത്തൻ പ്രമാണിമാരും സ്ഥാനമാനങ്ങളുടെയും, ദുരഭിമാനത്തിന്റെയും പേരിൽ പലപ്പോഴും ഏറ്റുമുട്ടിയിട്ടുണ്ട് . അതിന്റെ പേരിൽ സിവൽ-ക്രിമിനൽ കേസുകളും ഉണ്ടായിട്ടുണ്ട് . അത്തരത്തിലൊരു സംഭവമാണ് 1915- ൽ ഉണ്ടായ കോങ്ങാട്ടു വലിയ നായരെ തട്ടിക്കൊണ്ടുപോയതും, വീണ്ടെടുക്കുന്നതിന്റെ പേരിലുണ്ടായ ചെറിയ ലഹളയും.

ഇന്ത്യയൊട്ടുക്കും, സ്വാതന്ത്ര്യ സമരം കത്തിക്കയറുന്ന കാലം. അതിന്റെ അലയൊലികൾ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായ മലബാർ ജില്ലയിലും കോങ്ങാട്ടിലും വ്യാപിച്ചു. ഇന്ത്യൻ നേഷണൽ കോൺഗ്രസ്സിന് ഈ പഞ്ചായത്ത് പ്രദേശത്ത് അന്ന് സംഘടിതമായ ഒരു പ്രവർത്തന ശൈലിയൊന്നുമുണ്ടായിരുന്നില്ല. എന്നാൽ അഖിലേന്ത്യാടിസ്ഥാനത്തിൽ ഗാന്ധിജി, നെഹ്റു, പട്ടേൽ തുടങ്ങിയ നേതാക്കന്മാരോടും മലബാറിൽ അബ്ദുറഹിമാൻ സാഹിബ്, കേളപ്പൻ, മൊയ്തുമൗലവി, എ.കെ.ജി. ഇം.എം. എസ്. മുതലായവരോടും ഉള്ള അനുഭാവം ഹേതുവായി പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും സ്വാതന്ത്ര്യസമര സന്നാഹങ്ങൾക്കും ഇന്ത്യൻ നേഷണൽ കോൺഗ്രസ്സിനും അനുകൂലമായിരുന്നു. ബർമ്മയിൽ നിന്ന് മടങ്ങിയെത്തിയ വേർക്കോട്ട് കൃഷ്ണനുണ്ണിപ്പണിക്കർ, പി.വി. കുമാരൻനായർ, പെരുന്തലക്കാട് കേശവൻ നമ്പൂതിരി തുടങ്ങിയവരും, വി. ശങ്കരനാരായണപ്പണിക്കർ, മുള്ളത്ത് കൃഷ്ണൻനായർ, യു. ശിവശങ്കരൻനായർ, സി.എ. കുഞ്ഞു മൂത്താൻ തുടങ്ങിയ അദ്ധ്യാപകരും സ്വാതന്ത്ര്യസമരവും ദേശീയ പ്രസ്ഥാനവുമായി പ്രത്യക്ഷത്തിലും പരോക്ഷമായും ബന്ധപ്പെട്ടിരുന്നു. കുമാരൻനായർ, ഇ.എം.എസ്. കെ.പി.സി.സി. സെക്രട്ടറിയായിരുന്ന കാലത്ത്, കെ.പി.സി.സി. മെമ്പറും മറ്റൊരു കാലഘട്ടത്തിൽ എ.ഐ.സി.സി. മെമ്പറുമായിരുന്നു. ജാതിവ്യവസ്ഥക്കെതിരായി 'പന്തിഭോജനം' നടത്തിയതിന്റെ പേരിൽ ശങ്കരനാരായണപ്പണിക്കർ കുറച്ചുകാലം കുടുംബഭ്രഷ്ട് അനുഭവിച്ചു. ഹരിജനങ്ങളെ വിദ്യാഭ്യാസത്തിന് പ്രേരിപ്പിച്ചതിനും, ഹരിജൻ കുട്ടികളെ വിദ്യാലയത്തിൽ പ്രവേശിപ്പിച്ച് പഠിപ്പിച്ചതിനും മുള്ളത്ത് കൃഷ്ണൻ നായർക്ക് ഒരു വിഭാഗം ജനങ്ങളുടെ എതിർപ്പ് നേരിടേണ്ടിവന്നിട്ടുണ്ട്. ഈ നാട്ടിൽ പ്രസിദ്ധനായ ഒരു പത്രപ്രവർത്തകനുണ്ടായിരുന്നു.T.P.K. നായർ (തെക്കെപൊലശ്ശേരി

കണ്ടുണ്ണിനായർഒന്നാമൻ.) കേരള പത്രിക, മനോരമ, മാതൃഭൂമി, ഭാഷാപോഷിണി, അൽഅമീൻ എന്നീ പത്രങ്ങളുടെ പത്രാധിപ സമിതി അംഗമായിരുന്നു. ബങ്കിംചന്ദ്രചാറ്റർജിയുടെ 'ആനന്ദമഠം' എന്ന നോവൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. കൊച്ചി ദിവാനായിരുന്ന ടി.കെ. ഷൺമുഖം ചെട്ടിയെ വിമർശിച്ചതിന് അദ്ദേഹത്തിന്റെ പത്രമായ 'കേരളൻ' നിരോധിച്ചു. പ്രസ് കണ്ടുകെട്ടി. സ്വാതന്ത്ര്യസമര സേനാനിയായിരുന്നു.


ഹരിജനോദ്ധാരണം, ജാതിവ്യവസ്ഥക്കെതിരായ മുന്നേറ്റം മദ്യവർജ്ജനം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഈ പഞ്ചായത്തിലെ ധാരാളം പേർ പങ്കാളികളായിട്ടുണ്ട്. മുണ്ടൂരിലെ രാമകൃഷ്ണവൈദ്യർ എഴക്കാട്ടിലെ മാധവൻ മാസ്റ്റർ, പഴണിമല മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ 1946-ൽ തിരുമാന്ധാംകുന്ന് ഭഗവതീക്ഷേത്രത്തിൽ 'ക്ഷേത്രപ്രവേശനം' നടത്തി. തുടർന്ന് പഞ്ചായത്തിലെ എല്ലാ ക്ഷേത്രങ്ങളിലും എല്ലാ ജാതിക്കാരും ദർശനം നടത്തിത്തുടങ്ങി. അധികം താമസിയാതെ ചില ക്ഷേത്രങ്ങളിൽ നടന്നിരുന്ന ജന്തുബലി അവസാനിച്ചു. ക്ഷേത്രങ്ങളിലെ വഴിപാടുകൾ ക്രമത്തിൽ വർദ്ധിച്ചു വന്നു.

1947 ആഗസ്റ്റ് 15. സ്വാതന്ത്ര്യദിനം പഞ്ചായത്തിലുടനീളം ആർഭാടമായി കൊണ്ടാടി. രാജ്യവ്യാപകമായി വർഷങ്ങളായി നീറിപ്പുകഞ്ഞിരുന്ന ആശയപരമായ രാഷ്ട്രീയ ചേരിതിരിവുകൾ മലബാറിലും, പാലക്കാട്ടും, കോങ്ങാട്ടും കണ്ടു തുടങ്ങി. കോങ്ങാട്ടിലെ എ.എം. കുട്ടിശങ്കരൻ നായർ. എ.എം. നാരായണൻകുട്ടി നായർ തുടങ്ങിയവരും പൊതുരംഗത്ത് പ്രവർത്തനം തുടങ്ങി.

1952-ലെ ആദ്യത്തെ പൊതുതിരഞ്ഞെടുപ്പ് മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായ മലബാറിൽ കോൺഗ്രസ്, കിസാൻമസ്ദൂർ പാർട്ടി, സോഷ്യലിസ്റ്റ് പാർട്ടി എന്നീ രാഷ്ട്രീയ കക്ഷികൾ തമ്മിലായിരുന്നു പ്രധാന മത്സരം. കമ്മ്യൂണിസ്റ്റ് പാർട്ടിയും പാർട്ടി സ്വതന്ത്രരും സജീവമായിരുന്നു. മലബാറിൽ പൊതുവിൽ ഭരണകക്ഷിക്കെതിരായ വിധിയെഴുത്താണ് ഉണ്ടായത്. നമ്മുടെ പ്രദേശത്തുനിന്ന് അസംബ്ളിയിലേക്ക് എം. നാരായണക്കുറുപ്പും, പാർലമെൻറിലേക്ക് കെ. കേളപ്പനുമാണ് തെരഞ്ഞെടുക്കപ്പെട്ടത്. നാരായണക്കുറുപ്പിനെപ്പോലെ മലബാറിലെ കർഷക പ്രശ്നങ്ങളും, കുടിയാന്മാരുടെ പ്രശ്നങ്ങളും ആഴത്തിൽ പഠിച്ച ഒരു ജനപ്രതിനിധി വേറെ ഉണ്ടെന്നു തോന്നുന്നില്ല. മദ്രാസ് അസംബ്ളിയിൽ അദ്ദേഹം ചെയ്ത പ്രസംഗങ്ങളും നിയമ ഭേദഗതികളും കുടിയാൻമാരുടെ യാതനകളിലേക്ക് വിരൽ ചൂണ്ടുന്ന രേഖകളാണ്. ആ പ്രയത്നങ്ങൾക്ക് പിന്നീട് ഫലവും ഉണ്ടായിട്ടുണ്ട്. കുറുപ്പ് പുലാപ്പറ്റ സ്വദേശിയാണ്. 1954-ലെ മലബാർ ഡിസ്ട്രിക്ട് ബോർഡ് തിരഞ്ഞെടുപ്പിലും കമ്മ്യൂണിസ്റ്റ് പാർട്ടി ഭൂരിപക്ഷം നേടി. കെ.ടി.ഫിലിപ്പ് ആയിരുന്നു പറളി മണ്ഡലത്തിലെ പ്രതിനിധി. പ്രസിഡൻറ് പി.ടി. ഭാസ്കരപണിക്കരായിരുന്നു.

കോങ്ങാട് പഞ്ചായത്തിലെ പ്രധാന ജന്മികൾ തിരുമാന്ധാംകുന്ന് ദേവസ്വവും കോങ്ങാട് സ്വരൂപവുമായിരുന്നു. കൂടാതെ കോട്ടക്കൽ കിഴക്കേ കോവിലകം, പൂമുള്ളിമന, പാതാക്കരമന, മുണ്ടഞ്ചേരി, കവളേങ്കിൽ കിലേദാർമാർ, തിരുനെല്ലി മുതൽ ഏഴു ദേവസ്വങ്ങൾ, മാഞ്ചീരി ദേവസ്വം തുടങ്ങിയവർക്കു കൂടി ഈ പഞ്ചായത്തിൽ ജന്മഭൂമി ഉണ്ടായിരുന്നു. അന്നത്തെ നിയമങ്ങൾ ജന്മിമാർക്ക് അനുകൂലമായിരുന്നു. അവരുടെ കർക്കശമായ നിലപാടുകളിൽ കുടിയാൻമാരും, തൊഴിലാളികളും വിഷമിച്ചിരുന്നു. ഇതിന്റെ പ്രതിഫലനമാവാം 52-ലേയും 54-ലേയും തിരഞ്ഞെടുപ്പുകളിൽ മലബാറിൽ കണ്ട വ്യതിയാനം. പാട്ടമായാലും, മിച്ചവാരമായാലും, നികുതിയായാലും പിരിച്ചെടുക്കുന്നതിൽ കുടിയാൻമാരെ ബുദ്ധിമുട്ടിക്കുന്ന സംവിധാനമായിരുന്നു.

1956- നവംബർ ഒന്ന്. കേരള സംസ്ഥാന പിറവി. മലബാറും കൊച്ചിയും തിരുവിതാംകൂറും ചേർന്ന് കേരള സംസ്ഥാനം രൂപം കൊണ്ടു. 1957-ലെ പൊതു തിരഞ്ഞെടുപ്പിൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരമേറ്റു. 1928-ലെ മലബാർ ടെനൻറ് ആക്ട്, പിന്നീട് മദ്രാസ് അംബ്ളിയിൽ പാസ്സാക്കിയ കുടിയാൻമാർക്കുള്ള ആശ്വാസഭേദഗതി നിയമങ്ങൾ, 1957-ലെ കർഷക ബന്ധബിൽ




ഒഴിപ്പിക്കൽ നിരോധന നിയമം എന്നിവ, 1967-ലെ സമഗ്ര ഭൂപരിഷ്കരണ നിയമം, ഇടക്കാല ങ്ങളിലുണ്ടായ നിയമനിർമ്മാണങ്ങൾ എന്നി വയുടെയെല്ലാം ഫലമായി കോങ്ങാട്ടിലെ കർഷകർക്കും തൊഴിലാളികൾക്കും ഏറെ ആശ്വാസം ലഭിച്ചു. തൽഫലമായി അവർക്കിടയിൽ വിദ്യാഭ്യാസം, തൊഴിൽ സൗകര്യം, ഉയർന്ന ജീവി തനിലവാരം എന്നിവ ഉണ്ടായി. പൊതുവിൽ ജനജീവിതരീതിക്ക് ഒട്ടേറെ മാറ്റങ്ങൾ സംഭവിച്ചു. കോങ്ങാട്ടുകാരനായ സി.കെ. നാരായണൻകുട്ടി 1957-ലെ നിയമസഭാംഗമായിരുന്നു.

പഞ്ചായത്തുകൾ വികസനങ്ങൾ

മദിരാശി സംസ്ഥാനത്തിലെ വില്ലേജ് പഞ്ചായത്ത് ആക്ട് (M.V.P.) അനുസരിച്ചാണ് മലബാറിൽ 1954-ൽ പഞ്ചായത്തുകൾ രൂപീകരിച്ചത്. അന്നത്തെ കോങ്ങാട് പഞ്ചായത്ത് പത്തുചതുരശ്രകിലോ മീറ്ററിൽ താഴെമാത്രം വിസ്തീർണ്ണമുള്ളതായിരുന്നു. എഴക്കാട്, കേരളശ്ശേരി, ചെറായ, കരിമ്പ എന്നീ പ്രദേശങ്ങളായിരുന്നു അതിരുകൾ. പി.വി. കുമാരൻ നായർ പ്രസിഡണ്ടായിരുന്നു. ചില വഴികൾ വീതികൂട്ടുകയും, ഗ്രാമവൈദ്യുതീകരണത്തിനുള്ള പ്രാരംഭ നടപടികൾ കൈക്കൊള്ളുകയും ചെയ്തതാണ് പ്രധാന വികസന പ്രവർത്തനങ്ങൾ. അന്ന് ചെറായ, പെരിങ്ങോട് എന്നീ പഞ്ചായത്തുകൾ വേറെയായി രുന്നു. ചെറായയിൽ കെ.പി. രാജഗോപാലപണിക്കരും, പെരിങ്ങോട് ടി.കെ. ഗോവിന്ദൻകുട്ടിനായരും പ്രസിഡണ്ടുമാരായിരുന്നു.

1960-ൽ കേരള പഞ്ചായത്ത് ആക്ട് നിലവിൽവന്നപ്പോൾ 1962-ൽ കോങ്ങാട്, ചെറായ, പെരിങ്ങോട് പഞ്ചായത്തുകൾ കൂട്ടിച്ചേർത്ത് ഇന്നത്തെ കോങ്ങാട് പഞ്ചായത്ത് നിലവിൽ വന്നു. 62-ലെ തിരഞ്ഞെടുപ്പിൽ രാഷ്ട്രീയ കക്ഷികൾ ചിഹ്നം ഉപയോഗിച്ചിരുന്നില്ല. പ്രസിഡൻറ് പി.വി. കുമാരൻ നായർ, വൈസ് പ്രസിഡൻറ്, നെച്ചുള്ളി പത്മനാഭൻ നായർ, പി.കെ. ഹരിദാസൻ, എ.പി. വാസുദേവൻ, ടി.കെ. കൃഷ്ണഗുപ്തൻ, സി.ഡി. സച്ചിദാനന്ദൻ, വി.എ. സുലൈമാൻ, വി. മായാണ്ടി, (ഹരിജൻ)സി. മാധവി (നാമനിർദ്ദേശം ചെയ്ത വനിത)എന്നിവർ മെമ്പർമാരായിരുന്നു. ഈ ബോർഡിൽ ആദ്യത്തെ ഹരിജൻ മെമ്പറായിരുന്ന ചിന്നൻ യോഗങ്ങൾക്ക് ഹാജരാകാത്തതിന്റെ പേരിൽ പുറത്തു പോവുകയാണുണ്ടായത്. ഈ ഭരണ സമിതി സർക്കാർ നീട്ടിക്കൊടുത്തതിന്റെ പേരിൽ 16 വർഷം നീണ്ടുനിന്നു. 1978-ൽ പിരിച്ചു വിട്ടു. 1979-ൽ തിരഞ്ഞെടുപ്പു നടന്നു. പുതിയ ഭരണസമിതി നിലവിൽ വന്നു. 78 വരെയുണ്ടായിരുന്ന



ബോർഡ്, ചില പ്രധാന റോഡുകളുടെ നിർമ്മാണം, ശുദ്ധജലവിതരണ സംരംഭങ്ങൾ, ഗ്രാമവൈദ്യു തീകരണം, പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം, ചന്ത ഏറ്റെടുക്കൽ തുടങ്ങിയ കാര്യങ്ങൾ ചെയ്തു. ഈ ഭരണസമിതിയിൽ വനിത അംഗമായിരുന്ന മാധവി വാർധയിലെ ഗാന്ധി ഗ്രാമിൽ പരിശീലനം നേടിയ ഒരു ഹരിജൻ വനിതയാണ്. വീട്ടുകാരുടെ ആവശ്യ പ്രകാരം കാലം പൂർത്തിയാക്കുന്നതിന് മുമ്പ് തിരിച്ചു പോരേണ്ടി വന്ന ദുഃഖം അവരുടെ മനസ്സിൽ ഇന്നുമുണ്ട്. അവർ മൂന്നാം വാർഡിൽ ജീവിക്കുന്നു.

പി.കെ. കണ്ടുണ്ണി (പ്രസിഡണ്ട്) ഐ.എം.സുമ (വൈസ് പ്രസിഡണ്ട്) കെ മനോഹരൻ, കെ. വാസു, കെ. ശങ്കരൻകുട്ടി ഗുപ്തൻ, എം. ബാലകൃഷ്ണൻ നായർ, അമ്പാട്ട് ഗോപാലകൃഷ്ണൻ, എം. സി.

വേലായുധൻ, പി.വി. അപ്പു- എന്നിവരടങ്ങിയ ഭരണസമിതിയാണ് '75ലെ തിരഞ്ഞെടുപ്പിനുശേഷം നിലവിൽ വന്നത്. രാഷ്ട്രീയാടിസ്ഥാനത്തിൽ ചിഹ്നങ്ങൾ ഉപയോഗിച്ചുള്ള തിരഞ്ഞെടുപ്പായിരുന്നു. ഇവരുടെ കാലത്ത് ബസ്സ്റ്റാൻറ് കം ഷോപ്പിങ് കോംപ്ലക്സിൻെറ പൂർത്തീകരണം, റോഡുകളുടെ വികസനം, കോളനികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ലക്ഷം വീടുകൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങളുണ്ടാക്കൽ, കിണറുകൾ നിർമ്മിച്ച് ശുദ്ധജല സൗകര്യം വർദ്ധിപ്പിക്കൽ, ഗ്രാമവൈദ്യുതീകരണം തുടങ്ങിയ വികസനങ്ങൾ നിർവ്വഹിച്ചു. 1984-ൽ ഭരണസമിതി പിരിച്ചുവിട്ടു. നാലുവർഷം സ്പെഷ്യൽ ഓഫീസറുടെ ഭരണമായിരുന്നു.

1988-ൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ താഴെപറയുന്നവർ ഭരണ സമിതി അംഗങ്ങളായി. പി.കെ. കണ്ടുണ്ണി (പ്രസിഡണ്ട്) എം. കുട്ടി ശങ്കരൻ(വൈസ് പ്രസിഡണ്ട്), പി. ദേവകിക്കുട്ടി, പി. മണിയൻ. കെ. കരുണാകരൻ, അമ്പാട്ട് ഗോപാലകൃഷ്ണൻ, എം. വാസുദേവൻ, കെ.എസ്. അബ്ദുറഹമാൻ, പി. ശാന്തകുമാരി, പി.വി. അപ്പു. രണ്ട് ഷോപ്പിങ് കോംപ്ലെക്സുകൾ നിർമ്മിച്ചു, ചന്തയിൽ സ്റ്റാളുകൾ ഉണ്ടാക്കി, പ്രസിഡണ്ടിൻെറ നേതൃത്വത്തിൽ ആസ്പത്രിക്ക് സ്ഥലം വാങ്ങി സർക്കാരിനെ ഏല്പിച്ചു. (ഇതിൻെറ പ്രവർത്തനത്തിന് ആസ്പത്രി വികസന സമിതിയുമുണ്ടായിരുന്നു.) മുച്ചീരി, പൂതങ്കോട്, ചെറായ, പാറശ്ശേരി-വടശ്ശേരി എന്നീ റോഡുകൾ ടാറിടുകയും പെരിങ്ങോടു നിന്ന് കുണ്ടുവം പാടത്തേക്കും പഞ്ചായത്ത് സ്റ്റേഡിയപരിസരത്തുനിന്ന് ചെമ്പക്കരക്കും ആൽത്തറയിൽ നിന്ന് ചാത്തം കുളത്തേക്കും, കൂട്ടപ്പുര നിന്ന് കോൽപ്പാടത്തേക്കും പോകുന്ന റോഡുകൾ മെറ്റലിടുകയും ചെയ്തു. മണിക്കശ്ശേരി, ചെറായ, നമ്പരത്തി, പൂതങ്കോട് എന്നീ സ്ഥലങ്ങളിൽ ക്രോസ്ബാർ കെട്ടിയും കുളങ്ങൾ കെട്ടി ഉയർത്തി ആഴംകൂട്ടിയും ജലസേചന സൗകര്യം മെച്ചപ്പെടുത്തി. സ്ഥലം വാങ്ങി പഞ്ചായത്ത് സ്റ്റേഡിയം നിർമ്മിച്ചു. ചല്ലിക്കൽ പൂതങ്കോട് പാതയിൽ വഴിവിളക്കുകൾ സ്ഥാപിച്ചു. ഇവയാണ് 88-ൽ സ്ഥാനമേറ്റ പഞ്ചായത്ത് സമിതിയുടെ പ്രധാന പ്രവർത്തനങ്ങൾ.

1995-നവംബറിൽ നടന്ന ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിനോടൊപ്പം രൂപീകരിച്ചതാണ്. ഇന്നത്തെ പഞ്ചായത്ത് സമിതി. എം. സി. വേലായുധൻ (പ്രസിഡണ്ട്),വി.യു. സെയ്താലി(വൈസ് പ്രസിഡണ്ട്)കെ.സി. ചിന്നപ്പൻ (സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ), ഇ. ശാന്തകുമാരീ ടീച്ചർ, പി.കെ. രാമചന്ദ്രൻ, അമ്പാട്ട് ഗോപാലകൃഷ്ണൻ, ടി.എ. ശിവകുമാരി, എ. കമലം, കെ. കരുണാകരൻ, പി. ശാന്തകുമാരി, അബ്ദുൾ അഷറഫ് എന്നിവരാണ് അംഗങ്ങൾ. ജനകീയാസൂത്രണ പരിപാടികളുമായി ഈ ഭരണ സമിതി പ്രവർത്തനം തുടങ്ങിയിട്ടേയുള്ളൂ.

കഴിഞ്ഞ 42 വർഷത്തെ വിവിധ ബോർഡുകളുടെ ഭരണം കൊണ്ട് കോങ്ങാടിൻെറ മുഖച്ഛായക്ക് വളരെയേറെ മാറ്റം വന്നിട്ടുണ്ട്. ജനജീവിതം ഇനിയും ഏറെ മെച്ചപ്പെടുവാനുണ്ട്.

പഞ്ചായത്തിൽ നടന്ന പ്രധാന സംഭവ വികാസങ്ങൾ

1954-ൽ കോങ്ങാടു ചന്തയിലെ അമിതമായ പിരിവിനെതിരായി കർഷകസംഘത്തിൻെറ ആഭിമുഖ്യത്തിൽ പിക്കറ്റിങ് സമരമുണ്ടായി. കുഞ്ഞിരാമൻ മാസ്റ്റർ, കെ.ടി. ഫിലിപ്പ് എന്നീ ഡിസ്ട്രിക്ട് ബോർഡ് മെമ്പർമാർ കോങ്ങാട്ടുകാരായ പി.കെ. കണ്ടുണ്ണി, ചാത്തംകുളം രാമൻ എന്ന തീത്തു, കേരളശ്ശേരിക്കാരായ ചിറക്കൽ രാഘവൻ നായർ, ബാലകൃഷ്ണൻ നായർ, മണ്ണൂരിൽ നിന്ന് രാഘവൻ, ഞാറക്കോട്ടിൽ ചിന്നമണി എന്നിവരുടെ നേതൃത്വത്തിലാണ് സമരം നടന്നത്. ഡിസ്ട്രിക്ട് ബോർഡ് നിശ്ചയിച്ച തോതിൽ കവിഞ്ഞ് പിരിവ് നടത്തുന്നതിനെതിരായുണ്ടായ ഈ സമരം നാലഞ്ച് തിങ്കളാഴ്ചകൾ നീണ്ടുനിന്നു. ഇതോടനുബന്ധിച്ച് കൊളത്തൂർ ശങ്കരനാരായണ മേനോനും, കുണ്ടളശ്ശേരി മുഹമ്മതും തമ്മിലുണ്ടായ വാക്ക് തർക്കം കത്തിക്കുത്തിൽ കലാശിച്ചു. ശങ്കരനാരായണമേനോൻ പ്രതിയായി. കോങ്ങാട്ടിലെ അന്നത്തെ ചില പ്രമാണിമാരുടെ നിർബ്ബന്ധത്തിനു വഴങ്ങി പാലക്കാട്ടെ പല വക്കീൽമാരും ശങ്കരനാരായണമേനോൻെറ കേസ് വാദിക്കുവാൻ തയ്യാറായില്ല. അഡ്വക്കേറ്റ് ടി. മാധവൻ

നായരാണ് അന്ന് പ്രതിക്കുവേണ്ടി വാദിച്ചത്. മേനോനെ കോടതി വെറുതെ വിട്ടു. വളരെ പെട്ടെന്നല്ലെങ്കിലും ക്രമത്തിൽ ചന്ത പിരിവിന്റെ തോത് ബന്ധപ്പെട്ടവർക്ക് കുറക്കേണ്ടി വന്നു.

1957-58 കാലത്ത് പന്നിക്കോട് സുകുമാരന്റേയും '67 ൽ പച്ചാനി വേലായുധന്റേയും കൈവശ പറമ്പുകൾ ഒഴിപ്പിക്കുവാൻ രേഖാമൂലം ഉടമസ്ഥാവകാശമുള്ളവർ ശ്രമിച്ചപ്പോൾ, കർഷക സംഘത്തിന്റെ ആഭിമുഖ്യത്തിൽ സമരങ്ങൾ നടത്തുകയും കൃഷിക്കാരന് അനുകൂലമായ തീരുമാനങ്ങളിലെത്തുകയും ചെയ്തിട്ടുണ്ട്. '67 ലെ സമഗ്രഭൂപരിഷ്കരണ നിയമം 9-ാം ഷെഡ്യൂളിൽ പെടുത്തിയതോടുകൂടി പന്ത്രണ്ട് ഏക്കർ പരിധിക്കുള്ളിൽ കൈവശമുള്ള കൃഷിക്കാർക്കെല്ലാം രക്ഷകിട്ടി.

കർഷകത്തൊഴിലാളികൾ മെച്ചപ്പെട്ട കൂലിക്കും മറ്റാനുകൂല്യങ്ങൾക്കും വേണ്ടി സംഘടിക്കുകയും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സമരങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ചെമ്പക്കര, കോൽപാടം, തിരുമാന്ധാംകുന്ന് ദേവസ്വം പാറശ്ശേരിയിലെ രണ്ടു കൃഷിക്കളങ്ങൾ തുടങ്ങിയവ പ്രധാനപ്പെട്ട സമര കേന്ദ്രങ്ങളായിരുന്നു. കോൽപാടത്തെ ട്രാക്ടർ വിരുദ്ധസമരത്തിൽ, 1970-ൽ തൊഴിലാളി നേതാവായിരുന്ന വീമ്പൻ കൊല്ലപ്പെട്ടു. ഇത്തരം സമരങ്ങളിലെല്ലാം തൊഴിലാളികൾക്ക് നേട്ടങ്ങളുണ്ടായിട്ടുണ്ട്.

മണിക്കശ്ശേരി വഴി കല്ലടിക്കോട്ടെത്തുന്ന പാത ഇന്ന് വളരെയേറെ ഗതാഗത യോഗ്യമാണ്. പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് ആ ദേശക്കാർ പലക്കാട് കലക്ടറേറ്റിനു മുന്നിൽ പലതവണ പിക്കറ്റിംങ് സമരം നടത്തുകയുണ്ടായി. തൽഫലമായി റോഡ് വീതികൂട്ടുകയും പി. ഡബ്ല്യൂ. ഡി. ഏറ്റെടുക്കുകയും ചെയ്തു.

1960-ൽ കെ.പി. ആർ. പി. ഹൈസ്ക്കൂൾ മാനേജരും അദ്ധ്യാപകരും തമ്മിൽ ശമ്പള സംബന്ധമായി ഒരു പ്രശ്നമുണ്ടായി. പ്രതിമാസ ശമ്പളത്തിൽ കുറവു ചെയ്യുന്നതു പൂർണ്ണമായും ലഭിക്കണമെന്ന് അദ്ധ്യാപകർ ഭൂജംഗറാവുവിന്റെ നേതൃത്വത്തിൽ ആവശ്യപ്പെട്ടു. അതിന്റെ പേരിൽ മനേജർ ഭൂരിഭാഗം അദ്ധ്യാപകരേയും സസ്പെൻറ് ചെയ്തു. സംഭവം നാട്ടിൽ പ്രശ്നമായി. പി.വി. കുമാരൻ നായരുടെ നേതൃത്വത്തിൽ അദ്ധ്യാപകർക്കുവേണ്ടി ഒരു സഹായസമിതി രൂപീകരിച്ച് പ്രവർത്തനം തുടങ്ങി. സി.സി. നായർ, ഭീമൻ ഗുരുജി, ടി. ശിവദാസമേനോൻ തുടങ്ങിയവരുടെ സന്ധിസംഭാഷണം വിജയിച്ചില്ല. ഉപാധികൾ മാനേജർക്ക് സ്വീകാര്യമായില്ല. വിദ്യാർത്ഥികൾ അദ്ധ്യാപകരോടുള്ള അനുഭാവം കൊണ്ട് സമര രംഗത്തിറങ്ങി. പ്രകടനങ്ങളും പൊതു യോഗങ്ങളും നടന്നു. സിവിലായും ക്രിമിനലായും കേസുകൾ തുടങ്ങി. പ്രശ്നം വർഷങ്ങളോളം നീണ്ടു നിന്നു. അദ്ധ്യാപകരിൽ ചിലർ P S C നിയമനം കിട്ടി പോയി. മറ്റുള്ളവർ കോങ്ങാടു വിട്ട് പല ജോലികളന്വേഷിച്ചു. അങ്ങിനെ പ്രശ്നങ്ങൾ തീരാതെ തീർന്നു. ഒരു വിദ്യാർത്ഥിയുടെ സ്വഭാവസർട്ടിഫിക്കറ്റ് മോശമായി രേഖപ്പെടുത്തി. '57 ലെ വിദ്യാഭ്യാസ ബില്ല് നടപ്പിലായതിനുശേഷം കേരളത്തിൽ ആദ്യമായുണ്ടായ അദ്ധ്യാപക സസ്പെൻഷനും കേസുമായിരുന്നു ഇത്.

1969-70 കാലത്ത് കേരളത്തിൽ പല സ്ഥലങ്ങളിലും നക്സലൈറ്റ് ആക്രമണങ്ങളും കൊലപാതകങ്ങളും നടന്നു. 1970 ജൂലായ് 29-ാം തീയതി രാത്രി കോങ്ങാട് പഞ്ചായത്തിലും ഇത്തരത്തിൽ ഒരു സംഭവമുണ്ടായി. എ. എം. നാരായണൻകുട്ടി നായർ കൊല്ലപ്പെട്ടു. അന്നു രാത്രി ഏകദേശം ഒമ്പതു മണിയോടുകൂടി ഒരു സംഘം നക്സലൈറ്റ്കാർ തെക്കേക്കളം എന്ന വീട്ടിൽ കയറി ചെന്നു. മെയിൻ റോഡിൽ നിന്ന് അര കിലോമീറ്ററിലധികം അകലത്തായി ഉൾപ്രദേശത്താണ് പ്രസ്തുത പുരയിടം. പിറ്റേദിവസത്തെ ഒരു ശ്രാദ്ധത്തിനുള്ള ഒരുക്കങ്ങൾ നടന്നു വരികയായിരുന്നു. അതുകൊണ്ട് വീട്ടുകാർക്കു പുറമെ വേറെയും ആളുകൾ സ്ഥലത്തുണ്ടായിരുന്നു. ആഗതർ പലരേയും ബോംബുകാണിച്ച് ഭീഷണിപ്പെടുത്തി ഒതുക്കി. സ്ത്രീകളെയും കുട്ടികളെയും മുറിക്കുള്ളിൽ അടച്ചിട്ടു. കുളിമുറിയിലായിരുന്ന നാരായണൻകുട്ടി നായരെ ബന്ധനസ്ഥനാക്കി പടിപ്പുര മുറ്റത്തു കൊണ്ടുവന്നു. അവരുടെ ഭാഷയിലുള്ള 'ജനകീയവിചാരണ' നടത്തി ദാരുണമായി വധിച്ചു. പിറ്റേന്നു കാലത്ത്

വാർത്തയറിഞ്ഞ് ഗ്രാമം ഞെട്ടിത്തരിച്ചു. ജനങ്ങൾ ഭയവിഹ്വലരായി. പ്രതികളിൽ പലരും പിടിക്കപ്പെട്ടു. പോലീസ് നടപടികളും കേസുകളും നടന്നു. മിക്കവാറും പേർ ശിക്ഷിക്കപ്പെട്ടു. കോങ്ങാടിന്റെ പേർ ആഗോളതലത്തിൽ സംസാരവിഷയമായി.

എഴുപതിനുശേഷമുള്ള കാൽ നൂറ്റാണ്ടു കാലം പല ബഹുജനസംഘടനകളുടേയും രാഷ്ട്രീയ സംഘടനകളുടേയും ആഭിമുഖ്യത്തിൽ ദേശവ്യാപകമായും പ്രാദേശികമായും ഉണ്ടായ ഒട്ടനവധി മുന്നേറ്റ സമരങ്ങൾക്ക് ഈ പഞ്ചായത്തും സാക്ഷ്യം വഹിച്ചിട്ടുണ്ട്. ബന്ധപ്പെട്ടവർക്ക് അതിന്റേതായ നേട്ടങ്ങളും ഉണ്ടായിട്ടുണ്ട്.

ചുരുക്കത്തിൽ ഇനിയങ്ങോട്ടുള്ള കാലം എല്ലാ തരം വിഭാഗീയതകളും മാറ്റിവെച്ച്, നാടിന്റെ വികസനകാര്യത്തിൽ നാമെല്ലാവരും ഒരുമിക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ ഇളം തലമുറയുടെ ഭാവി ഈ നാട്ടിൽ ശോഭനവും സുരക്ഷിതവുമായിരിക്കുകയുള്ളു. അതിനായി വിഷലിപ്തമായ ചിന്തകളും സമൂഹത്തിന്റെ നിലനിൽപിനെത്തന്നെ കാർന്നു തിന്നുന്ന ലഹരി വസ്തുക്കളുടെ വ്യാപനവും സാർവ്വത്രികമായ ചൂഷണോപാധികളും ഉന്നതങ്ങളിൽ പോലും കൊടികുത്തിവാഴുന്ന അഴിമതിയും ഉന്മൂലനം ചെയ്യേണ്ടിയിരിക്കുന്നു. നിയമങ്ങളിലൂടെ മാത്രമല്ല, മൂല്യങ്ങളുടെ പുനസ്ഥാപനത്തിലൂടെയും. അങ്ങിനെ ഒരു പുതിയ വെളിച്ചം തേടിയുള്ള പ്രയാണത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്തിന് നല്ലൊരു മാതൃകയാകുവാൻ കഴിയട്ടെ!

"പോയ്ക്കഴിഞ്ഞവ ചിന്തിച്ച ശ്രുക്കൾ വീഴ്ത്താനല്ല
കൈക്കലുള്ളതിൻ മൂല്യംകാണുവാനത്രെ നേത്രം-"-

ഭൂപ്രകൃതി
ഭൗമശാസ്ത്രം
സ്വഭാവങ്ങൾ

ടേം പേപ്പർ-II ഭൂമിശാസ്ത്രപഠനത്തിന്റെ ദാർശനിക അടിത്തറ

മൊഡ്യൂൾ-3 – ചാണക്യൻകുളം മുതൽ കുണ്ടുവമ്പാടംവരെ

ഗവേഷണപഠനം – രീതിശാസ്ത്രം

ക്രമനമ്പർ	പേര്	ഗവേഷണപഠനത്തിന്റെ ലക്ഷ്യം	ഗവേഷണപഠനത്തിന്റെ രീതിശാസ്ത്രം	ഗവേഷണപഠനത്തിന്റെ പ്രാധാന്യം
1	ഗവേഷണപഠനം	ഗവേഷണപഠനത്തിന്റെ ലക്ഷ്യം നിർവചിക്കുന്നു.	ഗവേഷണപഠനത്തിന്റെ രീതിശാസ്ത്രം നിർവചിക്കുന്നു.	ഗവേഷണപഠനത്തിന്റെ പ്രാധാന്യം നിർവചിക്കുന്നു.
2	ഗവേഷണപഠനത്തിന്റെ ലക്ഷ്യം	ഗവേഷണപഠനത്തിന്റെ ലക്ഷ്യം വിശദീകരിക്കുന്നു.	ഗവേഷണപഠനത്തിന്റെ രീതിശാസ്ത്രം വിശദീകരിക്കുന്നു.	ഗവേഷണപഠനത്തിന്റെ പ്രാധാന്യം വിശദീകരിക്കുന്നു.
3	ഗവേഷണപഠനത്തിന്റെ രീതിശാസ്ത്രം	ഗവേഷണപഠനത്തിന്റെ ലക്ഷ്യം വിശകലനം ചെയ്യുന്നു.	ഗവേഷണപഠനത്തിന്റെ രീതിശാസ്ത്രം വിശകലനം ചെയ്യുന്നു.	ഗവേഷണപഠനത്തിന്റെ പ്രാധാന്യം വിശകലനം ചെയ്യുന്നു.
4	ഗവേഷണപഠനത്തിന്റെ പ്രാധാന്യം	ഗവേഷണപഠനത്തിന്റെ ലക്ഷ്യം വിലയിരുത്തുന്നു.	ഗവേഷണപഠനത്തിന്റെ രീതിശാസ്ത്രം വിലയിരുത്തുന്നു.	ഗവേഷണപഠനത്തിന്റെ പ്രാധാന്യം വിലയിരുത്തുന്നു.
5	ഗവേഷണപഠനത്തിന്റെ പരിമിതികൾ	ഗവേഷണപഠനത്തിന്റെ ലക്ഷ്യം പുനർനിർവചിക്കുന്നു.	ഗവേഷണപഠനത്തിന്റെ രീതിശാസ്ത്രം പുനർനിർവചിക്കുന്നു.	ഗവേഷണപഠനത്തിന്റെ പ്രാധാന്യം പുനർനിർവചിക്കുന്നു.
6	ഗവേഷണപഠനത്തിന്റെ ഭാവി സാധ്യതകൾ	ഗവേഷണപഠനത്തിന്റെ ലക്ഷ്യം സംഗ്രഹിക്കുന്നു.	ഗവേഷണപഠനത്തിന്റെ രീതിശാസ്ത്രം സംഗ്രഹിക്കുന്നു.	ഗവേഷണപഠനത്തിന്റെ പ്രാധാന്യം സംഗ്രഹിക്കുന്നു.
7	ഗവേഷണപഠനത്തിന്റെ ഉപസംഹാരം	ഗവേഷണപഠനത്തിന്റെ ലക്ഷ്യം ഉപസംഹരിക്കുന്നു.	ഗവേഷണപഠനത്തിന്റെ രീതിശാസ്ത്രം ഉപസംഹരിക്കുന്നു.	ഗവേഷണപഠനത്തിന്റെ പ്രാധാന്യം ഉപസംഹരിക്കുന്നു.
8	ഗവേഷണപഠനത്തിന്റെ അനുബന്ധം	ഗവേഷണപഠനത്തിന്റെ ലക്ഷ്യം അനുബന്ധമായി നൽകുന്നു.	ഗവേഷണപഠനത്തിന്റെ രീതിശാസ്ത്രം അനുബന്ധമായി നൽകുന്നു.	ഗവേഷണപഠനത്തിന്റെ പ്രാധാന്യം അനുബന്ധമായി നൽകുന്നു.
9	ഗവേഷണപഠനത്തിന്റെ ഗ്രന്ഥസൂചി	ഗവേഷണപഠനത്തിന്റെ ലക്ഷ്യം ഗ്രന്ഥസൂചിയിൽ ചേർക്കുന്നു.	ഗവേഷണപഠനത്തിന്റെ രീതിശാസ്ത്രം ഗ്രന്ഥസൂചിയിൽ ചേർക്കുന്നു.	ഗവേഷണപഠനത്തിന്റെ പ്രാധാന്യം ഗ്രന്ഥസൂചിയിൽ ചേർക്കുന്നു.
10	ഗവേഷണപഠനത്തിന്റെ അനുബന്ധം	ഗവേഷണപഠനത്തിന്റെ ലക്ഷ്യം അനുബന്ധമായി നൽകുന്നു.	ഗവേഷണപഠനത്തിന്റെ രീതിശാസ്ത്രം അനുബന്ധമായി നൽകുന്നു.	ഗവേഷണപഠനത്തിന്റെ പ്രാധാന്യം അനുബന്ധമായി നൽകുന്നു.
11	ഗവേഷണപഠനത്തിന്റെ ഗ്രന്ഥസൂചി	ഗവേഷണപഠനത്തിന്റെ ലക്ഷ്യം ഗ്രന്ഥസൂചിയിൽ ചേർക്കുന്നു.	ഗവേഷണപഠനത്തിന്റെ രീതിശാസ്ത്രം ഗ്രന്ഥസൂചിയിൽ ചേർക്കുന്നു.	ഗവേഷണപഠനത്തിന്റെ പ്രാധാന്യം ഗ്രന്ഥസൂചിയിൽ ചേർക്കുന്നു.
12	ഗവേഷണപഠനത്തിന്റെ അനുബന്ധം	ഗവേഷണപഠനത്തിന്റെ ലക്ഷ്യം അനുബന്ധമായി നൽകുന്നു.	ഗവേഷണപഠനത്തിന്റെ രീതിശാസ്ത്രം അനുബന്ധമായി നൽകുന്നു.	ഗവേഷണപഠനത്തിന്റെ പ്രാധാന്യം അനുബന്ധമായി നൽകുന്നു.
13	ഗവേഷണപഠനത്തിന്റെ ഗ്രന്ഥസൂചി	ഗവേഷണപഠനത്തിന്റെ ലക്ഷ്യം ഗ്രന്ഥസൂചിയിൽ ചേർക്കുന്നു.	ഗവേഷണപഠനത്തിന്റെ രീതിശാസ്ത്രം ഗ്രന്ഥസൂചിയിൽ ചേർക്കുന്നു.	ഗവേഷണപഠനത്തിന്റെ പ്രാധാന്യം ഗ്രന്ഥസൂചിയിൽ ചേർക്കുന്നു.
14	ഗവേഷണപഠനത്തിന്റെ അനുബന്ധം	ഗവേഷണപഠനത്തിന്റെ ലക്ഷ്യം അനുബന്ധമായി നൽകുന്നു.	ഗവേഷണപഠനത്തിന്റെ രീതിശാസ്ത്രം അനുബന്ധമായി നൽകുന്നു.	ഗവേഷണപഠനത്തിന്റെ പ്രാധാന്യം അനുബന്ധമായി നൽകുന്നു.
15	ഗവേഷണപഠനത്തിന്റെ ഗ്രന്ഥസൂചി	ഗവേഷണപഠനത്തിന്റെ ലക്ഷ്യം ഗ്രന്ഥസൂചിയിൽ ചേർക്കുന്നു.	ഗവേഷണപഠനത്തിന്റെ രീതിശാസ്ത്രം ഗ്രന്ഥസൂചിയിൽ ചേർക്കുന്നു.	ഗവേഷണപഠനത്തിന്റെ പ്രാധാന്യം ഗ്രന്ഥസൂചിയിൽ ചേർക്കുന്നു.
16	ഗവേഷണപഠനത്തിന്റെ അനുബന്ധം	ഗവേഷണപഠനത്തിന്റെ ലക്ഷ്യം അനുബന്ധമായി നൽകുന്നു.	ഗവേഷണപഠനത്തിന്റെ രീതിശാസ്ത്രം അനുബന്ധമായി നൽകുന്നു.	ഗവേഷണപഠനത്തിന്റെ പ്രാധാന്യം അനുബന്ധമായി നൽകുന്നു.
17	ഗവേഷണപഠനത്തിന്റെ ഗ്രന്ഥസൂചി	ഗവേഷണപഠനത്തിന്റെ ലക്ഷ്യം ഗ്രന്ഥസൂചിയിൽ ചേർക്കുന്നു.	ഗവേഷണപഠനത്തിന്റെ രീതിശാസ്ത്രം ഗ്രന്ഥസൂചിയിൽ ചേർക്കുന്നു.	ഗവേഷണപഠനത്തിന്റെ പ്രാധാന്യം ഗ്രന്ഥസൂചിയിൽ ചേർക്കുന്നു.
18	ഗവേഷണപഠനത്തിന്റെ അനുബന്ധം	ഗവേഷണപഠനത്തിന്റെ ലക്ഷ്യം അനുബന്ധമായി നൽകുന്നു.	ഗവേഷണപഠനത്തിന്റെ രീതിശാസ്ത്രം അനുബന്ധമായി നൽകുന്നു.	ഗവേഷണപഠനത്തിന്റെ പ്രാധാന്യം അനുബന്ധമായി നൽകുന്നു.
19	ഗവേഷണപഠനത്തിന്റെ ഗ്രന്ഥസൂചി	ഗവേഷണപഠനത്തിന്റെ ലക്ഷ്യം ഗ്രന്ഥസൂചിയിൽ ചേർക്കുന്നു.	ഗവേഷണപഠനത്തിന്റെ രീതിശാസ്ത്രം ഗ്രന്ഥസൂചിയിൽ ചേർക്കുന്നു.	ഗവേഷണപഠനത്തിന്റെ പ്രാധാന്യം ഗ്രന്ഥസൂചിയിൽ ചേർക്കുന്നു.
20	ഗവേഷണപഠനത്തിന്റെ അനുബന്ധം	ഗവേഷണപഠനത്തിന്റെ ലക്ഷ്യം അനുബന്ധമായി നൽകുന്നു.	ഗവേഷണപഠനത്തിന്റെ രീതിശാസ്ത്രം അനുബന്ധമായി നൽകുന്നു.	ഗവേഷണപഠനത്തിന്റെ പ്രാധാന്യം അനുബന്ധമായി നൽകുന്നു.

കൃഷിയും ജലസേചനവും

പാലക്കാട് ജില്ലാ ആസ്ഥാനത്ത് നിന്ന് ഇരുപത് കിലോമീറ്റർ പടിഞ്ഞാറ് ചെർപ്പുളശ്ശേരി, പാലക്കാട് റോഡിന് ഇരുവശങ്ങളിലുമായി 35.55 ച.കിലോമീറ്റർ വിസ്തീർണ്ണമുള്ള കോങ്ങാട് പഞ്ചായത്ത് തികച്ചും ഒരു കാർഷിക ഗ്രാമമാണ്. പഞ്ചായത്തിന്റെ തെക്കെ അറ്റത്ത് അയ്യർമലയുടെ ഭാഗമായ അയ്യപ്പൻ മലയും കിഴക്ക് പടിഞ്ഞാറ് നീണ്ടു കിടക്കുന്നു. വടക്കെ അതിർത്തിയിൽ കരിമ്പ, കടമ്പഴിപ്പുറം പഞ്ചായത്തുകളും, പടിഞ്ഞാറ് കയമ്പഴിപ്പുറം പഞ്ചായത്തും, കിഴക്ക് മുണ്ടൂർ പഞ്ചായത്തും ആണ്. 3561 ഹെക്ടർ ഭൂപ്രദേശത്ത് വ്യാപിച്ച് കിടക്കുന്ന പഞ്ചായത്തിന്റെ 1850 ഓളം ഹെക്ടർ സ്ഥലവും ചെരിഞ്ഞ കുന്നിൻ പ്രദേശങ്ങളാണ്. ബാക്കിയുള്ളതിൽ പകുതിയിലധികവും തട്ടുതട്ടുകളായി കിടക്കുന്ന കൃഷിഭൂമിയും, താഴ്ന്ന് നിരപ്പായി കിടക്കുന്ന നെൽപ്പാടങ്ങളും അങ്ങിങ്ങായി കുറച്ച് പാറക്കെട്ടുകളും മലമ്പ്രദേശങ്ങളും അടങ്ങിയതാണ് ഈ പഞ്ചായത്തിലെ ഭൂപ്രകൃതി.

കോങ്ങാട് പഞ്ചായത്ത് കുന്നിൻ നിരകളാൽ നിബിഡമാണ്. കുണ്ടുവംപാടം, ചെറുകുന്ന്, പെരുമ്പാറ, അയ്യപ്പൻകാവ്, പാറശ്ശേരി ലക്ഷംവീട്(കൊട്ടശ്ശേരി) തോണിക്കര, മാഞ്ചേരികുന്ന്, നായാടികുന്ന്, പന്നിക്കോട്, കോട്ടക്കുന്ന്, വീണ്ടപ്പാറ കുന്ന്, ചാത്തംകുളം, പച്ചാനി, ചെടയൻ കുന്ന്, പണിക്കർ കുന്ന്, തിരുവിൽപാറ, തൃപ്പലമുണ്ട, ചെമ്പക്കര, കോലാർകുന്ന്, പൂതംകോട്, പൂപ്പുള്ളി, മുച്ചീരി എന്നീ പ്രദേശങ്ങൾ കുന്നിൻ പ്രദേശങ്ങളാണ്. കുന്നിൻ പ്രദേശങ്ങളുടെ ഏകദേശ വിസ്തീർമ്ണം 1850 ഹെക്ടറാകുനു. ഇത് മൊത്തം വിസ്തീർണ്ണത്തിന്റെ 52% ആണ്.

1. കാലാവസ്ഥ

പശ്ചിമഘട്ടത്തിന് സാമീപ്യമുള്ള ഒരു അർദ്ധ മലമ്പ്രദേശമാണ് കോങ്ങാട് പഞ്ചായത്ത്. വർഷക്കാലങ്ങളിൽ തണുപ്പും, ചൂടുകാലങ്ങളിൽ നല്ല ഉഷ്ണവും അനുഭവപ്പെട്ടു കൊണ്ടിരിക്കുകയാണെങ്കിലും പാലക്കാട് തുറസ്സിൽ കൂടിയുള്ള കാറ്റ് ഈ പ്രദേശത്തെ കാലാവസ്ഥയെയും നിയന്ത്രിക്കുന്നുണ്ട്. ഉഷ്ണമുണ്ടെങ്കിലും ശക്തിയായ കാറ്റ് ഉഷ്ണത്തെ നിയന്ത്രിക്കുന്നു. നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ പകൽ ചൂടുണ്ടെങ്കിലും രാത്രി കാലങ്ങളിൽ മഞ്ഞുവീഴ്ചയും തണുപ്പും അനുഭവപ്പെടുന്നു. കാലാവസ്ഥാ മാറ്റങ്ങൾക്കനുസരിച്ച് പ്രാണിശല്യം, രോഗങ്ങൾ, എന്നിവ കാർഷികരംഗത്ത് കാണാനുണ്ട്.

2. മഴ

ഒരു വർഷത്തിൽ 3000mm മഴകിട്ടുന്ന പ്രദേശമാണ് ഈ പഞ്ചായത്ത്. മേടമാസം മുതൽ ചിങ്ങമാസം വരെ തെക്കു പടിഞ്ഞാറൻ കാലവർഷമാണ് ലഭിക്കുന്നത്. കന്നി, തുലാം, വൃശ്ചികം എന്നീ മാസങ്ങളിൽ നാട്ടുകാർ പറയുന്ന തുലാവർഷം വടക്കുകിഴക്കൻ കാലവർഷത്തിന്റെ കാലഘട്ടമാണ്. അതുകഴിഞ്ഞാൽ പിന്നെ വേനലാണ്. ഒന്നും, രണ്ടും വിളവെടുപ്പിന് വേണ്ട ജലം മഴയിൽ നിന്ന് മാത്രമാണ് ഈ പഞ്ചായത്തിലെ കൃഷിക്ക് ലഭിക്കുന്നത്. മഴവെള്ളം സംഭരിച്ച് കുടിവെള്ള ആവശ്യത്തിനോ, ജലസേചന സൗകര്യത്തിനോ ഉപയോഗിക്കുവാനുള്ള സംവിധാനം പഞ്ചായത്തിൽ ഇല്ലെന്നുള്ള പരമാർത്ഥം പ്രത്യേക ഗ്രാമസഭകളിൽ ചൂണ്ടിക്കാട്ടപ്പെട്ടിരുന്നു.

3. വിളവെടുപ്പ് സമ്പ്രദായം.

പഴയ കൃഷിരീതികൾ കാലാവസ്ഥക്ക് അനുസരിച്ചായിരുന്നു. തെക്കു പടിഞ്ഞാറൻ കാലവർഷ സമയം ഒന്നാംവിള കാലഘട്ടമായിരുന്നു. വടക്കുകിഴക്കൻ കാലവർഷ ഘട്ടത്തിൽ രണ്ടാം വിള വിളവെടുപ്പും പിന്നീട് ജലസേചന സൗകര്യമുള്ള പൂന്തൽ പാടങ്ങളിൽ വേനൽക്കാലത്ത് പുഞ്ചക്കൃഷിയും ചെയ്തു വരുന്നു. വിളവെടുപ്പ് ചിങ്ങം, കന്നി മാസങ്ങളിലും, മകരത്തിലും മേടം-ഇടവത്തിലും നടത്തി വന്നിരുന്ന ഒരു സമ്പ്രദായമാണ് ഇവിടെ ഉണ്ടായിരുന്നത്.

4. കാർഷിക സമ്പ്രദായം

ഈ പ്രദേശത്തെ കൃഷിക്കാർ സഹകരിച്ചും കൂട്ടായും കൃഷി ചെയ്തു വന്നിരുന്ന ആ നല്ല കാലഘട്ടം ഇപ്പോഴും ചില പഴമക്കാരുടെ ഓർമ്മകളിൽ നിലനില്ക്കുന്നുണ്ട്. യാതൊരു കൃഷിയും ഉണക്കിനശിപ്പിക്കാതെ സംരക്ഷിക്കാനുള്ള ചുമതല കർഷക സമുദായത്തിന്റെ പൊതു അലിഖിത സാമൂഹ്യ നിയമമായിരുന്നു. കന്നുകൾ കൈമാറിയും ജോലിക്കാരെ കൈമാറിയും ആവശ്യമായ ജലം തിരിച്ചെത്തിച്ച് കൊടുത്തും നടീൽ വസ്തുക്കൾ നല്കി സഹായിച്ചും കർഷകർ ആന്യോന്യം ബന്ധുക്കളെപ്പോലെ വർത്തിച്ചിരുന്നു. ഈ പ്രദേശത്ത് മഴകൂടുതലായതു കൊണ്ടും ആവശ്യനുസരണം മഴ ലഭിക്കാത്തതു കൊണ്ടും ഏറ്റവുമധികം സ്ഥലത്ത് നട്ടെടുക്കുകയാണ് പതിവ്. എങ്കിലും പെരിങ്ങോട് ചെറായ പ്രദേശങ്ങളിൽ ചില സ്ഥലത്ത് വിതക്കാറുണ്ട്. മഴ വർഷത്തിൽ എല്ലാ മാസത്തിലും തുല്യതോതിൽ കിട്ടാത്തതു കൊണ്ട്, പറമ്പ് കൃഷികൾ അധികവും തെക്കു പടിഞ്ഞാറൻ കാലവർഷത്തിലാണ് ചെയ്തു പോരുന്നത്.

5. ഉടമസ്ഥത

ഈ പ്രദേശത്തം ഭൂമിയുടെ ഉടമസ്ഥത ജന്മികളെന്നറിയപ്പെടുന്ന മേൽത്തട്ടുകാരായ ചിലരിൽ നിക്ഷിപ്തമായിരുന്നു. ഇവരിൽ നിന്ന് പന്ത്രണ്ട് കൊല്ലത്തേക്ക് മിച്ചവാരം നല്കാനുള്ള കരാറിൻമേൽ കർഷകർ ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്തു പോന്നിരുന്നു. ഈ സമ്പ്രദായത്തിൽ കർഷകന് ജീവിക്കുവാൻ പോലും കഴിയാത്ത ചുരുങ്ങിയ ആദായം മാത്രമേ കിട്ടിയിരുന്നുള്ളു. പന്ത്രണ്ട് കൊല്ലം കഴിഞ്ഞാൽ മിച്ചവാരഭൂമി തിരികെ ജന്മിക്ക് നല്കുകയും 'പൊളിച്ചെഴുത്ത്' എന്ന നിലവിലുണ്ടായിരുന്ന നിയമ വ്യവസ്ഥ പ്രകാരം പിന്നീട് ആ ഭൂമി വേറെ ആർക്കെങ്കിലും കൂടുതൽ മിച്ചവാര തുകക്ക് നല്കുകയും ആണ് പതിവ്. മിച്ചവാര കുടിയാൻമാരായ കാണ കുടിയാൻമാർ അവരുടെ കീഴിൽ വെറുനപാട്ടെ കുടിയാൻമാരെയും വർഷം തോറും മാറി മാറി നിശ്ചയിച്ചിരുന്നു. കുടിയാൻമാർ അദ്ധ്വാനശീലൻ മാരാണെങ്കിലും മൃഗതുല്യരായിട്ടാണ് ജീവിച്ച് പോന്നിരുന്നത്. ഈ പ്രദേശത്തെ ജന്മികളായിരുന്ന തിരുമാന്ധാംകുന്ന് ദേവസ്വം, മാഞ്ചേരി ദേവസ്വം, കോങ്ങാട് നായർ തറവാട്, മണ്ണൂർ നായർ വീട്, പൂമുള്ളിമന, ഞാറേരിമന, തിരുനെല്ലി ദേവസ്വം എന്നീ സ്ഥാപനങ്ങളും വ്യക്തികളും ജന്മിമാരും അവരുടെ കീഴിൽ കാണകുടിയാൻമാരും ഇവരുടെ കീഴിൽ വെറുമ്പട്ട കുടിയാൻമാരും ആയിരുന്നു കാർഷിക രംഗത്തെ പഴയ ശക്തി. ഭൂ ഉടമകൾ ഏറിയ കൂറും അന്നത്തെ ഭരണാധികാര വർഗ്ഗമായ ബ്രിട്ടീഷ് സാമ്രാജിത്വത്തിന്റെ ചൊൽപ്പടിക്ക് വഴങ്ങുന്നവരായിരുന്നു. യഥാർത്ഥ കർഷകനും, കാണകു ടിയാനും, ജന്മിയെ ശരിക്കും ശക്തനായ ഒരു നാട്ടു രാജാവായിട്ടാണ് കണ്ടിരുന്നത്.

6. വിത്തും കൃഷികളും

ആകെ ഭൂമിയുടെ പകുതിയിൽ താഴെ മാത്രമെ അന്നും കൃഷി ചെയ്തിരുന്നുള്ളു. അതിൽ പറമ്പിൽ കൃഷി ചെയ്തിരുന്ന മോടനും ഉൾപ്പെടും. മോടൻ കൃഷിക്ക് ഉപയോഗിച്ചിരുന്നത് പറമ്പ് വട്ടൻ, കുട്ടിമോടൻ, കറുത്തകുട്ടി തുടങ്ങിയ ഇനങ്ങളാണ്. പഴയ നാടൻ വിത്തുകളായി ഉപയോഗിച്ചിരുന്നത് വെളുത്തരി കഴമ, പാറഞ്ചിറ്റേരി, സ്വർണ്ണാലി, ,തവളക്കണ്ണൻ, മുണ്ടോൻ പാല, കുമ്പളോൻ, ചീര, കഴുങ്ങിൻ പൂത്താട, തെക്കൻ ചീര, ചെറുതെക്കൻ, ആര്യൻ കരിങ്കഴമ, പൊന്നാര്യൻ തുടങ്ങി ഏറെയുണ്ടായിരുന്നു. കൂടാതെ ചാമയും ഒരു മുഖ്യകൃഷിയിനമായിരുന്നു. ചേന ചേമ്പ്, കാവുത്ത്, ചെറുകിഴങ്ങ്, മധുരക്കിഴങ്ങ്, കൂർക്ക, മരച്ചീനി, കോറ, എള്ള്, ഉഴുന്ന് തുടങ്ങിയ പച്ചക്കറി കിഴങ്ങ് വർഗ്ഗങ്ങൾ മുഖ്യകൃഷികളായിരുന്നു. ഇതൊക്കെയുണ്ടെങ്കിലും കാട്ടു ചേന, നുറ്റ, ചക്ക,. മുളകട്ടാരി, ഈറൻ പനപൊടി തുടങ്ങിയവയായിരുന്നു കർഷകതൊഴിലാളി കുടുംബങ്ങളിലെ പഞ്ഞമാസങ്ങളിലെ പ്രധാന ആശ്രയം. താള്, തകര, പയറില, ചേനതണ്ട് തുടങ്ങിയ പച്ചില കറികളും കർക്കിടകമാസങ്ങളിൽ ആശ്രയിച്ച് പോന്നു.

7. കൈവശഭൂമികളുടെ അവകാശം

1971 ൽ ഭൂപരിഷ്കരണനിയമം പാസ്സായതോടെ തുണ്ടു തുണ്ടായ ഭൂമിക്ക് ഉടമസ്ഥാവകാശം ലഭിക്കുകയും, അവനവന്റെ സ്വന്തമാണെന്നുള്ള തോന്നൽ ഇഷ്ടാനുസരണം ഭൂമി ഉപയോഗപ്പെടുത്താനും അത്യാവശ്യം വീടുകൾക്കും, മറ്റു നാണ്യവിളകൾക്കും ഭൂമി വഴിമാറിത്തുടങ്ങി. ഇതും ഭൂമിയുടെ ഘടനക്ക് മാറ്റം വരുത്തി. സാമൂഹികവും, സാമ്പത്തികവും ആയ വളർച്ചക്കും തുടക്കമിട്ടു. ആധുനിക വിദ്യാഭ്യാസം നിർബ്ബന്ധിതവും, സാർവത്രികമായതും വീട്, റോഡ് തുടങ്ങി നിർമ്മാണരംഗത്ത് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിച്ചതും നെൽകൃഷിയുടെ ഉദ്പ്പാദന ചെലവിലുണ്ടായ വർദ്ധനവും കർഷക തൊഴിലാളിയുടെ പിൻതലമുറക്കാർ മാന്യമായ തൊഴിൽ എന്ന നിലക്ക് മറ്റു മേകലകളിലേക്ക് ആകർഷിക്കപ്പെട്ടതും റബ്ബർ കൃഷി ആദായകരമായി തീർന്നതും നെൽകൃഷിയെ അപേക്ഷിച്ചും മറ്റുവിളകൾ ലാഭകരമായതും നെൽകൃഷിയോടുള്ള കൃഷിക്കാരന്റെ താല്പര്യം കുറയാൻ ഇടയാക്കി.

8. നെൽകൃഷിയിൽ ചോർച്ച

ഒരു പഠനത്തിൽ നിന്ന് 1990 ന് ശേഷം നെൽകൃഷി മേഖലയിൽ ഉണ്ടായ മാനുഷിക പ്രയത്നത്തിന്റെ ചോർച്ച താഴെ പട്ടികയിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയും.

കർഷകരുടെ എണ്ണം/കതർഷക തൊഴിലാളികളുടെ എണ്ണം

	പുരുഷൻമാർ	സ്ത്രീകൾ	പുരുഷൻമാർ	സ്ത്രീകൾ
1985 മുൻപുള്ളത് ഏകദേശം	1190	550	4600	5080
1996 ഇപ്പോൾ ഉള്ളത് ഏകദേശം	940	412	2046	2001
കുറവ് ശതമാനത്തിൽ	21%	15%	55%	61%

വീട്ടുവളപ്പിൽ തെങ്ങും വാഴയും, മാവും, പ്ലാവും എന്ന പഴയ സങ്കല്പത്തിൽ നിന്ന് പത്ത് റബ്ബർ എന്ന പുതിയ സ്ഥിതയിലേക്ക് ജനങ്ങൾ താല്പര്യത്തോടെ നീങ്ങികൊണ്ടിരിക്കുന്നു.ജീവിത രീതിക്ക് വന്ന മാറ്റവും ജീവിതനിലവാരതോത് ഉയർന്നതും, മറ്റു മേഖലകളിലെ തൊഴിലാളികൾക്ക് ലഭിക്കുന്ന വരുമാനവും താരതമ്യം ചെയ്യുമ്പോൾ ഒരേക്കർ നെൽകൃഷിയിൽ നിന്നുള്ള കർഷകന്റെ വരുമാനവും സർക്കാർ സർവ്വീസിലേയും മറ്റു കാർഷികേതര മേഖലയിലെ ഏറ്റവും താഴ്ന്ന വരുമാനക്കാരുടേതിനെക്കാൾ എത്രയോ താഴെയാണ് എന്ന സത്യം മറച്ചുവെച്ചുകൂടാ. ഈവക സാമൂഹ്യവും, സാമ്പത്തികവുമായ അന്തരങ്ങൾ നെൽകൃഷിക്കാരുടെ മനസ്സിൽ മടുപ്പിനും നിരാശക്കും ഇടയാക്കി.

9. കാർഷികമേഖലയിലെ ഗ്രാമീണ ഉത്സവങ്ങൾ

മുൻകാലങ്ങളിൽ കർഷകർ വിനോദത്തിനായി നടത്തി വന്ന കന്നു പൂട്ടു മത്സരം, ഉച്ചാറൽ വേലകൾ എന്നിവ മുൻകാലങ്ങളിൽ രണ്ടാം വിളവെടുപ്പ് കഴിഞ്ഞ് കന്നുകാലികളുടെ ആയുസ്സിനും ശ്രേയസ്സിനും വേണ്ടി പ്രത്യേക പൂജയും, ഉത്സവങ്ങളും നടന്നിരുന്നു. ഇതോടനുബന്ധിച്ച് കന്നുകാലികളെ കുളിപ്പിച്ച് അലങ്കരിച്ച് വിശ്രമം നൽകുകയും, ഒരുക്കി നിർത്തുകയും ചെയ്തിരുന്നു. കാളപൂജ നടത്തിയിരുന്നതിന്റെ സ്മാരകങ്ങൾ പഞ്ചായത്തിന്റെ പലഭാഗങ്ങളിലും ദൃശ്യമാണ്. ഇവയെല്ലാം ഇന്ന് ഒരു ഓർമ്മ മാത്രമായി ചുരുങ്ങിത്തുടങ്ങി. കർഷകരുടെ തന്നെ ഉത്സവങ്ങൾ എന്നറിയപ്പെടുന്ന കാളവേലകളും മറ്റും മകര കൊയ്ത്തിന് ശേഷം ഇന്നും പൂർവ്വാധികം ഭംഗിയായി നടക്കുന്നുണ്ട്. കർഷകരുടെ കയ്യിൽ നിന്നും ഇതിന്റെ നടത്തിപ്പ് മറ്റു മേഖലയിലുള്ളവർ ഏറ്റെടുത്തതാണ് അതിനുള്ള കാരണം. പൂട്ടു കന്നുകാലികളുടെ ദീർഘായുസ്സിനും പോത്തോട്ടികാവിലേക്ക് വഴിപാടുകൾ നേരുക എന്ന സമ്പ്രദായവും നിലനിന്നിരുന്നു.

10. വളർത്തു കാടുകൾ - ജൈവവളങ്ങൾ

നെൽകൃഷിയോടനുബന്ധിച്ച് വളർത്തു കാടുകളും ഉണ്ടായിരുന്ന കാലഘട്ടം ഓർമ്മയിൽ നിന്ന് ഇപ്പോഴും മറഞ്ഞിട്ടില്ല. നെൽ കൃഷിയിൽ പച്ചില പ്രയോഗം ഒരു പ്രധാന കാർഷിക മുറയാണ്. ഒരേക്കർ എന്നു പറയുന്ന പത്തു പറ കണ്ടത്തിൽ ഇരുനൂറ്റിഅൻപത് കൊട്ട ചാണകവും നൂറുകെട്ട് തോലും (പച്ചിലവളവും) ഉപയോഗിച്ച് കൃഷി ചെയ്തു വന്നിരുന്നു. രാസവള പ്രയോഗം അറിവില്ലാത്ത അന്നത്തെ വിളവിന്റെ തോത് ഇന്നത്തെ പരിഷ്ക്കരിച്ച രീതികളെക്കാൾ മെച്ചപ്പെട്ടതായിരുന്നുവെന്ന് ചില പഴമക്കാർ ഇപ്പോഴും പറയുന്നുണ്ട്. മണ്ണിൽ നിന്ന് കിട്ടുന്നത് മണ്ണിലേക്കു തന്നെ മടക്കി കൊടുക്കുക എന്ന ഒരു പ്രാകൃത സിദ്ധാന്തം അനുഭവങ്ങളിലൂടെ കർഷകർ പഠിച്ച് വെച്ചിരുന്നു. ജൈവവള പ്രയോഗം കൊണ്ട് മണ്ണിന്റെ സ്ഥായിയായ ഫലഭൂയിഷ്ഠത പണ്ടു തന്നെ നിലനിർത്തിപ്പോന്നിരുന്നു. ഇന്നാണെങ്കിൽ വളർത്തു കാടുകൾ റബ്ബർ കൃഷിക്ക് വഴിമാറികൊടുത്തിരിക്കുന്നു. യന്ത്രവല്ക്കരണവും ഭാരിച്ച ചെലവും കന്നുകാലിതൊഴുത്തുകളെ കാലിയാക്കിയിരിക്കുന്നു. തോലും, ചാണകവും ശാസ്ത്രത്തിന് മാത്രമേ ഉപയോഗിക്കുന്നുള്ളു. ശാസ്ത്രീയ രീതിയിൽ ഉപയോഗിക്കുന്നില്ല.

11. അത്യുല്പാദന ശേഷിയുള്ള വിത്തുകൾ

നാടൻ വിത്തുകൾ ഉല്പാദനശേഷി കുറഞ്ഞവയായിരുന്നു. ആധുനിക വളങ്ങൾ ഉൾക്കൊള്ളുവാൻ കഴിയാത്തവയാണെന്നും ചെടികൾ വളരെ ഉയരമുള്ളതു കൊണ്ട് മറിഞ്ഞ് വീഴുവാൻ അവകാശം ഉണ്ട് എന്നുള്ളത് കൊണ്ടും അമ്മാതിരി ദോഷങ്ങൾ പരിഹരിക്കത്തക്കവണ്ണം ആധുനിക ഗവേഷകർ സങ്കരയിനം വിത്തുകൾ ഇന്ന് കാർഷിക രംഗത്ത് ഇറക്കിയിരിക്കുകയാണ്. ഊർജ്ജിത നെൽകൃഷി സമ്പ്രദായത്തിലൂടെ പരമാവധി ഉല്പാദിപ്പിക്കുവാൻ എന്ന ലക്ഷ്യം വെച്ചു കൊണ്ട് സങ്കരയിനം വിത്തുകൾ നമ്മുടെ പഞ്ചായത്തിലും യഥേഷ്ടം ഉപോഗിച്ചു വരുന്നു.

12. കൃഷി വികസനം

കാർഷിക വികസനത്തിന് വേണ്ടിയുള്ള വ്യവസ്ഥാപിത മാർഗ്ഗങ്ങൾക്ക് രൂപം നല്കിയത് 1952 ൽ ആണ് കമ്മ്യൂണിറ്റി പ്രൊജക്ടും എൻ. ഇ. എസ്. ബ്ളോക്കിന്റെ പ്രവർത്തനവും കാർഷിക സമഗ്രവികസനം ലാക്കാക്കിയിട്ടുള്ളതായിരുന്നു. 1964 ന്ശേഷം IADP, T and V Programme എന്നിവയും നടപ്പിലാക്കി കാർഷിക വികസനത്തിന് വഴിയൊരുക്കി. 1976 ൽ മൂന്ന് പഞ്ചായത്തുകൾക്ക് വേണ്ടി ഒരു കൃഷി വികസന യൂണിറ്റ് അതായത് ഏലാ വികസനയൂണിറ്റ് പ്രവർത്തനമാരംഭിച്ചു. ജനകീയാടിസ്ഥാനത്തിൽ കർഷകരെ നേരിട്ട് പങ്കെടുപ്പിച്ച് കൊണ്ട് ഓരോ പഞ്ചായത്തിലും 1987 ൽ ആണ് ഇന്നത്തെ രീതിയിൽ കൃഷിഭവൻ ആരംഭിച്ചത്. പ്രസ്തുത കൃഷിഭവനിൽ സാങ്കേതിക വൈദഗ്ദ്ധ്യം ലഭിച്ചിട്ടുള്ള ഒരു

കൃഷി ഓഫീസറും മൂന്ന് കൃഷി അസിസ്റ്റന്റുമാരും ആണ് നിവിലുള്ളത്. ഗ്രൂപ്പ് ഫാമിംഗ്, സബ്സിഡികൾ വിതരണം, ജല സേചനവികസന പ്രവർത്തനങ്ങൾ, വിജ്ഞാനവ്യാപന പ്രവൃത്തികൾ ജനസമ്പർക്ക പരിപാടികൾ എന്നിവ നടത്തി കൊണ്ടിരിക്കുന്ന കൃഷിഭവനുകളുടെ ലക്ഷ്യം ഉല്പാദന വർദ്ധനവുതന്നെയാണ്.

13. ഭൂവിനിയോഗം

വിളകളുടെ തരം തിരിവ് അനുസരിച്ച് താഴെ പറയും പ്രകാരം ഓരോ വിളയുടെയും വിസ്തീർണ്ണം ശരാശരി ഉല്പാദനം എന്നിവ താഴെ പട്ടികയിൽ കാണിച്ച പ്രകാരമുള്ള ഭൂവിനിയോഗമാണ് ഈ പഞ്ചായത്തിലുള്ളത്.

വിളയുടെ പേര്	വിസ്തീർണ്ണം ഹെക്ടറിൽ	ശരാശരി ഉല്പാദനക്ഷമത
നെല്ല്	756ഹെക്ടർ	2.136 ടൺ/ ഹെ
റബ്ബർ	800 ഹെക്ടർ	3.12 ടൺ/ഹെ
തെങ്ങ്	580 ഹെക്ടർ	45 നാളികേരം/1 തെങ്ങ്
കശുമാവ്	65 ഹെക്ടർ	1.7 ടൺ/ഹെ
മാവ്	28000 എണ്ണം	-
പ്ലാവ്	16000 എണ്ണം	50 ചക്ക/ 1 മരം
കവുങ്ങ്	40 ഹെക്ടർ	0.8 ടൺ/ഹെ
വാഴ	168 ഹെക്ടർ	7kg/1 വാഴ
മരച്ചീനി	10 ഹെക്ടർ	20ടൺ/ഹെ

(അവലംബം ഗ്രാമ പഞ്ചായത്ത്)

വിളകളുടെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിൽ കൂടുതൽ വിസ്തീർണ്ണം റബ്ബറാണ് കൈവശപ്പെടുത്തിയിരിക്കുന്നത്. റബ്ബറിന് യോജിച്ച സ്ഥലവും കാലാവസ്ഥയും ഭൂപ്രകൃതിയും ഉള്ളതു കൊണ്ടാണ് തെക്കൻ പ്രദേശത്ത് നിന്ന് റബ്ബർ കർഷകരെ ഈ പ്രദേശത്തേക്ക് ആകർഷിച്ചത്. തെങ്ങും, നെല്ലും ഈ പ്രദേശത്തെ പൂർവിക കൃഷിയാണ്. റബ്ബർ കൃഷി പഞ്ചായത്തിൽ വിപുലമായ തോതിൽ ആരംഭിച്ചിട്ട് ഇരുപത്തി അഞ്ച് വർഷത്തിൽ കൂടുതലാവുകയില്ല. കായ്കറികളും, ചക്ക, മാങ്ങ വാഴക്ക മുതലായ നാടൻ ഫലങ്ങളും എല്ലാ വിധ കിഴങ്ങു വർഗ്ഗങ്ങളും പ്രത്യേകിച്ച് കൂർക്കയും ഈ പഞ്ചായത്തിലെ മാർക്കറ്റിൽ നിന്ന് , ചന്ത ദിവസമായ തിങ്കളാഴ്ച ലോറികണക്കിൽ കയറ്റി കൊണ്ടുപോയിരുന്നു. ഇന്നാവട്ടെ ലോറിക്കണക്കിൽ കായ്കറികളും, മറ്റും ഈ ചന്തയിലേക്ക് വ്യാപാരാടിസ്ഥാനത്തിൽ ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുകയാണ്. നെൽകൃഷിക്കാർക്കും തെങ്ങു കർഷകർക്കും വാഴ, പച്ചക്കറി, മരച്ചീനി, കുരുമുളക്, എണ്ണക്കുരു എന്നിവ കൃഷി ചെയ്യുന്ന കർഷകർക്കും വേണ്ടത്ര പ്രോത്സാഹനം നൽകിയാലെ ആ കൃഷിക്കാരെ ആ കൃഷികളിൽ പിടിച്ചു നിർത്തുവാൻ നിർവ്വാഹമുള്ളു.

14 നെൽകൃഷി

ഈ പ്രദേശത്തെ താമസക്കാരിൽ മുഴുവനും അരി ഭക്ഷണം കഴിക്കുന്നവരാണ്. ഇവിടത്തെ ഉല്പാദനവും ആവശ്യവും തമ്മിലുള്ള വിടവ് വളരെ വലുതാണ്. ഈ വിടവ് നികത്തുന്നത് ഏഴ് പൊതുവിതരണ ശൃംഖലകളിൽ കൂടിയാണ്. ഇവിടെ ഉല്പാദിപ്പിക്കുന്ന അരി 1.37 കോടി രൂപ വില വരുന്ന 1518മെട്രിക് ടൺ ആണ്. പഞ്ചായത്ത് പ്രദേശത്ത് ഏകദേശം 4320 മെട്രിക് ടൺ അരിയാണ് ആവശ്യമായി വരുന്നത്. ഇത്രയും അരി പൊതുവിതരണ ശൃംഖലയിലൂടെയും തുറന്ന മാർക്കറ്റിലൂടെയും വിതരണം ചെയ്തു കൊണ്ടിരിക്കുകാണ്. തദ്ദേശ ഉല്പാദന ആവശ്യത്തിന്റെ 35% വും, ഇറക്കുമതി 65% വും ആണെന്നറിയുമ്പോൾ അതിനുള്ള പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടത് ഒഴിച്ചുകൂടാൻ പറ്റാത്ത

കടമയാണ്. ഈ പഞ്ചായത്തിലെ അരി ഉല്പാദനം 1.37 കോടി രൂപ വിലക്കുള്ളതാണ്. 2.5 കോടിയിലധികം രൂപ ഈ പഞ്ചായത്ത് പ്രദേശത്ത് നിന്ന് മറ്റു സംസ്ഥാനങ്ങളിലെ അരി വിപണി കളിലേക്ക് ഒഴുകുന്നു എന്ന വസ്തുത ആരെയും ഇരുത്തി ചിന്തിപ്പിക്കും. ഇവിടുത്തെ കൃഷിയിടങ്ങളിൽ ഊർജ്ജിത പദ്ധതികളിൽ കൂടെ 65% ഉല്പാദനം കൂടി വർദ്ധിപ്പിക്കാൻ കഴിഞ്ഞാലെ ഈ പഞ്ചായത്ത് ഭക്ഷ്യ കാര്യത്തിൽ സ്വയം പര്യാപ്തത നേടുകയുള്ളു. അടുത്ത അഞ്ച് കൊല്ലം കൊണ്ട് ഇന്നത്തെ ശരാശരി നെല്ലുല്പാദനമായ 2136 കിലോ വിൽ നിന്ന് ഹെക്ടറടിസ്ഥാനത്തിൽ 6000 കിലോ നെല്ല് ഉല്പാദിപ്പിക്കാൻ കഴിഞ്ഞാലെ ഭക്ഷണകാര്യത്തിൽന് പ്രശ്നപരിഹാരമാവുകയുള്ളു. ഇതിനുള്ള പരിപാ ടികളുടെ വിശദമായ ആസൂത്രണമാവണം നമ്മുടെ ലക്ഷ്യം. ഈ പഞ്ചായത്തിലെ മണ്ണിന്റെ തരം വെട്ടുകൽ കലർന്ന മണ്ണാണ്. പുളി രസം (acidity)കൂടുതലാണ്. ചില സ്ഥലങ്ങളിൽ മണൽ കലർന്ന പശിമരാശി കലർന്ന മണ്ണും കാണുന്നുണ്ട്. സ്വതവേ പുളിരസമായ മണ്ണിൽ അമിതമായ രാസവളപ്രയോഗം മണ്ണിലെ പുളിരസം വർദ്ധിപ്പിച്ചു കൊണ്ടിരിക്കുന്നുണ്ടെങ്കിലും ഇവിടെ കിട്ടുന്ന മഴ പുളിരസത്തെ ഒരു പരിധി വരെ നിയന്ത്രിക്കുന്നുണ്ട്. ചുണ്ണാമ്പ് ഉപയോഗവും അമ്ലഗുണത്തെ നശിപ്പിക്കുന്നുണ്ട്. ചില പാടങ്ങൾ നല്ല പശിമരാശിയുള്ള ചെളിമണ്ണാണ്. മണ്ണ് പരിശോധനാ ടിസ്ഥാനത്തിൽ ഇവിടെയുള്ള മണ്ണിന്റെ അമ്ലത്തിന്റെ തോതും താഴെ പട്ടികയിൽ കാണിച്ചിട്ടുണ്ട്.

	അമ്ലഗുണം	ക്ഷാരഗുണം
വെട്ടുകൽമണ്ണ്	PH 6.5 to 5.5	ഇല്ല
മണൽ മണ്ണ്	PH 6 to 7	ഇല്ല
ചെളിമണ്ണ്	PH 6 to 4.5	0.5

(അവലംബം പ്രകൃതി പര്യടനം നാട്ടറിവ്)

നെൽകൃഷി വിള വിസ്തീർണ്ണം

വിള ക്രമം	വിസ്തീർണ്ണം ഹെക്ടറിൽ	ഉല്പാദന ക്ഷമത ഹെക്ടറിൽ
നെല്ല് ഒന്നാം വിള	756	2.13 ടൺ
നെല്ല് രണ്ടാംവിള	520	2.3 ടൺ
നെല്ല് മൂന്നാം വിള	80	2 ടൺ

(അവലംബം കൃഷിഭവൻ)

നാടൻവിത്തുകളും അതുപോലെതന്നെ അത്യുല്പാദനശേഷിയുള്ള വിത്തുകളും കൃഷിയിറക്കാറുണ്ട്. പ്രചാരമുള്ള അത്യുല്പാദന ശേഷിയുള്ള വിത്തുകൾ താഴെ പറയുന്നവയാണ്. ജ്യോതി, കാഞ്ചന, മട്ടത്രിവേണി, പവിഴം, ആതിര, ഭദ്ര, പൊൻമണി, മസൂരി മുതലായവയാണ്. പുതിയ നെൽകൃഷിയോടൊപ്പം പുതിയ പുതിയ പ്രാണിശല്യങ്ങളും രോഗങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതിന് പുറമെ കർഷക തൊഴിലാളികളുടെ കുറവും താങ്ങാനാവാത്ത ചിലവ് വർദ്ധനയും കൊണ്ട് കർഷകർ ഒന്നാം വിളയുടെയും രണ്ടാംവിളയുടെയും നാടൻ വിത്തുകൾ കൂട്ടികലർത്തി ഇരുപൂവ്വൽ കൃഷി സമ്പ്രദായവും അനുവർത്തിച്ചു വരുന്നുണ്ട്. അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന കന്നുകാലികളുടെ ശല്യം രണ്ടാം വിള കൊയ്ത്തിന് ശേഷം വിശാലമായ പാടങ്ങളെ വെറുതെ ഇടുകയാണ് പതിവ്. കന്നുകാലി മേച്ചിൽ നിയന്ത്രണവും, ജലസേചന സൗകര്യവും സൗകര്യപ്പെടുത്തുമെങ്കിൽ കായ്കറി കൃഷി എന്ന പള്ള കൃഷി മുമ്പത്തെപോലെതന്നെ ഇപ്പോഴും ചെയ്യുവാൻ കഴിയും. മത്തൻ, കുമ്പളം, വെള്ളിക്ക, പടർ മുതലായവ യഥേഷ്ടം വിളയിച്ചെടുക്കാവുന്ന പ്രദേശങ്ങളാണ് നെൽ വയലുകൾ. ഏത്തക്കുട്ടയും മറ്റും ഉപയോഗിക്കുന്നതിന് പകരം വിദ്യുച്ഛക്തി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ചെറുപമ്പുകൾ നൽകുന്നതം പ്രോത്സാഹജനകമാണ്.

15, വളം

സഹകരണ മേഖലയിലുള്ള രണ്ടു സ്ഥാപനങ്ങളും അതിനു കീഴിൽ രണ്ട് വില്പനശാലകളും 33 സ്വകാര്യ വ്യക്തി നടത്തുന്ന വില്പനശാലയും അടക്കം അഞ്ച് വില്പന കേന്ദ്രങ്ങളാണ് പഞ്ചായത്തിൽ നിലവിലുള്ളത്. എല്ലാതരം കൃഷിക്കും 90% ഓളം രാസവളങ്ങളാണ് ഉപയോഗിച്ചു വരുന്നത്. ഇത് ശാസ്ത്രീയ രീതിയിലല്ല നടന്നു വരുന്നത്. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്നില്ല. ജൈവവള പ്രയോഗം വളരെ അപൂർവ്വമാണ്. ഉള്ള സാദ്ധ്യതപോലും വർദ്ധിച്ച ചിലവുകൾ മൂലം ഉപയോഗപ്പെടുത്തുന്നില്ല. ഇങ്ങനെ അശാസ്ത്രീയമായ രീതിയിൽ നടത്തുന്ന വളപ്രയോഗവും മറ്റും കാരണം മണ്ണിന്റെ ഉല്പാദനക്ഷമത കുറയുകയും കൃഷി ലാഭകരമല്ലാതായി തീരുകയും ചെയ്തു. കഴിഞ്ഞ അഞ്ചു വർഷം വളം വില്പനയുടെ ലഭ്യമായ കണക്കുകൾ താഴെ ചേർക്കുന്നു. (വില്പനയുടെ അടിസ്ഥാനത്തിൽ)

വളം ഉപയോഗം രൂപയിൽ

വർഷം	രൂപ
1990-91	9.2 ലക്ഷം
1991-92	10.3 ലക്ഷം
1992-93	11.6 ലക്ഷം
1993-94	15.6 ലക്ഷം
1994-95	15.5 ലക്ഷം
1995-96	17.8ലക്ഷം

(അവലംബം സഹകരണസംഘങ്ങളും വില്പന കേന്ദ്രവും)

16. കീടനാശിനികൾ

മുൻകാലങ്ങളിൽ കീടരോഗനിയന്ത്രണത്തിനായി കീടങ്ങളെ മുറം കൊണ്ട് മിന്നി പിടിക്കുകയും ചാഴിയെ വലവീശി പിടിക്കുകയും തണ്ടുതുരപ്പനെ ഒടുകില മണ്ണിലിട്ട് നിയന്ത്രിക്കുകയും വിളക്കുകെണികൾ, ചാഴിക്ക് വിലക്ക് മന്ത്രം പുകയില കഷായം തളിക്കൽ തുടങ്ങിയ നാടൻ സസ്യസംരക്ഷണ സമ്പ്രദായങ്ങളാണ് ചെയ്തു പോന്നിരുന്നത്. ഇന്ന് എല്ലാ വിധ സസ്യങ്ങൾക്കും മാരക രാസവസ്തുക്കൾ കീടനാശിനികളായി ഉപയോഗിക്കുന്നു. വ്യക്തമായ നിർദ്ദേശങ്ങളോ മാനദണ്ഡങ്ങളോ ശാസ്ത്രീയ രീതിയോ മുൻകരുതലുകളോ ഒന്നും തന്നെ പാലിക്കുന്നില്ല. അറിവില്ലായ്മയാണ്. ഇതിന് പ്രധാന കാരണം. ഈ രംഗത്ത് ബോധവല്ക്കരണം അത്യാവശ്യമാണ്. ലഭ്യമായ കണക്കനുസരിച്ച് കഴിഞ്ഞ അഞ്ച് വർഷത്തെ കീടനാശിനിയുടെ ഉപയോഗം താഴെ കൊടുക്കുന്നു. (വാങ്ങിയ സംഖ്യയുടെ അടിസ്ഥാനത്തിൽ)

വർഷം	രൂപ
1990-91	72,300 രൂപ
1991-92	91400 രൂപ
1992-93	94000 രൂപ
1993-94	63000 രൂപ
1994-95	98000 രൂപ
1995-96	1,15,500 രൂപ

(ലഭ്യമായ ഏകദേശ കണക്ക്) (സഹകരണസംഘങ്ങൾ)

17. കാർഷികോപകരണങ്ങൾ

പഴയ കാലങ്ങളിൽ ഉപയോഗിച്ചിരുന്ന കന്നുപൂട്ടലിന് വേണ്ട ഉപകരണങ്ങൾ പഴയ കാർഷികോപകരണങ്ങൾ ഇന്ന് കർഷകരുടെ കൈവശമില്ല. പുതിയ സമ്പ്രദായങ്ങൾ സ്വീകരിച്ചതോടെ

പഴയതിനോടുള്ള പ്രാമുഖ്യം ഇല്ലാതായിവന്നതാണ്. സർക്കാറാനുകൂല്യങ്ങളോടെ പാടശേഖര സമിതികൾക്കായി കൃഷിഭവൻ മുഖാന്തിരം ലഭിച്ച ഒരു ട്രാക്ടർ രണ്ട് ട്രില്ലർ സ്വകാര്യവ്യക്തികളുടെതടക്കം ഇരുപത് റോക്ക് സ്പെയർ, അമ്പത്തഞ്ച് കുറ്റിപമ്പ് എന്നിവ നിലവിലുണ്ട്. ഇതൊക്കെയുണ്ടെങ്കിലും ബ്രോക്കറേജ് അടിസ്ഥാനത്തിലുള്ള ട്രാക്ടറുകളെയാണ് കൂടുതലായും കൃഷിക്കാർ ആശ്രയിച്ചു പോരുന്നത്. പഞ്ചായത്തിൽ ആകെ നൂറ്റിപതിനഞ്ച് ഉഴവ് കാളകൾ ഉണ്ട്. വിളവിറക്കുന്ന സമയം വളരെ ചിരുങ്ങിയ ഒരു കാലഘട്ടമായത് കൊണ്ട് പാടം പാകപ്പെടുത്തുന്ന ട്രാക്ടറുകളുടെ എണ്ണം ചുരുങ്ങിയത്, സമയത്തിനുള്ളിൽ നടീൽ കഴിക്കുവാൻ കൃഷിക്കാർക്ക് സാധിക്കാതെ വരുന്നു എന്ന ആക്ഷേപം ഉയർന്നു വന്നിട്ടുണ്ട്.

18. പാടശേഖരസമിതികൾ

കൃഷിഭവന്റെ നേതൃത്വത്തിൽ കർഷകരെ യോജിപ്പിച്ചു കൊണ്ട് രൂപീകരിച്ച ഇരുപത്തി ഒന്ന് പാടശേഖരസമിതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഭൂരിഭാഗവും നല്ല പ്രവർത്തനം കാഴ്ച വെക്കുന്നില്ല. രൂപീകരണോദ്ദേശ്യം സങ്കല്പത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. പാടശേഖരസമിതികളുടെ പേരും വിശദാംശങ്ങളും വിളക്രമങ്ങളും താഴെ ചേർക്കുന്നു.

പാടശേഖരസമിതികളും വിളക്രമവും

നമ്പർ	പാടശേഖരസമിതിയുടെ പേര്	ഒന്നാംവിള ഹെക്ടർ	രണ്ടാംവിള ഹെക്ടർ	വർഷം
1	കുണ്ടുവംപാടം	65.33	64.98	1995-96
2	വയലിയൻപാടം	225.18	20.18	1996-97
3	പള്ളിയാൽപാടം	19.13	21.69	1996-97
4	പാറശ്ശേരി	68.20	72.15	1996-97
5	കൊട്ടശ്ശേരി	45.80	50.75	1996-97
6	ചെറായ തൃപ്പലമുണ്ട	84.54	81.00	1996-97
7	മനകുളങ്ങര	37.53	32.50	1996-97
8	ചെറായകാരാനിപാടം	17.46	18.76	1996-97
9	വെണ്ണേക്കാട് ഒട്ടുപാടം	45.16	47.18	1996-97
10	പള്ളിൽ പാടം	11.97	14.94	1996-97
11	ചുണ്ടേക്കാട്	12.86	12.60	1996-97
12	കോൽപ്പാടം	28.70	28.76	1996-97
13.	മാട്ടുമ്മൽ	7.98	8.49	1996-97
14	കീരിപ്പാറ	18.91	23.58	1996-97
15	പെരിഞ്ഞാംപാടം	8.66	12.45	1996-97
16	പാറക്കോട് കവളേങ്ങിൽ	29.53	20.54	1996-97
17	പച്ചേനിചാത്തം കുളം	30.58	26.20	1996-97
18	മുച്ചേരി	17.58	19.38	1996-97
19	പൂതംങ്കോട്	33.00	34.28	1996-97
20	ചെറിയേടത്ത്	31.38	19.90	1996-97
21	പടിഞ്ഞാറക്കളം	26.84	29.79	1996-97

(അവലംബം കൃഷിഭവൻ)

18 കൂലി നിരക്ക്

കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുന്നതിനുള്ള താല്പര്യം തൊഴിലാളികളുടെ ഇടയിൽ കുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നത്. വിദ്യാഭ്യാസനിലവാരം ഉയർന്നതും മാന്യതകുറവും, മറ്റു

മേഖലകളിലെ ഭേദപ്പെട്ട തൊഴിൽ സാദ്ധ്യത എന്നിവ കാരണങ്ങളാണ്. ഇവരുടെ ശരാശരി കൂലി പുരുഷന് 60 രൂപയും, സ്ത്രീക്ക് 40 രൂപയും ആണ്ക ഒരു ഏകീകൃത നിരക്കില്ല.

19 കാർഷിക വായ്പ

രണ്ടു സഹകരണ സ്ഥാപനങ്ങളടക്കം അഞ്ച് ബാങ്കുകളാണ് നിലവിൽ പഞ്ചായത്ത് പരിധിയിൽ വരുന്നത്. ഇതു കൂടാതെ ജില്ലാ സഹകരണബാങ്കിന്റെ പുലാപ്പറ്റ ശാഖയിൽ നിന്നും ഭൂപണയ ബാങ്കിന്റെ പുലാപ്പറ്റ ശാഖയിൽനിന്നും കൃഷിക്ക് വേണ്ടി ലോണുകൾ അനുവദിക്കുന്നുണ്ട്. കൃഷിക്കുവേണ്ടി അനുവദിക്കുന്ന തുക മറ്റു മേഖലകളിൽ തിരിച്ച് ചെലവഴിക്കുന്ന രീതി കണ്ടു വരുന്നു. ബാങ്ക് വായ്പയെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

വർഷങ്ങൾ

നമ്പർ ബാങ്ക് പേര്	30.6.93	30.6.94	30.6.95	30.6.06
1 പെരിങ്ങോട് സഹകരണസംഘം	757545	748040	989400	1027570
2 കോങ്ങാട് സഹകരണസംഘം	606205	927705	1300396	1123275
3 ധനലക്ഷ്മി ബാങ്ക്	105000	330000	360000	385000
4 സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ	804425	1240731	4251115	3420618
5 കനറാബാങ്ക്	60 ലക്ഷം	55 ലക്ഷം	55 ലക്ഷം	65 ലക്ഷം

(അവലംബം ബാങ്കുകൾ)

കനറാ ബാങ്കും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും സ്വർണ്ണവായ്പയും കാർഷികവായ്പയുമാണ് നൽകുന്നതം. അത് ഉൾപ്പെടുത്തിയാണ് കൊടുത്തിരിക്കുന്നത്.

20. ജലസേചനം

പ്രധാനമായും മഴയെമാത്രം ആശ്രയിച്ചാണ് ഇവിടെ കൃഷി ചെയ്തു വരുന്നത്. കഷ്ടിച്ച് ആറ് മാസം മാത്രം തുടർച്ചയായി മഴ ലഭിക്കാറുണ്ട്. പിന്നീടുള്ള ആറു മാസം വേനൽക്കാലമാണ്. ഭൂമിയുടെ കിടപ്പ് ചെരിഞ്ഞതായത് കൊണ്ട് പെയ്ത മഴ മുഴുവൻ പുഴയിലേക്കോ, തോട്ടിലേക്കോ ഒഴുകിപ്പോവുന്നു. മഴയില്ലാത്ത കാലങ്ങളിൽ ഊർജ്ജിത കൃഷി സമ്പ്രദായങ്ങൾ കർഷകരെ പരാജയത്തിലേക്ക് നയിക്കുന്നു. ഉല്പാദന വർദ്ധനവിനും ഊർജ്ജിത കൃഷി ചെയ്യുന്നതിനും ആവശ്യമുള്ള സമയത്ത് ജലസേചന സൗകര്യം കർഷകന് ഉണ്ടാവേണ്ടതാണ്. ഈ സൗകര്യം സംഘടിതമായ ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ മാത്രമെ വിളവ് വർദ്ധിപ്പിക്കാൻ പറ്റുകയുള്ളു.കാഞ്ഞിരപ്പുഴ പദ്ധതിയുടെ പ്രധാന ജലസേചന കനാൽ പഞ്ചായത്തിന്റെ വടക്കെ അതിർത്തിയിലൂടെ കടന്നുപോകുന്നുണ്ടങ്കിലും നാമമാത്രമായ കർഷകർക്ക് മാത്രമെ അതിന്റെ ഗുണം ലഭിക്കുന്നുള്ളു. പഞ്ചായത്തിന്റെ വടക്ക് ഭാഗത്ത് കൂടെ മണിക്കശ്ശേരി ഭാഗത്ത് ഒരു പുഴ ഒഴുകുന്നുണ്ട്. ഇത് ഒരുപ്രധാന ജലസ്രോതസ്സാണ്. ഒഴുക്കിൽ നഷ്ടപ്പെട്ടു പോകുന്ന ജലം ഈ പുഴയിൽ വേണ്ട രൂപത്തിൽ സംഭരിക്കുവാൻ കഴിഞ്ഞാൽ ജലക്ഷാമം പരിഹരിക്കാനും, ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും സൗകര്യങ്ങളുണ്ട്. കാരാനിതോട്, പൂതംകോട് തോട്, നമ്പരത്തി തോട് മറ്റ് എല്ലാ തോടുകളും ജലസേചന സ്രോതസ്സുകളായി മാറ്റുവാൻ ഇടക്കിടെ തടയണകൾ നിർമ്മിക്കുന്നതും, ജലസേചന സൗകര്യത്തിന്റെ മുതൽക്കൂട്ടുകളാണ്. പഞ്ചായത്ത് അതിർത്തിയിൽപെട്ട തോടുകളുടെ ആകെ നീളം 40 ഓളം കി.മീ. ദൂരം വരുന്നുണ്ട്. ഈ തോടുകളിൽ ആറ് തടയണകൾക്ക് ചീർപ്പ് ഉണ്ടെങ്കിലും അവ കൊണ്ടുള്ള ജലസേചന സൗകര്യം പൂർണ്ണമല്ല. പഞ്ചായത്തിലെ തോടുകൾ ഉടനീളം രണ്ടുഭാഗവും കല്ലുകൊണ്ട് കെട്ടി ആവശ്യമുള്ള സ്ഥലങ്ങളിൽ തടയണകൾ നിർമ്മിച്ചും ജലസേചന സൗകര്യം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞാൽ നെൽകൃഷി ഉണക്ക് കൂടാതെയും പിന്നീട് ഇറക്കുന്ന പച്ചക്കറി കൃഷി ലാഭകരമാക്കി തീർക്കുവാനും കർഷകനു കഴിയും.

21. കുളങ്ങൾ

ജലസേചന സൗകര്യമുണ്ടായിരുന്ന നൂറ്റി ഇരുപത് കുളങ്ങൾ ഇന്ന് പൂർണ്ണമായോ, ഭാഗികമായോ, പറമ്പായി മാറിക്കൊണ്ടിരിക്കുകയാണ്. ജലസേചനത്തിന് റിപ്പയർ ചെയ്ത കൈക്കുളം, ആറാട്ട് കുളം, മാഞ്ചേരിക്കുളം, മൂന്നുമൂർത്തി കുളം, ചിറക്കുളം, വെട്ടു പറമ്പത്ത് കുളം എന്നിത്യാദി ജലസംഭരണികൾ ഇന്ന് ഭാഗികമായേ ആ കാര്യം നിർവ്വഹിക്കാൻ ഉതകുന്നുള്ളു. മഴക്കാലത്ത് നിറയുന്ന കുളങ്ങൾ വേനൽക്കാലത്ത് തീരെ വറ്റുന്ന ഒരു സ്ഥിതി വിശേഷമാണുള്ളത്. ജലസേചന സംഭരണികളാക്കി മാറ്റുവാൻ ഉതകുന്നതായ കാരാനിക്കുളം, മൂന്നുമൂർത്തിക്കുളം, കൊട്ടശ്ശേരി അമ്പലക്കുളം, പെരുങ്കുളം, കോഴിശ്ശേരി അമ്പലക്കുളം, പെരുമ്പാഴിക്കുളം, മലമ്പാടൻ കുളം, കോട്ടക്കുന്നത്ത് കുളം, കൈക്കുളം, ചിറക്കുളം, പാണക്കാട് കുളം, മൂച്ചിരി അയ്യപ്പൻ കുളം, ഇരുക്കാലി കുളം, തൃക്കോവിൽകുളം, ചേനൻകുളം, ചാന്തിരുത്തി, ഉണ്ടൻകുളം, ഉടമ്പനകുളം, പാറക്കൽകുളം, അമ്പലക്കുളം, ചാത്തം കുളം, കുന്നത്താൻ കുളം, പാറക്കുളം, വെളുത്തൻ കാവ് കുളം, ചെറായ ആറാട്ട് കുളം, മാലക്കുളം, അമ്പലക്കുളം, മാരാർ കുളം, ഏത്തം കുളം, ഇരഞ്ഞി കുളം, കോൽപ്പാടം കുളം, കോട്ടക്കുളം, മണിശ്ശേരി കുളം, ചെറുക്കോട് കുളം, മണ്ണാൻ കുളം, കോട്ടപ്പടി കുളം, ആറാട്ട് കുളം, പുത്തം കുളം തുടങ്ങിയവയും കൂടാതെ നിരവധി സ്വകാര്യ കുളങ്ങളും വേണ്ട രീതിയിൽ പുനർ നിർമ്മിക്കുവാൻ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

22 മണ്ണ്, ജലസംരക്ഷണം

ചെരിഞ്ഞ് കിടക്കുന്ന കാർഷികസ്ഥലങ്ങളിൽ തട്ടുകളായി തരം തിരിച്ചും ബണ്ടുകൾ കെട്ടിയും, മണ്ണൊലിപ്പ് തടയുവാൻ കർഷകരും, സർക്കാരും മുന്നോട്ട് വരേണ്ടതാണ്. ജലസംരക്ഷണത്തിനും ഈ പദ്ധതി ഉപകരിക്കും. കൃഷിക്ക് ഉപയുക്തമല്ലാത്ത ഈ പ്രദേശങ്ങളിൽ വളർത്ത് കാടുകൾ ഇന്ന് കാണുന്നില്ല. ജല സംരക്ഷണത്തിന് മരം വെച്ച് പിടിപ്പിക്കുന്നതും, പൂട്ടിയിടുന്നതും, കിളച്ചുമറിക്കുന്നതുമായ പഴമക്കാരുടെ ശീലം ഇന്ന് അപൂർവ്വമായെ കാണുന്നുള്ളു.

23. നഴ്സറികൾ

തോട്ടവിളകൾ, അലങ്കാര സസ്യങ്ങൾ, ഔഷധ സസ്യങ്ങൾ, പുഷ്പസസ്യങ്ങൾ, ഫലസസ്യങ്ങൾ എന്നുവേണ്ട വീട്ടു വളപ്പിൽ നട്ടു പിടിപ്പിക്കാവുന്ന മരങ്ങളുടെ തൈകൾ അടക്കം ഉല്പാദിപ്പിക്കുന്ന നഴ്സറിയുടെ അഭാവം പ്രത്യേകം ശ്രദ്ധിക്കപെടുന്നുണ്ട്.

24 കൃഷിഭവൻ

കൃഷിഭവന്റെ പ്രവർത്തനം പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ഒരു പോലെ എത്താറില്ല. ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും, സേവനങ്ങളും, കർഷകർക്ക് ആവശ്യമായ സന്ദർഭങ്ങളിൽ ലഭിക്കുന്നില്ല എന്ന പരാതി പരക്കെയുണ്ട്. സർക്കാരിൽ കർഷകർക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്നെന്ന് കൃഷിഭവൻ മുഖേന അതാത് സമയത്ത് ലഘു ലേഖകൾ മുഖേനയോ, പത്രവാർത്തകൾ മുഖേനയോ, റേഡിയോ, ടി.വി. എന്നിവ മുഖേനയോ നല്കാതിരിക്കുന്നത് കൃഷി ഭവന്റെ ഒരു പോരായ്മയായി പലരും ചൂണ്ടികാണിച്ചിട്ടുണ്ട്.

25 വിത്ത് ഉല്പാദനകേന്ദ്രം

വിത്തുല്പാദാനകേന്ദ്രം എന്ന പേരിലുള്ള ഒരു സ്ഥാപനം പഞ്ചായത്തിലുണ്ട്. പത്ത് തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നു എന്നതൊഴിച്ചാൽ പേരുമായി യാതൊരു ബന്ധവും, ഗുണവും കർഷകർക്ക് ലഭിക്കുന്നില്ല. എന്ന പരാതിയുണ്ട്.

26 പ്രശ്നങ്ങൾ

തുപ്പനാട് ഇറിഗേഷൻ പ്രൊജക്റ്റ് ഇപ്പോഴും ഒരു കടലാസ്സു പദ്ധതിയായി തന്നെ നില്ക്കുന്നു.

ഉല്പാദന ഉപാധിയുടെ വിലവർദ്ധനവ്, തൊഴിലാളികളുടെ ദൗർലഭ്യം, വിപണന രംഗത്തുള്ള ചൂഷണം, ചെലവു ചുരുങ്ങിയ സാങ്കേതിക കൃഷിരീതികളെ കുറിച്ചുള്ള അറിവില്ലായ്മ, കാലാവസ്ഥയെ മാത്രം ആശ്രയിച്ചുള്ള കൃഷി രീതിയും, ജലസേചനമില്ലായ്മയും, തൊഴിലാളികളുടെ പ്രവർത്തന കാര്യക്ഷമത കുറഞ്ഞു വരുന്നതും, മണ്ണുപരിശോധന നടത്താത്തതും, ജൈവവളങ്ങൾ ഉപയോഗിക്കുന്നതിൽ വന്ന കുറവും, മണ്ണൊലിപ്പ് തടയുവാനുള്ള പ്രവർത്തനങ്ങൾ നിർവിഘ്നം നടത്താതിരിക്കുന്നതും, കാർഷിക വിളകളുടെ ഉല്പാദനം കുറഞ്ഞു വരുവാൻ കാരണമായി കൊണ്ടിരിക്കുന്നു. മണ്ണു പരിശോധനയുടെ ഫലങ്ങൾ യഥാസമയം കർഷകന് ലഭിക്കാത്തതു മൂലം രാസവളപ്രയോഗം ശാസ്ത്രീയാടിസ്ഥാനത്തിൽ ആവുന്നില്ല. വിത്ത്, വളം, കീടനാശിനി തുടങ്ങിയവക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ കർഷകന് യഥാസമയം കിട്ടുന്നില്ല. കാലം കഴിഞ്ഞ് കിട്ടുന്ന നടീൽ വസ്തുക്കളും മറ്റു ആനുകൂല്യങ്ങളും അതായത് വളം, കീടനാശിനി, ചുണ്ണാമ്പ്, സബ്സിഡി മുതലായ ആനുകൂല്യങ്ങളുടെ നിഷേധമായി കൃഷിക്കാർ പരിഗണിക്കുന്നുണ്ട്. കൈവശഭൂമിയുടെ തുണ്ടു തുണ്ടായ കിടപ്പും കൃഷിക്കാർ തമ്മിലുള്ള സഹകരണക്കുറവ്, ജലസേചന സൗകര്യമില്ലായ്മയും മൂലം രണ്ടാവിള വ്യാപകമായി സധൈര്യം കൃഷിചെയ്യുവാൻ കർഷകർക്ക് കഴിയുന്നില്ല. മാത്രമല്ല പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കുവാനും വരുമാനം വർദ്ധിപ്പിക്കുവാനും കർഷകന് ഇതു മൂലം സാധിക്കുന്നില്ല. ഗ്രൂപ്പ് ഫാമിംഗിന്റെ അടിസ്ഥാനതത്വം ഉയർത്തി പിടിച്ച് കൂട്ടായ പ്രവർത്തന മുറകൾ ചെയ്യാതിരിക്കുന്നതി നാലും കാർഷിക പ്രവർത്തന ചിലവ് വർദ്ധിച്ച് വരുന്നതായും കണ്ടെത്തിയിരിക്കുന്നു. നെല്ലിനെ ബാധിക്കുന്ന മുഞ്ഞ, തണ്ടുതുരപ്പൻ, ഗാൾ ഈച്ച എന്നീ കീടബാധകൾക്ക പുറമെ പോളരോഗം, ബ്ളാസ്റ്റ്, ബ്ളെറ്റ് മുതലായ രോഗങ്ങളും ഉല്പാദനത്തെ കാർന്ന് തിന്ന്കൊണ്ടിരിക്കുകയാണ്.

ഈ പഞ്ചായത്തിൽ കൂടെ കടന്നുപോകുന്ന കാഞ്ഞിരപ്പുഴ പ്രധാനചാലിന്റെ താഴെയുള്ള ഭൂമികൾ ചതുപ്പുനിലമായി മാറികൊണ്ടിരിക്കുകയാണ്. യന്ത്രം കൊണ്ടോ, കന്നുപൂട്ടിയോ ഈസ്ഥലങ്ങളിൽ നെൽകൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥയാണുള്ളത്. കനാലിൽ നിന്ന് ഊർന്നും, ചോർന്നും പോകുന്ന വെള്ളത്തെ തടഞ്ഞുനിർത്തുവാനുള്ള കനാൽ ലൈനിൽ ചെയ്തിട്ടുണ്ടെങ്കിലും ഈ പ്രശ്നത്തിന്റെ പരിഹാരമായി കാണുന്നില്ല. ആധുനിക കൃഷിയന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ ആവശ്യാനുസരണം സുലഭമായി ലഭിക്കത്തതും അവയുടെ വിലക്കുടുതൽ മൂലം സ്വായത്തമാക്കുവാൻ സാധിക്കാത്തതും ഊർജ്ജിത കൃഷി നടപ്പിലാക്കുവാൻ തടസ്സമായിരുന്നു. കാർഷികോല്പ്പന്നങ്ങൾക്ക് വില നിലവാരത്തിൽ അനുഭവപ്പെടുന്ന അസ്ഥിരത കൃഷിക്കാരനെ നിരുത്സാഹപ്പെടുത്തുന്നു. ആവശ്യമുള്ള സമയത്ത് രാസവളങ്ങളുടെ വില വർദ്ധിപ്പിക്കുയും ആവശ്യമില്ലാത്ത സമയത്ത് വളങ്ങളുടെ വില കുറക്കലും ലാഭകരമായ കൃഷി നടത്തുന്നതിന് കർഷകനെ സഹായിക്കുന്നില്ല.

സംസ്ഥാനത്തൊട്ടാകെ നാണ്യവിളകൾക്ക് നല്കുന്ന പ്രോത്സാഹനം ഭക്ഷ്യവിളകൾക്ക് നല്കുന്നില്ല. ഇത് ഭക്ഷ്യവിള കൃഷി ചെയ്യുന്ന കർഷകരോട് ചെയ്യുന്ന അനീതിയാണ്. ഉല്പാദന ചെലവും, വിറ്റുവരവും തമ്മിൽതിട്ടപ്പെടുത്തുമ്പോൾ താങ്ങുവില വളരെ അപര്യാപ്തമാണ്. റബ്ബർ ബോർഡ്, കേരഫെഡ്, കാഫി ബോർഡ്, സുഗന്ധ വ്യജ്ഞന ബോർഡ് എന്നിവ പോലെ നെൽകൃഷിക്ക് മാത്രം ഒരു പ്രത്യേക സംവിധാനം സംസ്ഥാനത്തില്ല. അതുമൂലമുണ്ടാകുന്ന സഹായങ്ങൾ കർഷകർക്ക് ലഭ്യമല്ലാതെ വന്നിരിക്കുകയാണ്.

27. നിർദ്ദേശങ്ങൾ

1. തുപ്പനാട് ഇറിഗേഷൻ (കാഞ്ഞിരപ്പുഴ രണ്ടാം ഘട്ടം) കോങ്ങാട് പഞ്ചായത്തിലെ എല്ലാ കൃഷിക്കാർക്കും ലഭ്യമാകുന്ന രീതിയിൽ ആവിഷ്ക്കരിച്ചു നടപ്പാക്കുക.
2. യന്ത്രവല്ക്കരണം നടപ്പാക്കുക- യന്ത്രോപകരണങ്ങൾ സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക. (ട്രാക്ടർ, ടില്ലർ, റീപ്പർ, ക്രഷർ, ട്രാൻസ്പ്ളാൻറർ, പമ്പ് സെറ്റ് തുടങ്ങിയവ)

3. പഞ്ചായത്ത് തലത്തിലോ സഹകരണാടിസ്ഥാനത്തിലോ കാർഷികോല്പന്നങ്ങൾക്ക് സ്ഥിരമായ വിപണന സൗകര്യം ഏർപ്പെടുത്തുക.
4. വർദ്ധിപ്പിച്ച ഉല്പാദന ചെലവിനനുസരിച്ച് ന്യായമായ വില വർദ്ധിപ്പിച്ചും നല്കുക.
5. അടിക്കടിയുള്ള രാസവളങ്ങളുടെ വില വർദ്ധനവ് ഉപേക്ഷിച്ച് യഥാസമയം ആവശ്യാനുസരണം ലഭ്യമാക്കുക.
6. കർഷക തൊഴിലാളികളുടെ കൂലിയും സമയവും ഏകീകരിക്കുന്നതിന് ഒരു നിശ്ചിത കാലഘട്ടത്തിലേക്ക് നിശ്ചയിക്കുന്നതിനും യഥാസമയം കർഷക സംഘടനകളും, കർഷക തൊഴിലാളി സംഘടനകളും സംയുക്തമായി ചർച്ച നടത്തി തീരുമാനിക്കുന്നതിന് പഞ്ചായത്ത് നേതൃത്വം നല്കുക.
7. കൃഷിക്കാരന് ആദായകരമായ ഏത് കൃഷിയും ചെയ്യുന്നതിനുള്ള അവകാശം നൽകുക. നിയമം തടസ്സമെങ്കിൽ മാറ്റേണ്ടതാണ്.
8. യഥാസമയത്ത് മണ്ണു പരിശോധന നടത്തി ശാസ്ത്രീയരീതിയിലുള്ള വളപ്രയോഗം നടപ്പാക്കുകയും ശാസ്ത്രീയ രീതിയിലുള്ള കൃഷിയെ കുറിച്ച് ബോധവല്ക്കരണം നടത്തുകയും അത്യുല്പാദന ശേഷിയുള്ള വിത്തും വളവും കീടനാശിനിയും സൗജന്യമായി ലഭ്യമാക്കുക
9. ആധുനിക വിദ്യാഭ്യാസരംഗത്ത് കൃഷിക്ക് മാന്യമായ സ്ഥാനം നല്കി പാഠ്യവിഷയമാക്കുക.
10. നെൽകൃഷിയുടെ ഉല്പാദന ബോണസ്സ് ഹെക്ടറിന് 1000 രൂപയാക്കുക.
11. ഉല്പാദന ചെലവിന്റെ 50% സർക്കാർ നല്കുക.
12. 60 തികഞ്ഞ എല്ലാ കർഷകർക്കും പെൻഷൻ അനുവദിക്കുക.
13 പാടശേഖര സമിതികൾ സജീവമാക്കി ഗ്രൂപ്പ് ഫാമിംഗ് വ്യാപകമാക്കുക.
14. ഹ്രസ്വകാല വിളയും, ദീർഘകാലവിളയും ചെയ്യാൻ കർഷകർക്ക് സ്വാതന്ത്ര്യം അനുവദിക്കുക.
15. കാഞ്ഞിരപ്പുഴ എൽ.ബി. മെയിൻ കനാലിൽ 12 ഉം 13 ഉം കി.മീറ്ററിന് ഇടയിൽ ലിഫ്ട് ഇറിഗേഷൻ സ്കീം നടപ്പാക്കുക.
16 കാഡ പദ്ധതിപ്രദേശത്ത് അവർ നൽകുന്ന രീതിയിൽ ഉള്ള സബ്സിഡി വാഴക്കും മറ്റു കൃഷികൾക്കും ഇവിടെയും നടപ്പാക്കുക.
17. സർക്കാർ റിസർവ് ഫോറസ്റ്റിലും നിക്ഷിപ്ത വനഭൂമിയിലും പാസ്സോടുകൂടി മാത്രം വെട്ടാൻ പറ്റുന്ന മരങ്ങൾ വെച്ചു പിടിപ്പിക്കുകയും നാട്ടിൻ പുറങ്ങളിലെ വീട്ടു വളപ്പുകളിൽ അവർ വെച്ചു പിടിപ്പിക്കുന്ന മരം ആവശ്യാനുസരണം സ്വതന്ത്രമായി ഉപയോഗിക്കുവാനുള്ള അവകാശം നൽകു കയും വേണം.
18. നെൽകൃഷിക്ക് വില നിർണ്ണയ കമ്മീഷനെ നിയമിച്ച് കാലാകാലങ്ങളിൽ നെല്ലിന് താങ്ങുവില നിശ്ചയിക്കുക.
19. സൗജന്യ വിള ഇൻഷൂറൻസ് നടപ്പാക്കുക.
20. നിലവിലുള്ള വായ്പാ സംവിധാനം ഉദാരമാക്കുകയും വളവില കുറച്ച് നൽകുകയും ചെയ്യുക.
21. തെങ്ങ്, കുരുമുളക്, റബ്ബർ, ഔഷധസസ്യങ്ങൾ, ഫലവൃക്ഷസസ്യങ്ങൾ എന്നിവയുടെ അംഗീകൃത നഴ്സറികൾ ആരംഭിക്കുക.
22. ആധുനിക ജീവിതത്തിൽ ആയൂർവേദ ഔഷധങ്ങളുടെ ഉപയോഗവും ചികിത്സാരീതിയും മമ്പെന്നെത്തെക്കാളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഔഷധസസ്യങ്ങളുടേയും ഔഷധ നിർമ്മാണ വസ്തുക്കളുടേയും നിർമ്മാണം ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുക. കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്ന ഔഷധ സസ്യങ്ങൾ കണ്ടെത്തി സംരക്ഷിക്കുക.
23. പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള ചെറുതും വലുതുമായ കുളങ്ങൾ നന്നാക്കിയെടുത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിന് ആവശ്യമായ പ്രോത്സാഹനം നൽകുകയും, പച്ചക്കറി സഹകരണ സംഘം രൂപീകരിച്ച് സഹകരണാടിസ്ഥാനത്തിൽ കൃഷിയും വിപണനവും ഏർപ്പെടുത്തുക. നല്ലൊരു തൊഴിൽ സാദ്ധ്യതയുള്ള ഈ മേഖലയിൽ നല്ല ഇനം വിത്തും വളവും ശേഖരിച്ച് നൽകി കൂട്ടു കൃഷിസമ്പ്രദായം പോലെ ഈ രംഗത്തും, ഉപയോഗപ്പെടുത്തുകയും, അടുക്കളത്തോട്ട സാദ്ധ്യത വേണ്ടപോലെ പ്രയോജനപ്പെടുത്തുകയും ചെയ്താൽ പച്ചക്കറി കൃഷിരംഗത്ത് സ്വയം പര്യാപ്തത നേടാൻ കഴിയും.
24. കീടനാശിനി ഉപയോഗത്തെപ്പറ്റിയും, ജൈവ കീട നിയന്ത്രണത്തെപ്പറ്റിയും കർഷകർക്ക് ബോധ വല്ക്കരണ ക്ലാസ്സുകൾ നടത്തുക.

25. പച്ചിലവളത്തിന്റെ കുറവ് നികത്തുന്നതിന് ഡെയ്ഞ്ച, ശീമക്കൊന്ന തുടങ്ങിയ പച്ചില സസ്യങ്ങൾ പ്രോത്സാഹിപ്പിക്കുകയും കന്നുകാലികളെ വളർത്തുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുക. മണ്ണിര കമ്പോസ്റ്റിനെ കുറിച്ച് കർഷകർക്ക് പരിചയപ്പെടുത്തി കൊടുക്കുക. ഓരോ ഇനം വളത്തിന്റെയും ഉപയോഗത്തെക്കുറിച്ച് ബോധവാൻമാരാക്കുക.

26. പഞ്ചായത്തിലെ എല്ലാവാർഡുകളിലും ഉള്ള തോടുകളും കുളങ്ങളും കൃഷിക്ക് ഉപയുക്തമാകുന്നരീതിയിൽ കെട്ടി സംരക്ഷിക്കുകയും സ്വകാര്യ കുളങ്ങൾക്കാവശ്യമായ ലോണുകളും, സബ്സിഡികളും നൽകുക. ഈ രംഗത്ത് ആവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകുക.

27. പഞ്ചായത്ത് തലത്തിൽ ഇപ്പോൾ ഒരു പൊതുവിപണി ഉണ്ടെങ്കിലും അത് വേണ്ടത്ര ആശാവഹമല്ല. കിഴങ്ങ് വർഗ്ഗങ്ങളും, പച്ചക്കറികളുമായി അയൽ പഞ്ചായത്തുകളിൽ നിന്നുപോലും ഇവിടെ വന്ന് വിപണനം നടത്തുന്നുണ്ട്. ആ സാദ്ധ്യതകളെല്ലാം ഉപയോഗപ്പെടുത്തി സഹകരണാടിസ്ഥാനത്തിൽ ഉൽപ്പന്നങ്ങൾ ശേഖരിച്ചും വിപണനം നടത്തിയും ഇടത്തട്ടുകാരുടെ ഇടപെടൽ ഒഴിവാക്കാൻ കഴിയും ഈ സാദ്ധ്യത പഞ്ചായത്ത് പരിശോധിക്കേണ്ടതാണ്.

28. കുറ്റിമുല്ല കൃഷിയെ കുറിച്ച് പ്രചാരവും, പ്രോത്സാഹനവും നല്കി വീട്ടുമുറ്റത്ത് പുഷ്പകൃഷികൾ വ്യാപിപ്പിക്കാവുന്നതും പഞ്ചായത്തടിസ്ഥാനത്തിൽ ഈ രംഗത്ത് വനിതകൾക്ക് കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള മേഖലയാക്കിയെടുക്കാനും കഴിയും.

29. ആധുനിക രീതിയിൽ കാർഷിക വൃത്തികൾക്കുള്ള പരിശീലനം കൃഷി ഉദ്യോഗസ്ഥർക്കും, കർഷകർക്കും വർഷം തോറും കാലാകാലങ്ങളിൽ ലഭ്യമാക്കുക. കൃഷി ഭവനുകൾ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുക.

30. പഞ്ചായത്തിലെ പ്രമുഖ കർഷകനെ അംഗീകരിക്കുന്ന രീതി വിദഗ്ദ്ധരടങ്ങുന്ന കമ്മിറ്റിയെ നിശ്ചയിച്ച് തെരഞ്ഞെടുക്കുകയും മാന്യമായി ആദരിക്കുകയും ചെയ്യുക.

31. മാതൃകാ കൃഷി ഉദ്യോഗസ്ഥനെ പഞ്ചായത്തടിസ്ഥാനത്തിൽ വിദഗ്ദ്ധ കമ്മിറ്റി മുഖാന്തിരം തെരഞ്ഞെടുത്ത് ആദരിക്കുക.


32. പഞ്ചായത്തിൽ ദേവസ്വത്തിന്റെയും മറ്റുമായി വിവിധ വാർഡുകളിൽ വെറുതെ കിടക്കുന്ന ഭൂമികൾ കൃഷിക്ക് ഉപയുക്തമാക്കുക.

33. കൊയ്ത്ത് സമയത്തും മറ്റും മഴയിൽ നിന്ന് ഉല്പന്നങ്ങളെ രക്ഷിക്കാനായി ടാർപാളിൻ സൗജന്യമായി കർഷകന് നൽകുക.

കോങ്ങാട് പഞ്ചായത്തിന്റെ കാർഷിക പുരോഗതിക്ക് വേണ്ട ഒട്ടേറെ നിർദ്ദേശങ്ങൾ മുകളിലുണ്ട്. കാർഷിക രംഗം സജീവമായാൽ ഗ്രാമങ്ങൾ ഉണരും-ഉയരും-കർഷകന്റെ സാമ്പത്തികാഭിവൃദ്ധി രാഷ്ട്രത്തിന്റെ അഭിവൃദ്ധിയാണ്. വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ കർഷകനാണ് നൽകുന്നത്. കാർഷിക ഉല്പന്നങ്ങൾ വ്യവസാവല്ക്കരണത്തെ പുരോഗതിയിലെത്തിക്കും പോലെ കാർഷിക രംഗവും വ്യവസായ പ്രാധാന്യമുള്ളതായി മാറണം. കർഷകൻ കടത്തിൽ ജനിക്കുന്നു- ജീവിക്കുന്നു-മരിക്കുന്നു. പിൻതലമുറക്ക് നൽകുന്ന സ്വത്ത് കടമാണ് എന്ന ഇന്ത്യയിലെ തന്നെ ഇന്നത്തെ അവസ്ഥ മാറിയെ തീരൂ- മാറ്റിയേ തീരൂ. പുത്തൻ വികസന സംസ്ക്കാരം ഉൾക്കൊള്ളുക. സ്വയം തയ്യാറെടുക്കുക. സഹകരിക്കുക.

ഒഴിഞ്ഞ ചട്ടിയിൽ നിന്നും
എങ്ങനെ കഞ്ഞി കുടിക്കും,
എങ്ങനെ കഞ്ഞി കുടിക്കും ഞാൻ?

മൃഗസംരക്ഷണവും മത്സ്യബന്ധനവും



A.ആമുഖം

നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ 10 ശതമാനം മൃഗസംരക്ഷണ മേഖലയുടെ സംഭാവനയാണ്. 9-ാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ ഇതു 20 ശതമാനമായി ഉയർത്താനാണ് സർക്കാരിന്റെ ലക്ഷ്യം. ആസൂത്രിതവും തികച്ചും ശാസ്ത്രീയവുമായ ഒരു വികസന പ്രക്രിയയിൽ കൂടെ മാത്രമെ ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ സാധിക്കുകയുള്ളു.

മൃഗസംരക്ഷണ മേഖല എന്നുവച്ചാൽ പാലുൽപാദനം മാത്രമാണെന്ന അബദ്ധ ധാരണ നമ്മുടെ സംസ്ഥാനത്തിലെ ഗവൺമെൻറ് തലം തൊട്ടു താഴെതട്ടു വരെ ഉണ്ട്. ക്ഷീരോൽപ്പാദനത്തിനു പുറമെ പോഷകപ്രധാനമായ പാൽ, മുട്ട, മാംസം, വ്യവസായ ആവശ്യത്തിനുള്ള തുകൽ, എല്ല്, ജെലാറ്റിൻ, ഓസീൻ, കൊഴുപ്പ്, ഔഷധവ്യവസായം, ഹോർമോൺ, വാക്സിൻ എൻസൈമുകൾ, പരീക്ഷണശാലക്കുള്ള മൃഗങ്ങൾ, മുട്ടകൾ, കാർഷിക മേഖലക്ക് ആവശ്യമായ ജൈവവളം, നിലം ഒരുക്കുന്നതിനും ഭാരം വലിക്കുന്നതിനുമുള്ള മൃഗശക്തി, ഊർജ്ജസ്രോതസ്സ്, പേവിഷബാധാ നിയന്ത്രണം, മാംസ പരിശോ

ധനയിലൂടെ ശുദ്ധമായ മാംസ ഉല്പാദനം തുടങ്ങിയ പൊതുജനാരോഗ്യ സംബന്ധിതമായ സേവനങ്ങൾ, തൊഴിൽ സാദ്ധ്യതകൾ, വരുമാന വർദ്ധനവ് എന്നീ രംഗങ്ങളിലും മൃഗസംരക്ഷണ മേഖല വിലപ്പെട്ട സേവനം പ്രദാനം ചെയ്യുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ കന്നുകാലി സമ്പത്തിന്റെ ഭൂരിഭാഗവും ചെറുകിട നാമമാത്ര കർഷകരുടെയും കർഷക തൊഴിലാളികളുടെയും കൈയിലായതുകൊണ്ട് ഈ മേഖലയുടെ വികസനം ഗ്രാമീണ സമ്പദ്‌വ്യവസ്ഥ ശക്തമാക്കും.

B നമ്മുടെ പഞ്ചായത്തിൽ നമ്മുടെ കർഷകർ പണ്ടു കാലത്തും കന്നുകാലികളെ സംരക്ഷിച്ചു പോന്നിരുന്നു. എന്നാൽ അന്ന് വ്യാപകമായി കണ്ടുവന്നിരുന്ന പകർച്ചവ്യാധികൾ കാരണം ഒരുപാട് നാശനഷ്ടവും വന്നിരുന്നു. എന്നാൽ ഇന്ന് ആധുനിക ചികിത്സാരീതി ഉപയോഗിച്ച് പല പകർച്ചരോഗങ്ങളും നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്.

24-4-55 ന് അന്നത്തെ മദ്രാസ് സംസ്ഥാന മുഖ്യമന്ത്രി ശ്രീ. കെ. കാമരാജ് ഉത്ഘാടനം ചെയ്ത വെറ്ററിനറി സബ്സെൻറർ 1988 ൽ മാത്രമാണ് ഒരു മൃഗാശുപത്രിയായി ഉയർത്തി ഒരു വെറ്ററിനറി ഡോക്ടറുടെ സേവനം ലഭിക്കാൻ തുടങ്ങിയത്. ഈ സ്ഥാപനം തുടങ്ങുവാൻ വേണ്ട സ്ഥലവും കെട്ടിടവും ശ്രീ. കോട്ടപ്പടിക്കൽ ചിന്നകുട്ടൻ നായർ സംഭാവന ചെയ്തതാണ്.

1996 ലെ സ്ഥിതി വിവരകണക്കുകൾ പ്രകാരം പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ എണ്ണം താഴെ കൊടുക്കുന്നു.

1.	നാടൻ വംശവർദ്ധന കളകൾ	7
2.	മറ്റുനാടൻ കാളകൾ	194
3	സങ്കരവംശവർദ്ധനകാളകൾ	5
4	മറ്റുസങ്കര കാളകൾ	138
5	സങ്കര പശുക്കൾ - കറവുള്ളത്	579
6.	സങ്കരപശുക്കൾ-കറവില്ലാത്തത്	1299
7	നാടൻ പശുക്കൾ- കറവുള്ളത്	584
8	നാടൻ പശുക്കൾ - കറവില്ലാത്തത്	1269
9.	എരുമകൾ - കറവുള്ളത്	9
10	എരുമകൾ കറവില്ലാത്തത്	27
11	പോത്ത്	223
12	ആട്	1356
13	പട്ടികൾ	1477
14	പൂവൻകോഴികൾ	4520
15.	പിടക്കോഴി-മുട്ടയിടുന്നത്	9538
16.	പിടക്കോഴി-മുട്ടയിടാത്തത്	1025

C. പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

1954-ൽ വെറ്ററിനറി സബ്സെൻറർ ആയി തുടങ്ങിയ സ്ഥാപനം 1988-ൽ വെറ്ററിനറി ഡിസ്പെൻസറി ആയി ഉയർത്തി. ഡിസ്പെൻസറിയിൽ മൃഗചികിത്സ, കൃത്രിമ ബീജദാന കുത്തിവെയ്പ് പ്രതിരോധകുത്തിവെയ്പ് എന്നിവയ്ക്കുള്ള സേവനം ലഭ്യമാണ്. . ഡിസ്പെൻസറി ജീവനക്കാരായി ഒരു സ്ഥിരം വെറ്ററിനറി സർജനും ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറും അറ്റൻഡറും ഒരു പാർട്ട്ടൈം സ്വീപ്പറും സേവനമനുഷ്ഠിക്കുന്നു. മൃഗാശുപത്രി ഇപ്പോൾ പ്രവർത്തിക്കുന്നത് ഒരു പഴയ സർക്കാർ വക കെട്ടിടത്തിലാണ്. ഇപ്പോഴുള്ള സൗകര്യങ്ങൾ വളരെ പരിമിതമാണ്. വികസന പ്രവർത്തനങ്ങൾ

കാര്യക്ഷമമായി നടത്തുന്നതിന് താഴെ കാണിച്ച സൗകര്യങ്ങൾ അവശ്യം സജ്ജീകരിക്കേണ്ടതാണ്. നിലവിൽ ഈ സ്ഥാപനം നിൽക്കുന്നത് ഒന്നര ഏക്കർ സ്ഥലത്താണ്.

1. കെട്ടിടത്തിന് ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യിച്ച് ആവശ്യമായ പുനർനിർമ്മാണം നടത്തണം.
2. കുടിവെള്ള പ്രശ്നം പരിഹരിക്കണം
3. ക്ലിനിക്കൽ പരിശോധന നടത്തുന്നതിനായി ഒരു മൈക്രോസ്കോപ്പും ലബോറട്ടറി ഉപകരണങ്ങളും ആസ്പത്രിയിൽ സജ്ജമാക്കണം.
4. ഒരു കർഷക പരിശീലന ഹാൾ സജ്ജമാക്കുക.
5. ക്യാമ്പ് ഡിസ്പെൻസറി നടത്തുവാനും എമർജൻസി വൈദ്യസഹായം വീടുകളിൽ എത്തിക്കുന്നതിനും ഒരു വാഹനം ലഭ്യമാക്കണം.
6. ടെലിഫോൺ സൗകര്യം ഏർപ്പെടുത്തണം
7. 24 മണിക്കൂർ സേവനം കർഷകനു ലഭിക്കുന്നതിനു വേണ്ടി ഡോക്ടർക്ക് താമസിക്കാനുള്ള സൗകര്യം ഏർപ്പെടുത്തണം.
8. ആശുപത്രിയോടനുബന്ധിച്ച് ഒരു ഓപ്പറേഷൻ തിയേറ്റർ വേണം
9. കൃത്രിമ ബീജദാന കേന്ദ്രങ്ങൾ ഒന്നോ രണ്ടോ എണ്ണം സ്ഥാപിക്കണം

D പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവത്സര പദ്ധതിയിൽ നടപ്പാക്കിയ സ്കീമുകൾ

a പ്രത്യേക ഘടകപദ്ധതിപ്രകാരം കോളനിവാസികൾക്ക് ആടുമാടുകളെ വിതരണം ചെയ്യൽ
b സമഗ്രമുട്ടക്കോഴി വികസനപദ്ധതി
c സ്കൂൾ പൗൾട്രി ക്ലബ്ബ്
d സമഗ്രപേവിഷബാധ നിർമ്മാർജ്ജന പദ്ധതി.
e കാലിവസന്ത നിർമ്മാർജ്ജന പദ്ധതി
f കൃത്രിമ ബീജദാന പദ്ധതി
g ആധുനിക മൃഗചികിത്സയും ആരോഗ്യവും നടപ്പാക്കൽ
h കന്നുകാലിപ്രദർശനവും ഗോരക്ഷാക്യാമ്പുകളും സംഘടിപ്പിക്കൽ
i വന്ധ്യതാ നിവാരണ പദ്ധതി
k കുളമ്പുരോഗ നിർമ്മാർജ്ജന പദ്ധതി
L പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

8-ാം പഞ്ചവത്സര പദ്ധതിയിൽ നടപ്പിലാക്കിയ ചില സ്കീമുകളുടെ വിവരണം.

വർഷം 1

91-92

1. പ്രത്യേക ഘടക പദ്ധതി പ്രകാരം നായാടിക്കുന്നു കോളനിയിൽ 20 ഗുണഭോക്താക്കൾക്ക് മൊത്തം 20 ജോടി പോർത്തിൻ കുട്ടികൾ വിതരണം ചെയ്തു.
2. പ്രത്യേക ഘടകപദ്ധതിപ്രകാരം ,ആഴ്ചതൊടി കോളനിയിൽ 18 ഗുണഭോക്താക്കൾക്ക് ഓരോ പെണ്ണാട് വീതം വിതരണം ചെയ്തു.

92-93

1. സ്കൂൾ പൗൾട്രി ക്ലാസ്സ്-സ്കീം പ്രകാരം കെ. പി. ആർ. പി. ഹൈസ്കൂളിൽ 30 കുട്ടികൾക്ക് മൂന്ന് കോഴിക്കുഞ്ഞ് വീതം വിതരണം ചെയ്തു.

93-94

1 പ്രത്യേക ഘടകപദ്ധതിപ്രകാരം നായാടിക്കുന്ന് കോളനിയിൽ 11 ഗുണഭോക്താക്കൾക്ക് ഓരോ ആട്ടിൻ കുട്ടി വീതം വിതരണം ചെയ്തു.

94-95

1 സമഗ്രമുട്ടക്കോഴി വികസന പദ്ധതി പ്രകാരം 167 ഗുണഭോക്താക്കൾക്ക് 50% സബ്സിഡി നിരക്കിൽ മൂന്ന് മുട്ടക്കോഴി കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്തു.

2 ഒരു ഗോരക്ഷാ ക്യാമ്പ് നടത്തി.

95-96

1 സമഗ്ര മുട്ടക്കോഴി വികസന പദ്ധതി പ്രകാരം 150 ഗുണഭോക്താക്കൾക്ക് 50% സബ്സിഡി നിരക്കിൽ മൂന്ന് കോഴി കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്തു.

2 ഒരു ഗോ രക്ഷാ ക്യാമ്പ് നടത്തി.

96-97

1 ഒരു വന്ധ്യതാനിവാരണ ക്യാമ്പ് നടത്തി.

കുറിപ്പ് :എല്ലാവർഷവും 50% സബ്സിഡി നിരക്കിൽ പേവിഷബാധയ്ക്ക് എതിരേയും കുളമ്പ് രോഗത്തിന് എതിരേയും പ്രതിരോധ കുത്തിവെയ്പ് നടപ്പിലാക്കി.

E പാലുല്പാദന രംഗം

1996 ലെ സ്ഥിതിവിവര കണക്കിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ 12 മുതൽ 17 ലക്ഷം വരെ ലിറ്റർ പാൽ ഉല്പാദനം ഉണ്ട്. ഇതിന്റെ മൂല്യവില 1.3 കോടി മുതൽ 1.4 കോടി രൂപവരെയായി കണക്കാക്കപ്പെട്ടിരിക്കുന്നു.

ഇതിന്റെ 50% ത്തോളം പാൽ സൊസൈറ്റികൾ മുഖേന വില്ക്കപ്പെടുന്നു. പഞ്ചായത്തിൽനിന്ന് മറ്റു പഞ്ചായത്തിലെ ക്ഷീരസംഘങ്ങൾ അളക്കപ്പെടുന്ന പാൽ ഏകദേശം മൊത്ത ഉല്പാദനത്തിന്റെ 50% ആണ്. ഒരു ലാഭകരമായ തൊഴിലായി മാറ്റുവാൻ താഴെ പറയുന്ന വികസന പരിപാടികൾ ആവശ്യമാണ്.

a ക്ഷീരസഹകരണ സംഘം രൂപീകരിക്കൽ

b. മോഡൽ ഡയറി ഫാം യൂനിറ്റ് പ്രചരിപ്പിക്കൽ

c കർഷക സമ്പർക്ക പരിപാടിയും ചർച്ചാക്ലാസ്സും നടത്തൽ

d മാതൃകാ കാലിത്തൊഴുത്തുണ്ടാക്കാൻ സഹായധനം നല്കൽ

e സഹകരണാടിസ് ഥാനത്തിൽ പുൽകൃഷി വളർത്തലും സംഭരണവും വിപണനവും നടപ്പ ാക്കൽ

f ഫോഡർ ബാങ്ക് നിർമ്മിക്കാൻ ഉദാരമായ സഹായധനം ലഭ്യമാക്കൽ(സൈലേജ്)

g വൈക്കോൽ സംപുഷ്ടീകരണത്തിനു പ്രോത്സാഹനം കൊടുക്കൽ

h ചെറുകിട കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾക്ക് സാങ്കേതിക സഹായങ്ങളും ധനസഹായവും നല്കൽ

i എല്ലാ വർഷവും ഓരോ കന്നുകാലി പ്രദർശനവും കന്നുകുട്ടികളുടെ പ്രദർശനവും നടത്താവുന്നതാണ്.

F മാംസോല്പാദനം

ഈ പഞ്ചായത്തിൽ അംഗീകൃത അറവുശാലകളോ മാംസ വില്പനകേന്ദ്രങ്ങളോ ഇല്ല. ഏകദേശം 1040 ആടുകളെയാണ് പ്രതിവർഷം അറവു ചെയ്യുന്നത്.

മാംസോല്പാദനവും, ഉപഭോഗവും വർദ്ധിപ്പിക്കുന്നതിന് അംഗീകൃത അറവുശാലകളും വില്പനകേന്ദ്രങ്ങളും പഞ്ചായത്തിൽ സംഘടിപ്പിക്കേണ്ടതാണ്. മാംസത്തിന്റെ ഗുണനിലവാരം ഉറപ്പു

വരുത്തുന്നതിന് Veterinary Meet Inspction നിർബന്ധമാക്കണം. മാംസോത്പാദനത്തിനു വേണ്ടി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്.

a ആടുവളർത്തൽ.

പഞ്ചായത്തിൽ ആടുവളർത്തൽ നിലവിലുണ്ട്. ആടുവളർത്തലിൽ താല്പര്യമുള്ളവർക്ക് പരിശീലനം നല്കി ശാസ്ത്രീയമായി വളർത്തി യാൽകൂടുതൽ ആദായം ലഭിക്കും. അതോടൊപ്പം തീറ്റയുടെ ലഭ്യത കൂട്ടാൻ മാർഗ്ഗങ്ങൾ ഉണ്ടാക്കണം. മാംസ വില്പനക്കായി സഹകരണ ശൃംഖലയും ശാസത്രീയ അറവുശാലയും ആവശ്യമാണ്.

b മുരിക്കുട്ടികളെയും പോത്തിൻകുട്ടികളേയും വളർത്തൽ

സാധാരണ 70 മുതൽ 90% പോത്തിൻ കുട്ടികൾ, മൂരിക്കുട്ടികൾ ചത്തു പോകാറുണ്ട്. എന്നാൽഇവയെ ശാസ്ത്രീയമായി വളർത്തിയാൽ കൂടുതൽ ആദായം ലഭിക്കും.

G കാലിത്തീറ്റ ഉല്പാദനം

സഹകരണാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷിയും, പുൽ വിപണനവും നടപ്പിലാക്കുക. പഞ്ചായത്തിൽ തന്നെ ഉല്പാദിപ്പിക്കുന്ന വൈക്കോൽ സംഭരിച്ച് സംപുഷ്ടീകരണത്തിനു ശേഷം വിപണനം ചെയ്യാൻ പദ്ധതി ആവിഷ്കരിക്കുക.

സഹകരണാടിസ്ഥാനത്തിൽ ഒരു ചെറുകിട കാലിത്തീറ്റ മിശ്രിത ഉല്പാദന യൂണിറ്റ് നിർമ്മിക്കാനുള്ള പ്രോത്സാഹനവും ശാസ്ത്രസാങ്കേതിക സഹായങ്ങളും ലഭ്യമാക്കുക.

H ബ്രോയിലർ കോഴിവളർത്തൽ

ഈ പഞ്ചായത്തിൽ നിലവിൽ ബ്രോയിലർ കോഴിവളർത്തൽ കേന്ദ്രങ്ങൾ ഇല്ല. എന്നാൽ ഏകദേശം 40000 കിലോ കോഴി ഇറച്ചി പഞ്ചായത്തിൽ പ്രതിവർഷം വില്ക്കപ്പെടുന്നുണ്ട്. സ്വയം തൊഴിൽ സാദ്ധ്യതയുള്ള ഒരു ആദായകരമായ വ്യവസായമാണ് കോഴിവളർത്തൽ. ആയതുകൊണ്ട് കോഴിവളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ വേണ്ടി സാങ്കേതിക പരിജ്ഞാനവും ധനസഹായവും നല്കി ഈ മേഖല വികസിപ്പിക്കേണ്ടതാണ്.

I മുട്ടയുല്പാദനരംഗം

പഞ്ചായത്തിൽ വില്ക്കപ്പെടുന്നമുട്ടകൾ മുഴുവനും അന്യസംസ്ഥാനങ്ങളിൽ നിന്നും വരികയാണ്. ആഭ്യന്തര ഉല്പാദനം വർദ്ധിക്കാത്തതിന്റെ മുഖ്യകാരണം വർദ്ധിച്ച പരിപാലന ചിലവും നല്ല ഇനം കോഴി കുഞ്ഞുങ്ങളെ കിട്ടുവാനുള്ള വിഷമവും ആണ് . മുട്ടകോഴി വളർത്തൽ പ്രോത് സാഹിപ്പ ിക്കുന്നത് നായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

a . Back yard poultry Scheme വിപുലമായിനടപ്പിലാക്കുക.

b. Egger നഴ്സറികൾ സ്ഥാപിക്കുക.

c. ഉല്പാദകരിൽ നിന്ന് മുട്ടശേഖരിച്ച് വിപണനം ചെയ്യുവാൻ സഹകരണാടിസ്ഥാനത്തിൽ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

d സഹായവിലയിൽ കോഴിക്കുഞ്ഞുങ്ങളും കോഴിത്തീറ്റയും നല്കി വീട്ടമ്മമാരെ കോഴിവളർത്തുന്ന തിന് പ്രോത്സാഹിപ്പിക്കുക.

J തുകൽഉൽപ്പാദനം

ഇപ്പോൾ തന്നെ ഒരു ലക്ഷത്തിൽ കൂടുതൽ രൂപ പഞ്ചായത്തിലേക്ക് ലഭിക്കുന്നുണ്ട്. അറവുശാല സ്ഥാപിച്ചാൽ കൂടുതൽ തുകൽ സംസ്ക്കരണത്തിന് സാദ്ധ്യതയുണ്ട്.

K ജൈവവളം

കൃഷിക്കാവശ്യമായ ജൈവവളമുല്പാദിപ്പിക്കുവാൻ സ്വയം തൊഴിൽ തേടുന്നവർക്ക് സാങ്കേതിക പരിശീലനവും ധനസഹായവും നല്കുക. സഹകരണാടിസ്ഥാനത്തിൽ ജൈവവള ഡിപ്പോ സ്ഥാപിക്കുക.

L ഊർജ്ജം

ബയോഗ്യാസിന്റെ ഉപയോഗംപ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ട ധനസഹായം നല്കുക.

M മൃഗശക്തി

കൃഷി നിലങ്ങൾ ഉഴുവാൻ പ്രതിവർഷം 5 ലക്ഷം രൂപ മൂല്യത്തിനുതുല്യമായ മൃഗശക്തി പഞ്ചായത്തിൽ ഉപയോഗിച്ചു വരുന്നു. മൃഗശക്തി വിനിയോഗം വർദ്ധിപ്പിക്കുവാൻ കർഷകർക്ക് കൃഷിസാമഗ്രികളും ഏറുകാളകളും വാങ്ങുവാൻ ധനസഹായം നല്കുക.

N കർഷകപരിശീലനം

മൃഗപരിപാലനത്തിൽ ആധുനിക ശാസ്ത്രസാങ്കേതിക പരിശീലനം കർഷകർക്ക് നേടിക്കൊടുക്കുവാൻ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുക.

O വന്ധ്യതാനിവാരണം

പാലുൽപ്പാദനത്തിനു ഏറ്റവും വലിയതടസ്സംകന്നു കാലികളിലെ വന്ധ്യതയാണ്. അതു നീക്കുവാൻ പ്രത്യേകചികിത്സാ സൗകര്യം നടപ്പിലാക്കുക.

P പേവിഷനിർമ്മാർജ്ജനം

വളർത്തുനായ്ക്കൾക്ക് പേവിഷബാധ നിർമ്മാജ്ജന കുത്തി വെയ്പ്നിർബന്ധമാക്കുക. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക.വളർത്തു നായ്ക്കൾക്ക് ലൈസൻസ് കർശനമായി നടപ്പാക്കുക. പഞ്ചായത്തിനെ സമ്പൂർണ്ണ പേവിഷബാധാ വിമുക്ത മേഖലയാക്കുക.

Q അറവുശാല-മാംസപരിശോധന

ഈ പഞ്ചായത്തിൽ ഒരു അറവുശാല ശാസ്ത്രീയരീതിയിൽ സ്ഥാപിക്കണം. ഗുണ നിലവാരമുള്ള മാംസലഭ്യതക്ക് വെറ്ററിനറി മാംസ പരിശോധന നിർബ്ബന്ധമാക്കണം.

R പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി.

ഉയർന്ന ജനിതഗുണമുള്ള പശുക്കുട്ടികൾക്ക് പരിചരണം നല്കി പ്രസവങ്ങൾ തമ്മിലുള്ള ഇടവേളകൾ സാദ്ധ്യമാക്കുകയും ഇതിനു ആദ്യപ്രസവം 30 മാസത്തിനുള്ളിൽ സാദ്ധ്യമാക്കുകയും ഇതിനുവേണ്ടി ഗുണ മേൻമയുള്ള കാലിത്തീറ്റ പശുകുട്ടികൾക്ക് ലഭ്യമാക്കുകയും ചെയ്യുക. പ്രതിരോധകുത്തിവെയ്പും വിരമരുന്നും യഥാസമയം നല്കുക. ഇൻഷൂറൻസ് സുരക്ഷ എല്ലാ പശുക്കൾക്കും ലഭ്യമാക്കുക.

S കന്നുകാലികളുടെ ആകസ്മിക മരണം മൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ മുഴുവനും കർഷകന് താങ്ങേണ്ടി വരുന്നു. ഒരു സമഗ്ര ഇൻഷൂറൻസ് സംവിധാനം നിലവിലില്ല. ഇൻഷൂറൻസ് പ്രീമിയമാണെങ്കിൽ വളരെ വലുതും. മാസ്റ്റർപോളിസിയോടുകൂടിയൊരു സമഗ്ര ഇൻഷൂറൻസ് പദ്ധതി പഞ്ചായത്തിൽ ഏർപ്പെടുത്തണം.

T കർഷകർക്ക് അംഗീകാരം; അവാർഡ്:

മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന കർഷകരെ ആദരിക്കുകയും മാതൃകാകർഷകരെ ആദരിക്കുകയും മാതൃകാകർഷകർക്ക് അവാർഡുകൾ ഏർപ്പെടുത്തുകയുംവേണം.

കോങ്ങാട് ഗ്രാമ പഞ്ചായത്തിലെ ജലകൃഷിസാദ്ധ്യതകൾ

കുറഞ്ഞ ചെലവിൽ കിട്ടുന്ന പോഷക പ്രാധാന്യമുള്ള മാംസ്യാഹാരംഎന്ന നിലക്കാണ് മത്സ്യകൃഷി പ്രാധാന്യമർഹിക്കുന്നത്. നമ്മുടെ പഞ്ചായത്തിലെ കുളങ്ങളിൽംശുദ്ധജല മത്സ്യകൃഷി

ചെയ്യാവുന്നതാണ്. ഇവിടെ ആവിഷ്ക്കരിക്കാൻ കഴിയുന്ന ചില ജലകൃഷി പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ശുദ്ധജല മത്സ്യകൃഷി (Fresh Water Fish Culture)
2. അലങ്കാര മത്സ്യകൃഷി (Ornamental FishCulture)

മത്സ്യകൃഷി മാതൃകകൾ

A. നാട്ടിൻ കുള(Village Pond)

പഞ്ചായത്തിലുള്ള കുളങ്ങൾ തൊഴിലില്ലാത്ത ചെറുപ്പക്കാർക്കോ വനിതകൾക്കോ മത്സ്യകൃഷിക്കായിനൽകുന്ന ഒരു പദ്ധതിയാണിത്.

B. വീട്ടു കുളം (House Pond)

വീട്ടുവളപ്പിലോ, വീടിന്റെറ പിന്നാമ്പുറത്തോ കാണുന്ന ചെറുകുളങ്ങൾ മത്സ്യ കൃഷിക്കുപയോഗിക്കുന്ന ഒരു പദ്ധതിയാണിത്. അടുക്കളയിൽ നിന്നുള്ള അവശിഷ്ടങ്ങൾ വീട്ടു കുളങ്ങളിലെത്തിച്ച് മത്സ്യകൃഷി പോഷിപ്പിക്കുവാനാകും. വീടുകളിൽ നിന്നുണ്ടാകുന്ന വിസർജ്യ വസ്തുക്കളും അഴുക്കുജലവും ജൈവ സംസ്ക്കരണ പ്രക്രിയക്ക് വിധേയമാക്കുന്ന ഒരു പദ്ധതികൂടിയാണിത്.

വ്യവസായം

ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളും ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള തൊഴിൽ കൃഷിയാണ്. കാർഷികമേഖലയിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന കാർഷികവിഭവങ്ങൾ സംസ്ക്കരിച്ച് ആധുനിക ജീവിതസാഹചര്യത്തിന് അനുയോജ്യമായ വിധത്തിലുള്ള വിഭവമാക്കിമാറ്റുന്നതിനുള്ള വിദൂരചിന്തപോലും ജനങ്ങൾക്കിടയിൽ അടുത്തകാലംവരെ വളർന്നു വന്നിട്ടില്ല. കാർഷികോൽപ്പന്നങ്ങൾ കിട്ടിയ വിലക്കുവിറ്റ് ഉപഭോഗസാധനങ്ങൾ കൂടിയവിലയ്ക്കുവാങ്ങി ഉപയോഗിക്കുന്ന രീതി ഇന്നും അനുസ്യൂതം തുടരുകയാണ്. ഉദാഹരണത്തിന് നാളികേരം കുറഞ്ഞിവിലയ്ക്ക് വിറ്റ് കൂടിയ വിലയ്ക്ക് വെളിച്ചെണ്ണവാങ്ങി ഉപയോഗിക്കുന്ന കുടുംബങ്ങൾ ഇന്നും നമ്മുടെ നാട്ടിൽ ഉണ്ട്. ഈ വസ്തുത വ്യാവസായിക കാഴ് ചപ്പ ാട് നമ്മുടെ ആളുകൾക്കിടയിൽ എത്രത്തോളം പ്രചരിപ്പ ിക്കപ്പെ ട്ടിട്ടുണ്ട് എന്നത വെളിവാക്കുന്നു. ഈ സാഹചര്യത്തിലാണ് ഇന്ന് കേരളസർക്കാർ വിഭാവനം ചെയ്യുന്ന ജനകീയ ആസൂത്രണം നമ്മുടെ പഞ്ചായത്തിൽ വ്യാവസായിക കുതിച്ച ുചാട്ടത്തിന് ഉപയുക്തമാവും വിധം വരുന്ന അഞ്ചുവർഷക്കാലം കൊണ്ട് നടപ്പ ിലാക്കേണ്ടതിന്റെ പ്രാധാന്യം ഉരുത്തിരിയുന്നത് .

ഈ പഞ്ചായത്തിലെ രേഖപ്പെടുത്താവുന്ന ഏറ്റവും പഴയ വ്യവസായം എന്നു പറയുന്നത് പരമ്പരാഗത തൊഴിലുകളാണ്. ഈറ്റ, മുള, ഓല, എന്നിവ ഉപയോഗിച്ചുകൊണ്ട് നിർമ്മിക്കുന്ന വട്ടി, കുട്ട, പരമ്പ് തുടങ്ങിയവയുടെ നിർമ്മാണം, പപ്പടനിർമ്മാണം മൺപാത്രനിർമ്മാണം കൈക്കോട്ടുനിർമ്മാണം, ഓട്ടുപാത്രനിർമ്മാണം സ്വർണാഭരണനിർമ്മണം ഇവയാണ് ഈ പഞ്ചായത്തിലെ എറ്റവും പഴയ പരമ്പരാഗത തൊഴിലുകളാണ്. ഈ മേഖലയിൽ ഓരോ ഇനം തൊഴിലെടുക്കുന്നവരെ പ്രത്യേകം, പ്രത്യേകം ജാതികളാക്കി വേർതിരിച്ചിരുന്നു. ഇവർ ഇന്നും ആ പഴയ രീതി തുടർന്നു കൊണ്ടിരിക്കുന്നു. പുതിയ വിഭാഗം ആളുകൾ ഈ മേഖലകളിലേക്ക് കടന്നു വരുന്നില്ല.

ആയുർവേദ മരുന്നുകളുടെ നിർമ്മാണവും വിപണനവും ബീഡിതെറുപ്പ് വ്യവസായം ഇവയാണ് പരമ്പരാഗത തൊഴിലുകളിലെ അല്പം ആധുനീകരിച്ച വ്യവസായങ്ങൾ. ബീഡിവ്യവസായം ഒരു പ്രത്യേക മതവിഭാഗത്തിലെ ആളുകളാണ് ചെയ്തുവരുന്നത്. വളരെ അപൂർവ്വമായി മാത്രമാണ് ഇതര വിഭാഗങ്ങളിലെ ആളുകൾ ഈ മേഖലയിലേക്ക് കടന്നുവരുന്നത്. ഒരു രീതിയിലുള്ള ആധുനിക വൽക്കരണവും ഈ മേഖലയിൽ ഉണ്ടാവുന്നില്ല. ആയുർവേദ മരുന്ന് നിർമ്മാണ വ്യവസായം ചെറിയ രീതിയിലുള്ള ആധുനികവൽക്കരണവുമായി വികസിച്ചുവരുന്നുണ്ട്.

ആധുനിക വ്യവസായമേഖലയിൽ ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട ചിലസർവ്വീസ് യൂണിറ്റുകൾ മാത്രമാണ് നിലവിലുള്ളത്. ഒരു മാതൃകാ വ്യവസായ സ്ഥാപനം എന്ന രീതിയിൽ ചൂണ്ടിക്കാണിക്കാനുള്ള ഒരു വ്യവസായ സ്ഥാപനവും ഈ പഞ്ചായത്തിൽ ഇല്ല.

പരമ്പരാഗതവ്യവസായം

1. കുടിൽ വ്യവസായം

	വിഭാഗം	വാർഡുകൾ
1.	പപ്പടനിർമ്മാണം	3,8,9
	നെയ്ത്തുപണി	4,5,10,11
	മൺപാത്രനിർമ്മാണം	9,11
	കൈക്കോട്ട് നിർമ്മാണം	3,4,7
	ഓട്ടുപാത്രനിർമ്മാണം	4
	സ്വർണ്ണാഭരണനിർമ്മാണം	4,5,8,9

2. ചെറുകിട വ്യവസായം

	വിഭാഗം	വാർഡ്
1.	ആയുർവ്വേദമരുന്ന്നിർമ്മാണം	2,5
2.	ചുണ്ണാമ്പ് ചൂള	5

ആധുനികവ്യവസായം

ക്രമ നമ്പർ	വിഭാഗം	എണ്ണം	വാർഡ്
1.	നെല്ല്കുത്ത് മിൽ	11	1,2,3,4,5,6,7,8,9,10,11
2.	എണ്ണ ആട്ടുന്ന മിൽ	3	5,8,9
3.	ധാന്യങ്ങൾ പൊടിക്കുന്ന മിൽ	6	5,7,8,9
4.	അവിൽ മിൽ	2	5,4
5.	ഈർച്ചമിൽ	4	2,5,8,7
6.	വെൽഡിംഗ് ഷോപ്പ്	4	2,8, 9
7.	ഫർണിച്ചർ യൂണിറ്റ്	4	2,8,7,9
8.	ബേക്കറി യൂണിറ്റ്	2	9, 10
9.	സോഡ	4	5, 7, 8
10.	പ്ലാസ്റ്റിക് ഉൽപ്പന്നം	1	2
11.	പ്രിൻറിങ് പ്രസ്	4	8, 9
12.	ഇലക്ട്രോണിക്സ് യൂണിറ്റ്	1	2
13.	തീപ്പെട്ടി കമ്പനി	1	5
14.	ഖാദിവസ്ത്രാലയം	2	1,2

വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി

കാലഘട്ടത്തിന്റെ അവസ്ഥക്കനുസരിച്ച് പുതിയ പുതിയ വ്യവസായസ്ഥാപനങ്ങൾ ഉണ്ടാവുന്നില്ല.

പരമ്പരാഗത വ്യവസായങ്ങളിൽ, കാലാസുസൃതമായ പരിഷ്കാരങ്ങൾ വളർന്നുവരുന്നില്ല. തൻമൂലം ഉൽപ്പന്നങ്ങൾ വിപണിയിൽ ഇല്ലാതാവുന്നു.

സുലഭമായി കാർഷികമേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന അസംസ്കൃത സാധനങ്ങൾ റബ്ബർ, നാളികേരം, നെല്ല് എന്നിവ വ്യവസായമേഖലയിൽ വേണ്ടത്ര ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

വിജയകരമായി നടപ്പാക്കാവുന്ന തൊഴിൽ സംരംഭങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ ആരംഭിച്ച തൊഴിൽ സംരംഭങ്ങൾ വിജയം കൈവരിക്കുന്നതിനാവശ്യമായ സാമൂഹികമായ പ്രചോദനത്തിന്റെ അഭാവം എന്നിവ പുതിയ വ്യവസായസംരംഭകരെ നിരുത്സാഹപ്പെടുത്തുന്നു. വൈദ്യുതിരംഗത്തെ അപ്രഖ്യാപിത കട്ടുകൾ, വോൾട്ടേജ് ക്ഷാമം കണക്ഷൻ ലഭിക്കാനുള്ള കാലതാമസം എന്നീ പ്രശ്നങ്ങൾ - സംരംഭകർ നേരിടുന്നു.

സർക്കാർ പദ്ധതികളെ സംബന്ധിച്ച അറിവില്ലായ്മ.

ഉൽപ്പന്നങ്ങൾക്ക് വിപണി ഇല്ലായ്മ പ്രാപ്പികുറവ്.

സാദ്ധ്യതകൾ

പരമ്പരാഗത വ്യവസായങ്ങളിൽ ആധുനിക പ്രവണതകൾ കൂട്ടിച്ചേർത്തുകൊണ്ട്, ഉൽപ്പന്നങ്ങൾക്ക് കാലാനുസൃതമാറ്റം വരുത്തി ദേശീയ അന്തർദേശീയ വിപണി കണ്ടെത്തി പ്രസ്തുത വ്യവസായങ്ങളെ സജീവമാക്കണം.

ഓലകൊണ്ടുള്ള :- തൊപ്പി, ഷോപ്പിങ്ങ് ബാഗ്, വൈയ്സ്റ്റ് ബാസ്ക്കറ്റ്, മറ്റ് അലങ്കാരവസ്തുക്കൾ മുതലായവ.

ഓടുകൊണ്ടുള്ള പൂപ്പാത്രങ്ങൾ, അലങ്കാരവസ്തുക്കൾ തുടങ്ങിയവ

മൺപാത്രനിർമ്മാണം:- പരിഷ്കരിച്ച പൂച്ചട്ടികൾ, കുടിവെള്ളം സൂക്ഷിക്കുന്നതിനുള്ള പാത്രങ്ങൾ അലങ്കാരവസ്തുക്കൾ എന്നിവ.

ഈ രീതിയിലുള്ള മാറ്റങ്ങൾ വരുത്തുന്നതിന് ഈ മേഖലകളിലെ വിദഗ്ദ്ധരെ കണ്ടെത്തി പഞ്ചായത്ത് തലത്തിൽ പരിശീലനക്യാമ്പ് സംഘടിപ്പിക്കണം. ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള ഇടപെടൽ ഉണ്ടാവണം.

കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടിയുള്ള സംവിധാനം ഉണ്ടാക്കണം.

വിപണന സൗകര്യത്തിനായി പഞ്ചായത്ത് തലത്തിൽ ഇവയെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കണം. ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും ഈ മേഖലകളെ രക്ഷപ്പെടുത്തണം.

ആധുനികമേഖലകൾ

കുടിൽവ്യവസായം

റബ്ബർ പാൽ ഉപയോഗിച്ചുകൊണ്ട് റബ്ബർബാൻറ്, ബലൂൺ, എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കണം. ബേക്കറിസാധനങ്ങളുടെ നിർമ്മാണം ഗുണമേൻമ വർദ്ധിപ്പിച്ചുകൊണ്ട് ആരംഭിക്കണം. ഗ്രാമീണ പലഹാരങ്ങൾ ഇന്ന് വൻകിട കമ്പനികളുടെ ബ്രാൻറിലാണ് വിപണിയിലുള്ളത്. അവയുടെ പ്രചരണത്തെ കവച്ചുവെയ്ക്കുന്ന ഗുണമേൻമ ഈ ഉൽപ്പന്നങ്ങൾക്ക് ഉണ്ടാവണം.

മെഴുകുതിരി, ചന്ദനത്തിരി എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ സംവിധാനം ഉണ്ടാക്കണം.

ചെറുകിട മേഖല

Wood lathe യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതയുണ്ട്. സർക്കാർ പദ്ധതികൾ ഉപയോഗിച്ചുകൊണ്ട് ഈ യൂണിറ്റുകൾ ആരംഭിക്കേണ്ടതുണ്ട്. വിവിധ പ്രദേശങ്ങളിലായി നാല് യൂണിറ്റുകൾക്ക് സാദ്ധ്യതയുണ്ട്.

കൊപ്രാ സംഭരണവും ഓയിൽമില്ലും:

പഞ്ചായത്തിൽ ഇപ്പോൾ കൊപ്ര സംഭരിക്കുന്നതിനുള്ള സംവിധാനം ഇല്ല. എകദേശം 700 ടിൻ വെളിച്ചെണ്ണ നമ്മുടെ പഞ്ചായത്തിൽ മാത്രം ഒരുമാസം ചിലവാകുന്നുണ്ട്. ഈ സാദ്ധ്യതപൂർണ്ണമായി ഉപയോഗപ്പെടുത്തി കർഷകരിൽ നിന്നും നാളികേരം വാങ്ങി എണ്ണയാക്കി വിൽപ്പന നടത്തുന്നതിനുവേണ്ടിയുള്ള ഒരു വ്യവസായം തുടങ്ങേണ്ടതുണ്ട്. പഞ്ചായത്തിലെ മുഴുവൻ പലചരക്കുകടക്കാരുടേയും സഹകരണം ഇതുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്തണം.

റെഡിമെയ്ഡ് വസ്ത്രനിർമ്മാണം:

എല്ലാഗ്രാമസഭകളിലും ഉന്നയിക്കപ്പെട്ട നിർദ്ദേശമാണ്. പഞ്ചായത്തിലെ വിപണിയെമാത്രം ലാക്കാക്കി ഈ വ്യവസായം ആരംഭിച്ചാൽ വിജയിപ്പിച്ചെടുക്കാൻ കഴിയില്ല. അതുകൊണ്ട് മറ്റുവിപണിയെകൂടി ആശ്രയിക്കേണ്ടുതുണ്ട്. ഈ വ്യവസായം കുടിൽ വ്യവസായങ്ങളുടെ രൂപത്തിൽ സംഘടിപ്പിച്ചാൽ പൂർണ്ണമായ ലക്ഷ്യത്തിലേക്ക് എത്തിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് പഞ്ചായത്തു തലത്തിൽ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ഒരു പൊതുവായ ബ്രാൻറ് നാമത്തിൽ ഉൽപ്പന്നത്തെ വിപണിയിൽ എത്തിക്കാൻ കഴിയണം. മാനേജ്മെൻറിനും, വിപണനമേഖലകൾ കണ്ടെത്തുന്നതിനും പ്രാപ്തരായവരെകൂടി ഉൾപ്പെടുത്തി വിപുലമായ ഒരു റെഡിമെയ്ഡ് വസ്ത്രനിർമ്മാണശാല ആരംഭിക്കണം. ഈ സ്ഥാപനത്തിൻെറ രൂപീകരിണപ്രവർത്തനത്തിന് പഞ്ചായത്ത് നേതൃത്വം നൽകണം.

ഇലക്ട്രോണിക്സ് അസംബ്ളിംങ്ങ് യൂണിറ്റ്

കഞ്ചിക്കോട് വ്യവസായ മേഖലയിലെ വൻകിട ഇലക്ട്രോണിക്സ് കമ്പനികളുമായി ബന്ധപ്പെട്ട് അവയുടെ സപ്പോർട്ടിംഗ് യൂണിറ്റുകൾ എന്നനിലയിൽ ഒരു അസംബ്ളിംഗ് യൂണിറ്റിന് സാദ്ധ്യതയുണ്ട്. ഈ ഉദ്യമത്തിലേക്കായി കഞ്ചിക്കോട് വ്യവസായമേഖലയുമായി ബന്ധപ്പെടാനുള്ള എല്ലാ സാദ്ധ്യതകളും ഉപയോഗപ്പെടുത്തണം.

റബ്ബർ അധിഷ്ഠിത വ്യവസായം

പഞ്ചായത്തിലെ ഏറ്റവും സുലഭമായ കാർഷിക അസംസ്കൃത വിഭവമാണ് റബ്ബർ, റബ്ബർ ഉപയോഗിച്ചുള്ള ഒരു വ്യവസായവും പഞ്ചായത്തിൽ ഇല്ല. വലിയ സാദ്ധ്യതകൾ ഈ മേഖലയിലുണ്ട്. റബ്ബർ ബോർഡുമായി ബന്ധപ്പെട്ട് സാദ്ധ്യതകൾ ഉപയോഗിക്കണം.

റബ്ബർ പാൽ സംഭരിച്ച് ഉന്നത ഗുണമേൻമയുള്ള റബ്ബർഷീറ്റ് നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കണം. ഒരു ഗ്രൂപ്പ് ആയി ആരംഭിക്കണം. ബാങ്കിൽ നിന്നുമുള്ള സാമ്പത്തികസഹായം ലഭ്യമാക്കണം.

ഒട്ടുപാൽ സംഭരിച്ച് ക്രംബ് റബ്ബർ ഉൽപ്പാദിപ്പിക്കുന്ന ഒരു ഫാക്ടറി ആരംഭിക്കണം ആവശ്യത്തിനുള്ള ഒട്ടുപാൽ ലഭ്യമാവും എന്ന് ഉറപ്പുവരുത്തണം. റബ്ബർബോർഡിൻെറ സഹായം ലഭ്യമാക്കണം.

ചകിരി ഉപയോഗിച്ചുള്ള വ്യവസായം

ആധുനിക സാങ്കേതിക വിദ്യയുപയോഗിച്ച് കയറുണ്ടാക്കാം.ചകിരി കൊണ്ടുള്ള അലങ്കാര വസ്തുക്കൾ, ചവിട്ടി തുടങ്ങിയ ഗൃഹോപകരണങ്ങൾ എന്നിവ ഉണ്ടാക്കുന്ന യൂണിറ്റാരംഭിക്കാം. തൊഴിൽ ചെയ്യാൻ താല്പര്യമുള്ളവർക്ക് ഉയർന്ന നിലവാരത്തിലുള്ള സാങ്കേതിക പരിശീലനം നൽകണം.

തോൽവ്യവസായം

നമ്മുടെ പഞ്ചായത്തിൽ നിന്ന് ഒരു ലക്ഷം രൂപയുടെ തോൽ കയറ്റിപ്പോകുന്നുണ്ട്. ഈ തോൽ ഉപയോഗപ്പെടുത്തി വ്യവസായങ്ങൾ ആരംഭിക്കാം.

വ്യവസായ വികസനം നക്ഷ്യമാക്കി സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കണം. വ്യവസായ കേന്ദ്രങ്ങളിലേയ്ക്ക് പഠന പര്യടനം നടത്തണം.

വിദ്യാഭ്യാസം

വിദ്യാധനം സർവ്വധനാൽ പ്രധാനം



വെർക്കോട്ട് അച്യുതപ്പണിക്കർ

വിദ്യാഭഭ്യാസം ഒരു സാമൂഹ്യ പ്രക്രിയയാണ്. സമൂഹത്തിന്റെ സർവ്വതോമുഖമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രതിബദ്ധതയുള്ള തലമുറയെ സൃഷ്ടിക്കുന്നതിനാണ് വിദ്യാഭ്യാസം. ലക്ഷ്യങ്ങൾ ഏറെ ദൂരെയാണെങ്കിലും നമ്മുടെ കേരളം മറ്റെല്ലാ സംസ്ഥാനങ്ങളേക്കാളും മുന്നിലാണ്.

ഇന്ത്യൻ ഭരണഘടനയുടെ 45-ാം വകുപ്പിലെ നിർദ്ദേശക തത്വങ്ങളിൽ ഇങ്ങനെ ഒരു വാചകമുണ്ട്."The State shall endeavour to provide within a period of ten years from the commencement of (1950) this constitution from free and compulsory education for all children until they complete the age of fourteen years" (14 വയസ്സിൽ താഴെയുള്ള മുഴുവൻ കുട്ടികൾക്കും 1960 നകം നിർബന്ധിതവും സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസം നൽകുന്നതാണ്)

ഇത് എഴുതിയിട്ട് 46 കൊല്ലങ്ങൾ കഴിഞ്ഞു. 21-ാം നൂറ്റാണ്ടിലേക്ക്, ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ നമ്മുടെ പ്രിയപ്പെട്ട രാജ്യം കടന്നു ചെല്ലുന്നത് 53 കോടി നിരക്ഷരരെയും കൊണ്ടായിരിക്കും എന്ന യാഥാർത്ഥ്യം നമ്മെ അമ്പരപ്പിക്കുന്നു.

കേരളം ഒരു കൊച്ചു തുരുത്തുപോലെ ഇക്കാര്യത്തിൽ വ്യത്യസ്തമായി നിൽക്കുന്നു സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസമെന്ന ഭരണഘടനാവാഗ്ദാനം പാലിക്കപ്പെട്ട ഏക സംസ്ഥാനമെന്ന ബഹുമതി കേരളത്തിനുണ്ട്. അഞ്ചു വയസ്സു തികഞ്ഞ ഏതാണ്ട് മുഴുവൻ വിദ്യാർത്ഥികൾക്കും നടന്നെത്താവുന്ന ദൂരത്തിൽ പ്രൈമറി സ്ക്കൂളുകളുണ്ട്. പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂളുണ്ട്. ഭൗതിക സാഹചര്യങ്ങൾ താരതമ്യേന മെച്ചപ്പെട്ടതുമാണ്. പരിശീലനം സിദ്ധിച്ച അദ്ധ്യാപകരുണ്ട്.

രാവിലെ ഏഴുമണിയാകുമ്പോഴേക്കും കേരളത്തിലെ റോഡുകൾ സജീവമാകുന്നു. 60 ലക്ഷം വിദ്യാർത്ഥികളും 20 ലക്ഷം രക്ഷിതാക്കളും 2 ലക്ഷം അദ്ധ്യാപകരും ആയിരക്കണക്കിന് ഉദ്യോഗസ്ഥരും ബന്ധപ്പെടുന്ന നമ്മുടെ വിദ്യാഭ്യാസമേഖല ഒരു മഹാസമുദ്രമാണ്. ഇതിന്റെ ആഴവും പരപ്പും കൺതുറന്നു കണ്ട് ജനകീയ സഹകരണം സമാഹരിച്ചാലേ പരിമിതികൾ പരിഹരിക്കാൻ കഴിയൂ.

നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെക്കുറിച്ച് ഒട്ടേറെ ചർച്ചകൾ പല തലങ്ങളിലും നടക്കുന്നുണ്ട്. ഗുണപരമായി ഈ മേഖലയിലുണ്ടായ വളർച്ച ഗുണപരമായി ഇല്ല എന്ന ചർച്ച ഉണ്ട്. നമ്മുടെ പ്രൈമറി സ്ക്കൂളുകളിൽ അക്ഷരമുറയ്ക്കാത്ത ഒരു വൻ നിര തന്നെയുണ്ട്. SSLC പരീക്ഷ എഴുതുന്നവരിൽ 85% പേരും നിശ്ചിതമായ പാസ്മാർക്ക് വാങ്ങുന്നില്ല എന്ന കാര്യവും നമ്മൾ ഓർക്കേണ്ടതുണ്ട്. ഗുണനിലവാരത്തിന്റെ കാര്യത്തിൽ കേരളത്തിന്റെ സ്ഥാനം പതിനെട്ട് ആണത്രെ!

കെട്ടിടങ്ങളുടെ കുറവ്, അദ്ധ്യാപകരില്ലായ്മ, പഠനോപകരണങ്ങളുടെ അപര്യാപ്തത, ഭൗതിക സാഹചര്യക്കുറവ്, പാഠവസ്തുക്കളുടെ അശാസ്ത്രീയത, സിലബസ്സിന്റെ കാഠിന്യം, അനാകർഷകമായ വിദ്യാലയാന്തരീക്ഷം, പഠനം വിരസമാക്കുന്ന സാഹചര്യങ്ങൾ, അദ്ധ്യാപകരുടെ ആത്മാർത്ഥതക്കുറവ്, രക്ഷിതാക്കളുടെ നിസ്സംഗത, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇയപെടലില്ലായ്മ, അക്കാദമിക് പരിശോധനകൾ ഇല്ലാത്ത അവസ്ഥ, പരീക്ഷകളുടെ അശാസ്ത്രീയത, അധികൃതരുടെ അവഗണന, സർക്കാരിന്റെ ചുവപ്പുനാട, പ്രാദേശിക അസമത്വം തുടങ്ങിയ നിരവധി കാര്യങ്ങൾ ഗുണനിലവാരത്തകർച്ചക്ക് ചൂണ്ടിക്കാണിക്കാനുണ്ട്.

അഖിലേന്ത്യാ തലത്തിൽ നടക്കുന്ന മത്സരപ്പരീക്ഷകളിൽ കേരളത്തിന് ശോഭിക്കാൻ കഴിയുന്നില്ല. ജീവിതം ഒരു മത്സരമാണെന്നും, ആ മത്സരത്തിനുവേണ്ടി കുട്ടിയെ ഇപ്പോഴേ ഒരുക്കണമെന്നും രക്ഷിതാക്കൾ ധരിച്ചിരിക്കുന്നു. പാഠങ്ങൾ ഹൃദിസ്ഥമാക്കലാണ് മെച്ചപ്പെട്ട വിദ്യാഭ്യാസം എന്ന് കരുതുന്നു. അതുകൊണ്ട് വിദ്യാഭ്യാസം വില്ക്കുന്ന കച്ചവടസ്ഥാപനങ്ങൾ ഗ്രാമങ്ങളിലും നഗരങ്ങളിലും വ്യാപകമായി മുളച്ചു പൊങ്ങുന്നു. പണം കൊടുത്ത് വാങ്ങേണ്ടതാണ് വിദ്യാഭ്യാസം എന്ന് ധനികരും നിർദ്ധനരും ചിന്തിക്കുന്നു. ഗൈഡ്, ട്യൂഷൻ ഓർമ്മശക്തിക്കുള്ള, മരുന്നുകൾ എല്ലാം വ്യാപകമായി അദ്ധ്യാപകരിൽ പലരും "ലേബർ ഇന്ത്യ"യുടെ ഏജൻറുമാരായിക്കഴിഞ്ഞു. ഗുണനിലവാരമെന്നത് അരിപ്പ കൊണ്ട് അരിച്ചെടുത്ത കുട്ടികളെക്കൊണ്ടുണ്ടാക്കുന്ന "നൂറുമേനി"യാണെന്ന ധാരണക്ക് ആധിപത്യം ലഭിച്ചു. പല വികസിത മുതലാളിത്ത രാജ്യങ്ങളിലും പ്രൈമറി മേഖലയിൽ മത്സരപ്പരീക്ഷകളില്ല, പരാജയങ്ങളില്ല. ഇവിടെ പ്രീപ്രൈമറി പ്രവേശനത്തിനുപോലും പരീക്ഷയിൽ ജയിക്കേണ്ട സ്ഥിതിയാണ്. രക്ഷിതാക്കൾക്ക് പരീക്ഷകരായിത്തീരുന്ന സ്ഥാപനങ്ങളുമുണ്ട്. കുട്ടിയും കുട്ടിയും തമ്മിൽ, കുട്ടിയും അദ്ധ്യാപകനും തമ്മിൽ, രക്ഷിതാവും അദ്ധ്യാപകനും തമ്മിൽ, വിദ്യാലയവും സമൂഹവും തമ്മിൽ വളർന്നു വരേണ്ട അനിവാര്യബന്ധങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നു.

ഇതിന്റെയൊക്കെ ഫലമായി അയൽപക്ക സ്ക്കൂളുകളിൽ പലതും അനാഥമായി. അനാദായകരമായി (Unecnomic) കണക്കാക്കപ്പെടുന്ന സ്ക്കൂളുകളുടെ പട്ടികയിൽ പാലക്കാട് ജില്ലയിൽ ഇപ്പോൾ 22 ഗവ. സ്ക്കൂളുകളും 19 എയ്ഡഡ് സ്ക്കൂളുകളും ഉൾപ്പെട്ടിരിക്കുന്നു.

അണു കുടുംബങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് കളിക്കാനും കൂട്ടുകൂടാനുമുള്ള കേന്ദ്രങ്ങളായിരിക്കണം പ്രീ-പ്രൈമറി വിദ്യാലയങ്ങൾ. പക്ഷേ ഇത്തരം പല വിദ്യാലയങ്ങളിലും കുട്ടികളെ I.A.S പരീക്ഷക്ക് തയ്യാറാക്കുന്ന ഗൗരവത്തിലാണ് ചിട്ടകളും വട്ടങ്ങളും.

യശ്പാൽ കമ്മിറ്റി ചൂണ്ടിക്കാണിച്ചത് പ്രീ-പ്രൈമറിയിൽ പഠിപ്പിക്കരുത് എന്നാണ്. എന്നാൽ വിദ്യാർത്ഥി പീഡനങ്ങളുടെ തുടർകഥകളാണ് പല വിദ്യാലയങ്ങളിൽ നിന്നും പ്രത്യേകിച്ച് അൺ

എയ്ഡഡ് സ്ക്കൂളുകളിൽ നിന്നും ഉയർന്നു കേൾക്കുന്നത്. ഒരു ബാങ്കിന്റെ പത്രപ്പരസ്യം ശ്രദ്ധിക്കൂ! "നിങ്ങളുടെ കുട്ടിയേയും പതിനായിരം രൂപയും ഞങ്ങളെ ഏല്പിക്കു. പത്തു കൊല്ലം കഴിഞ്ഞ് പതിനായിരം രൂപയും കുട്ടിയേയും തിരികെ നല്കാം." തിരുവനന്തപുരത്തിനടുത്തുള്ള ചെങ്കോട്ടുകോണത്തുനിന്നും ഒരു പരസ്യം 'ഒരു അൺ എയ്ഡഡ് സ്ക്കൂളിന്റേറതായിരുന്നു. അതിനിടയിൽ NB എന്ന അടയാളത്തോടെ "സിമ്മിംഗ് പൂളും" ഉണ്ടായിരിക്കുന്നതാണ് എന്ന പരസ്യവും. വർക്കലയിലെ യാസർ ഇബ്രാഹിം, തിരുവനന്തപുരത്തെ രമണീമേനോൻ, ഒലവക്കോട്ടെ അപർണ-ഇങ്ങനെ എത്രയെത്ര വിദ്യാഭ്യാസ രക്തസാക്ഷികൾ. മലയാളം പറഞ്ഞതിന് തലമൊട്ടയടിക്കൽ, ഫൈൻ ഈടാക്കൽ തുടങ്ങി എന്തെല്ലാം വൈകൃതങ്ങൾ മലയാള മണ്ണിൽ നടക്കുന്നു.

കുട്ടികൾക്ക് ആയുധപരിശീലനം നല്കി, ആയുധവും നല്കി വിദ്യാലയങ്ങളിലേക്ക് അയയ്ക്കുന്ന പ്രവണതകളും ഉണ്ട്. ജനാധിപത്യ രീതിയിൽ നടക്കേണ്ട സംഘടനാ പ്രക്ഷോഭങ്ങൾക്കപ്പുറം അക്രമവാസനകളെ പ്രോത്സാഹിപ്പിക്കുന്ന വിധ്വംസക ശക്തികളും സജീവമാണ്.

കച്ചവടക്കണ്ണോടെ വിദ്യാഭ്യാസത്തെ നോക്കിക്കാണുന്നവരുണ്ട്. അതിന്റെ ഫലമായി വിദ്യാഭ്യാസം വിദ്യാ-ആഭാസമായി മാറിത്തുടങ്ങി. സേവന മേഖലകൾക്കപ്പുറം വ്യാപാര മേഖലയായി ഈ രംഗം മാറിത്തുടങ്ങിയോ എന്ന് പരിശോധിക്കണം.

"നമുക്ക് വേണ്ടത് ദേവാലയങ്ങളല്ല, വിദ്യാലയങ്ങളാണ്" എന്ന് ശ്രീ നാരായണഗുരു നമ്മെ ഉപദേശിച്ചു. "വിദ്യ കൊണ്ട് പ്രബുദ്ധരാകുക സംഘടനകൊണ്ട് ശക്തരാകുക" അദ്ദേഹത്തിന്റെ വാക്കുകളാണിവ. സാമൂഹ്യ പരിഷ്ക്കർത്താക്കളുടെ പ്രവർത്തനം, ഭൂപരിഷ്ക്കരണം, രാഷ്ട്രീയ സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങൾ-ഇതെല്ലാമാണ് നമ്മളെ നമ്മളാക്കിയത്.

നമ്മുടെ പഞ്ചായത്തിൽ

താരതമ്യേന മെച്ചപ്പെട്ട നിലവാരം പുലർത്തുന്ന പഞ്ചായത്ത് ആണ് നമ്മുടേത്. വടക്കേ പിഷാരത്ത് എം.പി. മിനി സംസ്കൃതം പരീക്ഷയിൽ സംസ്ഥാന ലവലിൽ റാങ്കുകൾ കരസ്ഥമാക്കിയിട്ടുണ്ട്. പാറശ്ശേരി തച്ചങ്ങാടം ടി.നിർമ്മലയും എം.എ. സംസ്കൃതം പരീക്ഷയിൽ രണ്ടാ റാങ്ക് നേടിയിട്ടുണ്ട്. കോങ്ങാടം പിഷാരത്ത് ശശികുമാർ (ISRO)സ്പേസ് എൻജിനീയറിംഗിൽ ഓക്സ്ഫോർഡിൽ ഗവേഷണം നടത്തുന്നു.

ശ്രീമാൻ വെർക്കോട്ട് അച്യുതപ്പണിക്കർ ആണ് കോങ്ങാട് പഞ്ചായത്തിൽ പൊതു വിദ്യാഭ്യാസത്തിന് തുടക്കമിട്ടത്. 1885-90 കാലഘട്ടത്തിൽ അതാണ് കോങ്ങാട് ഗവ. യു.പി. സ്ക്കൂൾ. പെരിങ്ങോട് ബേസിക് യു.പി. സ്ക്കൂളിന് 75 വയസ്സിലധികം പ്രായമായി. 18 ദിവസം കൊണ്ട് പണി നടത്തിയ KPRP ഹൈസ്ക്കൂൾ (കോട്ടപ്പടി രാവുണ്ണിപ്പണിക്കർ) 1951 ൽ ആരംഭിച്ചു.

ഒരു ഹൈസ്ക്കൂൾ, 2 യു.പി. സ്ക്കൂളുകൾ, 9 എൽ.പി. സ്ക്കൂളുകൾ, 3 അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ എന്നിവയാണ് നമ്മുടെ പഞ്ചായത്തിലുള്ള വിദ്യാലയങ്ങൾ. 12 പൊതു വിദ്യാലയങ്ങളിലായി 4998 (2507+2491) കുട്ടികൾ പഠിക്കുന്നുണ്ട്. 3 അൺ എയ്ഡഡ് സ്ക്കൂളുകളിലായി 423 കുട്ടികളുണ്ട്(241+182) ഇവയിൽ ഹരിജൻ കുട്ടികൾ നാമമാത്രമാണ്. പൊതു വിദ്യാലയങ്ങളിൽ 970(482+488) ഹരിജൻ കുട്ടികളുണ്ട്. ഇതിൽ 148(82+66) പേർ തോറ്റു പഠിക്കുന്നവരാണ്.. മറ്റു വിഭാഗങ്ങളിൽപ്പെട്ട 270 പേർ (174+96) തോറ്റു പഠിക്കുന്നുണ്ട്.

L.P. വിഭാഗത്തിൽ 2015(1038+977) കുട്ടികൾ പഠിക്കുന്നുണ്ട്. UP വിഭാഗത്തിൽ 1633(833+800) കുട്ടികളും H.S. വിഭാഗത്തിൽ 1462(692+770) കുട്ടികളും ഉണ്ട്. 3 അൺ എയ്ഡഡ് സ്ക്കൂളുകളിലായി LP വിഭാഗത്തിൽ 225(132+93) കുട്ടികളും V, VI ക്ലാസ്സുകളിലായി 16 (10+6) കുട്ടികളും LKG യിൽ 92 (52+40) പേരും UKG യിൽ 74(39+35) പേരും പഠിക്കുന്നു.

ക്രമ നമ്പർ	വിദ്യാലയം	സ്വഭാവം	കുട്ടികൾ			എസ്. സി			തോറ്റു പഠിക്കുന്ന എസ്. സി			തോറ്റു പഠിക്കുന്ന മറ്റുള്ളവർ			അദ്ധ്യാപകർ			എൻ ടി എസ്
1	KPRPHS, Kongad	Aided	1051	1108	2159	195	225	420	45	48	93	53	39	92	17	51	68	7+0
2	GUPS, Kongad	Govt.	582	570	1152	91	91	182	14	7	21	68	24	92	10	24	34	1+0
3	Basic UPS, Parassery	Aided	310	298	608	47	55	102	6	8	14	25	15	40	10	11	21	1+0
4	GLPS, Mararkulam	Govt.	108	78	186	21	12	33	2	0	2	4	4	8	2	4	6	1+0
5	AJBS Muchiri	Aided	66	58	124	26	25	51	3	2	5	3	0	3	3	1	4	-
6	GLPS, Cheraya	Govt.	66	56	122	16	10	26	2	1	3	1	3	4	2	2	4	1+0
7	AJBS, Manikkassery	Aided	57	65	122	17	17	34	-	-	-	6	2	8	0	4	4	-
8	ALPS, Thrippalamunda	Aided	50	65	115	9	9	18	1	0	1	4	3	7	1	3	4	-
9	NLVAJBS, Kolpadam	Aided	58	51	109	20	17	37	4	0	4	4	2	6	0	4	4	-
10	ALPS, Kunduvampadam	Aided	53	54	107	5	4	9	0	1	1	4	1	5	2	2	4	-
11	GLPS, Cheraya East	Govt.	52	53	105	18	13	31	4	0	4	0	2	2	2	2	4	0+1
12	GLPS, Poothankode	Govt.	54	35	89	17	10	27	1	0	1	2	1	3	1	3	4	1+0
			2507	2491	4998	482	488	970	82	67	149	174	96	270	50	111	161	12+2
13	KPRP, English Medium	Un Aided	133	93	226	1	1	2							0	8	8	0+1
14	St. Pauls "	Un Aided	100	81	181										0	9	9	0+2
15	Anachilly "	Un Aided													0	11	1	0+1

ആകെ 161 (50+111) അദ്ധ്യാപകരുണ്ട്. 15 Non-Teaching Staff ഉം ഉണ്ട്. ഹരിജൻ അദ്ധ്യാപകർ ആകെ 2 പേർ (1+1) NTS ൽ ഒരു ഹരിജനേയുള്ളു. നമ്മുടെ പൊതു വിദ്യാലയങ്ങളിൽ KPRPHS കോങ്ങാട്, ബേസിക് യു.പി. സ്ക്കൂൾ പെരിങ്ങോട്, GLPS മാരാർകുളം എന്നിവ ഒഴികെയുള്ളവയിൽ 125 ൽ താഴെയാണ് കുട്ടികൾ. GLPXS പൂതംകോട്, NLVAJBS കോൽപ്പാടം എന്നിവ സർക്കാരിന്റെ അൺ എക്ണോമിക് ലിസ്റ്റിൽ വന്നു കഴിഞ്ഞു. മറ്റുള്ളവ അൺ എക്ണോമിക് ആകുന്ന കാലം 20-ാം നൂറ്റാണ്ടിൽ തന്നെ ആയിരിക്കാൻ ഇടയുണ്ട്.

1. **ALPS, കുണ്ടുവംപാടം** - എയ്ഡഡ് സ്ക്കൂൾ, 107 കുട്ടികളും 4 അദ്ധ്യാപകരും. സ്ഥലം 75 സെൻറ്. PTA മാതൃസംഗമം എന്നിവ പ്രവർത്തിക്കുന്നു. പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു. യൂണിഫോറം ഏർപ്പെടുത്തിയിട്ടുണ്ട്. കളിസ്ഥലമുണ്ട്. കക്കൂസില്ല. വാർഷികം നടത്തുന്ന പതിവില്ല. ഉച്ചഭക്ഷണ പരിപാടി ഉണ്ട്. ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്നു. UP,HS വിദ്യാഭ്യാസത്തിന് കൂടുതൽ ദൂരം പോകണം. കുണ്ടുവംപാടം ALP സ്ക്കൂൾ ഗ്രാമീണാന്തരീക്ഷത്തിൽ ചിട്ടയോടെ പ്രവർത്തിക്കുന്നു. മാനേജർ- കള്ളിക്കീഴായിൽ ഗോപാലകൃഷ്ണൻ. ഹെഡ് മിസ്ട്രസ്സ് പി. ദേവകിക്കുട്ടി.

2. **ALPS തൃപ്പലമൂണ** - മൂന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന എയ്ഡഡ് സ്ക്കൂൾ. 1940 ൽ ആരംഭിച്ചു. സ്ഥലം 60 സെൻറ്. 115 കുട്ടികളും 4 അദ്ധ്യാപകരും. അറബിക് അദ്ധ്യാപിക പ്രൊട്ടക്ഷനിലാണ്. ഉച്ചഭക്ഷണം നല്കുന്നുണ്ട്. PTA യും മാതൃസംഗമവും ഉണ്ട്. പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലെ പങ്കാളിത്തം തൃപ്തികരമല്ല. വാർഷികം നടത്താറില്ല. ധാരാളം സ്ഥലമുണ്ട്. മുൻ ഹെഡ് മാസ്റ്ററുമായി ബന്ധപ്പെട്ട കേസ് നില നില്ക്കുന്നു. മാനേജർ സി.കെ. അമ്മിണിക്കുട്ടി. ഹെഡ് മിസ്ട്രസ്സ് പി. സതി.

3. **GLPS ചെറായ**- വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 4-ാം വാർഡിലാണ് 90 സെൻറ് സ്ഥലമുണ്ട്. 122 കുട്ടികളും 4 അദ്ധ്യാപകരും ഒരു PTCM ഉം ഉണ്ട്. PTA മാതൃസംഗമം ഇവ സജീവം. ഇക്കൊല്ലം ഒരു ഡിവിഷൻ നഷ്ടപ്പെട്ടു. ധാരാളം സ്ഥലം. ചുറ്റുമതിലും തണൽ മരങ്ങളും ഇല്ല. ഫർണിച്ചറുണ്ട്. ഉച്ചഭക്ഷണമുണ്ട്. നാട്ടുകാരുടെ സഹകരണം ഉണ്ട്. വാർഷികം നടത്താറുണ്ട്. പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ നാമമാത്രമായ പങ്കാളിത്തം. കെട്ടിടം ഉടമസ്ഥൻ - നാരായണൻ കുട്ടി നായർ

ഹെഡ് മിസ്ട്രസ് - പി. ലക്ഷ്മി.

4 **GLPS ചെറായ ഈസ്റ്റ്** - ദീർഘകാലം ഹെഡ്മാസ്റ്ററായിരുന്ന വീണ്ടേക്കളം ബാലകൃഷ്ണൻ മാസ്റ്റർ സ്വന്തം ചെലവിൽ കെട്ടി മേഞ്ഞ് സംരക്ഷിച്ചിരുന്ന വിദ്യാലയം. 1956 ലാണ് തുടക്കം. 7-ാം വാർഡിലാണ്. 78 സെൻറ് സ്ഥലം സർക്കാർ ഏറ്റെടുത്തു കെട്ടിടവും മറ്റു പല സൗകര്യങ്ങളുമായി. 105 കുട്ടികളും 4 അദ്ധ്യാപകരും ഒരു PTCM ഉം ഉണ്ട്. ഒരു അദ്ധ്യാപിക EE hand. PTA യും മാതൃസംഗമവും സജീവം. ഉച്ചഭക്ഷണം മുടങ്ങാറില്ല. പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലെ പങ്കാളിത്തം ആശാവഹമല്ല. ഫർണീച്ചർ ഉണ്ട്. കളി സ്ഥലമില്ല. ഹെഡ്മിസ്ട്രസ് - എ. ദേവയാനി.

5. **AJBS മണിക്കശ്ശേരി** - 6-ാം വാർഡിലാണ്. 122 കുട്ടികളും 4 അദ്ധ്യാപികമാരും. 75 സെൻറ് സ്ഥലം. PTA ഉണ്ട്. പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉണ്ടെന്നുപറയാം. ഉച്ചക്കഞ്ഞിയുണ്ട്. യൂണിഫോറം ഉണ്ട്. കളിസ്ഥലത്തിന്റെ അപര്യാപ്തതയുണ്ട്.

മാനേജർ - പി.വി. രവീന്ദ്രനാഥകുറുപ്പ്

ഹെഡ്മിസ്ട്രസ് - പി. എസ്. റോസമ്മ.

6. NLVAJBS കോൽപ്പാടം - 6-ാം വാർഡിലാണ്. 109 കുട്ടികളും 4 അദ്ധ്യാപികമാരും. 60 സെൻറ് സ്ഥലമുണ്ട്. അറബിക് അദ്ധ്യാപകൻ പ്രൊട്ടക്ഷനിലാണ്. കുട്ടികൾ 100 ൽ താഴെ എന്ന കാരണത്താൽ അൺ എക്ണോമിക് ആക്കപ്പെട്ട വിദ്യാലയം. ഇതിൽ നിന്ന് കരകയറാൻ

അദ്ധ്യാപകരും PTA യും നാട്ടുകാരും കാര്യമായ ശ്രമം നടത്തിയിട്ടുണ്ട്. ജോലി നഷ്ടപ്പെട്ട ജൂനിയർ അദ്ധ്യാപിക അടുത്ത കാലത്തിറങ്ങിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടരുന്നു. PTA മാതൃസംഗമം ഇവ ഉണ്ട്. ഉച്ചഭക്ഷണം ബുദ്ധിമുട്ടി നടത്തുന്നു. പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ നാമമാത്രമായ പങ്കാളിത്തം. കളിസ്ഥലം ഇല്ല. പഠനയാത്ര നടത്താറുണ്ട്.

മാനേജർ - ലക്ഷ്മിക്കുട്ടിയമ്മ

ഹെഡ്മിസ്ട്രസ് - ബി. ലക്ഷ്മിക്കുട്ടിയമ്മ

7. GLPS പൂതംകോട് - 10-ാം വാർഡിൽ 1956 ലാണ് തുടക്കം. 72 സെൻറ് സ്ഥലമുണ്ട്. 89 കുട്ടികളും 4 അദ്ധ്യാപകരും, ഒരു PTCN ഉം (2 പേർ EE Hands)അൺ എക്ണോമിക് ലിസ്റ്റിൽ പെട്ടിട്ടുണ്ട്. സർക്കാർ നയത്തിൽ വന്ന മാറ്റത്തിന്റെ ഫലമായി ഇപ്പോൾ 4 അദ്ധ്യാപകരും സേവനം നടത്തുന്നു. സ്ഥിരമായി അദ്ധ്യാപകരില്ലാത്തതിനാൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു. PTA, മാതൃസംഗമം സജീവം. ഉച്ചഭക്ഷണം ഉണ്ട്. പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ മതിയായ പങ്കാളിത്തമില്ല. നല്ല വിദ്യാലയാന്തരീക്ഷം. നാട്ടുകാരുടെ നിർലോഭമായ സഹകരണത്തെ പുതിയ ഹെഡ്മാസ്റ്റർ ഭംഗിയായി ഉപയോഗപ്പെടുത്തുന്നു. പല മാറ്റങ്ങളും ഇവിടെ വന്നു കഴിഞ്ഞു.

കെട്ടിടം ഉടമസ്ഥൻ - ടി.പി. ജാനകി അമ്മ

ഹെഡ്മാസ്റ്റർ - കെ. നാരായണൻ കുട്ടി.

8. **AJBS മുച്ചീരി** - 11-ാം വാർഡിലാണ്. 124 കുട്ടികളും 4 അദ്ധ്യാപകരും സ്ഥലം 32 സെൻറ്. അറബിക് അദ്ധ്യാപകൻ പ്രൊട്ടക്ഷനിലാണ്. PTA മാതൃസംഗമം തൃപ്തികരമല്ല. ഉച്ചഭക്ഷണം മുടങ്ങാറുണ്ട്. രണ്ടു കെട്ടിടങ്ങൾ ഉള്ളതിൽ ഒരു കെട്ടിടത്തിൽ മാത്രമായി 4 ക്ലാസ്സുകളും പ്രവർത്തിക്കുന്നു. കളിസ്ഥലമില്ല. പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ പങ്കാളിത്തമുണ്ട്. അദ്ധ്യാപകർ അകലെ താമസിക്കുന്നവരാണ്.

മാനേജർ - ഗോവിന്ദൻ കുട്ടി നായർ

ഹെഡ്മാസ്റ്റർ - കെ. രാജപ്പൻ

9. **GLPS മാരാർകുളം**- 5-ാം വാർഡിലാണ്. 1956 ൽ ആരംഭിച്ചു. 82 സെൻറ് സ്ഥലം. 186 കുട്ടികളും അറബിക് അദ്ധ്യാപകനടക്കം 6 പേരും ഉണ്ട്. ഒരു PTCMഉണ്ട്. വാടക കെട്ടിടമാണ്. സ്ഥല സൗകര്യമില്ല. കക്കൂസ്, മൂത്രപ്പുര എന്നിവ ഇല്ല. കളിസ്ഥലമില്ല. ഫർണീച്ചർ ഉണ്ട്. ഉച്ചഭക്ഷണമുണ്ട്. വാർഷികം നടത്തുന്ന പതിവുണ്ട്.

കെട്ടിടം ഉടമസ്ഥൻ - ഗോപിനാഥൻ, തോണിക്കര

ഹെഡ് മിസ്ട്രസ് - ടി. അന്നപൂർണ്ണേശ്വരി

10. **ബേസിക് യു.പി. സ്ക്കൂൾ, പെരിങ്ങോട്**- 2-ാം വാർഡിലാണ്. 608 കുട്ടികളുണ്ട്. 21 അദ്ധ്യാപകരും ഒരു പ്യൂണും ഉണ്ട്. 2 ഏക്കർ 20 സെൻറ് സ്ഥലം. സ്ഥല സൗകര്യമുണ്ട്. ക്ലാസ്സുകൾ മിക്കവയും ഹാളുകളിലാണ്. കളിസ്ഥലം നിരപ്പല്ല. വാട്ടർ അതോറിറ്റിക്ക് മാസം 60 രൂപ വീതം കൊടുത്ത് കുടിവെള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഉച്ചഭക്ഷണം നല്കാറുണ്ട്. പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ പങ്കെടുക്കാറുണ്ട്. PTA സജീവമാണെങ്കിലും മാതൃസംഗമം തൃപ്തികരമല്ല. പൂർവ്വ വിദ്യാർത്ഥികൾ 2 മുറികളും വാട്ടർ ടാങ്കും നിർമ്മിച്ചിട്ടുണ്ട്. എയ്ഡഡ് സ്ക്കൂളാണ്. പ്ലാറ്റിനം ജൂബിലി കഴിഞ്ഞ വർഷം വിപുലമായി ആഘോഷിച്ചു. യൂണിഫോറം ഉണ്ട്. വൈദ്യുതി സൗകര്യം ഉണ്ട്.

മാനേജർ പി. എം. ഭാർഗ്ഗവി

ഹെഡ്മാസ്റ്റർ - പി. ഉണ്ണികൃഷ്ണൻ

11. GUPS കോങ്ങാട് - 1885 - 90 ൽ സ്ഥാപിക്കപ്പെട്ട പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. ഒരേക്കർ ഒരു സെൻറ് സ്ഥലം. 9-ാം വാർഡിലാണ്. 1152 കുട്ടികളും 34 അദ്ധ്യാപകരും ഒരു പ്യൂണും ഉണ്ട്. കോങ്ങാട് ടൗണിൻെറ ഹൃദയഭാഗത്താണ്. തിങ്കളാഴ്ച അവധിയുള്ള(കന്നുകാലിച്ചന്ത കാരണം) കേരളത്തിലെ ഏക വിദ്യാഭ്യാസ സ്ഥാപനമായിരിക്കും ഇത്. സ്ഥല സൗകര്യം കുറവ്. ഫർണീച്ചർ വേണ്ടത്ര ഇല്ല. കക്കൂസും മൂത്രപ്പുരയും ഉണ്ട്. പൂപ്പുള്ളി കുട്ടികൃഷ്ണൻെറ സ്മാരകമായി മക്കൾ പി.കെ. കണ്ടുണ്ണി, പി.കെ. ഗോപാലകൃഷ്ണൻ, പി.കെ. രാമചന്ദ്രൻ, പി.കെ. നാരായണൻ എന്നിവർ ശുദ്ധജല വിതരണ പദ്ധതി സ്ക്കൂളിൽ നടപ്പിലാക്കി. PTA മാതൃസംഗമം ഇവ സജീവം. പറളി ഉപജില്ലയിലെ മികച്ച വിദ്യാലയം. നല്ല പാരമ്പര്യവുമുണ്ട്. ഈ വിദ്യാലയത്തിൽ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. മുള്ളത്ത് കൃഷ്ണൻ നായർ ദേശീയ അദ്ധ്യാപക അവാർഡ് നേടിയിട്ടുണ്ട്. ഉച്ചഭക്ഷണം മുടങ്ങാറില്ല. യൂണിഫോറം നിർബന്ധമാക്കിയിട്ടുണ്ട്. (3 ദിവസങ്ങളിൽ) ഇതിലേക്ക് പതി നായിരത്തിലധികം രൂപയുടെ യൂണിഫോറം വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും സംഘടിപ്പിച്ചിട്ടുണ്ട്. പാഠ്യാനു ബന്ധപ്രവർത്തനങ്ങളിൽ മികച്ച പ്രകടനം കാഴ്ച വെക്കാറുണ്ട്. ശാസ്ത്ര പ്രദർശനത്തിൽ പല വർഷങ്ങളിലും സംസ്ഥാന തലം വരെ എത്താറുണ്ട്. വൈദ്യുതി സൗകര്യം ഉണ്ട്. ഫോണും മൈക്കു സെറ്റും സ്വന്തമായി ഉണ്ട്. 5, 7 ക്ലാസ്സുകളിലെ പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് സായാഹ്ന ക്ലാസ്സുകൾ നടത്തി വരുന്നു. നാട്ടുകാരുടെ സഹകരണത്തോടെ ധാരാളം എൻഡോവ്മെൻറുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. 1990 ഫെബ്രുവരി 25, 26 തീയതികളിൽ എം.പി. ഗോപാലകൃഷ്ണ പിഷാരടി ഹെഡ്മാസ്റ്ററായിരിക്കെ വിപുലമായി നൂറാം വാർഷികം ആഘോഷിക്കുകയുണ്ടായി. പഠന യാത്രകളും വാർഷികങ്ങളും സംഘടിപ്പിക്കാറുണ്ട്. കോംപ്ലക്സ് ലവലിലുള്ള കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഈ വിദ്യാലയത്തിൽ പ്രവർത്തിച്ചു വരുന്നു. വിദ്യാലയാന്തരീക്ഷം ആകർഷകമാക്കാൻ ശ്രമിച്ചിട്ടുണ്ട്. സഞ്ചയിക വിജയിപ്പിച്ചതിൻെറ ഫലമായി ബചത് സ്ക്കൂളായിട്ടുണ്ട്. അടുത്ത വർഷം പ്രീ-പ്രൈമറി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.



ശ്രീ. മുള്ളത്ത് കൃഷ്ണൻ നായർ

ഹെഡ്മാസ്റ്റർ - പി.ആർ. രാമചന്ദ്രൻ

12. KPRPHS കോങ്ങാട്- പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ. 7-ാം വാർഡിലാണ്. 2159 കുട്ടികളും 68 അദ്ധ്യാപകരും 7 NTS ഉം ഉണ്ട്. പറളി ഉപജില്ലയിൽ SSLCക്ക് ഏറ്റവും കൂടുതൽ റിസൾട്ട് ഉണ്ടാക്കിയിട്ടുള്ള വിദ്യാലയം. സ്ഥലസൗകര്യം ഉണ്ട്. ഫർണീച്ചർ അത്യാവശ്യത്തിനുമാത്രം. പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്താൽ കളിസ്ഥലം ചുരുങ്ങിപ്പോയി. ലാബറട്ടറി സജീവമായി പ്രവർത്തിക്കുന്നു. PTA മാതൃസംഗമം എന്നിവ സജീവം. സ്ക്കൂൾ സൊസൈറ്റി സജീവമാണ്. പഠനയാത്രകൾ സംഘടിപ്പിക്കാറുണ്ട്. ഉച്ചഭക്ഷണം മുടങ്ങാതെ നല്കുന്നു. കലോത്സവങ്ങളിൽ സജീവമായി പങ്കെടുത്ത് മികച്ച വിജയങ്ങൾ കൈവരിച്ചിട്ടുണ്ട്. എല്ലാ വിദ്യാർത്ഥി സംഘടനകളും പ്രവർത്തിക്കുന്നു. വിദ്യാർത്ഥി സമരങ്ങൾ ഉണ്ടാകാറുണ്ട്. എല്ലാദിവസവും യൂണിഫോറം നിർബ്ബന്ധമാക്കിയിട്ടുണ്ട്. വാർഷികം നടത്താറില്ല. എൻഡോവ്മെൻറ് ധാരാളം ഉണ്ട്.

1951-ൽ 18 ദിവസം കൊണ്ടാണ് ഈ വിദ്യാലയം ശ്രീ. ചിന്നക്കുട്ടൻ നായർ നിർമ്മിച്ചത്. 1970 ൽ നാട്ടുകാർ ശ്രീ. എ.എം. ചിന്നക്കുട്ടൻ നായരുടെ ഓർമ്മക്കായി 6 മുറികളുള്ള നല്ല കെട്ടിടം നിർമ്മിച്ചു. പഞ്ചായത്തിൻെറയും നാട്ടുകാരുടേയും സഹായത്തോടെ കുടിവെള്ള പ്രശ്നം പരിഹരിക്കാനും

കഴിഞ്ഞിട്ടുണ്ട്. പഠന നിലവാരവും SSLC റിസൾട്ടും മെച്ചപ്പെടുത്തുന്നതിനുള്ള ചർച്ചകളും തീരുമാനങ്ങളും എടുത്തിട്ടുണ്ട്.

NCC യൂണിറ്റും കാർഷിക ക്ലബ്ബുകളും ഉണ്ട്.

ഒരു ഡിവിഷൻ ഇംഗ്ലീഷ് മീഡിയം ആക്കിയിട്ടുണ്ട്.

മാനേജർ - പി.വി. രവീന്ദ്രനാഥ കുറുപ്പ്

ഹെഡ്മാസ്റ്റർ - കെ.ആർ. നാരായണൻകുട്ടി നമ്പീശൻ

അൺഎയ്ഡഡ്അൺറക്കഗ്നൈസ്ഡ് സ്ക്കൂളുകൾ

1. KPRP ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ സർക്കാർ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നു. LKG മുതൽ നാലാംതരം വരെ 226(133+93)കുട്ടികൾ പഠിക്കുന്നു. ഹരിജൻ കുട്ടികൾ നാമമാത്രം. 8 അദ്ധ്യാപികമാരുംഒരു ആയയും ഉണ്ട്. BEd കഴിഞ്ഞ റിട്ടയേർഡ് ടീച്ചറാണ് പ്രിൻസിപഞപൽ. അദ്ധ്യാപകരിൽ നിർദ്ദിഷ്ട യോഗ്യർയുള്ളവർ 2 പേർമാത്രം. 3 പേർ ഗ്രാജുവെറ്റും 3 പേർ PDC യും 2 പേർ SSLCയുമാണ്. LKG മുതൽ ഇംഗ്ലീഷ് മീഡിയമാണ്. പൊതു വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ മക്കളും ഇവിടെ പഠിക്കുന്നുണ്ട്. ഇവിടെ പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കളിൽ നിന്ന് ഈടാക്കുന്ന ഫീസിന്റെ വിവരവും അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകളും സംബന്ധിച്ച വിവരങ്ങളും പൂർണ്ണമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഒരു വിദ്യാലയത്തിനുവേണ്ട സൗകര്യങ്ങൾ ഇവിടെ ഇല്ല.

   മാനേജർ - പി.വി. രവീന്ദ്രനാഥക്കുറുപ്പ്

   പ്രിൻസിപ്പാൾ - വി. രാജലക്ഷ്മി.

2. സെൻറ് പോൾസ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നു. സൗകര്യങ്ങൾ വളരെ കുറവാണ്. LKG മുതൽ 6-ാം തരം കൂടി ഉണ്ട്. ആകെ 181 കുട്ടികൾ. 9 അദ്ധ്യാപികമാരും 2 ആയമാരും. ഹരിജന പ്രാതിനിധ്യമില്ല. ഒരദ്ധ്യാപിക BEd ആണ്. മറ്റുള്ളവരിൽ ഒരാൾ നഴ്സറി പരിശീലനം കഴിഞ്ഞതും. 7 പേർ ഗ്രാജുവെറ്റ് ആണ്. കുട്ടികളുടെ ഫീസും അദ്ധ്യാപകരുടെ ശമ്പളവും അറിയാൻ കഴിഞ്ഞിട്ടില്ല.

   മാനേജർ - എം. ചെന്താമരാക്ഷൻ

   പ്രിൻസിപ്പാൾ - കെ. ഉഷ

3. ആനച്ചില്ലി ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ പെരിങ്ങോട് ഒരു തടിമില്ലിനോട് ചേർന്ന് കഴിഞ്ഞ കൊല്ലം ആരംഭിച്ചു. LKGമാത്രമെയുള്ളൂ. 16 കുട്ടികളും ഒരു ടീച്ചറും ഒരു ആയയും. വിദ്യാലയത്തിന് യോജിച്ച സൗകര്യവും അന്തരീക്ഷവും ഇല്ല.

അൺ എയ്ഡഡ് സ്ക്കൂളുകളിലെ കുട്ടികൾ

	LKG	UKG	I	II	II	IV	V	VI
KPRPഇംഗ്ലീഷ് മീഡിയം സ്ക്കൂൾ	35+26	26+19	24+16	19+13	17+13	12+6	-	-
സെൻറ് പോൾസ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ	17+14	13+16	19+13	17+10	10+12	14+10	6+6	4+0
ആനച്ചില്ലി ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ	8+8							

കോങ്ങാട് ഗവ. യു.പി. സ്ക്കൂളിലെ ഒന്നാംതരം മുതലുള്ള ക്ലാസ്സുകളിൽ ഡിവിഷനുകൾ കുറയുന്നതിന്റെ ഒരു ഘടകം മേൽകൊടുത്ത വിദ്യാലയങ്ങളാണെന്നു കാണാം. പൊതു വിദ്യാലയങ്ങളെ അൺ എക്ണോമിക് ആക്കുന്നതിൽ ഇവയ്ക്ക് പങ്കുണ്ട്. അദ്ധ്യാപകരുടെയും നാട്ടുകാരുടെയും കൂട്ടായ്മയിലൂടെ മാത്രമെ പൊതു വിദ്യാലയങ്ങളെ ആകർഷകമാക്കി അൺ എയ്ഡഡ് സ്ക്കൂളുകളെ അൺ എക്ണോമിക് ആക്കി മാറ്റാൻ കഴിയുകയുള്ളു.


എഴക്കാട്, കുന്നപ്പുള്ളിക്കാവ്, ലേബർ സ്ക്കൂൾ പരിസരം, കുണ്ടളശ്ശേരി തുടങ്ങിയ മറ്റു പഞ്ചായത്തു പ്രദേശങ്ങളിൽ നിന്ന് KPRPHS ലേക്ക് കുട്ടികൾ വന്നു പഠിക്കുന്നുണ്ട്. കോങ്ങാട് GUPSലേക്ക് കുണ്ടളശ്ശേരി ഭാഗത്തുനിന്നും കുട്ടികൾ വരുന്നുണ്ട്. കടമ്പഴിപ്പുറം ഹൈസ്ക്കൂൾ പുലാപ്പറ്റ MNKMGHS കരിമ്പ GHSഎന്നിവിടങ്ങളിലേക്ക് കുട്ടികൾ പോകുന്നുണ്ട്. ദൂരക്കുറവാണ് കാരണം. താരതമ്യപ്പെടുത്തുമ്പോൾ വരവാണ് കൂടുതൽ.

പത്തിരിപ്പാല സെൻട്രൽ സ്ക്കൂൾ, ഒലവക്കോട് റെയിൽവെ ഹൈസ്ക്കൂൾ, സെൻറ് തോമസ്, കല്ലേക്കാട് വ്യാസ വിദ്യാ പീഠം തുടങ്ങിയ ദൂര സ്ഥലങ്ങളിലേക്കും മികച്ച വിദ്യയന്വേഷിച്ച് പോകുന്നവരുണ്ട്.

കോങ്ങാട് ടൗണിലുള്ള പ്രതിഭ, ചല്ലിക്കലുള്ള വിജയഗിരി, ബംഗ്ലാവു കുന്നിലുള്ള ക്ലാസിക് ടൗണിലുള്ള രാധാകൃഷ്ണന്റെ ട്യൂഷൻ സെൻറർ തുടങ്ങിയവ പ്രധാന ട്യൂഷൻസെൻററുകളാണ്.

കോങ്ങാട് ടൗണിൽ നിന്ന് ഒരു കി.മീ. പടിഞ്ഞാറു മാറി ഒരു സ്വകാര്യ വനിതാ പോളി ടെക്നിക് സജീവമായി പ്രവർത്തിക്കുന്നു. ഇവിടെ തുന്നൽ പഠിപ്പിക്കുന്നു. കോങ്ങാട് ടൗണിലും പാറശ്ശേരിയിലും ഓരോ ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ട്. മറ്റു സാങ്കേതിക സ്ഥാപനങ്ങൾ ഒന്നും കോങ്ങാട് പഞ്ചായത്തിലില്ല.

പാലക്കാട് വിക്ടോറിയ കോളേജ്, മേഴ്സി, മണ്ണമ്പറ്റ, വി.ടി.ബി., കോളേജ്, ഒറ്റപ്പാലം എൻ.എസ്. എസ്, മുണ്ടൂർ ഐ.ടി.സി., മലമ്പുഴ ഐ.ടി.ഐ., പാലക്കാട്ടെ Poly Technic പാരലൽ കോളേജുകൾ ഒലവക്കോട്ടെ കോ-ഓപ്പറേറ്റീവ് കോളേജ് തുടങ്ങിയ സ്ഥാപനങ്ങളിലേക്കാണ് ഉപരിപഠനാർത്ഥം കുട്ടികൾ പോകുന്നത്. ഡോക്ടർ, എൻജിനീയർ തുടങ്ങിയ സ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന പലരേയും കോങ്ങാട് സംഭാവന ചെയ്തിട്ടുണ്ട്. മണിക്കശ്ശേരിയിലെ പാലാട്ടുകളം നാരായണൻ കുട്ടി മാസ്റ്റർ, കെ. രാജവിശ്വനാഥൻ മാസ്റ്റർ എന്നിവർക്ക് അദ്ധ്യാപകർക്കുള്ള സംസ്ഥാന അവാർഡ് ലഭിച്ചിട്ടുണ്ട്.





92% ആണ് കോങ്ങാട് പഞ്ചായത്തിന്റെ സാക്ഷരത 17% ആളുകളെ നിരക്ഷരതയിൽ നിന്ന് കര കയറ്റാൻ സാക്ഷരതാ പ്രവർത്തനത്തിന് കഴിഞ്ഞിട്ടുണ്ട്. കോങ്ങാട് നാരായണൻ കുട്ടിനായർ പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലേക്കും കൊടിമരം നല്കിയിട്ടുണ്ട്.

സാദ്ധ്യതകൾ

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന GLPS ചെറായ, GLPS മാരാർകുളം,GLPSപൂതംകോട് എന്നിവ സർക്കാർ ഏറ്റെടുക്കുകയും ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുകയും വേണം. സ്വകാര്യ

വിദ്യാലയങ്ങളിൽ മാനേജുമെൻറ് ആണ് സൗകര്യങ്ങൾ ഉണ്ടാക്കേണ്ടത്. അതിനവർക്ക് താല്പര്യമില്ലെങ്കിൽ സർക്കാരിലേക്ക് വിട്ടു കൊടുക്കാൻ തയ്യാറാകണം. വിപുലമായ സ്വകാര്യ വിദ്യാഭ്യാസ മേഖലയിൽ സംവരണം ബാധകമല്ലാത്തതിനാൽ ഹരിജൻ, പിന്നോക്ക വിഭാഗ പ്രാതിനിധ്യം അദ്ധ്യാപകരംഗത്ത് വളരെ കുറവാണ് അദ്ധ്യാപക നിയമനം PSC വഴി ആക്കിയാൽ ഈ കുറവ് പരിഹരിക്കാനും അർഹത പ്പെട്ടവർക്ക് ജോലി ലഭിക്കാനും ഇടയാകും.

കുണ്ടുവം പാടം ALPS ന് ചുറ്റുമതിൽ പൂർത്തിയാക്കണം. കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തണം. കക്കൂസ് നിർമ്മിക്കണം. പാറശ്ശേരി സ്ക്കൂളിലെ കളിസ്ഥലം ലവലാക്കണം. ചുറ്റു മതിൽ നിർമ്മിക്കണം. കുടി വെള്ള സൗകര്യം മെച്ചപ്പെടുത്തണം. ചില ഹാളുകൾ ക്ലാസു മുറികളാക്കണം. തൃപ്പലമുണ്ട ALPSന് ചുറ്റുമതിലും കക്കൂസും വേണം. ഈസ്റ്റ് സ്ക്കൂളിന് ചുറ്റുമതിൽ വേണം. കെട്ടിടം റിപ്പയർ ചെയ്യണം. കളിസ്ഥലം നിർമ്മിക്കണം. മണിക്കശ്ശേരി, കോൽപ്പാടം സ്ക്കൂളുകൾക്ക് ചുറ്റുമതിലും ഗേറ്റും കക്കൂസും നിർമ്മിക്കണം. കളിസ്ഥലം നിർമ്മിക്കണം. AJBS മുച്ചീരിയിലെ ഉപയോഗ ശൂന്യമായി കിടക്കുന്ന കെട്ടിടം അടിയന്തിരമായി റിപ്പയർ ചെയ്യണം. കളിസ്ഥലം വേണം. കുടിവെള്ള സൗകര്യമൊരുക്കണം. കക്കൂസുകളുണ്ടാക്കണം. കോങ്ങാട് GUPയിൽ കളിസ്ഥലമില്ലാത്തതാണ് പ്രധാന പ്രശ്നം. സ്ക്കൂളിനോട് ചേർന്നു കിടക്കുന്ന ഒഴിഞ്ഞ പഴയ ആശുപത്രി കെട്ടിടവും സ്ഥലവും വിട്ടു കൊടുത്താൽ ഈ പ്രശ്നം ഏറെക്കുറെ പരിഹരിക്കാം. ചുറ്റുമതിൽ പൂർത്തിയാക്കുകയും വടക്കുഭാഗത്തുള്ള മതിൽ ഉയരം കൂട്ടുകയും വേണം. കുടിവെള്ള സൗകര്യം കൂടുതൽ വ്യാപിപ്പിക്കണം. ഫർണീച്ചർ കുറച്ചു കൂടി വേണം. സാമൂഹ്യ വിരുദ്ധരുടെ ശല്യം ഒഴിവാക്കുന്നതിനായി സ്ഥിരം വാച്ച്മാനെ ഏർപ്പെടുത്തണം. KPRPHS ൽ സ്ക്കൂളിനോടു ചേർന്ന് കൂടുതൽ സ്ഥലം വാങ്ങി കളിസ്ഥലം വിപുലമാക്കണം. ക്ലാസുമുറിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തണം. കൂടുതൽ കക്കൂസുകളും മൂത്രപ്പുരകളും വേണം. ഒരു പ്രവേശന കവാടം കൂടി ഉണ്ടാകണം.

അക്കാദമിക് രംഗം -

പഠന നിലവാരത്തെക്കുറിച്ച് രക്ഷിതാക്കൾക്ക് പൊതുവെ ആശങ്കയുണ്ട്. പഠനം പാൽപ്പായസമാകണം. വലിയ പ്രതീക്ഷകളോടെ "നോക്കെത്താദൂരത്ത് കണ്ണും നട്ടാ"ണ് രക്ഷിതാക്കൾ കുട്ടികളെ സ്ക്കൂളിലേക്കയക്കുന്നത്. വീട്ടിലെ സൗകര്യക്കുറവു കൊണ്ടാണല്ലോ സ്ക്കൂളിലേക്കയക്കുന്നത്. അസൗകര്യങ്ങളും പ്രശ്നങ്ങലും നിലനില്ക്കെത്തന്നെ കൂടുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാൻ അദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. ജനങ്ങളുടെ നികുതിപ്പണത്തിൽ നിന്നാണല്ലോ ശമ്പളം. തങ്ങളുടെ മക്കളെ എങ്ങനെ പഠിപ്പിക്കുന്നു എന്നറിയാൻ രക്ഷിതാക്കൾക്ക് അവകാശമുണ്ട്. രക്ഷിതാക്കളുടെ സജീവമായ സാന്നിദ്ധ്യവും സഹകരണവും ഉണ്ടാകണം.

ഉച്ചഭക്ഷണം എത്ര ബുദ്ധിമുട്ടിയാലും മുടങ്ങാതെ നല്കണം. PTA സജീവമാക്കണം. മാതൃ-സംഗമങ്ങൾ ക്ലാസ്സടിസ്ഥാനത്തിൽ ചേരണം. (മൂന്നു ടേമിലെങ്കിലും) സ്ക്കൂൾ അസംബ്ളികൾ ചിട്ടയോടെ നടത്തുന്നത് നല്ലതാണ്. യൂണിഫോറം വ്യാപിപ്പിക്കണം. വാങ്ങാൻ കഴിയാത്തവരെ സഹായിക്കണം. പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് സ്പെഷൽ കോച്ചിങ്ങ് കൊടുക്കണം. മിടുക്കൻമാർക്കാണ് പല വിദ്യാലയങ്ങളിലും മുൻഗണന. SSLC റിസൽട്ടിലെ വിജയശതമാനമാണ് ഹൈസ്ക്കൂളിലെ പഠന നിലവാരത്തിൻെറ അളവുതോത്.

KPRPHS ലെ കഴിഞ്ഞ ചില വർഷങ്ങളിലെ SSLC Result

വർഷം	പരീക്ഷക്കിരുന്നവർ	ജയിച്ചവർ	ശതമാനം
1992	366	107	29.23
1993	356	96	26.97
1994	-	-	-
1995	328	95	28.96

സ്റ്റേറ്റ് ആവറേജിൽ നിന്ന് വളരെ താഴെയാണ് നാം നിൽക്കുന്നത്. ഒരു പടി താഴെ നിൽക്കുന്ന കുട്ടികളെ പ്രത്യേകം ശ്രദ്ധിച്ച്, ഒരു കൈ സഹായിച്ച് കടമ്പ കടത്തുകയാണ് SSLC വിജയശതമാനം വർദ്ധിപ്പിക്കുവാൻ ഹൈസ്ക്കൂൾ അദ്ധ്യാപകർ ചെയ്യേണ്ടത്. PTA യും രക്ഷിതാക്കളും ഇതിന് സഹായിക്കണം.

പ്രോഗ്രസ് കാർഡുകൾ സോദ്ദേശ്യപൂർവ്വം നൽകണം. ക്ലാസ് ടെസ്റ്റുകൾ നടത്തണം. അധികം ഇടവേളകളില്ലാതെ വാർഷികങ്ങൾ ആഘോഷിക്കണം. പഠനയാത്രകൾ കൃത്യമായി നടത്തണം. നമ്മുടെ ചുറ്റുമുള്ള പ്രദേശങ്ങളിലേക്കും ഓഫീസുകളിലേക്കും ഈ യാത്ര ആകാം. പ്രീ-പ്രൈമറി തുടങ്ങാൻ സൗകര്യമുള്ളിടത്ത് അതു വേണം. ഹെഡ്മാസ്റ്റർ നിശ്ചിത പിരീയഡുകൾ പഠിപ്പിക്കുന്നവരാകണം. കൈയെഴുത്തു മാസിക പ്രസിദ്ധീകരിക്കണം. സാഹിത്യ സമാജങ്ങൾ, ബാല സമാജങ്ങൾ എന്നിവ ചിട്ടയോടെ പ്രവർത്തിക്കണം. പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ എല്ലാ വിദ്യാലയങ്ങളും മത്സര ബുദ്ധിയോടെ പങ്കെടുക്കണം. ആഗസ്റ്റ് 15, ജനുവരി 26, ഒക്ടോബർ 2, നവമ്പർ 14 തുടങ്ങിയ വിശേഷദിനങ്ങൾ അർഹിക്കുന്ന ഗൗരവത്തോടെ പ്രയോജനപ്രദമായ രീതിയിൽ ആഘോഷിക്കണം. LSS, USS തുടങ്ങിയ പരീക്ഷകൾക്ക് പ്രത്യേകം തയ്യാറാക്കണം. സയൻസ്, കാർഷിക, ഗണിത ക്ലബ്ബുകൾ സജീവമാക്കണം. ലംപ്സം ഗ്രാൻറ് തുടങ്ങിയ ആനുകൂല്യങ്ങൾ യഥാസമയം വാങ്ങിക്കൊടുക്കണം. സഹവാസ ക്യാമ്പുകൾ അവധിക്കാലത്ത് സംഘടിപ്പിക്കുവാൻ കഴിയുമോ എന്നു നോക്കണം. പ്രാഗത്ഭ്യം തെളിയിക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ നൽകണം. ജനപ്രതിനിധികളേയും മറ്റു മാന്യ വ്യക്തികളെയും കുട്ടികൾക്ക് പരിചയപ്പെടുത്തണം. കുട്ടികൾക്ക് അവരുടെ ഉപദേശങ്ങൾ ലഭിക്കട്ടെ. പുതിയ കുട്ടികളെ സ്വീകരിക്കാനും പിരിഞ്ഞുപോകുന്നവരെ യാത്രയാക്കാനും സമ്മേളനങ്ങൾ സംഘടിപ്പിക്കണം. ഇടയ്ക്കിടയ്ക്ക് സെമിനാറുകളും വേണം. റഫറൻസ് ഗ്രന്ഥങ്ങൾ ശേഖരിക്കണം. വർത്തമാന പത്രം വരുത്തണം. കുട്ടികൾക്കുകൂടി അത് പ്രയോജനപ്പെടുത്തണം. ഓരോ ഡിവിഷനിലേയും മിടുക്കൻമാരെ ലീഡർമാരാക്കി പഠന ഗ്രൂപ്പുകൾ സംഘടിപ്പിക്കാം. ഒഴിവു സമയങ്ങൾ പഠനത്തിന് ഉപയോഗപ്പെടുത്താം. പരീക്ഷകൾ ഗൗരവത്തോടെ നടത്തണം. പഴയകാല ചോദ്യപേപ്പറുകൾ ചർച്ചക്ക് വിധേയമാക്കണം. പാഠഭാഗങ്ങൾ യഥാസമയം പൂർത്തിയാക്കണം. SSLCമോഡൽ പരീക്ഷ ഫെബ്രുവരി ആദ്യവാരത്തിൽ നടത്തുകയും ഉത്തരക്കടലാസുകൾ കൃത്യമായി നോക്കിക്കൊടുക്കുകയും പരിഹാര ബോധനം ചിട്ടയോടെ നടത്തുകയും വേണം. വിദ്യാലയാന്തരീക്ഷം ആകർഷകമാക്കണം. വിദ്യാർത്ഥി സംഘടനാ പ്രവർത്തനം അന്തസ്സാർന്ന രൂപത്തിലാക്കണം. സമൂഹത്തെ ബഹുമാനിക്കുന്ന ഒരു പുതിയ തലമുറയെ വാർത്തെടുക്കാനുള്ള ബോധപൂർവ്വമായ ശ്രമം നാട്ടുകാരുടെ, രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ സന്നദ്ധസംഘടനകളുടെ സഹായത്തോടെ സ്ക്കൂധികൃതർ സംഘടിപ്പിക്കണം.

മേലധികാരികൾ ചെയ്യേണ്ടത്.

സ്ക്കൂൾ പരിശോധന യഥാ സമയം നടത്തണം. വാർഷിക അറ്റ കുറ്റപ്പണികൾ അവധിക്കാലത്തു തന്നെ പൂർത്തിയാക്കണം. പാഠപുസ്തകങ്ങൾ മെയ് 20 നുള്ളിൽ എത്തിക്കണം. ഉച്ചഭക്ഷണത്തിനുള്ള അരി, പയർ എന്നിവ യഥാസമയം ലഭിക്കണം. പഞ്ചായത്തിൽ മാവേലിസ്റ്റോർ തുടങ്ങണം. പഠന സാമഗ്രികൾ കൂടുതൽ വേണം. ലീഡ് സ്ക്കൂളിലെ ലൈബ്രറി, ലാബറട്ടറി സൗകര്യങ്ങൾ മാതൃകാപരവും കൂടുതൽ ഉപയോഗപ്രദവുമാക്കണം.

സിലബസ് ലഘൂകരിക്കണം. തൊഴിൽ പരമാക്കണം. പരീക്ഷാ സമ്പ്രദായം ശാസ്ത്രീയമാക്കണം. മെഡിക്കൽ എയ്ഡുകൾ ലഭ്യമാക്കണം. അദ്ധ്യാപകർക്ക് കാലാനുസൃതമായ റഫ്രഷർ കോഴ്സുകൾ നൽകണം. അദ്ധ്യയന സമയത്തിനു ഭംഗം വരാത്തരീതിയിൽ ആയിരിക്കണം കോഴ്സുകൾ. അദ്ധ്യാപകരെ ഏൽപ്പിക്കുന്ന മറ്റു ജോലികൾ ഒഴിവു സമയങ്ങളിൽ നടത്താൻ സൗകര്യം വേണം. അനാവശ്യമായ അവധി പ്രഖ്യാപനങ്ങൾ ഒഴിവാക്കണം. KPRPHS ൽ പ്ലസ് ടു കോഴ്സ് ആരംഭിക്കണം. കോങ്ങാട് ഐ.ടി.ഐ. ആരംഭിക്കണം.

നമുക്ക് ചെയ്യാൻ കഴിയുന്നത്.

മേൽ കൊടുത്ത പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിനും പരിശോധിക്കുന്നതിനുമായി ചില ക്രമീകരണങ്ങൾ നടത്താം.

പഞ്ചായത്ത് തലത്തിൽ - സമഗ്ര സ്ക്കൂൾ വിദ്യാഭ്യാസ വികസന പഞ്ചായത്ത് സമിതി രൂപീകരിക്കുക.

ഘടന- പഞ്ചായത്ത് പ്രസിഡൻറ് - ചെയർ മാൻ ഒരു പി.ടി.എ. പ്രസിഡൻറ് - വൈസ് ചെയർമാൻ ലീഡ് സ്ക്കൂൾ ഹെഡ്മാസ്റ്റർ - സെക്രട്ടറി അംഗങ്ങൾ - വാർഡ് മെമ്പർമാർ, ഒരു വായന ശാലാ പ്രതിനിധി ഒരു എൻ. ടി. എസ്. പ്രതിനിധി രണ്ട് അദ്ധ്യാപക സംഘടനാ പ്രതിനിധികൾ, ഹൈസ്ക്കൂൾ ലീഡർ, ഒരു മാതൃസംഗമ കമ്മറ്റി അംഗം, മെഡിക്കൽ ഓഫീസർ ഒരു സാംസ്ക്കാരിക പ്രവർത്തകൻ.

ഈ സമിതി പഞ്ചായത്ത് തല - സ്ക്കൂൾ കോപ്ലക്സ് എന്ന നിലയിൽ പ്രവർത്തിക്കണം. വിദ്യാഭ്യാസ വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുക. വിദ്യാഭ്യാസ സെമിനാറുകൾ നടത്തുക, പഠനോപകരണങ്ങൾ തയ്യാറാക്കുക, വിദ്യാലയങ്ങൾ സന്ദർശിക്കുക, ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുക, ഉച്ചഭക്ഷണ വിതരണത്തെ സഹായിക്കുക, SSLC റിസൽട്ട് ഉയർത്താൻ സഹായിക്കുക തുടങ്ങി നിരവധി കാര്യങ്ങൾ ഏറ്റെടുത്ത് നടത്താൻ കഴിയും. "ഒന്നും നടക്കില്ല" എന്ന ചിന്താ ഗതി മാറണം. കുറ്റങ്ങൾ മാത്രം കണ്ടെത്താനുള്ള താല്പര്യത്തിനപ്പുറം ചിലതൊക്കെ ചെയ്യാൻ കഴിയും എന്ന് തെളിയിച്ചു കൊടുക്കണം. ഈ സമിതി ആവശ്യമായ സന്ദർഭങ്ങളിൽ കൂടുകയും സജീവമായി പ്രവർത്തിക്കുകയും വേണം.

വിദ്യാലയ വികസന സമിതി -

ഘടന-വാർഡ് മെമ്പർ - ചെയർമാൻ PTA

പ്രസിഡൻറ് - വൈസ് ചെയർമാൻ സ്ക്കൂൾ ഹെഡ് മാസ്റ്റർ - സെക്രട്ടറി

അംഗങ്ങൾ - സ്റ്റാഫ് സെക്രട്ടറി, രണ്ടു PTA പ്രതിനിധികൾ, സ്ക്കൂൾ സീനിയർ അസിസ്റ്റൻറ്, കലാ കായിക അദ്ധ്യാപകർ, ലൈബ്രറി, ലാബറട്ടറി ചാർജുള്ളവർ, സ്ക്കൂൾ അഭിവൃദ്ധിയിൽ ഇടപെടാൻ കഴിയുന്ന രണ്ടുപേർ, സ്ക്കൂൾ ലീഡർ, മാതൃ സംഗമ പ്രതിനിധി, സമിതി തീരുമാനിക്കുന്ന മറ്റുള്ളവർ

പ്രവർത്തനങ്ങൾ

അടുത്ത കൊല്ലം നടപ്പാക്കേണ്ടുന്ന പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കമം. ഇടയ്ക്ക് കൂടി പുരോഗതി വിലയിരുത്തണം. വിദ്യാലയാഭിവൃദ്ധിക്ക് പരമാവധി സഹായങ്ങൾ നൽകണം.

വ്യക്തിത്വ വികാസം, സഹകരണ മനോഭാവം, സംഘബോധം, സർഗാത്മകത, കലാ സാഹിത്യാസ്വാദനം, വിവിധതരം കഴിവുകളുടെ വികാസം, സ്വയം പഠനത്തിനുള്ള കഴിവ്, നേതൃത്വശേഷി എന്നിവ വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനും വിദ്യാലയ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനും പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിനും ഈ സമിതികൾക്ക് കഴിയും-കഴിയണം.

ഒരു വിദ്യാലയം ആ നാട്ടിൽ വെളിച്ചം നൽകുന്ന, ഉയർന്നു കത്തുന്ന ദീപമാണ്. അത് തല്ലിക്കെടുത്താൻ ആരേയും അനുവദിച്ചുകൂടാ. യഥാസമയം തിരി നീട്ടണം. എണ്ണപകരണം. കാറ്റിൽ നിന്നും മഴയിൽ നിന്നും സംരക്ഷിക്കണം. നിതാന്ത ശ്രദ്ധ വേണ്ടതായ ഒരു മേഖലയാണ് വിദ്യാഭ്യാസം. നമ്മുടെ ക്ലാസുമുറികളിലാണ് ഇന്ത്യയുടെ ഭാവിഭാഗധേയം കുടി കൊള്ളുന്നത്.

"കൊണ്ടുപോകില്ല ചോരൻമാർ
കൊടുക്കും തോറുമേറിടും
മേന്മ നൽകും മരിച്ചാലും
വിദ്യതന്നെ മഹാധനം"

"എന്തിന്നധീരത ഇപ്പോൾ തുടങ്ങണം
എല്ലാം നിങ്ങൾ പഠിക്കേണം
തയ്യാറാവണം ഇപ്പോൾ തന്നെ
ആജ്ഞാശക്തിയായ് മാറേണം"

കുടിവെള്ളവും, പൊതുജനാരോഗ്യവും

മുപ്പതുകളിലും നാല്പതുകളുടെ ആദ്യപകുതിയിലും കോങ്ങാട്ടിലെ ആതുരശുശ്രൂഷാ രംഗത്ത് സ്വന്തം നിലയിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള ആളാണ് പരേതനായ ഡോക്ടർ എം.എസ്സ് നായർ. രണ്ടാം ലോക മഹായുദ്ധത്തിനോട് അനുബന്ധിച്ച് അദ്ദേഹം പട്ടാളത്തിൽ ചേർന്നു. തുടർന്ന് ഈ നാട്ടിലെ ചികിത്സാ രംഗം ഇരുളടഞ്ഞതായി, തദവസരത്തിൽ കോങ്ങാട് ഹെൽത്ത് കമ്മറ്റി എന്ന പേരിൽ കോന്തശ്ശാം വീട്ടിൽ കൃഷ്ണൻ നായർ പ്രസിഡണ്ടും, പി.വി. കുഞ്ഞുണ്ണിനായർ, ടി.പി. കണ്ടുണ്ണി നായർ, കെ. പത്മനാഭ പണിക്കർ, സി. രാമൻ എന്ന നീത്തു, ഏ.എം. നാരായണൻ കുട്ടി നായർ തേക്കത്ത് മാധവൻ നായർ, ടി. മുഹമ്മദ് എന്ന കുട്ടി, പി.വി. കുമാരൻ നായർ, വി. ശങ്കരനാരായണ പണിക്കർ എന്നിവർ മെമ്പർമാരുമായി ഒരു കമ്മിറ്റി രൂപീകരിച്ചു. അതിനു മുൻപ് 1948-ൽ ഇവിടെ സ്ഥാപിച്ച പ്രാഥമികാരോഗ്യ കേന്ദ്രം മറ്റൊരു സ്ഥലത്തേക്ക് മാറ്റുവാൻ മദിരാശി സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ആണ് കമ്മറ്റിയുടെ പ്രവർത്തനം ആവശ്യമായത്. അന്നത്തെ വിദ്യാഭ്യാസ നിയമ വകുപ്പു മന്ത്രിയായിരുന്ന മലബാറുകാരനായ കോഴിപ്പുറത്ത് മാധവ മേനോനെകണ്ട് നിവേദനം നടത്തി നാട്ടുകാരിൽ നിന്നും പണം പിരിച്ച് സെൻററിന്റെ സ്ഥാപനത്തിന് ആവശ്യമായ പ്രാഥമിക ചിലവുകൾ നിർവ്വഹിക്കുവാനും തീരുമാനിച്ചു. ഇതോടനുബന്ധിച്ച് 17.11.1950 ന് വിപുലമായ ഒരു പൊതു യോഗവും നടന്നു. ഡോക്ടർ എം. എസ്സ് നായർ ഉപയോഗിച്ചിരുന്ന കെട്ടിടവും സ്ഥലവും വേർക്കോട് കൃഷ്ണനുണ്ണി പണിക്കർ പക്കൽ നിന്നും 6000 കയ്ക്ക് വിലക്കു വാങ്ങി കമ്മറ്റി സർക്കാറിനെ ഏല്പിച്ചു. സ്ഥലം സൗജന്യമായി നല്കിയതിന്റെ പേരിലും ബഹുമാനപ്പെട്ട മന്ത്രിയുടെശ്രമഫലമായും 1951ൽ കോങ്ങാട് PHCസ്ഥാപിക്കപ്പെട്ടു. ഡോക്ടർ ടി.ഡി. തരവനാരാണ് സെൻററിന്റെ ആദ്യത്തെ ഡോക്ടർ. ഹെൽത്ത് കമ്മറ്റിയുടെ പ്രവർത്തനം 1949 മുതൽ 1951 വരെ നീണ്ടു നിന്നിരുന്നു. അവസാന കാലത്തെ പ്രസിഡണ്ട് ഏ.എം. കുട്ടിശങ്കരൻ നായർ ആയിരുന്നു. തുടർന്ന് ഈ ആരോഗ്യകേന്ദ്രത്തിന്റെ വികസനത്തിന്നായി പി.വി. കുമാരൻ നായരുടെ അദ്ധ്യക്ഷതയിൽ രണ്ടു മൂന്നു വികസന സമിതികൾ പ്രവർത്തിച്ചിട്ടുണ്ട്. പഴയ സ്ഥലത്തുനിന്നും ഇന്നുള്ള സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുമ്പോൾ കമ്മറ്റി പ്രസിഡണ്ട്, പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന പി.കെ. കണ്ടുണ്ണിയും മെഡിക്കൽ ഓഫീസർ ഡോക്ടർ പ്രഭു രങ്കനാഥനുമായിരുന്നു.

പഴയ ആസ്പത്രിയുടെ സ്ഥലക്കുറവും കെട്ടിടത്തിന്റെ ജീർണ്ണതയും വികസന സാദ്ധ്യതക്കുറവും കൂടാതെ ഇതിന്നു കീഴിൽത്തന്നെ കേരളശ്ശേരി, മുണ്ടൂർ, പുതുപ്പിരയാരം എന്നീ സ്ഥലങ്ങളിലെ സെൻററുകളും, പഞ്ചായത്തിലെ 7 സബ് സെൻററുകളും പ്രവർത്തിക്കുവാനുള്ള സൗകര്യക്കുറവും കാരണമാണ് സ്ഥലം മാറ്റേണ്ടിവന്നത്. അടുത്തുള്ള ഗവർമ്മേണ്ട് യു.പി. സ്ക്കൂൾ നെല്ലുകുത്ത് മിൽ, പിൻഭാഗം സ്വാകര്യ വ്യക്തികളുടെ കൈവശസ്ഥലം എന്നിവ കൊണ്ട് മൊത്തത്തിൽ ആസ്പത്രിയുടെ വളർച്ചയും, പുരോഗതിയും മുരടിച്ചു കിടക്കുകയായിരുന്നു. മേൽപറഞ്ഞ കാര്യങ്ങൾ മനസ്സിലാക്കി 1980-ൽ കോങ്ങാട് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് ആസ്പത്രിക്കു വേണ്ട സ്ഥലം വാങ്ങിക്കുവാൻ തീരുമാനിച്ചു. കമ്മറ്റി കോങ്ങാട് ദേവസ്വം ട്രസ്റ്റി വാസുദേവൻ നമ്പൂതിരിപ്പാടിന്റെയും ഹിന്ദുമത ധർമ്മസ്ഥാപന ബോർഡിന്റെയും, റവന്യൂ ഡിപ്പാർട്ടുമെൻറിന്റേയും അനുവാദം വാങ്ങി

ഒരു ഏക്കറിന് 6000 ക പ്രകാരം രണ്ട് ഏക്കർ സ്ഥലം റെജിസ്റ്റർ ചെയ്ത് ഗവർമെൻറിനെ ഏല്പിക്കുകയും ചെയ്തു. സ്ഥലത്തിന്നുവേണ്ട പണം നാട്ടുകാരിൽ നിന്നും,. വ്യക്തികളിൽ നിന്നും ശേഖരിക്കുകയാണുണ്ടായത്.

ആസ്പത്രിയുടെ തുടക്കത്തിൽ തന്നെ 20 രോഗികളെ കിടത്തി ചികിത്സിക്കാനും, ഓപ്പറേഷൻ, ഫാമിലി പ്ലാനിംഗ്, കുട്ടികൾക്കുള്ള ചികിത്സ, പകർച്ചവ്യാധികൾ നിർമ്മാർജ്ജനം ചെയ്യാനുള്ള സൗകര്യങ്ങൾ, പോസ്റ്റുമോർട്ടം, ഔട്ട് പോസ്റ്റ് ഉദ്യോഗസ്ഥൻമാർക്ക് താമസിക്കുവാൻ ക്വാർട്ടേഴ്സുകൾ തുടങ്ങിയ അത്യാധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തി അനുവദിച്ച് പണി തുടങ്ങിയെങ്കിലും പല പ്രകാരത്തിലുള്ള തടസ്ഥങ്ങളും വന്നു ചേർന്നതിനാൽ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. വളരെ കഠിനാദ്ധ്വാനം ചെയ്താണ് ആസ്പത്രിയുടെ പണിപൂർത്തിയാക്കിയത് എന്ന വസ്തുത പറയേണ്ടിയിരിക്കുന്നു. കൂടാതെ ഇന്ത്യാ പോപ്പുലേഷൻ പ്രൊജക്ടിൻെറ വകയായി ഒരു കൂറ്റൻ കെട്ടിടവും മറ്റ് ഉപകരണ സാമഗ്രികളും കിട്ടിയിട്ടുണ്ട്.

ആസ്പത്രിയുടെ പണി കഴിഞ്ഞതിനുശേഷം തുറന്നു പ്രവർത്തിക്കാൻ സാധിക്കാതെ വന്നപ്പോൾ 1993 ൽ അന്നത്തെ പഞ്ചായത്ത് ഭരണസമിതിയും കമ്മറ്റി ഭാരവാഹികളും കൂടി സാമ്പത്തികഭാരം സ്വയം ഏറ്റെടുത്ത് പഴയകെട്ടിടത്തിൽ കിടന്നിരുന്ന സാധന സാമഗ്രികൾ പുതിയതിലേക്ക് മാറ്റി തുറന്നു പ്രവർത്തിക്കുകയാണുണ്ടായത്. കോങ്ങാട് പഞ്ചായത്തിലും മറ്റു പ്രദേശങ്ങളിലും ഉള്ള ആളുകൾക്ക് പാലക്കാട് ജില്ലാ ആസ്പത്രിയിൽ കിട്ടുന്ന ചികിത്സയും മറ്റും ഉണ്ടാവുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും പല പ്രകാരത്തിലുള്ള തടസ്ഥങ്ങൾ കാരണം നിരാശരായിരിക്കുകയാണ്. കേരളശ്ശേരി, മുണ്ടൂർ, പുതുപ്പിരിയാരം, തുടങ്ങിയ സെൻററുകളും, കുണ്ടുവംപാടം, പെരുങ്ങോട്, തൃപ്പലമുണ്ട, ചെറായ, മണിക്കശ്ശേരി, മുച്ചീരി, കോങ്ങാട് എന്നീ 7 സബ് സെൻററുകളും പ്രവർത്തിക്കുന്നു.

PHC യുടെ കീഴിൽ ബ്ളോക്കിൽ 8 മിനി PHC കൂടിയുണ്ട്. കോങ്ങാട് പഞ്ചായത്തിൽ മാത്രം 33 പേർ ജീവനക്കാരായിട്ടുണ്ട്.

ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. ബ്ളോക്ക് PHC യുടെ കീഴിൽ മരുതറോഡ്, മലമ്പുഴ, അകത്തേത്തറ, പുതുപ്പരിയാരം, മുണ്ടൂർ, കോങ്ങാട്, കേരളശ്ശേരി, മണ്ണൂർ എന്നിവയാണുള്ളത്.

1.	Medical Officer	3
2	Staff Nurse	3
3.	Nursing Assistant	1
4.	H.A. Grade II	1
5.	H A Grade I	1
6.	Pharmasist	1
7.	Lab Technitian	1
8.	Clerks	2
9.	Peon	1
10.	Health Supervisor	1
11	Lady Health Supervisor	1
12	Lady Health Inspector	1
13	Health Inspector	1
14	Non Medical Supervisor	1
15	Junior Public Health Nurse	7
16	Junior Health Inspector	3

17	Leprosy Inspector	2
18	Driver	1
19	Opthalmic Assistant	1
	ആകെ	33

കോങ്ങാട് ഗ്രാമ പഞ്ചായത്തിലെ പൊതു ജനാരോഗ്യ രംഗത്തെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിന്ന് വേണ്ട നിർദ്ദേശങ്ങൾ.

പ്രാഥമിക ആരോഗ്യകേന്ദ്രം

കോങ്ങാട് ഗ്രാമപഞ്ചായത്തിലെ ഏക അലോപ്പതി ആശുപത്രിയാണ് കോങ്ങാട് പ്രാഥമിക ആരോഗ്യ കേന്ദ്രം.

ബിൽഡിങ്ങ്

ആശുപത്രികെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ കാർട്ടേഴ്സിന്റെ അറ്റകുറ്റ പണികൾ എന്നിവ നടത്തുക, ആശുപത്രിയുടെ പിൻവശം മതിൽ കെട്ടുക.

വെള്ളം

ഇവിടെ ഇപ്പോഴുള്ളത്, കുഴൽ കിണറും, പമ്പും ആണ്. വേനൽക്കാലത്ത് വെള്ളം ലഭിക്കുന്നില്ല. പമ്പ് സെറ്റ് അടിക്കടി കേടുവരുന്നു. പരിഹാരമായി ഒരു തുറന്ന കിണർ കുഴിക്കണം. ഉയർന്ന സ്ഥങ്ങളിൽ വെള്ളം കിട്ടുന്നതിന്ന് പ്രയാസമനഭവപ്പെടുന്നു.

കാർട്ടേഴ്സുകൾ

ഒരു മെഡിക്കൽ ഓഫീസർക്കും സ്റ്റാഫ് നേഴ്സിനും കാർട്ടേഴ്സ് വേണം.

ഫർണീച്ചറുകൾ

കോൺഫറൻസുകൾ, ട്രെയിനിങ്ങുകൾ, ആരോഗ്യവിദ്യാഭ്യാസ ക്ലാസ്സുകൾ എന്നിവ നടത്തുന്നതിന്നും, രോഗികൾക്ക് ഓ.പി.യിൽ ഇരിക്കുന്നതിനും, 10 ചാരു ബെഞ്ചുകളും 10 കസേരകളും വേണം.

അഡീഷണൽ സ്റ്റാഫ്

ആശുപത്രിയുടെ ദൈനംദിന പ്രവർത്തനം ഫലപ്രദമായി കൊണ്ടുനടത്തുന്നതിന്ന് ഇനി പറയുന്ന അഡീഷണൽ സ്റ്റാഫുകളെ അനുവദിച്ചു കിട്ടണം.

1	നേഴ്സിങ്ങ് അസിസ്റ്റൻറ്	2
2	ഹോസ്പിറ്റൽ അറ്റൻറർ ഗ്രേഡ് II	1
3	സ്വീപ്പർ	2

ഒഴിവുകൾ

ഡോക്ടർമാരുടേയും, മറ്റു ജീവനക്കാരുടേയും, വരുന്ന ഒഴിവുകൾ നികത്താൻ വേണ്ട സംവിധാനം ഏർപ്പെടുത്തണം.

സബ്സെൻറുകൾ

ഇവിടെ ആകെ 7 സബ് സെൻററുകൾ ആണ് ഉള്ളത്. ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സിന്റെ ഓഫീസും, താമസ സ്ഥലവുമാണ് ഈ സബ്സെൻററുകൾ കോങ്ങാട് സെക്ഷന് സബ് സെൻറർ ബിൽഡിങ്ങ് ഇല്ല.

സെൻററുകൾ	ആവശ്യങ്ങൾ
മണിക്കശ്ശേരി സബ്സെൻറർ	ബിൽഡിങ്ങിൻെറ അറ്റകുറ്റ പണികൾ, വേനൽക്കാലത്ത് ജലദൗർലഭ്യം പരിഹരിക്കുക.
ചെറായ സബ്സെൻറർ	ജലദൗർലഭ്യം, ബിൽഡിങ്ങ് അറ്റ കുറ്റ പണികൾ
തൃപ്പലമുണ്ട സബ്സെൻറർ	ജലദൗർലഭ്യം, അറ്റകുറ്റ പണികൾ
പെരിങ്ങോട് സബ്സെൻറർ	ബിൽഡിങ്ങ് അറ്റകുറ്റപണികൾ, കുഴൽകിണർ ഉപയോഗശൂന്യം വെളിച്ചം ഇല്ല.
കുണ്ടുവംപാടം സബ്സെൻറർ	ബിൽഡിങ്ങ് അറ്റകുറ്റ പണികൾ, കുഴൽ കിണർ ഉപയോഗ ശൂന്യം ചുറ്റുമതിൽ ഒരു ഭാഗം തകർന്നിരിക്കുന്നു.

പൊതുജനാരോഗ്യം

വയറിളക്കരോഗങ്ങൾ, മലേറിയ തുടങ്ങിയ പ്രാണിജന്യരോഗങ്ങളും, ക്ഷയം, കുഷ്ഠം, എന്നീ രോഗങ്ങളും തടയുക. ഗർഭിണികൾക്കും, കുഞ്ഞുങ്ങൾക്കും പ്രതിരോധ കുത്തിവെപ്പുകൾ നടത്തുക. കുടുംബക്ഷേമ പരിപാടികൾ നടപ്പിലാക്കുക എന്നീ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് താഴെ പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തുക.

1. ശുദ്ധജലം സുലഭമായി വിതരണം ചെയ്യുന്നതിന്ന് ആവശ്യമായ സംവിധാനം ഉണ്ടാക്കുക
2. ബ്ളീച്ചിങ്ങ് പൗഡർ ആവശ്യാനുസരണം എല്ലാ സബ് സെൻററുകളിലും സ്റ്റോക്ക് ചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കുക.
3. DDT, DDT Sprayer എന്നിവ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് അനുവദിക്കുക.
4. മേൽപറഞ്ഞ പരിപാടികൾ നടപ്പിലാക്കാൻ വാഹനം ഉപയോഗിക്കേണ്ടതിലേക്ക് ആവശ്യമായ ഇന്ധനവും മറ്റു ചിലവുകളും അനുവദിക്കുക
5. കാലിക പ്രാധാന്യമുള്ള ആരോഗ്യസന്ദേശങ്ങൾ എത്തിക്കുന്നതിന് ഇനിപറയുന്ന തതരത്തിലുള്ള IEC Materials ആവശ്യാനുസരണം വിതരണം ചെയ്യുക.
   IEC materials (Information, Education, Vommunication)
   കോർണർ ബോർഡുകൾ, ബാനേർസ്, നോട്ടീസുകൾ, കാർഡുകൾ, സ്റ്റിക്കർസ്, ഓറിയന്റേഷൻ
6. ഓറിയന്റേഷൻ ക്ലാസ്സുകൾസംഘടിപ്പിക്കുക.

കുടിലോരോന്നിലുമോരോ നല്ലൊരു
കക്കൂസുണ്ടായ്ത്തീരട്ടെ
ശുചിത്വ മേഖലതൊട്ടാവട്ടെ
പരിഗണനാക്രമമെന്നെന്നും.

പ്രാഥമിക ആരോഗ്യകേന്ദ്രം കോങ്ങാട്

അനുബന്ധം I

7,1, സ്ഥാപനത്തിന്റെ വിവരങ്ങൾ

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്	ഇനം	കെട്ടിടംസ്വന്തം വാടക	ഉദ്യോഗസ്ഥരുടെ എണ്ണം	സ്ഥാപിച്ച വർഷം	സ്ഥാപനപരമായ പ്രശ്നങ്ങൾ
1	2	3	4	5	6	7
1	പ്രൈമറി ഹെൽത്ത് സെൻറർ കോങ്ങാട് അലോപ്പതി	അലോപ്പതി	സ്വന്തം	33	1993	പിൻഭാഗത്തെ മതിൽ ഇല്ല. വേനൽ കാലത്ത് ജല ദൗർലഭ്യം. തുറന്ന കിണർ അത്യാവശ്യം-ഡോക്ടർമാർക്കും സ്റ്റാഫ് നഴ്സിന്നും ക്വാർട്ടേഴ്സ്. പുതുതായി അനുവദിക്കേണ്ട തസ്തികകൾ. 1. നഴ്സിങ്ങ് അസിസ്റ്റൻറ് എണ്ണം 2 2. അറ്റൻറർ ഗ്രേഡ് II 1 3. പാർട്ട് ടൈം 1 4. ഫുൾ ടൈം-1

7,2 ആരോഗ്യ സ്ഥിതി വിവരങ്ങൾ

1	ആകെ വീടുകൾ	6464
7	ജനസംഖ്യ	
	a പുരുഷൻമാർ	
	b സ്ത്രീകൾ	
	c കുട്ടികൾ	
	ആകെ	31313
8.	പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ (സ്ത്രീയുടെ പ്രായക്രമം)	
	a 15-19	162
	b 20-24	681

c 25-29	822	
d 35-34	702	
e 35-39	568	
f 40-44	306	
ആകെ	3241	

9 . അമ്മമാരുടെ എണ്ണം (ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

a1 കുട്ടി	233
b2 കുട്ടികൾ	982
C2ൽ കൂടുതൽ കുട്ടികൾ	1296
ആകെ	2945

10 കുടുംബാസൂത്രണമാർഗ്ഗങ്ങൾ സ്വീകരിച്ച അമ്മമാർ. (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

a 1 കുട്ടി	233
b2 കുട്ടികൾ	793
C2 ൽ കൂടുതൽ കുട്ടികൾ	1122
ആകെ	2148

12 മന്ദബുദ്ധികൾ എണ്ണം പ്രായം

a 0-5 - 8	a11-15-10
b 6-10-6	b16 നുമേൽ 17

13 സ്ഥായിയായ രോഗബാധിതർ

കുഷ്ഠം	7
ക്ഷയം	12

14 a ഒരു വയസ്സിനുതാഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം 372

b പ്രതിരോധകുത്തിവെയ്പ് നടത്തിയവർ 475

15 ആകെ ഗർഭിണികൾ 475

7. 3 ജനനമരണവിവരങ്ങൾ

വർഷം	ജനനം	മരണം	ചാപിള്ള ജനനം
1	2	3	4
1993-94	184	-	-
1994-95	214	-	1
1995-96	228	-	-

കോങ്ങാട് ഗ്രാമ പഞ്ചായത്തിലെ കുടിവെള്ളം സംബന്ധിച്ച്

പാലക്കാട് ജില്ലയിൽ വെള്ള ക്ഷാമം കൂടുതൽ ഉള്ള സ്ഥലമാണ് കോങ്ങാട് പഞ്ചായത്ത് കൃഷിയെ മാത്രം ആശ്രയിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ളതിൽ പല പൊതുകിണറുകളും കിണറുകളും ഉപയോഗപ്രദമല്ല. പൊതുകിണറുകളിൽ വേനൽകാലത്ത് വെള്ളം ഇല്ല. ടാങ്കുകളുടെ പ്രവർത്തനം നിശ്ചലമാണ്. ഇതു കാരണം വളരെ ദൂരം കുടിവെള്ളത്തിന്നായി പോകേണ്ടി വരുന്നു. വെള്ളക്ഷാമം പരിഹരിക്കാൻ ശ്രമങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. അതോറിറ്റിയുടെ പ്രവർത്തനവും മന്ദഗതിയിൽ ആണ്. സ്വകാര്യവ്യക്തികളുടെ കിണറുകളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ഇന്ന് നിലവിലുള്ള സംവിധാനം തീരെ പോര പഞ്ചായത്തിൽ കാവു പറമ്പിനോട് ചേർന്ന് കുഴൽ കിണർ, പെരിഞ്ഞ

പ്രാഥമികാരോഗ്യ കേന്ദ്രം, കോങ്ങാട്
അനുബന്ധം – 1
7,1, സ്ഥാപനത്തിന്റെ വിവരങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ഇനം	കെട്ടിടം സ്വന്തം/ വാടക	ഉദ്യോഗ സ്ഥരുടെ എണ്ണം	സ്ഥാപിച്ച വർഷം	സ്ഥാപനപരമായ പ്രശ്നങ്ങൾ
1	പ്രൈമറി ഹെൽത്ത് സെന്റർ, കോങ്ങാട്	അലോപ്പതി	സ്വന്തം	33	1993	പിൻഭാഗത്ത് മതിൽ ഇല്ല – വേനൽ കാലത്ത് ജലദൗർലഭ്യം. തുറന്ന കിണർ അത്യാവശ്യം. ഡോക്ടർമാർക്കും സ്റ്റാഫ് നേഴ്സിനും ക്വാർട്ടേഴ്സ്. പുതുതായി അനുവദിക്കേണ്ട തസ്തികകൾ : നേഴ്സിങ്ങ് അസിസ്റ്റന്റ്....എണ്ണം 2 അറ്റൻറർ ഗ്രേഡ് 2,..... 1 പാർട്ട് ടൈം സ്വീപ്പർ.....1 ഫുൾ ടൈം സ്വീപ്പർ.....1

7,2. ആരോഗ്യസ്ഥിതി വിവരങ്ങൾ

1	ആകെ വീടുകൾ	6464
	ജനസംഖ്യ	
7	എ) പുരുഷൻമാർ	12082
	ബി) സ്ത്രീകൾ	13083
	സി) കുട്ടികൾ ആകെ	3313
8	ദമ്പതിമാർ (സ്ത്രീയുടെ പ്രായക്രമാടസ്ഥാനത്തിൽ)	
	എ) 15 – 19	162
	ബി) 20 – 24	681
	സി) 25 – 29	822
	ഡി) 35 – 34	702
	ഇ) 35 – 39	568
	എഫ്) 40 –.44	306
	ആകെ	3241

അമ്മമാരുടെ എണ്ണം (ജീവിച്ചിരുപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)	
എ) 1 കുട്ടി	233
ബി) 2 കുട്ടികൾ	982
സി) 2 ൽ കൂടുതൽ കുട്ടികൾ	1296
ആകെ	2511
കുടുംബാസൂത്രണ മാർഗങ്ങൾ സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)	
എ. 1 കുട്ടി	233
ബി. 2 കുട്ടികൾ	793
രി. 2ൽ കൂടുതൽ കുട്ടികൾ	1122
ആകെ	2148

കുഴൽ കിണർ, പത്തിരിപ്പാല കിണർ ടാങ്ക്, പത്തിരിപ്പാല റോഡ്, മുച്ചീരി, കുണ്ടുവം പാടം എന്നീ കുഴൽ കിണറുകളും 18 പൊതു കിണറുക്കളും ആണ് ഉള്ളത്. സ്ഥിരമായി വെള്ളം എത്തിക്കേണ്ട ജലസംഭരണികൾ ഇല്ല.

വാർഡ് ഒന്ന്

വട്ടപറമ്പ്കോളി, വട്ടപ്പാറ ഭാഗം, കുനിക്കോട്, മേലെകോളനി, പൂക്കുന്ന്, കുന്നത്ത്, ഷാരത്ത് കോളനി, പെരുംപാറ, വെള്ളിലാപുള്ളി എന്നിവയാണ്.

വാർഡ് രണ്ട്

ചണ്ണക്കര, മനയത്തൊടി, ആശാരിക്കാവിന്നു സമീപം കോഴിശ്ശേരി അമ്പലപരിസരം, പാറശ്ശേരി കുന്നിന്നും യു. പി. സ്ക്കൂളിന്ന് ഇടക്കുള്ള കുന്നിൻ പ്രദേശങ്ങൾ എന്നിവയാണ്.

വാർഡ് മൂന്ന്

മൂളിപ്പാറ, തൃപ്പലമുണ്ട, മഞ്ഞപാറ, കുന്നിൻപുറം, വാപ്പാറക്കൽ എന്നിവയാണ്.

വാർഡ് നാല്

കമ്മാളതറ, ചടയൻ കുന്ന്, വെണ്ണ്യേടത്ത് പുളിൻയൻ കാട്. ചെറുകോട്, പള്ളിയാൽ പറമ്പ്, തൊണ്ടിയത്ത് കുന്ന്, ചാത്തം പള്ളിയാൽ എന്നിവയാണ്.

വാർഡ് അഞ്ച്

ലക്ഷം വീട് കോളനി, ഇടഞ്ഞീരികുണ്ട്, കാരാടുപറമ്പ് രാമൻകുഴി, ചരിപുറത്ത്, ഒഴലിപാടം, അമ്മാട്ടി, കരിമ്പനക്കുണ്ട്, ചോലക്കുണ്ട്, തോണിക്കര

വാർഡ് ആറ്

മാട്ടുമ്മൽ, മുള്ളത്ത് പറമ്പ്, കീരിപ്പാറ, ചുണ്ടേക്കാട്, കോൽപാടം, തെക്കെക്കര, കൂട്ടപ്പുര, മലമ്പാടം

വാർഡ്ഏഴ്

പുളിയാൻകാട്, കോട്ടക്കുന്ന്, വീണ്ടക്കുന്ന്, കോട്ടപ്പടി, കോട്ടപ്പടി മൃഗാശുപത്രി, വെണ്ണക്കാട്, ചാത്തം കുളം

വാർഡ് എട്ട്

മേലെക്കളം, തോട്ടം, വെള്ളയം തോട്, മണ്ണാൻതറ, പൂളക്കുണ്ട്

വാർഡ് ഒമ്പത്

മൂത്താട്ടു തൊടി, ലക്ഷം വീട്, കൂട്ടാലം കുന്ന്, പച്ചാനി പഞ്ചായത്ത്, കിണർ അറ്റ കുറ്റപണി

വാർഡ് പത്ത്

ചോലക്കുണ്ട്, പാറക്കുണ്ട് പെരിയകോട്, ചീപാറ, പൂതംകോട്, ചെരിപുറത്ത് തൊടി, പെമ്പക്കര, ചാമക്കുന്ന്, പൂപ്പുള്ളി

വാർഡ് പതിനൊന്ന്

മൂച്ചിരി, നെല്ലിക്കുന്ന്, വെള്ളപ്പുറം, ചാമക്കുന്ന്, മൂച്ചിരി സ്ക്കൂൾ പരിസരം, പാലപ്പറ്റ പറമ്പ് ആസ്പത്രി എന്നിവയാണം.

നിർദ്ദേശങ്ങൾ

1. ഒന്നാംവാർഡിൽ കുന്നിക്കോട് താഴെ കിടക്കുന്ന പഞ്ചായത്തു കിണറിൽ നിന്ന് ടാങ്ക് ഉപയോഗിച്ച് മേലെകോളനിയിൽ വെള്ളമെത്തിക്കാൻ കഴിയും.
2. വെള്ളിലാപ്പുള്ളി പഞ്ചായത്ത് കിണർ അറ്റകുറ്റപ്പണി നടത്തുക
3. വട്ടപ്പാറ ഭാഗത്തുകാർ പഞ്ചായത്തിന് ഏല്പിച്ച സ്ഥലത്ത് കിണർ കുഴിക്കുക.

രണ്ടാം വാർഡ്

ചണ്ണക്കര പഞ്ചായത്ത് കിണർ അറ്റകുറ്റ പണി നടത്തണം. പെരിങ്ങോടുനിന്ന് വരുന്ന പൈപ്പ് ശരിപ്പെടുത്തി പാറശ്ശേരി കുന്നിനും സ്ക്കൂൾ സ്ഥലത്തും വെള്ളം എത്തിക്കാം.

മൂന്നാംവാർഡ്

മൂളിപ്പാറ പഞ്ചായത്ത് കിണർ പണികഴിക്കുക, പൈപ്പ് ലൈനിന്റെ പണി അറ്റകുറ്റ പണി നടത്തുകയും ചെയ്യണം.

നാലാം വാർഡ്

പുളിയൻ കാടിന് അടുത്ത് താമസിക്കുന്ന ആളുകൾക്ക് യോജിച്ച സ്ഥലം ഉണ്ടാക്കി കിണർ കുഴിക്കണം.

അഞ്ചാം വാർഡ്

ലക്ഷം വീട് പഞ്ചായത്ത് കിണർ പണി ഉടനെ നടത്തണം. അമ്മാട്ടി പൈപ്പു ലൈൻ ശരിപ്പെടുത്തുക. മേലെ കളത്തിൽ പഞ്ചായത്തിന് ഏല്പിച്ച സ്ഥലത്ത് കിണർ കുഴിക്കുക. ചോലക്കുണ്ട് പഞ്ചായത്ത് കിണർ ഉപയോഗപ്പെടുത്തുക.

ആറാംവാർഡ്

മാട്ടുമ്മൽ പഞ്ചായത്ത് കിണർ ചുണ്ടേക്കാട് പഞ്ചായത്ത് കിണർ ഉടനെ പണി പൂർത്തിയാക്കണം.

ഏഴാം വാർഡ്

പുളിയൻ കാട് കോട്ടക്കുന്ന് ആളുകൾക്ക് സ്ഥലം കണ്ടെത്തി ഉടനെ കിണർ കുഴിക്കേണ്ടതാണ്. കോങ്ങാട് ചന്തയിലുള്ള കിണർ ആഴം കൂട്ടി ടാങ്ക് ഉണ്ടാക്കുകയും മൊത്തം പൈപ്പ് ലൈൻ അറ്റകുറ്റ പണികൾ നടത്തുകയും കോട്ടപടിയിൽ പഞ്ചായത്തിന് വിട്ടുകൊടുത്ത സ്ഥലത്ത് കിണർ കുഴിച്ച് വെള്ളം ടാങ്ക് വഴി എത്തിക്കുകയും ചെയ്യേണ്ടതാണ്.

എട്ടാം വാർഡ്

മേലെകളം, പണിങ്ങൽ പൂളക്കുണ്ട് എന്നിവിടങ്ങളിൽ പഞ്ചായത്തിന് വിട്ടു കൊടുത്ത സ്ഥലത്ത് കിണർ കുഴിക്കുകയും കുഴൽ കിണറുകൾ വൃത്തിയാക്കുകയും ടാങ്ക് വഴി വിതരണം നടത്തുകയും ചെറക്കുളത്തിൽ നിന്നും വെള്ളം ടാങ്ക് വഴി എത്തിക്കുകയും ചെയ്താൽ വാർഡിലെ വെള്ളക്ഷാമം പരിഹരിക്കാൻകഴിയും.

ഒമ്പതാം വാർഡ്

മൂത്താട്ടു തൊടിയിൽ കിണർ കുഴിക്കണം. കൂട്ടാലം കുന്നിൻ കിണർ പച്ചാനി പഞ്ചായത്ത് കിണർ അറ്റകുറ്റ പണി നടത്തുകയും വേണം.

പത്താം വാർഡ്

പാറക്കുണ്ടം കോളനി ചെമ്പക്കര, കിണർ അത്യാവശ്യമാണ്

പതിനൊന്നാം വാർഡ്

ചാമക്കുന്ന് കോളനി പഞ്ചായത്ത് കിണർ ഉടനെ അറ്റ കുറ്റ പണി നടത്തണം, കോങ്ങാട് അശുപത്രിയിൽ ഒരു ഓപ്പൺ കിണർ കുഴിക്കുകയും വേണം.

നിർദ്ദേശം 2

1. കാവു പറമ്പിലെ ഉപയോഗശൂന്യമായി കിടക്കുന്ന വാട്ടർ ടാങ്ക് പുനഃസംഘടിപ്പിച്ച് ജലവിതരണം പുനരാരംഭിക്കുക.
2. പെരിങ്ങോട് കുഴൽ കിണറിൽ നിന്നും ആവശ്യാനുസരണം വെള്ളം കിട്ടാൻ നടപടിയെടുക്കുക.
3. മാട്ടുമ്മൽ 6 കൊല്ലം മുൻപ് തുടങ്ങി വെച്ച ശുദ്ധജലവിതരണപദ്ധതി പൂർത്തിയാക്കുക.
4. വീണ്ടപ്പാറ പ്രദേശത്ത് ശുദ്ധജലവിതരണം നടത്താൻ മതിയായ പദ്ധതി നടപ്പിലാക്കുക.
5. മണിക്കശ്ശേരി പുഴയിൽ lift irrigation പദ്ധതി പ്രകാരം കോട്ടകുന്ന് നെരവത്തം ടാങ്ക് കെട്ടി പഞ്ചായത്തിന്റെ മുഴുവൻ ഭാഗത്തും കുടിവെള്ളം എത്തിക്കുക.
6. വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പഞ്ചായത്ത് നികുതി കൊടുക്കുന്നതുമായ ജലവിതരണം പുതിയ ടാങ്കും പൈപ്പുലൈനുകളും ടാപ്പും സ്ഥാപിച്ച് അപാകതകൾ പരിഹരിച്ച് പുനഃസംവിധാനം ചെയ്യുക.
7 ശുദ്ധജലവിതരണവും അതു സംബന്ധിച്ച ചുമതലയും പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് കൈമാറുക.
8. തുപ്പനാട് പദ്ധതി കഴിയും വേഗത്തിൽ നടപ്പാക്കുക എന്നിവയാണ്.

കോങ്ങാട് ഗ്രാമ പഞ്ചായത്ത് ആയൂർവ്വേദ ആസ്പത്രി

കോങ്ങാട് പഞ്ചായത്തിൽ ആയൂർവേദ ആസ്പത്രിയില്ല. എല്ലാ പഞ്ചായത്തുകളിലും ഉണ്ട്. 1993 ൽ ഒഴിഞ്ഞ പഴയ ആസ്പത്രി കെട്ടിടത്തിലേക്ക് ഒരു ഗവർമെൻറ് ആയൂർവേദ ആസ്പത്രി തുടങ്ങാൻ അന്നത്തെ പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുക്കുകയും വിവരം സർക്കാറിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. നടപടിയൊന്നും എടുത്തു കാണുന്നില്ല. ഇന്നത്തെ ആയൂർവേദ ചികിത്സയുടെ പ്രാധാന്യം മനസ്സിലാക്കി ജനങ്ങൾ ആയൂർവേദ ചികിത്സിയിൽ അമിതമായ താല്പര്യവും വിശ്വാസവും കാണിക്കുന്നു. കൂടാതെ അലോപ്പതി ചികിത്സയുടെ പോരായ്മയും ആയൂർവേദ ചികിത്സക്ക് പ്രാധാന്യം കൂട്ടുന്നു.

കോങ്ങാട് ഗ്രാമപഞ്ചായത്ത് ഗവർമെൻറ് ഹോമിയോഡിസ്പെൻസറി

കോങ്ങാട് ഗ്രാമപഞ്ചായത്തിന്റെ കീഴിൽ 1994 ൽ അനുവദിച്ചു കിട്ടിയ ആസ്പത്രി ഒരു സ്വകാര്യ വ്യക്തിയുടെ വാടക കെട്ടിടത്തിൽ ആണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. പഞ്ചായത്ത് നേരിട്ട് വാടക കൊടുത്തു കൊണ്ടിരിക്കുന്നു. ഫർണീച്ചറികൾ കൊണ്ടു വരാനും മറ്റു സൗകര്യങ്ങൾക്കും ജനങ്ങളുടെ സഹായ സഹകരണങ്ങൾ ഉണ്ടായിട്ടുണ്ട്. വളരെയധികം ആളുകൾ മരുന്ന് ഉപയോഗിച്ചു കൊണ്ടിരിക്കുന്നു. ഇതിൽ കുട്ടികളും സ്ത്രീകളുമാണ് കൂടുതൽ കോങ്ങാട് പഞ്ചായത്തിന്റെ പച്ചക്കറി ചന്തയിലുള്ള സ്ഥലത്ത് ആസ്പത്രിക്ക് കെട്ടിടം കെട്ടാൻ ഗവർമെൻറ് അനുമതി ലഭിച്ചിട്ടുണ്ട്. ഡോക്ടർ അടക്കം 4 പോർ ജീവനക്കാരായിട്ടുണ്ട്. ജീവനക്കാരുടെ വിവരം ചുവടെ ചേർക്കണം.

ഡോക്ടർ	1
ഫാർമസിസ്റ്റ്	1
പ്യൂൺ	1
സ്വീപ്പർ (പാർടൈം)	1
ആകെ	4 പേർ

നിർദ്ദേശങ്ങൾ

1. സ്വന്തമായി സ്ഥലം, കെട്ടിടം എന്നിവ ഇല്ല. ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കണം.

2. ഇപ്പോൾ ഉള്ള ആസ്പത്രിയിലേക്ക് ആവശ്യമായ ഫർണീച്ചറുകൾ, വൈദ്യുതോപകരണങ്ങൾ, ഓഫീസ് ഉപകരണങ്ങൾ, സ്രോവ്, കലം, വെള്ളം തിളപ്പിക്കാനുള്ള സംവിധാനം എന്നിവ വേണം.

ഗവ. ഹോമിയോ ആശുപത്രി, അനുബന്ധം – 7. 7,1. സ്ഥാപന വിവരങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ഇനം	കെട്ടിടം സ്വന്തം/വാടക	ഉദ്യോഗസ്ഥരുടെ എണ്ണം	സ്ഥാപിച്ച വർഷം	സ്ഥാപനപരമായ പ്രശ്നങ്ങൾ
1	ഗവ. ഹോമിയോ ഡിസ്പെൻസറി കോങ്ങാട്	ഹോമിയോ ആശുപത്രി	വാടക	3 + 1 = 4	1994	1. സ്വന്തം സ്ഥലം കെട്ടിടം വേണം 2. ആവശ്യമായ ഫർണിച്ചർ വേണം 3. ആവശ്യമായ വൈദ്യുതോപകരണങ്ങൾ 4. ആവശ്യമായ ജലലഭ്യത 5. ആവശ്യമായ ആഫീസ് ഉപകരണങ്ങൾ എന്നിവ

7,4 – പകർച്ച വ്യാധികൾ – വിവരങ്ങൾ

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
93 – 94	–	–	–	–
94 – 95	1204	812	947	337
95 – 96	2193	1487	503	1817

7,5 – മറ്റ് ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും വിവരം ശേഖരിക്കൽ

വർഷം	ഇൻ പേഷ്യൻർ	ഔട്ട് പേഷ്യൻർ	തുക്ക് രോഗം	രോഗങ്ങൾ സംബന്ധിച്ച വിവരം (പ്രതിവർഷം)				
				വാത രോഗം	പകർച്ച വ്യാധി	വിഷ ചികിത്സ	മറ്റു രോഗങ്ങൾ	ആകെ
92 - 93		22400	11000	-	3300	Nil	8100	22400
93 - 94	-							
94 - 95								
95 - 96	-	33000	16000	-	6000	Nil	8000	33000
Total		55400	27000	-	9300	-	16100	52400

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഗതാഗതം

തിരക്കേറിയ ആധുനിക ജീവിതത്തിൽ റോഡ് സൗകര്യങ്ങളുടെ പ്രസക്തി പ്രത്യേകം എടുത്തുപറയേണ്ടതില്ലല്ലോ. പരിവർത്തനങ്ങൾക്ക് വേഗം കൂടിയ പതിനെട്ടും, പത്തൊൻപതും, ഇരുപതും നൂറ്റാണ്ടുകളോടെയാണ് റോഡ് ശൃംഖല ഇന്നു കാണുന്ന രൂപത്തിലുള്ള വളർച്ചയിലെത്തിയത്. ഇപ്പോഴാകട്ടെ നമ്മുടെ ഗ്രാമത്തിന്റെ പ്രത്യേകതകൾ കൂടി കണക്കിലെടുത്ത് നാനാവിധമായ വളർച്ചയ്ക്ക് അനുകൂലമായ റോഡ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്.

1961 - ൽ നമ്മുടെ പഞ്ചായത്ത് രൂപീകൃതമായ ഘട്ടത്തിൽ പാലക്കാട് - ചെർപ്പുളശ്ശേരി റോഡ്, കോങ്ങാട് - പത്തിരിപ്പാല റോഡ് എന്നീ പ്രധാനറോഡുകളാണുണ്ടായിരുന്നത്.. നമ്മുടെ ഉൾപ്രദേശങ്ങളിലെ ജനങ്ങളുടെ ആശുപത്രി ആവശ്യങ്ങൾ, വിദ്യാഭ്യാസ ആവശ്യങ്ങൾ തുടങ്ങിയവയിൽ നിന്നുണ്ടായ സമ്മർദ്ദങ്ങളെതുടർന്ന് ജനകീയ മുൻകൈയോടെ സ്ഥലമെടുപ്പുനടത്തുകയും പുതിയ റോഡ് സൗകര്യങ്ങൾ ഉണ്ടാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ഈ ദിശയിലെ എറ്റവും പ്രധാനപ്പെട്ട പ്രവർത്തനമാണ്. കോങ്ങാട് - കാഞ്ഞിക്കുളം റോഡ്. ഭൂപരിഷ്ക്കരണം, വിദ്യാഭ്യാസത്തിലെ പുരോഗതി എന്നീ നിലയിൽ വളർച്ച പ്രാപിച്ച ജനത പ്രാഥമിക ആവശ്യങ്ങൾക്കുവേണ്ടി സമ്മർദ്ദം ചെലുത്തുക സ്വാഭാവികമാണല്ലോ. അതുകൊണ്ടുതന്നെ പിന്നീടുവന്ന എല്ലാ പഞ്ചായത്തുസമിതികളും പ്രധാനശ്രദ്ധ ചെലുത്തിയത് റോഡ് നിർമ്മാണ പ്രവർത്തനങ്ങളിലാണ്.

നമ്മുടെ പഞ്ചായത്തിൽ ആകെ 129 കി.മീ. റോഡുണ്ട്. ടാർ റോഡിന്റെ ആകെ അളവ് 33. കി.മീ. ആണ്. 110 സെ.മീ. ആണ് ആളോഹരി ദൈർഘ്യം.

നമ്മുടെ പഞ്ചായത്തിൽ ഒരു ബസ്സ്റ്റാൻഡും നാല് ആട്ടോ - സ്റ്റാൻഡുകളും, 3 ജീപ്പുസ്റ്റാൻഡുകളുമാണുള്ളത്. പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകൾ അവയുടെ ഉടമസ്ഥത, നീളം, വീതി യാത്രാസൗകര്യങ്ങൾ എന്നിവ താഴെ പട്ടികയിൽ കൊടുക്കുന്നു.

നിലവിലുള്ള റോഡുകൾ

വാർഡ്	റോഡിന്റെ പേര്	ദൂരം	വീതി
I 1	അഴിയന്നൂർ മഞ്ഞപ്പാറ	6Km	8
2.	പാറശ്ശേരി - വടശ്ശേരി	2km	8
3.	പോസ്റ്റാഫീസ് റോഡ്	1km	8
4.	ഷാരത്ത് കോളനി	1km	6
5.	പുല്ലാനിക്കാട് കളം	500m	6
6.	ലക്ഷം വീട് - മലയരുകിൽ	500m	6
7.	വട്ടപ്പറമ്പിൽ - വയങ്കരപ്പാടം	1k.m	4
8.	കാവിൽനട - തടുക്കശ്ശേരി	1k.m	4
II 1	കൂറ്റൻ കുന്ന് - പെരിങ്ങോട്	1k.m.	8
2.	ചണ്ണക്കര കോളനി	1 1/2 k.m	8
3.	ചണ്ണക്കര കോഴിശ്ശേരി	1 k.m	4
4	കോഴിശ്ശേരി - ആലിക്കൽ	4k.m.	6
5.	മലയം പാടം - ചുള്ളിയാർ കുന്ന്	1k.m	8
6.	അയ്യപ്പൻകാവ് - ചാത്തംകുളം	1	6
III 1	പാറശ്ശേരി - തൃപ്പലമുണ്ട	3km.	8
2.	മൂളിപ്പാറ - അകമഡറ്റ്	700 m	4
3.	കനാൽ - അമ്പലവട്ടം	750 m	8
4.	ടിപ്പുസുൽത്താൻ - ചെരപ്പറ്റ	1	6
5.	തൃപ്പലമുണ്ട - പുലാപ്പറ്ററോഡ്	1	8
6.	ചെട്ടിത്തറ റോഡ്	1	6
7.	തൃപ്പലമുണ്ട - ലക്ഷം വീട്	1	6
8.	പുത്തൻകളം - മാമ്പുഴ	1	6
IV1	മാഞ്ചേരിക്കാവ് - അട്ടക്കാട്	2	8
2.	പന്നിക്കോട് - ടിപ്പു റോഡ്	3	8
3.	കാരാനിപാടം - പുളിയൻകാട്	1	6
4.	മൂച്ചികൂട്ടം - അക്കരപ്പറമ്പ്	1	6
5.	മുണ്ടംപാടം റോഡ്	11/2	6
6.	ടിപ്പു - അട്ടക്കാട് റോഡം	700k.m	6
7.	ടിപ്പു - ചെടയൻ കുന്ന്	1	6
8.	കോട്ടകുന്ന് - പാലപള്ളിയാൽ	1/2	4
V 1	കോങ്ങാട് - മണ്ണാർക്കാട്	4 k.m	8
2.	പാറശ്ശേരി - തൃപ്പലമുണ്ട	1k.m.	8
3.	അയ്യപ്പൻ കാവ് - ആഴ്ചത്തൊടി കോളനി തോട്ടം	2k.m.	6
4.	മാരാർ കുളം - തോട്ടം കുളം	1	4

5.	പാറശ്ശേരി - ടിപ്പു റോഡ്	1	5
6.	സീഡ്ഫോം - ലക്ഷം വീട് പൂച്ചകുന്ന്	1 1/2	5
7.	കൊട്ടശ്ശേരി - തോണിക്കര	1	8
8	ഭരതൻ കുന്ന് - ആയങ്ങാട്ട്	1	6
9.	അയ്യപ്പൻകാവ് - ഇടിഞ്ഞിരിക്കളം	750	5
10.	മാട്ടത്തിൽ - ഇടിഞ്ഞിരികുണ്ട്	800	8
VI 1	കോൽപ്പാടം - ബംഗ്ലീവിൽ കുന്ന്	3	8
2.	കൂട്ടപ്പുര - തെക്കും കര	2	8
3.	മണിക്കശ്ശേരി - കീരിപ്പാറ	3	6
4.	കോരമുണ്ട - ചുണ്ടേക്കാട്	2	6
5.	മാട്ടുമ്മൽ - കീരിപ്പാറ	3	6
6.	തിരുവപ്പാറ - മഞ്ഞലാടി	1	4
7.	തെക്കെക്കര - മലമ്പാടം	1	3 1/2
8.	കോൽപ്പാടം - ക്രോസ്ബാർ	1	31/2
VII 1	മാഞ്ചേരിക്കാവ് - പുളിയൻകാട്	1	8
2.	പന്നിക്കോട് - വെണ്ണക്കാട്	1	6
3.	കോട്ടപ്പടി - പച്ചാനി	1	6
4.	വെട്ടുകുളം - വീണ്ടപ്പാറ	1	6
5.	കമ്പപ്പറമ്പ് - ചാത്തം കുളം	1	8
6.	ശ്മശാനം - കാവുനട	1/2	6
7.	തീപ്പെട്ടിക്കമ്പനി പുളിയൻ കാട്	1	5
VIII 1	മാഞ്ചേരിക്കാവ് തോട്ടം	2	6
2.	ചോലകുണ്ട് - മണ്ണാൻ തറ	700	6
3.	ചോലകുണ്ട് - മാമ്പുഴ	1	6
4.	മണ്ണാൻ തറ - ചെറക്കുളം	1	5
5.	വെള്ളയം തോട് തോട്ടം	1	5
IX 1	ക്ഷമാ മന്ദിരം - പത്തിരിപ്പാല റോഡ്	1	5
2.	കമ്പ പറമ്പ് റോഡ്	500m	6
3.	ചാലുവള്ളി - സ്റ്റേഡിയം	200	8
4.	പച്ചാനി - മുത്താട്ടുതൊടി	1	6
5	പുലിക്കോട് - ആൽത്തറ	1	6
6.	കുമ്പാരത്തറ - മുച്ചീരി	1	5
X 1.	ചെമ്പക്കര - പൂപ്പുള്ളി	1	8
2.	ചല്ലിക്കൽ പൂതംകോട്	2	8
3.	കവളേങ്ങിൽ - പാലപ്പറ്റപറമ്പ്		1
6	പൂതംകോട് - കയറം പാറ	1	6

5.	ചുള്ളിക്കാട് - വാരണി	500	6
6.	L PS ഉണ്ണിയമ്പത്ത്	500	6
7.	ഭഗവതിപാറ - അയ്യപ്പൻ കോട്ട	500	6
8.	കവളേങ്ങിൽ - കുന്നത്ത്	1	5
9.	ചീപ്പാറ - പൊന്തൻ ചീനി	1	5
10	പൂപ്പുള്ളി - പാറകുണ്ട്	500	6
11	ചെമ്പക്കര - തെക്കെപ്പാട്	1	6
12.	പൂപ്പുള്ളി - പുനത്തിൽ	500	6
XI 1	കോങ്ങാട് - തേനൂർ	2	8
2.	കവളേങ്ങിൽ - മുച്ചീരി	1	8
3.	തെളിയറ - കുണ്ടളശ്ശേരി	500	6
4.	കവളേങ്ങിൽ കുമ്പാരത്തറ	1	5
5.	മുച്ചീരി - ഹരിജൻ കോളനി	1	6
6.	മുച്ചീരി - അയ്യപ്പൻ കുളം	1	6



പട്ടിക - 1

പഞ്ചായത്തിലെ ടാർ റോഡുകൾ

നമ്പർ	റോഡ്	ഉടമസ്ഥത	ദൂരം, കി.മീ.	വീതി. മീറ്റർ.	ബസ് യാത്രാസൗകര്യം.
1.	പാലക്കാട് - ചെർപ്പുളശ്ശേരി	PWD	8	8	ഉണ്ട്
2.	കോങ്ങാട് - പത്തിരിപ്പാല	PWD	2	8	ഉണ്ട്
3.	കോങ്ങോട് - കാഞ്ഞിക്കുളം	PWD	5	8	ഉണ്ട്
4.	പെരിങ്ങോട് - പുലാപ്പറ്റ	PWD	2	8	ഉണ്ട്
5.	ബംഗ്ലാവ്ക്കുന്ന് - വേലിക്കാട്	PWD	1	8	ഇല്ല
6.	പാറശ്ശേരി - കുണ്ടുവം പാടം	പഞ്ചായത്ത്	2	8	ഉണ്ട്
7.	അഴിയന്നൂർ - മഞ്ഞപ്പാറ	പഞ്ചായത്ത്	1.5	8	ഇല്ല
8.	മഞ്ചേരിക്കാവ് - ചെറായ	പഞ്ചായത്ത്	2	8	ഇല്ല
9.	പത്തിരിപ്പാലറോഡ് - മുച്ചീരി	പഞ്ചായത്ത്	1.5	8	ഇല്ല
10.	ചല്ലിക്കൽ - പൂതങ്കോട്	പഞ്ചായത്ത്	3	8	ഇല്ല

ഏതാണ്ടെല്ലാ പ്രദേശങ്ങളെയും ബന്ധിപ്പിക്കുന്ന റോഡ് സൗകര്യമുണ്ടെങ്കിലും റോഡുകളുടെ നില മോശമാണ്. ഓരോ വർഷക്കാലശേഷവും കുണ്ടും കുഴിയുമായി ശോചനീയനിലയിലാവും. ശരിയായ സമയത്ത് അറ്റകുറ്റ പണികൾ നടത്താൻ സാധിക്കാത്തത് ഒരു വലിയ പ്രശ്നമായി അവശേഷിക്കുന്നു.

പ്രശ്നങ്ങൾ

I ടാർ റോഡുകളുടെ പ്രശ്നങ്ങൾ

ടാർ റോഡുകൾ ഓരോ വർഷക്കാലത്തിനുശേഷവും വലിയ കേടുപാടുകൾ വരുന്ന നിലയിലാണ്. നിലവിലുള്ള പത്ത് റോഡുകളുടേയും സ്ഥിതി ഇതുതന്നെയാണ്. ഉൾപ്രദേശങ്ങളിലെ റോഡുകളാവട്ടെ പാടം നികത്തിയും ഇളകുന്ന മണ്ണിൽ നിർമ്മിച്ചവയുമാണ്. റോഡു പ്രവർത്തനങ്ങളുടെ സാങ്കേതികത്വവും കണക്കുസംബന്ധമായ കാര്യങ്ങളും സുതാര്യമായിരിക്കുകയും ജനപരിശോധനയ്ക്കു വിധേയമാക്കുകയും വേണം. മണ്ണൊലിപ്പുകൊണ്ടുണ്ടാകുന്ന തേയ്മാനവും, നടപ്പാതയില്ലാത്തതും പ്രധാന പ്രശ്നങ്ങളാണ്.

II മെറ്റൽ റോഡുകളുടേയും മൺറോഡുകളുടേയും ശോചനീയാവസ്ഥ.

ഗ്രാമസഭകളിലെ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള പ്രധാന മെറ്റൽ റോഡുകൾ ടാർ ചെയ്യേണ്ടതും മൺറോഡുകൾ കൂടുതൽ ഗതാഗതയോഗ്യമാക്കേണ്ടതുമുണ്ട്. ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ സൗകര്യം വർദ്ധിപ്പിക്കേണ്ട മൺറോഡുകൾ എന്നിവ പട്ടിക - 2 കൊടുക്കുന്നുണ്ട്.

പട്ടിക - 2

ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

നമ്പർ	കോഡ്	വാർഡ്	റോഡിന്റെ പേര്	ടാർ ചെയ്യേണ്ട ദൂരം	വീതി. (മീറ്ററിൽ)
1	05	V	ടിപ്പുസുൽത്താൻ	4. കി.മീ	8
2	01	I	16-ാം മൈൽ കുണ്ടുമ്പാടം	2 . കി.മീ.	8
3.	04	IV	മഞ്ചേരിക്കാവ് - അട്ടക്കാട്	2. കി.മീ.	8
4.	011	IX	മുച്ചീരിറോഡ്	1. കി.മീ.	8
5.	06	VI	കീരിപ്പാറ - കല്ലടിക്കോട് കനാൽ റോഡ്	2. കി.മീ.	6

പട്ടിക - 3

ടാർ ചെയ്യേണ്ട മൺ റോഡുകൾ

ടാറിംഗ് OR മെറ്റലിംഗ്

നമ്പർ	കോഡ്	വാർഡ്	റോഡിന്റെ പേര്	ദൂരം, കി.മീ.	വീതി. മീറ്റർ
1	07	7	മാഞ്ചേരിക്കാവ് - പുളിയം കാട്	2	8
2	10	9,10	പുഴംപാറ - പൂപ്പുള്ളി റോഡ്	2.5	8
3.	03	3	തൃപ്പലമുണ്ട - പാറശ്ശേരി	2.5	8
4	06	6	കോൽപ്പാടം -കൂട്ടപ്പുര (സത്രംകാവ്)	2.5	8
5	04	4	ചെറായ - ടിപ്പുസുൽത്താൻ റോഡ്	0.5	8

III പുതിയ റോഡുകൾ

കൊട്ടശ്ശേരി - തോണിക്കര റോഡ്, തീപ്പെട്ടി കമ്പനി - നായാടിക്കുന്ന് റോഡ്, ചെറായ - പുളിയൻകാവ് റോഡ് എന്നിവ വേഗത്തിൽ പൂർത്തിയാക്കണമെന്ന് അഞ്ച്, ഏഴ്, നാല് എന്നീ ഗ്രാമസഭകളിൽ നിന്ന് പ്രധാനനിർദ്ദേശമായി ഉയർന്നു വന്നിട്ടുണ്ട്.

IV പുതിയ മൺ റോഡുകൾ

യാത്രാസൗകര്യം വിപുലപ്പെടുത്തുന്നതിന് ഗ്രാമത്തിന്റെ മുഴുവൻ കോണുകളിലേക്കും ബന്ധപ്പെടാവുന്ന തരത്തിലുള്ള ഭൂരിഭാഗം ഇടവഴികളും റോഡുകളാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട്. അവ പട്ടിക - 4 ൽ കൊടുക്കുന്നു.

പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

വാർഡ്	റോഡിന്റെ പേര്	കോഡ്	കിലോമീറ്റർ ദൂരം
I	ഷാരത്ത് - കോളനി	0101	0.5
	ആശാരിത്തറ റോഡ്		0.5
	മുണ്ടഞ്ചേരിപ്പടി റോഡ്		1.00
	പുല്ലാനിക്കാട്ടുകളം		0.75
	പോസ്റ്റാഫീസ് റോഡ്		0.75
	വെള്ളിലാപ്പുള്ളി - മുണ്ടഞ്ചേരിപ്പടി		0.5
	അമ്പലക്കുന്ന് - അംഗൻവാടി		0.5
	മാട്ടത്ത് - പാച്ചീരിക്കോട്		1.00
II	അയ്യപ്പൻ കാവ് - ചാത്തം കുളം		1.00
	മലയംപാടം - ചുള്ളിയാർകുന്ന്		1.00
	പുത്തൻകളം-മാമ്പുഴ		1.00
	ചാത്തംകുളം - തേറുകാട്ടിൽ - മുണ്ടഞ്ചേരി		2.50
	ചുള്ളിയാലംകുന്ന് - തോടുവരെ		0.80
	ചാത്തനാത്ത് - അയ്യപ്പൻ കാവ്		0.80
	അത്തിക്കുണ്ട് - ചുള്ളിയാലം കുന്ന്		1.00
	തേറുകാട്ടിൽ - കൊലാംമൂച്ചിക്കൽ		0.80
III	മൂളിപ്പാറ - പെരുമ്പാഴിപ്പാടം		0.50
	ടിപ്പുസുൽത്താൻ - ചെറപ്പറ്റ		1.00
	ചെട്ടിത്തറ റോഡ്		1.00
	തൃപ്പലമുണ്ട - ലക്ഷം വീട് കുള്ളിക്കാടൻ കുന്ന്		1.00
	കുന്നത്ത് - പാറശ്ശേരിപ്പാടം		1.00
	മാമ്പുഴ - പുലാപ്പറ്റ - കനാൽ റോഡ്		0.75
	പാറക്കോട് - 15-ാം മൈൽ		1.00
	15-ാം മൈൽ - പുലാപ്പറ്റ റോഡ് കണക്ഷൻ		1.00
	പറക്കോട് - തൃപ്പലമുണ്ട		1.00
IV	അട്ടക്കാട് - മാഞ്ചീരിക്കാവ് - കടമ്പഴിപ്പുറം		1.00
	കുതിരവട്ട പറമ്പ്		1.00
	ടിപ്പുസുൽത്താൻ റോഡു മുതൽ - ആമ്പാടം വരെ		1.50
	ആനപ്പാറ - നിലയംകോട്		1.00
	പന്നിക്കോട് - ചടയൻകുന്ന്		1.00
	കാരാനിപ്പാടം - അക്കരപറമ്പ്		1.00
	ചെറായ വായനശാല - മുക്കണം		0.5
	കമ്മാളശ്ശേരി - ആര്യങ്കാവ്		0.5

പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

വാർഡ്	റോഡിന്റെ പേര്	കോഡ്	ദൂരം കി.മീ.
IV	കോട്ടക്കുന്ന് - പാലപള്ളിയാൽ		0.5
	കമ്മാളശ്ശേരി - അക്കരപറമ്പ് - കാരാനിപ്പാടം		0.5
	കാരാനിപ്പാടം - പുളിയംകാട്		1.00
	ചെറായ L.P.S പുന്നാശ്ശേരി		1.00
	മുണ്ടംപ്പാടം - ചൂണ്ടേക്കാട്		1.00
	അട്ടക്കാട് ഹെൽത്ത് സെൻറർ		1.00
	ടിപ്പുസുൽത്താൻ റോഡ് - കിഴക്ക് പാടം		1.00
	ചെറായ - പള്ളിയിൽ		0.5
V	മാരാർകുളം - ലക്ഷംവീട്		1.00
	പാറശ്ശേരി - ടിപ്പുസുൽത്താൻ റോഡ്		1.00
	സീഡ്ഫാം - പൂച്ചാംകുന്ന്		1.00
	അയ്യപ്പൻ കാവ് - ഇരിഞ്ഞിരിക്കുണ്ട്		1.00
	ടിപ്പുസുൽത്താൻ റോഡ് -മുത്തേടത്തം		1.00
	മാഞ്ചേരിക്കാവ് - മൂന്നുമൂർത്തി		0.50
	ചെർപ്പളശ്ശേരി - മൂന്നുമൂർത്തി		0.50
	മുത്തേടം - കനാൽ റോഡ്		0.50
	രാമൻ കുഴി - മുണ്ടം കളം		0.50
	കുനം മൂച്ചി - കൊരപ്പ		0.50
	സീഡ് ഫാം - ലക്ഷംവീട്		1.00
	പാറശ്ശേരി - ആഴ്ചത്ത് കോളനി		1.00
	മാട്ടത്ത് - ഭരതൻ കുന്ന്		1.00
	മാട്ടത്ത് - അയ്യപ്പൻ കാവ്		0.50
VI	തിരുവിൽപാറ - മഞ്ഞലാടി		1.00
	കോൽപ്പാടം - ക്രോസ്ബാർ		1.00
	തെക്കെക്കര - മലമ്പാടം		1.00
	നന്നങ്ങാടി - അയ്യപ്പൻ		1.50
	വായനശാല - മാട്ടുമ്മൽ		0.40
	ഇറക്കുന്നത്ത് - മാട്ടുമ്മൽ		0.30
VII	വെട്ടുകുളം - വീണ്ടപ്പാറ		0.75
	ശ്മശാനം - കാവുനട		0.50
	പന്നിക്കോട് - വെണ്ണക്കാട്		1.00
	പുറവത്തൊടി - ഊട്ടുപാടം		0.50

പുതുയതായി നിർമ്മിക്കേണ്ട റോഡുകൾ

വാർഡ്	റോഡിന്റെ പേര്	കോഡ്	ദൂരം കി.മീ.
VII	ചാത്തം കുളം - ലക്ഷംവീട്		1.00
VIII	മാഞ്ചേരിക്കാവ് - തോട്ടം		2.00
	കോങ്ങാട് - ചോലക്കുണ്ട്		1.00
	മണ്ണാംത്തറ - ചെറക്കുളം		1.00
	വെള്ളയം തോടം - തോട്ടം		1.00
IX	കമ്പപ്പറമ്പ് -പച്ചാനി		1.00
	പച്ചാനി - മൂത്തട്ടുതൊടി		1.00
	പുലിക്കോട് - ആൽത്തറ		0.50
	കുമ്പാരത്തറ - മുച്ചീരി		1.00
X	ചുള്ളിക്കാട് - വാരണി		0.50
	പൂതംകോട് - കയറംപാറ		1.00
	G.L.P.S - ഉണ്ണിയമ്പത്ത്		0.50
	ഭഗവതിപ്പാറ - അയ്യപ്പൻ കോട്ട		0.50
	മുച്ചീരി - കവളയിങ്കൽ - കുന്നത്ത്		1.00
	ചമ്പക്കര - പൂപ്പുള്ളി - ചെരിയങ്കോട്		0.40
	ചമ്പക്കര - ഒലുപ്പിൽ		0.70
	കവളേങ്കിൽ - പാലപ്പറ്റപറമ്പ്		1.00
	ചമ്പക്കര - പൂപ്പുള്ളി		3.00
	പൂപ്പുള്ളി- പാറക്കുണ്ട്		0.50
	ഭഗവതിപ്പാറ - ചെരിയങ്കോട്		1.00
	ചമ്പക്കര - തെക്കേപ്പാട്		1.00
	ചീപ്പാറ - പൊന്തഞ്ചേരി		1.00
	പൂപ്പുള്ളി - പുനത്തിൽ		0.50
XI	തെളിയാറ - കുണ്ടളശ്ശേരി		1.50
	കവളയിങ്കൽ - കുമ്പാരത്തറ		1.00
	മുച്ചീരി - ഹരിജൻ കോളനി		0.05
	കവളയിങ്കൽ - മുച്ചീരി		1.00
	മുച്ചീരി - അയ്യപ്പൻ കുളം		1.00

V റോഡ് ശൃംഖലാ വ്യാപനം ഉയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങൾ

പ്രകൃതിയുടെ സന്തുലിതാവസ്ഥ തകർക്കുന്ന രൂപത്തിലും കൃഷിക്ക് ബുദ്ധിമുട്ടുണ്ടാകുന്നു. മണ്ണൊലിപ്പ് നീർകെട്ട്, നീർവാർച്ച ഉൾപ്പെടെ നിരവധി പ്രശ്നങ്ങൾ റോഡ് ശൃംഖലാ വ്യാപനം ഉയർത്തികൊണ്ടുവരുന്നു.

VI സാദ്ധ്യതകൾ

റോഡ് - ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നിരവധി നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുണ്ട്. അവയുടെ സൂക്ഷ്മ പരിശോധനയിൽ നിന്ന് ലഭിച്ച പ്രധാന നിർദ്ദേശങ്ങൾ.

1. കോങ്ങാട് - കൊട്ടശ്ശേരി - ടിപ്പുസുൽത്താൻ റോഡ് ടാർ ചെയ്ത് ബസ് സൗകര്യം ഉണ്ടാക്കിയാൽ പുലാപ്പറ്റ - മണ്ണാർക്കാട് പ്രദേശത്തേക്കുള്ള യാത്രാ ദൈർഘ്യം കുറയും.
2. ചല്ലിക്കൽ - ഹൈസ്ക്കൂൾ പ്രദേശത്തിനകത്ത് നിലവിലുള്ള റോഡുകൾ കൂട്ടിയിണക്കി വൺവെ, ബൈപ്പാസ് സംവിധാനങ്ങൾ ഉണ്ടാക്കണം.
3. ആയിരക്കണക്കിന് വിദ്യാർത്ഥികൾ വരുന്ന കെ.പി.ആർ. പി ഹൈസ്ക്കൂളിന് തൊട്ടുള്ള പെരിങ്ങാംപാടത്തം വെള്ളം കെട്ടിനിൽക്കുന്നത് ഒഴിഞ്ഞുപോകുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.
4. കോങ്ങോട് - കാഞ്ഞിങ്ങളം റോഡിൽ കോട്ടിക്കുന്നിന്റെ ഇരുവളശങ്ങളിലും അപകടസാധ്യത കൂടുതലാണ്. സിമൻറ് കൈവരികൾ കെട്ടേണ്ടതുണ്ട്.
5. പ്രധാന ടാർ റോഡുകൾ വീതികൂട്ടുകയും നടപ്പാതകൾ സംരക്ഷിക്കുകയും ചെയ്യുക. റോഡ് കയ്യേറ്റങ്ങൾ നിയന്ത്രിക്കണം.
6. ചെറായ - അട്ടക്കാട് റോഡ് - വൃത്തിയാക്കുക. ഉമ്മനഴി വഴി പുലാപ്പറ്റയിലേക്ക് ബസ് സൗകര്യം ഉണ്ടാക്കുക.
7. പാറശ്ശേരി, വടശ്ശേരി, കുണ്ടുവമ്പാടം റോഡ് ടാർ ചെയ്യുക, ബസ്സ് സൗകര്യം ഉണ്ടാക്കുക.
8. മുച്ചേരി - കേരളശ്ശേരി റോഡ് നിർമ്മാണം പൂർത്തിയാക്കി ബസ് സൗകര്യം ഉണ്ടാക്കുക.
9. ബസ്സ്റ്റാൻറ്, ഓട്ടോ സ്റ്റാൻറുകൾ എന്നിവയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
10. ഹൈസ്ക്കൂൾ, സീഡ് ഫാം ചല്ലിക്കൽ, ബംഗ്ലാവ് കുന്ന് പാറശ്ശേരിസ്ക്കൂൾ എന്നിവിടങ്ങളിൽ ബസ് സ്റ്റോപ്പ് നിർമ്മിക്കണം.
11. ടൗൺ പരിസരത്ത് ഓടയുടെ ശുചീകരണം കൃത്യമായി നടത്തണം

റോഡ് വികസനം

പഞ്ചായത്ത് ഫണ്ടിന്റെ സിംഹഭാഗവും ഉപയോഗിച്ചിട്ടും നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നു. പ്രശ്നങ്ങളിൽ നിന്ന് യാഥാർത്ഥ്യബോധത്തോടെ വസ്തുതകളെ വകതിരിച്ച് എടുക്കുന്നതിന് പഞ്ചായത്തിന് കഴിയുന്ന രീതിയിൽ സർവ്വതല സ്പർശിയായ റോഡ് രജിസ്റ്റർ ഉണ്ടാക്കേണ്ടതുണ്ട്.

VII *വിവിധതരം റോഡുകൾ*

റോഡുകളെ അവയുടെ വീതിയും മറ്റും പരിഗണിച്ച് തരം തിരിക്കേണ്ടതാണ്. ചുരുങ്ങിയത് പത്തടിയെങ്കിലും ഉള്ള വഴികളെ റോഡ് എന്നു വിളിക്കാം. ടാർ റോഡ്, മെറ്റൽ റോഡ് മൺറോഡ് എന്നിങ്ങനെ മൂന്നാക്കി തിരിക്കാവുന്ന ഇവയെ ഒന്നിച്ചുചേർത്ത് റോഡ് ശൃംഖല എന്നു വിളിക്കാം.

VIII *റോഡ് രജിസ്റ്റർ*

പഞ്ചായത്തിൽ സൂക്ഷിക്കേണ്ട റോഡ് രജിസ്റ്ററിലുള്ള അപാകതകൾ പരിഹരിച്ച് റോഡ് പ്രവർത്തനത്തിന് ആശ്രയിക്കാവുന്നതരത്തിൽ റോഡ് പട്ടിക പരിഷ്ക്കരിക്കണം. ഈ പട്ടിക വാർഡ് അടിസ്ഥാനത്തിൽ നൽകേണ്ട മുൻഗണന അനുസരിച്ച് തയ്യാറാക്കണം. എല്ലാ റോഡുകൾക്കും കോഡുനമ്പറുകൾ നൽകണം. കോഡിന്റെ ആദ്യത്തെ രണ്ടക്കങ്ങൾ വാർഡ് നമ്പറും തുടർന്നുവരുന്ന

രണ്ടക്കങ്ങൾ വാർഡിന്റെ റോഡിനുള്ള മുൻഗണനയും സൂചിപ്പിക്കുന്നു. റോഡുകളുടെ സമഗ്രമായ പട്ടിക തയ്യാറെടുക്കുമ്പോൾ താഴെ ചേർക്കുന്ന കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ട്.

പട്ടിക A.

1. വാർഡ്
2. കോഡ്
3. പേര് (തുടക്കം, ഒടുക്കം, ജംഗ്ഷനുകൾ എന്നിവ വ്യക്തമായി കാണിക്കേണ്ടതാണ്)
4. ദൂരം
5. വീതി
6. ടാർചെയ്ത ദൂരം
7. മെറ്റൽ ചെയ്ത ദൂരം
8. മെറ്റൽ ചെയ്യേണ്ട ദൂരം
9. ഓവുചാൽ നിലവിലുള്ള ദൂരം
10. ഓവുചാൽ ആവശ്യമായ ദൂരം
11. പാർശ്വസംരക്ഷണ ഭിത്തി നിലവിലുള്ള ദൂരം
12. പാർശ്വസംരക്ഷണഭിത്തി ആവശ്യമായ ദൂരം
13. നിലവിലുള്ള കലുങ്കിന്റെ എണ്ണം
14. ആവശ്യമായകലുങ്കിന്റെ എണ്ണം
15. തന്നാണ്ടിൽ ചെലവഴിച്ച പൊതുഫണ്ട്.
16. സഞ്ചിത തുക (15 + 1 മുൻവർഷത്തെ = 16)

ഈ പട്ടിക വർഷംതോറും പുതുക്കണം. പുതുതായി നിർമ്മിക്കേണ്ട മൺ റോഡുകളുടെ പട്ടിക ഉണ്ടാക്കണം. മുമ്പുപറഞ്ഞ വിവരങ്ങൾ തന്നെയാണ് ഇതിലും ഉൾപ്പെടുത്തേണ്ടത് ആവശ്യമായ എല്ലാ സമ്മതപത്രങ്ങളോടും കൂടി മൺറോഡ് നിർമ്മിച്ചശേഷം ഇവ പട്ടിക A യിലേക്ക് മാറ്റേണ്ടതാണ്.

XIപാരിസ്ഥിതിക പ്രശ്നങ്ങളും സാദ്ധ്യതകളും

വന നശീകരണവും മണ്ണൊലിപ്പുൾപ്പെടുയുള്ള പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ഫണ്ടുപയോഗിക്കുമ്പോൾ ആവശ്യമായ നിഷ്ക്കർഷകൾ വെയ്ക്കാവുന്നതാണ്. ജനകീയസമിതികൾ ഇതിനുള്ള ആവശ്യകത ബോധ്യപ്പെടുത്തേണ്ടതാണ്. പാടവും മറ്റും നികത്തി റോഡുണ്ടാക്കുമ്പോൾ നീർകെട്ടിനും നീരൊഴുക്കിനും ആവശ്യമായ എല്ലാ പ്രതിവിധികളും മുൻകൂട്ടിതന്നെ നിർവഹിക്കേണ്ടതാണ്.

X റോഡുകളുടെ നിർമ്മാണവും വികസനവും

പാറശ്ശേരി - കുണ്ടുവംപാടം റോഡ് ചല്ലിക്കൽ പൂതംകോട് റോഡ് എന്നിവയിലെ അറ്റകുറ്റപണികൾ അടിയന്തിരമായി തീർക്കേണ്ടതുണ്ട്. ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ പട്ടിക 2, 3 എന്നിവയിലെ റോഡുകളിൽ നിന്ന് മുൻഗണന നിശ്ചയിച്ച് റോഡ് പ്രവർത്തനം പൂർത്തിയാക്കേണ്ടതാണ്.

XI ജനകീയ അദ്ധ്വാനത്തിന്റെ പങ്ക്

സന്നദ്ധ പ്രവർത്തനത്തിന്റെ പങ്ക് റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ ഒഴിച്ചു കൂടാനാവാത്തതാണ്. നമ്മുടെ മുന്നിലുള്ള ആവശ്യകതയും ലഭ്യമാകുന്ന സാധ്യതയും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് സാങ്കേതിക പ്രവർത്തനവും അസംസ്കൃതവസ്തുക്കളുടെ പങ്കും ഉൾപ്പെടുന്നതെ താഴികെയുള്ള ഭൂരിഭാഗം പ്രവർത്തനങ്ങളും ജനകീയമായി സംഘടിപ്പിക്കുന്നതിൽ ശ്രദ്ധിക്കണം. നവംബർ

ഒന്നിന്റെ പുനർപ്പണദിനത്തിൽ കാണാൻ കഴിഞ്ഞത് സന്നദ്ധ പ്രവർത്തനത്തിനുള്ള ജനതയുടെ ആവേശത്തോടെയുള്ള പ്രതികരണമാണ്.

ഊർജ്ജം

1960കളിലാണ് കോങ്ങാട് പഞ്ചായത്തിലേക്ക്ആധുനിക പുരോഗതിയുടെ അടിസ്ഥാന ശക്തിയായ വൈദ്യുതി കടന്നുവരുന്നത്. കോങ്ങാട് ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്ത് ഒരു ഇല. മേജർസെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. ഇത് ഒരു വാടകകെട്ടിടമായതിനാൽ സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ചല്ലിക്കൽ സർസക്കാർ ആശുപത്രിക്കു സമീപം സ്ഥലം ഏറ്റെടുക്കുന്നതിനും, കെട്ടിടനിർമ്മാണത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

പാലക്കാട് ജില്ലയിൽ പറളി 110 KV സബ് സ്റ്റേഷനിൽ നിന്നാണ് പ്രധാനമായും പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത്. മണ്ണാർക്കാട്, ഒറ്റപ്പാലം സബ്സ്റ്റേഷനിൽ നിന്നും പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നതിന് സാഹചര്യം നിലവിലുണ്ട്. 15 കി.മീറ്ററോളം അകലെയാണ് സബ്സ്റ്റേഷൻ സ്ഥിതിചെയ്യുന്നത് എന്നതിനാൽ പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. നാലായിരത്തോളം ഉപഭോക്താക്കളിൽ ഭൂരിഭാഗവും ഗാർഹിക ഉപഭോക്താക്കളാണ്. വൈദ്യുതി ചാർജ്ജ് അടക്കുന്നതിന് ഒന്ന്, രണ്ട് വാർഡുകളിലെ ഉപഭോക്താക്കൾക്ക് എട്ടു മുതൽ പത്ത് വരെ കി. മീറ്റർ ദൂരം യാത്ര ചെയ്യേണ്ടതുണ്ട്.

കെ.എസ്. ഇ. ബി. അധികൃതരുടെ കണക്കനുസരിച്ച് പഞ്ചായത്തിൽ 14 ട്രാൻസ്ഫോമറുകൾ പ്രവർത്തിക്കുന്നു. ചില ട്രാൻസ്ഫോർമറുകൾ അധികഭാരം വഹിക്കുന്നവയായതുകൊണ്ട് അവിടങ്ങളിൽ വോൾട്ടേജ് ക്ഷാമം ഒരു പ്രശ്നമാണ്. സ്ലാബ് സമ്പ്രദായമാണ് പഞ്ചായത്തിൽ നിലനിൽക്കുന്നത്. നിലവിലുള്ള മീറ്ററുകളിൽ 40% പ്രവർത്തന രഹിതമാണെന്നാണ് കണക്ക്.
പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോമറുകളും അവയുടെ കപ്പാസിറ്റിയും പട്ടിക I ൽ കൊടുക്കുന്നു.

നമ്പർ	കപ്പാസിറ്റി	പ്രദേശത്തിന്റെപേര്
1	63 KVA	മണിക്കശ്ശേരി
2	63 KVA	തിരുവപ്പാറ
3	63 KVA	മുച്ചീരി
4	63 KVA	ചടയംകുന്ന്
5	100 KVA	കുണ്ടുവൻപാടം
6	100 KVA	ചല്ലിക്കൽ
7	250 KVA	കാവുപറമ്പ്
8	250 KVA	കോങ്ങാട് ടൗൺ
9	63 KVA	പൂതംകോട്
10	63 KVA	ചാത്തംകുളം
11	100 KVA	മാഞ്ചേരിക്കാവ്
12	100 KVA	കൊട്ടശ്ശേരി
13	100 KVA	പാറശ്ശേരി
14	160 KVA	പെരിങ്ങോട്
15	160 KVA	മുണ്ടൻചേരിപടി

പഞ്ചായത്തിൽ പത്ത് മെർക്കുറി വെപ്പർ 29 ട്യൂബ് ലൈറ്റുകൾ അടക്കം 316 തെരുവുവിളക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഇനത്തിൽ പഞ്ചായത്ത് പ്രതിമാസം 5539 രൂപ കെ.എസ്. ഇ. ബി. യിൽ അടക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. വൈദ്യുതിബോർഡ് യഥാസമയം അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട്. ഗുണനിലവാരമുള്ള സാധനങ്ങൾ വാങ്ങാൻ ശ്രദ്ധിക്കണം.
2. പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഒരു സബ്സ്റ്റേഷൻ സ്ഥാപിച്ചാൽ അടുത്തുള്ള പഞ്ചായത്തുകൾക്കും ഉപകാരപ്രദമായിരിക്കും.
3. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും നല്ലൊരു ഭാഗം പ്രദേശത്തും ഇന്ന് വൈദ്യുതി എത്താത്ത സ്ഥിതിയാണ്.
4. പുതിയതായി 25 മെർക്കുറി വേപ്പർ ലാമ്പുകൾ 25 ട്യൂബ് ലൈറ്റുകൾ എന്നിവ പ്രധാന കേന്ദ്രങ്ങളിൽ സ്ഥാപിക്കേണ്ടതുണ്ട്. ടിപ്പുസുൽത്താൻ ചോലക്കുണ്ട്, പാറശ്ശേരി അയ്യപ്പൻ കാവ് റോഡുകളിലും തെരുവുവിളക്കുകൾ സ്ഥാപിക്കണം.
5. വാർഡ് 1, 2, 3 പ്രദേശത്തുള്ളവരുടെ സൗകര്യാർത്ഥം പെരിങ്ങോട് KSEB യുടെ ഒരു ക്യാഷ് കളക്ഷൻ സെൻററും, ഓവർസിയർ ഓഫീസും സ്ഥാപിക്കേണ്ടതാണ്.
6. ജീവനക്കാർ കൂടുതൽ ഉത്തരവാദിത്വത്തോടെയും, സൗഹാർദ്ദപരമായും പെരുമാറേണ്ട ആവശ്യകത എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

സാദ്ധ്യതകൾ

വൈദ്യുതി ഉപഭോഗം ഓഫീസുകളിലെ രജിസ്റ്ററിൽ ഉള്ളതിനേക്കാൾ വളരെ കൂടുതലായികാണപ്പെടുന്നു. സമ്പന്നകുടുംബങ്ങളിൽ സ്റ്റെപ്-അപ്പുകൾ നിയന്ത്രണമില്ലാതെ ഉപയോഗിക്കുന്നതിനാൽ മറ്റുവീടുകളിൽ വോൾട്ടേജ് കുറയാൻ കാരണമാകുന്നു. പ്രേഷണ- വിതരണരംഗങ്ങളിലെ തകരാറ് വൈദ്യുതി നഷ്ടത്തിന് കാരണമാകുന്നു. ഈ വക കാര്യങ്ങൾ ശ്രദ്ധിക്കുവാൻ പ്രത്യേകമായി സംവിധാനം പ്രാദേശിക തലത്തിൽ ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കാൻ 32 കി.മീറ്റർ 3 ഫേസ് ലൈനുകളും 15 കി.മീ. സിംഗിൾ ഫേസ് ലൈനുകളും വലിക്കേണ്ടതുണ്ട്.

വൈദ്യുതി ബോർഡിലെ അഴിമതി അവസാനിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളുക, ബോർഡിന്റെ പ്രവർത്തനം ജനകീയ പരിശോധനയ്ക്ക് വിധേയമാക്കാനുള്ള സംവിധാനം ഉണ്ടാക്കുക, പഞ്ചായത്തുകൾക്ക് വൈദ്യുതി മേഖലയിൽ നിയന്ത്രണം ഉണ്ടായിരിക്കുക. തുടങ്ങിയ നിർദ്ദേശങ്ങൾ അവസരോചിതമായി പരിഗണിക്കപ്പെടേണ്ടതാണ്.

പഞ്ചായത്തിലെ മിക്കവീടുകളും പാചകത്തിന് ഉപയോഗിക്കുന്നത് വിറകാണ്. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി എന്നിവ ഉപയോഗിച്ച് പാചകം നടത്തുന്നവർ 5% ത്തിൽ താഴെയാണ്. പുകയില്ലാത്ത അടുപ്പുകളും, സോളാർ അടുപ്പുകളും പ്രചരിപ്പിക്കുന്നതിന് അനർട്ടിന്റെയും വൈദ്യുതി ബോർഡിന്റെയും സഹകരണത്തോടെ പഞ്ചായത്ത് ബോധവല്ക്കരണ നടപടികൾ നടത്തണം. സഹകരണാടിസ്ഥാനത്തിൽ ബയോഗ്യാസ് പ്ലാൻറുകൾ നടത്തുന്നതിന് പഞ്ചായത്ത് നേതൃത്വം നൽകണം.

വാർഡ്, ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ, ദൂരം, ലൈനിന്റെ സ്വഭാവം, ട്രാൻസ്ഫോമറുകൾ, ചെലവ് ജനവിഹിതം

വാർഡ്		പുതിയലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ	ദൂരം	ലൈനിന്റെ സ്വഭാവം	ട്രാൻസ് ഫോമറുകൾ
I	1	അഴിയന്നൂർ - കുണ്ടുവംപാടം-മഞ്ഞപാററോഡ്	6 KM	3 Ph	1
	2	ലക്ഷംവീട് ഹരിജൻ കോളനി റോഡ്	1½ km	1 Ph	
	3	പുല്ലാനിക്കാട്ടുകുളം റോഡ്	½ Km	1 Ph	
	4	പോസ്റ്റാഫീസ് റോഡ്	½ Km	1 Ph	
	5	മുണ്ടഞ്ചീരി റോഡ്	½ Km	1 Ph	
	6	വട്ടപറമ്പ് വയങ്കര പാടം	1 Km	1 Ph	
	7	കുനിക്കോട്-കോളനി	1 Km	1PH	
II	1	ചാത്തനാത്ത് ഭാഗം 30 വീടുകൾ	500 M	1 Ph	
	2	തേവരു കാട്ടിൽപടി-20 വീടുകൾ	300M	1Ph	
	3	നെല്ലിശ്ശേരി-അത്തിക്കുണ്ട്	500 M	3 Ph	
	4	വെളളരിക്കാട്-മൈക്കുണ്ട് 35 വീടുകൾ	500M	1 PH	
	5	മനയത്തൊടി 15 വീട്	350 M	1 Ph	
	6	അയ്യപ്പൻകാവ് ഭാഗം	500M	1Ph	
IV	1	മാഞ്ചേരിക്കാവ്-അട്ടക്കാട്റോഡ്-കടമ്പഴിപ്പുറം-അതിർത്തിവരെ	6Km	3 Ph	
	2	വായനശാലമുതൽ ടിപ്പുസുൽത്താൻ റോഡ്	1½Km	3 Ph	
	3	കാരാണിപാടം-പുളിയൻ കാടുവരെ	1Km	3 Ph	
	4	അട്ടക്കാടുമുതൽ കുതിരവട്ടപറമ്പ് മുണ്ടൻപാടംവരെ	2Km	3 Ph	
	5	ചെറായ-കമ്മാളശ്ശേരി-തൊണ്ടിയത്ത്കുന്ന് ഹരിജൻ കോളനി-പുളിയൻകാടുവരെ	1Km	3Ph	
	6	അക്കരപറമ്പ്-കമ്മാളശ്ശേരി	½Km	3 Ph	
	7	ടിപ്പുസുൽത്താൻറോഡ് മാമ്പാടം	½Km	3 Ph	
	8	അട്ടക്കാട്-ചിറക്കോട്	½Km	3 Ph	
	9	കമ്മാളശ്ശേരി രേവതി റൈസ്മിൽ സമീപം	-	-	1
	10	പുള്ളിയൻകാട് പള്ളിക്കുസമീപം	-	-	1

V	1 പാറശ്ശേരി-മൂത്തേടത്ത് കോളനി-ടിപ്പുസുൽത്താൻ റോഡ്	1Km	3 Ph	1
	2 മാരാർകുളം-ഹരിജൻകോളനി ചോലൈകുണ്ട്-ലക്ഷം വീട് തോട്ടത്തിക്കുളം	1 Km	3 Ph	
	3 പാറശ്ശേരി മുതൽ ആഴ്ചത്ത് കോളനി വഴി കൂനംമൂച്ചി കോളനി വരെ	1Km	3Ph	1
	4 മാട്ടത്തിൽക്കുണ്ട്-ഇരിഞ്ഞിരി പറമ്പ്-കോളനി	1Km	3 Ph	
	5 പാറശ്ശേരി - ചരിപുറം കോളനി	200M	3Ph	
	6 അയ്യപ്പൻകാവ്-ഈരിഞ്ഞിരിക്കുണ്ട്	-	-	
	7 അയ്യപ്പൻകാവ് - വെള്ളരിത്തോട്ടം	-	-	1
VII	1 മൃഗാസ്പത്രി മുതൽ പച്ചാനിവരെ	1 Km	3 Ph	
	2 കോട്ടപ്പടി മുതൽ കോട്ട റോഡുവരെ	2Km	3 Ph	
	3 ഹൈസ്ക്കൂൾ മുതൽ വീണ്ടപ്പാറവെട്ടുകുളം	¾Km	3 Ph	
	4 വെട്ടുകുളം നാലാംമൈൽ കോളനി	1Km	3 Ph	
	5 പന്നിക്കോട്-വെണ്ണൂക്കോട് കോളനി	1Km	3Ph	
	6 മൃഗാസ്പത്രി-കോട്ടപ്പടി കോളനി	½Km	3 Ph	1
	7 പന്നിക്കോട്-ചാത്തംകുളം കോളനി	½ Km	3 Ph	
	8 കമ്പപറമ്പുമുതൽ പച്ചാനി വരെ	1 Km	3Ph	
VIII	1 വെള്ളൂരം തോട്-മണ്ണാത്തറ	200M	3 Ph	
	2 തോട്ടം-ചോലക്കുണ്ട്-തോട്ടം മേലേ കളം ഭാഗത്തേക്ക്	300 M	3 Ph	
	3 ചുണ്ടം കുന്ന് - കക്കാട്ടുപറമ്പ്-മാമ്പുഴ	200 M	3 Ph	
IX	1 പച്ചാനിയിൽ നിന്നും മുത്തോട്ടു തൊടി വഴി പുലിക്കോട് പാറമ്പ് വരെ	750 M	3 Ph	
	2 ചല്ലിക്കര തൊട്ട് പച്ചാനി ലക്ഷം വീട്	500M	3 Ph	
X	1 പൂപ്പുള്ളി-പുനത്തിൽ	500M	3 Ph	
	2 ചെമ്പുക്കര - പുഴംപാറ	1,100Km	3Ph	
	3 പൂപ്പുള്ളി പാറക്കുണ്ട്	1½ Km	3 Ph	
	4 പൂപ്പുള്ളി-പൂപ്പുള്ളിമല	400 M	3 Ph	
	5 ചിപ്പാറ-പൊന്തൽതീനി	500M	3 Ph	

	6 ഭഗവതിപ്പാറ-ചെറിയക്കോട്	1 Km	3 Ph	
XI	1 മുച്ചീരി മെയിൻറോഡ്-കുമ്പാരത്തറ-നെല്ലിക്കുന്ന് പള്ളി-വെള്ളപ്പുറം കോളനി	1 Km	3 Ph	
	2 കോങ്ങാട് തേനൂർ റോഡിൽ കവളേങ്ങിൽ പാടത്തു നിന്ന് പാറക്കോട് ഭാഗത്തേക്ക്	300 M	3 Ph	
	3 മുച്ചീരിമെയിൻറോഡ്-ചാമക്കുന്ന് ഭാഗത്തേക്ക്	500M	3 Ph	
X	1 ചെമ്പക്കര-ഒലിപ്പിൽ	400 M	3 Ph	
III	1 പാറശ്ശേരി-മഞ്ഞപ്പാറ	3Km	3 Ph	1
	2 ടിപ്പുസുൽത്താൻ-ചെരപ്പറ്റ	1 Km	3 Ph	
	3 നായാടികുന്ന്-കിള്ളിക്കാടൻ കുന്ന്	2 Km	3 Ph	
	4 ചെട്ടിത്തറ-മറ്റുഭാഗത്തേക്ക്	2 Km	3 Ph	
VI	1 മാട്ടുമ്മൽ ഭാഗം	1Km	3 Ph	1
	2 കീരിപ്പാറ ഭാഗം	1 Km	3 Ph	
	3 കോൽപ്പാടം-തെക്കെക്കര	2Km	3 Ph	
	4 മണിക്കശ്ശേരി-ചേരെങ്ങിൽ	1 Km	3 Ph	
	5 കോൽപ്പാടം-മലമ്പാടം	2 Km	3 Ph	1
	6 മുള്ളത്ത് പറമ്പ്	1Km	3 Ph	
	7 മോടംകാട്	1 Km	3 Ph	
	8 ചാത്തിനിക്കാട്	1Km	3 Ph	
	9 കോരമുണ്ട	500 M	3 Ph	

പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും നല്ലപോലെ സൂര്യപ്രകാശം ലഭിക്കുന്നതിനാൽ ഗൃഹങ്ങളിലെ ഉപയോഗത്തിനും, തെരുവുവിളക്കുകൾക്കും, സോളാർ വിളക്കുകളെ ആധാരമാക്കിയുള്ള പഞ്ചായത്തു തല സംവിധാനം നടപ്പാക്കാവുന്നതാണ്.

മാർക്കറ്റ്

പഴയ മദിരാശി സംസ്ഥാനത്തും, തിരുവിതാകൂറിലും വരെ പ്രസിദ്ധിയാർജ്ജിച്ച കന്നുകാലിചന്തയാണ് കോങ്ങാട്ടുള്ളത്. പൊള്ളാച്ചിയിൽ നിന്നും ഇതര കേന്ദ്രങ്ങളിൽ നിന്നും ധാരാളം വ്യാപാരികൾ വരുകയും തൻമൂലം ചെറിയരൂപത്തിലുള്ള സാമ്പത്തിക വിനിമയം ഈ മേഖലയിൽ നടന്നിരുന്നു. ഗ്രാമപ്രദേശങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്ന നമ്മുടെ ആഴ്ചചന്തയും പ്രശസ്തം തന്നെ. പച്ചക്കറി മാർക്കറ്റും കൃത്യമായി പ്രവർത്തിച്ചുവരുന്നു. മാറിവന്ന പൊതു അന്തരീക്ഷം, കാലിചന്തയുടേയും മാർക്കറ്റിന്റെയും പ്രസക്തി കുറച്ചിട്ടുണ്ട്. കന്നുകാലിചന്ത മൃതപ്രായത്തിലാണ്. സ്വകാര്യ പച്ചക്കറിസ്റ്റാളുകൾ വിപുലമായതോടെ പച്ചക്കറി മാർക്കറ്റും പാതിപ്രതിസന്ധിയിലാണ് എന്നു പറയാം. ചെറുതാണെങ്കിൽപോലും മാർക്കറ്റിന്റെ വില നിയന്ത്രിക്കുന്നത് കച്ചവടക്കാരൻ ആയതുകൊണ്ട് കർഷകർ മാർക്കറ്റിന്റെ ചതിക്കുഴിയിൽപ്പെടുന്നു. അന്നും ഇന്നും ഒരനുഷ്ടാനംപോലെ ആഴ്ചതോറും ചന്തയ്ക്കുള്ള കർഷകരുടെ വരവും അതിന്റെ ഫലമായ കൊള്ളകൊടുക്കലുകളും ഒരു നല്ല സാമ്പത്തിക വിനിമയം ഉണ്ടാക്കിയിട്ടുണ്ട്. കർഷകരുടെ പലവിധമാന സാമ്പത്തിക ഉന്നതിയിൽ ഈ മാർക്കറ്റ് അതുല്യമായ പങ്ക് വഹിച്ചിട്ടുണ്ട് എന്നത് നിസ്തർക്കമാണ്.

ഇന്ന് വളർന്നുവന്നിട്ടുള്ള വിപുലമായ കച്ചവടസംവിധാനം മാർക്കറ്റിന്റെ വൈപുല്യം കുറച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ മാർക്കറ്റിന്റെ പ്രവർത്തനം കൂടുതൽ ശക്തമാക്കാനും, ജനോപകാരപ്രദമായ രീതിയിൽ കൂടുതൽ സജ്ജമാക്കാനും നാം പ്രയത്നിക്കേണ്ടതുണ്ട്. ഇതിൽ പഞ്ചായത്തിന്റെ ഉത്തരവാദിത്വം വളരെ കൂടുതലാണ് എന്ന് പറയേണ്ടതില്ലല്ലോ.

കാർഷികോല്പന്നങ്ങളും, അവയുടെ മാർക്കറ്റിംഗ് പ്രശ്നങ്ങളും, നിവാരണമാർഗ്ഗങ്ങളും ഗ്രാമസഭയിലെ നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

പ്രശ്നങ്ങൾ

1. കാർഷികമേഖലയുടെ തകർച്ച, യന്ത്രവൽക്കരണവും മറ്റും കന്നുകാലിചന്തയുടെ പ്രസക്തി കുറച്ചിട്ടുണ്ട്. ഇപ്പോൾ അറവുമാടുകളുടെ വിപണനം മാത്രമാണ് കാര്യമായി നടക്കുന്നത്.
2. കാർഷിക മേഖലയിലെ സീസണൽ വിളകളുടെ വിപണനസമയത്തും ക്രൂരമായ ചൂഷണമാണ് നടക്കുന്നത്. ചന്തയിലെ വിലനിശ്ചയിക്കുന്നത് ഉൽപാദകരായ കർഷകരല്ല, മറിച്ച് ചന്തയിലെ ബ്രോക്കർമാരാണ്.
3. പച്ചക്കറി ചന്തയാവട്ടെ സ്റ്റോക്ക് എക്സ്ചേഞ്ച് രൂപത്തിലാണ് പ്രവർത്തിക്കുന്നത്. അതായത് ഊഹത്തിന്റെ അടിസ്ഥാനത്തിൽ അതിന്റെ ഫലമായുണ്ടാകുന്ന വിലക്കയറ്റം ആവശ്യക്കാർക്ക് കഷ്ട നഷ്ടങ്ങൾ ഉണ്ടാക്കുന്നു.
4. സീസൺ വിളകൾ ചന്തയിൽ വരാത്ത ലോഡുകണക്കിന് നേരിട്ടും പുറത്തു നിന്നും വ്യാപാരികൾ നേരിട്ട് വാങ്ങികൊണ്ടുപോകുന്നതു നിമിത്തം നമ്മുടെ ഗ്രാമത്തിലെ ആകെ ഉൽപാദനത്തിന്റെ തോത് ചന്ത കച്ചവടത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കാൻ സാധ്യമല്ല.
5. കന്നുകാലിച്ചന്തയുടെ വിസ്തീർണ്ണം കുറഞ്ഞു വരുന്നു. ആടു ചന്ത പലപ്പോഴും നടക്കുന്നത് പല സ്ഥലങ്ങളിലായാണ്. കായ്കറിച്ചന്തയിലും സ്ഥലദൗർലഭ്യം അനുഭവപ്പെടുന്നു.
6. റബ്ബർ കൃഷി പഞ്ചായത്തിൽ വ്യാപകമാണ്. റബ്ബർ സംഭരണകേന്ദ്രങ്ങൾ എന്ന രൂപത്തിൽ സ്വകാര്യ സ്ഥാപനങ്ങളാണ് റബ്ബറുൽപ്പന്നങ്ങൾ ശേഖരിക്കുന്നത്. ഇതുമൂലം കൃത്യമായ മാർക്കറ്റ് വില കർഷകർക്ക് ലഭിക്കുന്നില്ല.
7. മറ്റൊരു പ്രധാന നാണ്യവിളയായ കശുവണ്ടികൃഷി ഇന്ന് വേരറ്റുകൊണ്ടിരിക്കുകയാണ്. കശുവണ്ടി സംഭരണത്തിലും പ്രശ്നങ്ങൾ ധാരാളം ഉണ്ട്.

നിർദ്ദേശങ്ങൾ

1. കന്നുകാലിചന്തയുടെ നിലവിലുള്ള രൂപത്തിൽ റോഡിനുസമീപം കെട്ടിടം കെട്ടാവുന്ന സ്ഥല മൊഴിച്ച് ബാക്കി ഭാഗം കൃത്യമായി നിലനിർത്തണം.
2. പച്ചക്കറിചന്തയിൽ സ്റ്റാളുകൾ നിർമ്മിച്ച് വാടകക്ക് കൊടുത്ത് നിത്യചന്തയാക്കുക.
3. സഹകരണമേഖലയുടെ സഹായത്തോടെ പച്ചക്കറി - സംഭരണ - വിപണന കേന്ദ്രങ്ങൾ നിർമ്മിക്കുക.
4. ഇതര കാർഷിക വിളകളുടെ സംഭരണത്തിന് സംവിധാനം കാണുകയും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും കർഷകർക്ക് ന്യായവില ഉറപ്പാക്കുകയും ചെയ്യുക.
5. പൊതുചന്ത സ്റ്റാളുകളാക്കുന്നതൊടുകൂടി ചന്തയുടെ ചെർപ്പളശ്ശേരി റോഡിലേക്കുള്ള പ്രവേശന കവാടം ഒരു മുറിയാക്കി വാടകക്ക് കൊടുക്കുക. ചന്തപ്രവേശനമാർഗ്ഗം ബസ്സ്റ്റാൻഡിലൂടെയാക്കുക.
6. മാട്ടിറച്ചി സംസ്ക്കരണ - വിപണനരംഗത്തെ സാധ്യതകൾ പരിശാധിച്ച് നടപ്പാക്കിയാൽ കന്നുകാലിചന്ത പുനരുദ്ധരിക്കാൻ കഴിയും.
7. മത്സ്യ - മാംസ ചന്തകൾ പ്രത്യേക സ്ഥലത്തുമാത്രം ഒരുക്കുകയും ശുചീകരണപ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുകയും വേണം.
8. പെരിങ്ങോട് കേന്ദ്രമാക്കി പ്രതിവാര ചന്തകൾ ആരംഭിക്കണം.
9. റബ്ബർ സംഭരണത്തിന് സഹകരണ സാധ്യതകൾ ഉപയോഗപ്പെടുത്തണം.
10. സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ വായ്പകൾ നൽകി, അടുക്കളത്തോട്ടം, പൂന്തോട്ടം എന്നിവ പ്രോത്സാഹിപ്പിച്ചാൽ അത് ഒരു പുതിയ തൊഴിൽ സാദ്ധ്യത സൃഷ്ടിക്കും.
11. പഞ്ചായത്തിലെ പ്രധാനവിളയായ വാഴകൃഷിക്ക് കൂടുതൽ വായ്പാസൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കുകയും സ്ഥിരമായ ഒരു മാർക്കറ്റ് ഉണ്ടാക്കികൊടുക്കുകയും വേണം.

ഇത്തരത്തിൽ നമ്മുടെ പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള എല്ലാ വിഭവങ്ങളും കോർത്തിണക്കി ഓരോന്നിന്റെയും സുഗമമായ ഉൽപ്പാദനത്തിനും വിപണനത്തിനും സാധ്യമായ ഒരു പഞ്ചായത്ത് വിപണനമ്പ്രദായം കെട്ടിപ്പടുക്കുന്നതിലൂടെയും ഒമ്പതാം പദ്ധതിയുടെ അവസാനമാകുമ്പോഴേക്കും, കൂടുതൽ പേർക്ക് തൊഴിൽ ഉണ്ടാക്കി കൊടുക്കുന്നതിലൂടെയും ഒരു സ്വാശ്രയഗ്രാമത്തിലേയ്ക്കുള്ള ഒരു പുതിയ കാൽവെപ്പായിരിക്കും നമ്മുടേത് എന്ന കാര്യത്തിൽ സംശയത്തിനവകാശമില്ല.

പാർപ്പിടവും സാമൂഹ്യവികസനവും

1.പാർപ്പിടം

ഭക്ഷണം, വസ്ത്രം എന്നീ പ്രാഥമികസൗകര്യങ്ങളെപ്പോലെ തന്നെ പാർപ്പിടവും സമൂഹത്തിൽ വളരെയേറെ പ്രാധാന്യം അർഹിക്കുന്ന വിഷയമാണ്. സ്വന്തമായ ഒരു തൊഴിൽ ആണ് ജീവിതഭദ്രതയ്ക്ക് കാരണമെങ്കിൽ കുടുംബഭദ്രത്ക്ക് സ്വന്തമായ പാർപ്പിട സൗകര്യം അനിവാര്യമാണ്. ഗ്രാമീണ ജനതയുടെ ഇടയിൽ താമസിക്കുന്ന ഒരു കുടുംബത്തിന് സ്വന്തമായ ഒരു ഭവനം ഇല്ലെങ്കിൽ അത് അന്തസ്സ് കുറവായി കണക്കാക്കുന്നു.

6264 കെട്ടിടങ്ങൾ ഉള്ള കോങ്ങാടു പഞ്ചായത്തിൽ ആൾപാർപ്പുള്ളത് 4738 വീടുകൾ മാത്രമേയുള്ളു. അതിൽ 3777 വീടുകൾ ഓടുമേഞ്ഞതും 250 വീടുകൾ ടെറസ്സും ബാക്കി 711 വീടുകൾ ഓലമേഞ്ഞവയും ആണ്. ഇതിനുപുറമെ പീടിക മുറികളിലും മറ്റും താമസിക്കുന്ന സ്വന്തമായ ഭവനം ഇല്ലാത്ത വാടകക്കാരും ഉണ്ട്. 25765 ഓളം വരുന്ന ജനസംഖ്യയിൽ 12082 പുരുഷൻമാരും 13083 സ്ത്രീകളും ആണ് ഉള്ളത്. ഒരു ഭവനത്തിൽ ശരാശരി 5 വീതം ആളുകൾ ഉണ്ടെന്ന് കണക്കാക്കുന്നു. പുതിയതായി നിർമ്മിക്കപ്പെടുന്ന വീടുകളിൽ അധികവും ടെറസ്സുകൾ ആണ്. ഗതാഗതയോഗ്യമായ റോഡ് വക്കുകളിൽ ആണ് പുതിയ ഭവനങ്ങൾ ഉയർന്നു വരുന്നതായി കാണുന്നത്. നഗരങ്ങളിൽ കാണുന്ന പോലെയുള്ള കോളനി രൂപത്തിലുള്ള ഭവനനിർമ്മാണ പദ്ധതികൾ യാതൊന്നും തന്നെ ഇവിടെയില്ല. സാമ്പത്തികശേഷിയുള്ളവർ പുതിയ ടെറസ്സുകൾ നിർമ്മിക്കുന്നു. കർഷകരും മറ്റ് ഇടത്തരക്കാരും ഓടിട്ട പുരകളിൽ ആണ് താമസിക്കുന്നത്. കർഷകതൊഴിലാളികളും മറ്റു ദരിദ്രവിഭാഗങ്ങളും ഏറിയകൂറും ഓലമേഞ്ഞ പുരകളിലാണ് താമസിക്കുന്നത്. ഭവനനിർമ്മാണ പദ്ധതികളുടെ ആവിർഭാവത്തോടുകൂടി പഞ്ചായത്ത് മുഖേനയും സ്വന്തം നിലയ്ക്കും ഓലപുരകൾ ഓട്ടുപുരകളായി മാറികൊണ്ടിരിക്കുകയാണ്.

വിവിധ ധനകാര്യ സ്ഥാപനങ്ങളും സർക്കാരും, പഞ്ചായത്തും ഒത്തുചേർന്ന് പുതിയ 286 ഓട്ടുപുരവീടുകൾക്ക് നിർമ്മാണാനുമതി കഴിഞ്ഞ 5 കൊല്ലത്തിനുള്ളിൽ നൽകിയിട്ടുണ്ട്. ഇതിൽ 246 വീടുകളുടെ പ്രവൃർത്തി പൂർത്തിയാക്കി ഉടമസ്ഥർ താമസിച്ചുവരുന്നു. ധനകാര്യസ്ഥാപനങ്ങൾ വായ്പയായും, പഞ്ചായത്ത് മുഖേന സർക്കാർ അനുവദിക്കുന്ന ഭവനങ്ങൾക്ക് ചില സ്കീമുകളിൽ വായ്പയും സബ്സിഡിയും ഉൾകൊള്ളുന്നവയും ചിലവ മുഴുവൻ സബ്സിഡിയായും നൽകിയിരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. സ്വന്തം സ്ഥലം ഉള്ളവർക്ക് വീടുകൾ നിർമ്മിക്കുവാനുള്ള അനുവാദം ഫണ്ടുകളുടെ ലഭ്യതയ്ക്കനുസരിച്ച് പഞ്ചായത്ത് നിൽകികൊണ്ടിരിക്കുകയാണ്. പഞ്ചായത്തതിർത്തിയിൽ ഉള്ള ആകെ കെട്ടിടങ്ങളുടെ 50% കെട്ടിടങ്ങൾക്ക് വൈദ്യുതി സൗകര്യം ഏർപ്പെടുത്തികൊടുത്തിട്ടുണ്ട്. എന്നാൽ വീടുകളുടെ കാര്യത്തിൽ 2369 വീടുകൾക്ക് ഇനിയും വൈദ്യുതി സൗകര്യം കിട്ടാതെ അവശേഷിക്കുന്നു. 9% കുടുംബങ്ങൾക്ക് ഇന്ധനത്തിനാവശ്യത്തിനായി എൽ.പി.ജി. ഗ്യാസ്, മണ്ണെണ്ണ, സ്പ്ഷ്യൽ പെർമിറ്റ് മുഖേന ലഭിച്ചുകൊണ്ടിരിക്കുകയാണ്. ബാക്കിയുള്ള 90% കുടുംബങ്ങളും ഇന്ധനാവശ്യം വിറക്, കരി എന്നിവ മുഖേന നിറവേറ്റുന്നു.

പഞ്ചായത്തിലെ 1,3,5,7,9 എന്നീ വാർഡുകളിൽ ലക്ഷം വീട് കോളനികൾ ഉണ്ട്. അവയിൽ എല്ലാം ആൾപാർപ്പും ഉണ്ട്. ഈ കോളനികളിലെ വീടുകളിൽ അധികവും റിപ്പയറിന് കാത്തിരിക്കുകയാണ്. ചില താമസക്കാർ അവരുടെ കോളനി ഭവനം മോടിപ്പിടിപ്പിട്ടുള്ളതായും വിസ്തൃതി കൂട്ടിയിട്ടുള്ളതായും കാണുന്നുണ്ടെങ്കിലും അധിക ശതമാനം വീടുകളും പൊളിച്ചു പണിക്ക് കാത്തിരിക്കുകയാണ്.

കെട്ടിട നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല്, ജെല്ലി എന്നിവ പഞ്ചായത്തിലെ 2 കോറികളിൽ നിന്ന് ലഭ്യമാകുന്നുണ്ട്. ഈ പഞ്ചായത്ത് പ്രദേശം വെട്ട്കല്ല് മേഖലയിൽപെട്ട ഒന്നായതുകൊണ്ട്

ചുമർനിർമ്മാണ ആവശ്യത്തിന് വെട്ടുകല്ലാണ് ഉപയോഗിച്ച് വരുന്നത്. വെട്ട് കല്ല് വെട്ടിയുണ്ടാക്കാനുള്ള ബുദ്ധിമുട്ടുകളും ചെലവുകളും പിന്നീട് ഉണ്ടായേക്കാൻ സാധ്യതയുള്ള ചിതൽ സാധ്യതകളും കണക്കിലെടുത്ത് ഇപ്പോൾ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ ഭിത്തി നിർമ്മാണത്തിന് ചെങ്കല്ലാണ് ഉപയോഗിക്കുന്നത്. ഈ പഞ്ചായത്തിൽ നിന്ന് 20 കി.മീ. ഓളം ദൂരമുള്ള സ്ഥലങ്ങളിൽ നിന്നുവേണം ചെങ്കല്ല് കൊണ്ടുവരുവാൻ. 40 കിലോമീറ്റർ അകലെയുള്ള ഒരു പഞ്ചായത്തിൽ സിമൻറ് കൊണ്ടുള്ള ഹോളോ ബ്രിക്സ് നിർമ്മിക്കുന്ന സൗകര്യം ഈ പഞ്ചായത്തിലെ ഭവനനിർമ്മാണക്കാരും ഉപയോഗിക്കായ്കയില്ല. 65% വീടുകളുടെയും ചുമരുകൾ വെട്ട് കല്ല് കൊണ്ട് നിർമ്മിച്ചിട്ടുള്ളതാണ്. ചെറുകിട കർഷകഭവനങ്ങളും ഓലമേഞ്ഞ തൊഴിലാളി ഭവനങ്ങളും മൺഭിത്തികൾ കൊണ്ട് നിർമ്മിച്ചിട്ടുള്ളവയാണ്. മേൽക്കൂരയ്ക്ക് ആവശ്യമായ കഴുക്കോൽ പനയിൽ നിന്ന് ചെത്തിയെടുക്കുന്ന കട്ടകളാണ്. അടുത്തകാലം വരെ തെങ്ങിൻ കഴുക്കോൽ ഈ പ്രദേശത്തുകാർ ഉപയോഗിച്ചതായി കാണുന്നില്ല. കെട്ടിടനിർമ്മാണത്തിനാവശ്യമായ മരസാധനങ്ങൾ തയ്യാറാക്കികൊടുക്കുന്ന ഒരു ഈർച്ച മിൽ അടക്കം 6 ഈർച്ച മില്ലുകൾ സ്വകാര്യമേഖലയിൽ ഈ പഞ്ചായത്ത് പ്രദേശത്തുണ്ട്. കെട്ടിടം പണിക്കും മോടിപിടിപ്പിക്കുവാനുമായുള്ള സിമൻറ് ചുണ്ണാമ്പ്, ഇരിമ്പുരുപ്പടികൾ പെയിൻറ് സ്റ്റോസം വർണ്ണ ചായങ്ങൾ എന്നിവ ഈ പഞ്ചായത്തതിർത്തിക്കുള്ളിലുള്ള കമ്പോളത്തിൽ സുലഭമായി ലഭ്യമാണ്. ഈ പഞ്ചായത്ത് പ്രദേശത്ത് മാഞ്ഞേരികാവിനു സമീപം പ്രവർത്തിക്കുന്ന ഒരു ചുണ്ണാമ്പു ചൂള പഞ്ചായത്തിൻെറയും പരിസരപ്രദേശങ്ങളുടെയും കെട്ടിടനിർമ്മാണത്തിനാവശ്യമായ ചുണ്ണാമ്പ് ഉത്പാദിക്കുവാൻ കഴിവുറ്റതാണ്.

ഈ പ്രദേശത്തെ ഓടുമേഞ്ഞ പുരകൾ പഴക്കം ചെന്നവയാണ്. മഴക്കൂടുതൽ ആയതുകൊണ്ടും ഈർപ്പുമുള്ളതുകൊണ്ടും പുരയിലെ മരഭാഗത്ത് സദാ ചിതൽ ആക്രമിച്ചുകൊണ്ടിരിക്കുന്നു. ചിതൽ ആക്രമണത്തിനെതിരെ ചില രാസവസ്തുപ്രയോഗങ്ങൾ നടത്തിവരുകയാണെങ്കിലും കാഠിന്യം കുറയുന്നില്ല. ഓടിട്ട പുരകൾ 15 വർഷത്തിനൊരിക്കൽ അഴിച്ചു പണി അർഹിക്കുന്നുണ്ട്. എങ്കിലും പട്ടക്കുടിലിൽ താമസിക്കുന്നവർക്ക് ഓടുമേഞ്ഞ കെട്ടിടങ്ങൾ ഉണ്ടായി കാണുവാനും അതിൽ പാർക്കുവാനും ആഗ്രഹം ഇല്ലാതില്ല. വർഷം തോറും ഉള്ള കെട്ടിമേച്ചിൽ ചിലവും വർഷം തോറും പനയോല കിട്ടുവാനുള്ള ബുദ്ധിമുട്ടും വില കൂടുതലും സാമ്പത്തിക വിഷമതകളും കൊണ്ട് ഓടിട്ട വീടുകൾ നിർമ്മിക്കുവാനും അതിൽ താമസിക്കുവാനും ഉള്ള അവരുടെ ആഗ്രഹം പഞ്ചായത്തുമുഖേന ഒരു പരിധിവരെ നിറവേറ്റികൊടുക്കുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിനുവേണ്ട സാമ്പത്തികസഹായം സർക്കാരിൽ നിന്ന് ആകാംക്ഷയോടെ കാത്തുകൊണ്ടിരിക്കുകയും ആണ്. ഈ പഞ്ചായത്തിലെ വീടുകളുടെ പരിസരങ്ങൾ ശുചിത്വപൂർണ്ണമാണ്. സാംക്രമികരോഗങ്ങൾ തടയുന്നതിന് ആവശ്യമുള്ള സ്ഥലങ്ങളിൽ തുറന്ന കിണറുകൾ പഞ്ചായത്ത് നിർമ്മിച്ചുകൊടുത്തിരിക്കുന്നു. 3350 കുടുംബങ്ങൾക്ക് കക്കൂസ് ആവശ്യമാണെന്ന് കാണുന്നു.

പട്ടപ്പുര വീട്ടുടമസ്ഥരിൽ പട്ടികജാതിക്കാരും പിന്നോക്ക ജാതിക്കാരും, ന്യൂനപക്ഷങ്ങളും ആണ് ഉള്ളത്. കെട്ടിടനിർമ്മാണത്തിന് ആവശ്യമായ സ്ഥലത്തിൻെറ വില അനുദിനം താങ്ങാൻ ആവാത്തവിധം ഉയർന്നുകൊണ്ടിരിക്കുകയാണ്. കൃഷിയിടങ്ങൾ താരതമ്യേന വില കുറവായതുകൊണ്ട് കൃഷിഭൂമി തൂർത്ത് കെട്ടിടം വയ്ക്കാനുള്ള പ്രവണത ഈ പഞ്ചായത്തിൽ ചുരുക്കമായേ കാണുന്നുള്ളു. കോളനികൾ നിർമ്മിക്കാൻ ആവശ്യമായ സ്ഥലങ്ങൾ പഞ്ചായത്തിലെ ഓരോവാർഡിലും ലഭ്യമാണെന്ന് പ്രത്യേക ഗ്രാമസഭകളിൽ പങ്കെടുത്തവർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

നിർദ്ദേശങ്ങൾ:-

1. കൂടുതൽ അടങ്കൽ തുക വരുന്ന ആർഭാടപൂർണ്ണമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നത് നിരുത്സാഹപ്പെടുത്തുകയും അത്തിനാവശ്യമായ നിയമവ്യവസ്ഥകൾ ആവശ്യമാണെന്ന് കാണുകയാണെങ്കിൽ പഞ്ചായത്തിൽ നടപ്പിലാക്കേണ്ടതും ആകുന്നു.
2. ഓലമേഞ്ഞ 711 വീടുകളിൽ ഒരു വർഷത്തിൽ 100 എന്ന കണക്കിൽ 5 വർഷംകൊണ്ട് 500 ഓടുമേഞ്ഞ വീടുകൾ പഞ്ചായത്തു മുഖേന പുനർനിർമ്മാണം ചെയ്തുകൊടുക്കേണ്ടതാണ്.
3. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഉള്ള ലക്ഷം വീടു കോളനികളുടെ നിലവിലുള്ള അവസ്ഥയെപറ്റി പഠിച്ച് റിപ്പോർട്ട് ചെയ്യുവാൻ പഞ്ചായത്ത് തലത്തിൽ ഒരു ഉപസമിതിയെ നിശ്ചയിക്കേണ്ടതാണ്. അവരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് കോളനികളിലെ വീടുകൾ പുനരുദ്ധരിച്ച് കൊടുക്കുകയും ചെയ്യേണ്ടതാണ്.
4. കൃഷിക്കാരും, ഇടത്തരക്കാർ താമസിക്കുന്ന ഓടുമേഞ്ഞ പുരകളിലെ മേൽപ്പുര റിപ്പയർ ചെയ്യുന്നതിനാവശ്യമായ ധനസഹായം ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കുവാൻ വേണ്ട ഒത്താശകൾ പഞ്ചായത്ത് ചെയ്തു കൊടുക്കേണ്ടതാണ്.
5. 50 വീടുകൾ ഉൾകൊള്ളുന്നതും എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഒരു മാതൃകാ കോളനി 9-ാം പഞ്ചാവത്സര പദ്ധതി കാലഘട്ടത്തിൽ പഞ്ചായത്തിൽ ഉണ്ടാവേണ്ടതാണ്. ഈ കോളനിയിൽപെട്ട വീടുകളുടെ സ്ഥലം അടക്കമുള്ള നിശ്ചയിക്കപ്പെട്ട വില ഗുണഭോക്താവിൽ നിന്ന് പലിശയടക്കം ഗഡുക്കളായി ഈടാക്കാവുന്നതും ആണ്.
6. വൈദ്യുതി ലഭിക്കാത്ത വീടുകളിൽ വൈദ്യുതി എത്തിക്കുവാനുള്ള ശ്രമങ്ങൾ പഞ്ചായത്തിൽ നിന്നും ഉണ്ടാകേണ്ടതാണ്. കക്കൂസുകൾ ഇല്ലാത്ത വീടുകൾ എത്രയുണ്ടെന്ന് കൃത്യമായി തിട്ടപ്പെടുത്തി ബോധവൽകരണം മുഖേനയും സാമ്പത്തികസഹായങ്ങൾ നൽകിയും നിയമങ്ങൾ പ്രയോഗിച്ചും അവകളിൽ മുഴുവനും കക്കൂസ് നിർമ്മിക്കുവാനുള്ള സംവിധാനവും ക്രമീകരണവും പഞ്ചായത്ത് ആവഷ്കരിച്ച് നടപ്പിലാക്കേണ്ടത് ആവശ്യമാണ്.
8. അണുകുടുംബങ്ങൾക്ക് 5 വർഷത്തിനുള്ളിൽ ചുരുങ്ങിയത് 100 ഭവനങ്ങൾ നിർമ്മിക്കുവാനുള്ള സഹായം പഞ്ചായത്തിൽ നിന്ന് ചെയ്തുകൊടുക്കേണ്ടതാണ്.
9. കെട്ടിട നിർമ്മാണത്തിനാവശ്യമായ എല്ലാ സഹായ സഹകരണങ്ങളും നിർമ്മാണചുമതല ഏറ്റെടുത്ത് പണി ത്വരിതഗതിയിൽ പൂർത്തിയാക്കുവാനും ആവശ്യമായ ലേബർ കോൺട്രാക്ട് സഹകരണസംഘം പഞ്ചായത്തിൽ ഉണ്ടാവേണ്ടതാണ്.

2. സമൂഹ്യ വികസനം

കോങ്ങാട്-പാലക്കാട് ബ്ളോക്കിൽപെട്ട ഒരു ഗ്രാമപഞ്ചായത്താണ്. 1991 - ലെ കാനേഷുമാരി കണക്ക് പ്രകാരം വിദ്യാസമ്പന്നർ 82.8% ആണ്. വിദ്യാസമ്പരായ സ്ത്രീകൾ മാത്രം 78.48% ഉണ്ട്. 91-92 ലെ സാക്ഷരതാ പ്രവർത്തനങ്ങളുടെ ഫലമായി ഇപ്പോഴത്തെ സാക്ഷരതാ ശതമാനം 92% ആയി വർദ്ധിച്ചിരിക്കുന്നു. ഈ പഞ്ചായത്തിൽ 1000 പുരുഷന് 1083 സ്ത്രീകൾ എന്ന തോതിലാണ് ജനസംഖ്യാ നിരക്ക് 1952 ൽ പ്രവർത്തിച്ചിരുന്ന കമ്മ്യൂണിറ്റി പ്രോജക്റ്റും പിന്നീട് പ്രവർത്തനം ആരംഭിച്ച എൻ. ഇ.എസ്. ബ്ളോക്കുകളും ഈ പ്രദേശത്തിന്റെ സാമൂഹ്യവികസനത്തിനായി നിരവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പ്രൈമറി സെൻററിന്റെ രൂപീകരണവും പഞ്ചായത്ത് രൂപീകരിക്കലും വൈദ്യുതി ഈ പ്രദേശത്ത് എത്തിച്ചതും വികസന പ്രവർത്തനങ്ങളുടെ ചില ഉദാഹരണങ്ങളാണ്. റോഡുകൾ, കലുങ്കുകൾ, പാലങ്ങൾ, പതിപ്പാലങ്ങൾ ചെറിയ ക്രോസ് ബാറുകൾ എന്നിവ നിർമ്മിച്ചിട്ടുള്ളത് സമൂഹ്യവികസന പരിപാടിയുടെ ഭാഗമായിട്ടാണ്. 1952 മുതൽ 69 വരെ കൃഷി വികസനം എന്ന ആശയം സാമൂഹ്യവികസന പ്രക്രിയയുടെ ഒരു ഭാഗം തന്നെയായിരുന്നു.

20 വർഷം മുമ്പ് കോങ്ങാട്ടിൽ പ്രവർത്തിച്ചിരുന്ന 2 നല്ല മഹിളാസമാജങ്ങളുടെ നേതൃത്വത്തിൽ തുടങ്ങിയ 2 ബാലവാടി - മാതൃശുശ്രൂഷാകേന്ദ്രങ്ങൾ ഇപ്പോൾ അങ്കവാടികളായി മാറ്റപ്പെട്ടതടക്കം 28 അങ്കൺവാടികൾ ഈ പ്രദേശത്ത് പ്രവർത്തിച്ചുവരുന്നു. ഈ 28 അങ്കണവാടികളിലും ഓരോ ടീച്ചറും ഓരോ ആയയും ഉണ്ട്. 2 അങ്കണവാടികൾക്ക് സ്വന്തമായ കെട്ടിടം നിർമ്മിക്കേണ്ടതിലേക്ക് ആവശ്യമായ സ്ഥലങ്ങൾ അതാത് പ്രദേശത്ത് സൗജന്യമായി ലഭിച്ചിട്ടുണ്ട്. 26 അങ്കണവാടികൾക്ക് സ്ഥലം വകയിൽ ഒരു ലക്ഷത്തിൽ പരം രൂപ സംഭാവന കിട്ടിയതായി കണക്കാക്കപെട്ടിട്ടുണ്ട്. കെട്ടിടങ്ങളുടെ നിർമ്മാണത്തിലേക്ക് സംഭാവനകളടക്കം ഏകദേശം 5 ലക്ഷത്തിൽ പരം രൂപ ചെലവഴിക്കുകയുമാണ്. ബാക്കിയുള്ള 2 അങ്കണവാടികൾക്ക് ആവശ്യമായ സ്ഥലം അടുത്തഭാവിയിൽ തന്നെ സംഭാവനയായി ലഭിക്കുമെന്ന് ഉറപ്പുണ്ട്. അങ്കണവാടികളിൽ ആകെ പഞ്ചായത്ത് പ്രദേശത്ത് 1104 കുട്ടികൾക്ക് പോഷകാഹാരങ്ങൾ നൽകുന്നതിനുപുറമേ 115 ഗർഭിണികൾക്കും 114 മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം ഇരുമ്പ് - ഫോളിക്കാസിഡ് ഗുളികകൾ വിറ്റാമിൻ എ. ഗുളികകൾ ഒ. ആർ. എസ് എന്നിവ നൽകികൊണ്ടിരിക്കുന്നു. കഴിഞ്ഞ ഒരു കൊല്ലത്തെ കണക്കുകളുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ ആരോഗ്യനിലവാരം ഉയർന്നുകൊണ്ടുവരുകയാണെന്ന് കാണിക്കുന്ന രേഖകൾ ഉണ്ട്. പോഷക ആഹാരകുറവ് മൂലവും ആഹാരക്കുറവ് മൂലവും ഉണ്ടാവുന്ന അസുഖങ്ങൾ ഇന്ന് പൊതുവെ ആരോഗ്യപ്രവർത്തകർ ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല. ഇടയ്ക്കിടെ ഉണ്ടാകുന്ന വയറസ് ഫീവർ, ചെങ്കണ്ണ്, എന്നിവയ്ക്കുള്ള മരുന്നുകളും അങ്കണവാടികൾ മുഖേന നൽകിവരുന്നതുകൊണ്ട് സാംക്രമികരോഗങ്ങളുടെ പ്രസരണം ഒരു പരിധിവരെ തടഞ്ഞുനിർത്തുവാൻ കഴിയുന്നു. പ്രസവാനന്തരം ഉള്ള അകാലമരണങ്ങളും ശിശുമരണങ്ങളും ഈ പഞ്ചായത്തിൽ വളരെ കുറവാണ്. 1000 ത്തിൽ ഒന്നുപോലും ഇല്ല.

ദാരിദ്ര്യ രേഖക്ക് താഴെ 2569 ഗ്രാമവാസികൾ ആണ് ഉള്ളത്. പട്ടികജാതിയിൽ പെട്ടവർ 688 പേർ മാത്രമാണ് ഉള്ളത്. 87 പട്ടികജാതിക്കാർ അടക്കം 160 പേരെ ദാരിദ്ര്യരേഖക്ക് താഴെയുള്ള ആളുകളെ കഴിഞ്ഞ ഒരു വർഷത്തിനകം സാമ്പത്തികമായി സഹായിക്കുകയും അവരിൽ 70 പേരെ ദാരിദ്ര്യരേഖക്ക് മുകളിൽ പിടിച്ചുയർത്തുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴും ദാരിദ്ര്യരേഖക്ക് താഴെ 2499 പേർ ഉണ്ടെന്നറിയുമ്പോൾ ഈ പഞ്ചായത്തിന്റെ സാമ്പത്തിക സാമൂഹ്യ പിന്നോക്ക സ്ഥിതി വളരെയേറെ താണ സ്ഥിതിയിൽ ആണെന്ന് കണക്കാക്കുന്നതിൽ തെറ്റ് ഒന്നുമില്ല.

അഗതി - അവശ വിഭാഗങ്ങളുടെയും കർഷകതൊഴിലാളികളുടെയും അവശതകൾ ഒരു പരിധിവരെ പരിഹരിക്കുവാൻ ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ താഴെകാണിച്ച പ്രകാരം ഉള്ള സാമൂഹ്യപെൻഷനുകൾ എത്തിക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

1. വിധവാപെൻഷൻ - 97 പേർ
2. വികലാംഗപെൻഷൻ - 19 പേർ
3. അഗതിപെൻഷൻ - 43 പേർ
4. കർഷകതൊഴിലാളിപെൻഷൻ - 355 പേർ

ഇതിനു പുറമെ അഭ്യസ്തവിദ്യരായ 152 പേർക്ക് തൊഴിലില്ലായ്മാവേതനവും എത്തിച്ച് കൊടുത്തുവരുന്നു. സമുദായത്തിലെ പ്രധാനഘടകമായ സ്ത്രീകൾക്ക് കഴിഞ്ഞവർഷം സഹായ ധനമായി താഴെ കാണിച്ച പ്രകാരം നൽകിയിട്ടുണ്ട്.

പായനെയ്ത്തുകാർ - 19 പേർ
പപ്പട നിർമ്മാണം - 15 പേർ
പശുവളർത്തൽ - 10 പേർ

3083 സ്ത്രീകളിൽ 2001 പേർ കർഷകതൊഴിലാളികൾ മാത്രമാണ്. 664 പേർ സ്ഥിരമായോ ഭാഗികമായോ വിവിധ തുറകളിൽ ജോലിചെയ്ത് വരുന്നവരുമാണ്. കർഷകരടക്കം ബാക്കിയുള്ള സ്ത്രീകൾ ഗാർഹികജോലികളിൽ എടപ്പെട്ട് കുടുംബിനികൾ ആയി കഴിയുന്നു.

കോങ്ങാട് - ചല്ലിക്കൽ മഹിളാസമാജം അടക്കം ഇന്ന് 16 മഹിളാസമാജങ്ങൾ പഞ്ചായത്ത് പ്രദേശത്ത് ഉണ്ടെങ്കിലും പ്രോത്സാഹനകുറവ് മൂലവും സഹകരണ കുറവ് മൂലവും സമാജങ്ങളുടെ പ്രവർത്തനങ്ങൾ ആശാവഹമല്ല.

കർഷതൊഴിലാളികൾ അടക്കം അവശ സമുദായത്തിൽപെട്ട വിവിധപെൻഷനുകൾക്ക് അർഹതപ്പെട്ടവർ സർക്കാരിലേക്ക് സാമ്പത്തിക സഹായത്തിനായി അപേക്ഷകൾ നൽകിയിട്ടുണ്ടെങ്കിലും കഴിഞ്ഞ 2 വർഷമായി അനുവാദം സർക്കാരിൽ നിന്ന് നൽകിയിട്ടില്ലെന്നാണ് വിശേഷാൽ ഗ്രാമസഭാ ചർച്ചാവേളയിൽ ഉയർന്നുകേട്ട ഒരു പരാതി നിരവധി അപേക്ഷകർ അനുവാദവും സഹായവും പ്രതീക്ഷിച്ച് കാത്തുകൊണ്ടിരിക്കുകയാണ്. വിവിധ പെൻഷനുകൾക്ക് അർഹരായവർ ഇനിയും ഏറെയുണ്ടെങ്കിലും അറിവില്ലായ്മകൊണ്ട് സഹായത്തിനായി അപേക്ഷകൾ അയയ്ക്കുവാൻ കഴിഞ്ഞിട്ടില്ല. അർഹരായവരെ കണ്ടുപിടിച്ച് സഹായം നൽകുവാനായി പഞ്ചായത്ത് തലത്തിൽ ഒരു പ്രത്യേക സർവ്വെ തന്നെ നടത്തണമെന്ന അഭിപ്രായം പ്രത്യേക ഗ്രാമസഭകളിൽ ഉണ്ടായിട്ടുണ്ട്. സർക്കാരിൽ നിന്ന് കൃത്യസമയത്ത് പെൻഷനുകൾ കിട്ടാറില്ല. എന്നും ആക്ഷേപമുണ്ട്. ക്രമീകരണങ്ങൾ പൂർത്തിയാവാത്തതുമൂലം സാമൂഹ്യപെൻഷനുകളുടെ വിതരണച്ചുമതല പഞ്ചായത്തിനെ ഏൽപ്പിച്ചിട്ടുണ്ടെങ്കിലും അതുമൂലം ഉണ്ടാകുന്ന ഗുണം ഗുണഭോക്താവ് ഇതുവരെ അനുഭവിച്ചറിഞ്ഞിട്ടില്ല.

പഞ്ചായത്തതിർത്തിയിൽ സൗകര്യപ്രദമായ ഒരു സ്ഥലത്ത് ഒരു വൃദ്ധമന്ദിരം സ്ഥാപിച്ചു കിട്ടേണമെന്നും അർഹരായ വയോജനങ്ങളെ വൃദ്ധമന്ദിരത്തിൽ അധിവസിപ്പിക്കണമെന്നും പ്രത്യേക ഗ്രാമസഭാ യോഗങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽ, മഹിളാ ടീച്ചർമാർ അങ്കണവാടി ഉദ്യോഗസ്ഥകൾ മറ്റുസർക്കാർ ഉദ്യോഗസ്ഥകൾ പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട വനിതാമെമ്പർമാർ, സഹകരണ ബാങ്കുകളിലെ വനിതാമെമ്പർമാർ, പ്രീപ്രൈമറി ടീച്ചർമാർ നിലവിലുള്ള മഹിളാസമാജം ഭാരവാഹികൾ സാമൂഹ്യരാഷ്ട്രീയ പ്രവർത്തകരായ മഹിളകൾ എന്നിവർ അടങ്ങുന്ന ഒരു കേന്ദ്ര മഹിളാ സമാജം രൂപീകരിക്കുകയും പിന്നീട് വാർഡ് തലത്തിൽ ഉണ്ടാക്കുന്ന മഹിളാ സമാജങ്ങളെ കേന്ദ്രമഹിളാ സമാജവുമായി ഒരു ബൈലാവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെടുത്തി പ്രവർത്തിപ്പിക്കുകയും ചെയ്യേണ്ടതാണ്. മഹിളാ സമാജങ്ങളുടെ സംഘടനാ പ്രവർത്തനങ്ങൾക്കായി മാത്രം ഒരു സ്കീം ഉണ്ടാക്കുകയും അവർക്ക് വേണ്ട സംഘടനാ പ്രവർത്തനത്തിനായുള്ള മൂലധനം വാർഷികഗ്രാന്റായി നൽകുകയും ചെയ്യേണ്ടതാണ്. കേന്ദ്രസമിതിക്ക് ഒരു മന്ദിരവും ആവശ്യമായ ഇരിപ്പിടസൗകര്യങ്ങളും നൽകുവാൻ സ്കീമിൽ വ്യവസ്ഥചെയ്യേണ്ടതാണ്. തൊഴിൽ മുതലായ കാര്യങ്ങളെകുറിച്ചും ആരോഗ്യം പ്രസവ ശുശ്രൂഷ, ശിശുസംരക്ഷണം മുതലായ സാങ്കേതിക വിഷയങ്ങളേകുറിച്ചും വിദഗ്ധരെകൊണ്ട് പരിശീലനം നൽകേണ്ടതാണ്. സ്ത്രീസമുദായത്തിന്റെ ഉന്നമനത്തിനായി ഈ സമാജങ്ങളുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കേണ്ടതാണ്.
2. അണുകുടുംബത്തിന് പ്രോത്സാഹനം കിട്ടിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വയോജനങ്ങളെ കുടുംബത്തിലെ അധികപ്പറ്റായികാണുകയും അവശരായി കഴിയുന്ന അവരുടെ പുനരധിവാസത്തിന് ഒരു വൃദ്ധമന്ദിരം പഞ്ചായത്തിൽ സംഘടിപ്പിക്കുകയും വേണം.

3. അങ്കണവാടികളിലേയ്ക്ക് അനുവദിക്കുന്ന പോഷകാഹാരങ്ങളും മറ്റും കേടുകൂടാതെ സൂക്ഷിക്കുവാനും ആവശ്യാനുസരണം നേരത്തെ കൂട്ടിതന്നെ എത്തിക്കുവാനുള്ള ക്രമീകരണങ്ങളും വ്യവസ്ഥകളും കർശനമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
4. ദാരിദ്ര്യരേഖക്ക് താഴെയുള്ള എല്ലാവർക്കും വരുന്ന 5 കൊല്ലകാലത്തിനുള്ളിൽ സ്വയംതൊഴിൽ ചെയ്ത് രേഖയ്ക്ക് മുകളിൽ എത്തുവാൻ വേണ്ടതായ സാമ്പത്തികസഹായങ്ങൾ സർക്കാരോ ധനകാര്യസ്ഥാപനങ്ങളോ കഠിനമായ ഉപാധികളോ വ്യവസ്ഥകളോ കൂടാതെ നിർല്ലോപം നൽകേണ്ടതാണ്.
5. അങ്കണവാടികളിൽ കക്കൂസ്, കിണർ, കുട്ടികൾക്ക് കളിക്കാനുള്ള കളിക്കോപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.
6. സാമൂഹ്യപെൻഷന് അർഹരായവരെ കണ്ടുപിടിക്കുവാൻ ഒരു സാമൂഹ്യപെൻഷൻ സർവ്വെ നടത്തുകയും അതനുസരിച്ച് അർഹരായ പെൻഷൻകാരെ കണ്ടുപിടിക്കുകയും അതനുസരിച്ച് കൃത്യമായി പെൻഷൻ നൽകുകയും വേണം.
7. വിധവകളിൽ പെൺമക്കളുടെ വിവാഹത്തിന് ഇപ്പോൾ നൽകുന്ന സഹായത്തുക കാലസ്ഥിതിക്ക് അനുസരിച്ച് ഇരട്ടിയായി വർദ്ധിപ്പിക്കണം.
8. അംഗവൈകല്യം സംഭവിക്കുന്നവർക്ക് ആവശ്യമായ ഉപകരണങ്ങളും പ്രതിമാസ പെൻഷനും അനുവദിച്ചുകൊടുക്കേണ്ടതാണ്.
9. പഞ്ചായത്ത് പ്രദേശത്ത് അലഞ്ഞുതിരിഞ്ഞു നടക്കുന്ന ഭിക്ഷക്കാരെ കണ്ടുപിടിക്കുകയും അവരുടെ ഭിക്ഷയാചന നിറുത്തുവാൻ തക്കതായ നടപടികൾ സ്വീകരിക്കുകയും വേണം.
10. പഞ്ചായത്തിൽ വാർഡുകൾ തോറും പൊതു ശ്മശാനം നിർമ്മിക്കേണ്ടതാണ്. കോങ്ങാട് പ്രദേശത്ത് ഒരു വൈദ്യുതി ശ്മശാനവും നിർമ്മിക്കേണ്ടതാണ്.
11. പഞ്ചായത്ത് 4 സെൻറ് സ്ഥലം നൽകിയവരെ പുനരധിവസിക്കാനുള്ള പാർപ്പിട സാകര്യവും മറ്റും നൽകേണ്ടതാണ്.

സംസ്ക്കാരം

ബഹുമുഖമായ കയ്യേറ്റങ്ങൾക്ക് നമ്മുടെ സാംസ്ക്കാരിക രംഗം വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഈ നാടിന്റെ നില്പ്. വേദിയിൽ പ്രകാശവും സദസ്സിൽ അന്ധകാരവും എന്ന് വിഭജിച്ച് ഉയർച്ച താഴ്ചകളുടെ മാനദണ്ഡത്തിൽ വിഭ്രമാത്മകത സൃഷ്ടിക്കുന്ന സാംസ്ക്കാരിക രംഗമാണ് കേരളത്തിലും ഭാരതത്തിലും ഇന്നുള്ളത്. നമ്മുടെ ഭൂപ്രകൃതി പോലെ സാംസ്ക്കാരിക രംഗവും ഊഷരമായിരിക്കുന്നു. തമ്മിൽ കാണുന്നത് വഞ്ചിക്കാനോ, വഞ്ചിക്കപ്പെടാനോ മാത്രമാണെന്ന നിലവന്നിരിക്കുന്നു. 'കാമ ക്രോധ ലോഭ മോഹ മദ മാത്സര്യ'ങ്ങളെല്ലാം കൈകോർത്ത് ഫാഷൻ പരേഡ് നടത്തുകയാണിവിടെ. സുന്ദരിമാരും രാക്ഷസിമാരും മത്സരിക്കുന്നത് ഈ നാടിന്റെ മൂല്യങ്ങളുടെ മുഖത്ത് താണ്ഡവമാടിക്കൊണ്ടാണ്. സർവ്വതോമുഖമായ വികസനം ലക്ഷ്യം വെച്ചുകൊണ്ട് പ്രവർത്തിക്കുമ്പോൾ പ്രാഥമികമായിത്തന്നെ ഊന്നൽ നൽകേണ്ട ഒന്നാണ് സാംസ്ക്കാരിക രംഗം. ഏതുതരം നെറികേടുകളും ന്യായീകരിക്കുവാനുള്ള ബുദ്ധിവികാസം ഇവിടെ എല്ലാവരും നേടിക്കഴിഞ്ഞിരിക്കുന്നു.

വ്യാസനും വാത്മീകിയും വിദുരരും ജനകനും ജീവിച്ച കാലത്തുതന്നെ അഹല്യയും സീതയും ദ്രൗപതിയും അപമാനിതരായി. കർണ്ണനും ഊർമ്മിളയും മുഖ്യധാരയിൽനിന്ന് വിട്ടുനിന്നു. ആർക്കോ വേണ്ടി അഭിമന്യു കൊല്ലപ്പെട്ടു. എല്ലാ ചെയ്തികൾക്കും പഴുതടച്ചുകൊണ്ടുള്ള ശരിയുത്തരങ്ങൾ എക്കാലത്തും മെനഞ്ഞെടുത്തിരുന്നു. ആചാര്യൻമാരെ ധിക്കരിച്ചുകൊണ്ട്, പൗരോഹിത്യ സ്വാർത്ഥങ്ങളെ തൂലോലിച്ചു പോന്ന ഭരണകൂടങ്ങളുടെ പഴയ പാരമ്പര്യത്തിന്റെ പിൻ തുടർച്ചക്കാർ ചരിത്രങ്ങളിലും പുതിയ കാലഘട്ടത്തിലും നിറഞ്ഞു നിൽക്കുന്നതു കാണാം. ഈയിടെയായി കേൾക്കുകയും വായിക്കുകയും ചെയ്യുന്ന സംഭവങ്ങൾ ഹൃദയാലുക്കളെ കരയിക്കുന്നവയാണ്. ഈ സാഹചര്യത്തിൽ നമ്മുടെ പ്രദേശത്തെ- പഞ്ചായത്തിനെ മൂല്യ സംസ്കൃതിയിലേക്കെത്തിക്കുവാൻ എങ്ങിനെ പ്രവർത്തിക്കണം എന്നാണ് ചിന്തിക്കേണ്ടത്.

ഭാഷ, വേഷം, ആചാരാനുഷ്ഠാനങ്ങൾ, സാമൂഹ്യബന്ധങ്ങൾ, വിദ്യാഭ്യാസം, വിശ്വാസ പ്രമാണങ്ങൾ എന്നിങ്ങനെ ഒട്ടേറെ ഘടകങ്ങൾ പരിശോധിച്ചുവേണം ഒരു ഗ്രാമത്തിന്റെ സാംസ്ക്കാരിക തനിമ വിലയിരുത്തുവാൻ, കലകൾക്ക് സാംസ്ക്കാരിക രംഗവുമായി വളരെയേറെ അടുത്ത ബന്ധമുണ്ട്. മേൽപറഞ്ഞ വിഷയങ്ങളുമായി നമ്മുടെ പഞ്ചായത്തിന്റെ പൂർവ്വ ചരിത്രം ബന്ധപ്പെടുത്തുമ്പോൾ സാംസ്ക്കാരികമായി മോശമല്ലാത്ത ഒരു പാരമ്പര്യം ഇവിടെ നിലനിന്നിരുന്നുവെന്നു കാണാം. സാഹിത്യം സംസ്ക്കാരത്തിന്റെ കണ്ണാടിയാണ് എന്നൊരു ചൊല്ലുണ്ട്. എഴുത്തും വായനയും സർഗ്ഗാത്മക പ്രവർത്തനങ്ങളാണ്. വേർക്കാട്ട് അച്ചുതപണിക്കർ, ടി.പി. കെ. നായർ എന്നിവർ കഴിഞ്ഞ തലമുറയിലെ ഗ്രന്ഥകാരന്മാരാണ്. പ്രസിദ്ധിപെറ്റവരല്ലെങ്കിലും അദ്ധ്യാപകരായ പലരും അവരുടെ ചെറുപ്പത്തിൽ ധാരാളം കവിതകളും ലേഖലനങ്ങളും എഴുതിയിരുന്നു. വന്ദ്യവയോധികനായ അദ്ധ്യാപകൻ മുള്ളത്തു കൃഷ്ണൻനായർ, പരേതനായ സി. എസ്. ഗോപാലകൃഷ്ണൻ എന്നിവർ അവരിൽ പ്രമുഖരാണ്. ധാരാളം പുസ്തകങ്ങൾ വാങ്ങുകയും വായിക്കുകയും ചെയ്യുന്ന പതിവ് ഈ പഞ്ചായത്തിൽ പലർക്കുമുണ്ട്. ചിലർക്ക് സ്വന്തമായ കനപ്പെട്ട ഗ്രന്ഥശേഖരങ്ങളുമുണ്ട്. ഉദാഹരണത്തിന് എം. പി. ബാല ഗംഗാധരൻമാസ്റ്റർ. വായനയുടെ കാര്യത്തിൽ പുതിയ തലമുറ പുറകോട്ടാണെന്നു പറയേണ്ടിയിരിക്കുന്നു. ദൃശ്യമാദ്ധ്യമങ്ങളുടെ അതിപ്രസരം വായനാശീലത്തെ മന്ദീഭവിപ്പിക്കുന്ന ഒരു ഘടകമാണ്. കനപ്പെട്ട പാഠ്യപദ്ധതികൊണ്ട് സമയക്കുറവനുഭവിക്കുന്ന വിദ്യാർത്ഥികൾ വിദ്യാലയങ്ങളിലെ ഗ്രന്ഥശാലകൾ പ്രയോജനപ്പെടുത്തുകയോ പൊതുവായനാശീലം വളർത്തുകയോചെയ്യുന്നില്ല.

കോങ്ങാട് പഞ്ചായത്തു പ്രദേശം തലമുറകളായി ഉയർന്ന കലാപാരമ്പര്യം നിലനിർത്തി പ്പോരുന്നു. സംഗീതം, വാദ്യം, നൃത്തം, നാടകം അനുഷ്ഠാന കലകൾ എന്നീ വിഭാഗങ്ങളിൽ


പ്രഗത്ഭമതികളായ പലരും ഈ ഗ്രാമത്തിൽ ജീവിച്ചിരുന്നു.ചിലരെല്ലാം കേരളത്തിനകത്തും പുറത്തും പ്രസിദ്ധരുമായിരുന്നു. വിദേശങ്ങളിൽപോലും അറിയപ്പെടുന്ന കലാകാരൻമാർ ഈ പ്രദേശത്ത് ഇന്നു ജീവിച്ചിരിപ്പുണ്ട്. കേട്ടറിവുള്ള-ഓർമ്മയിൽ ഓടിയെത്തുന്ന-പലരേയും കുറിച്ച് വളരെ ചുരുക്കി ചിലതുപറയട്ടെ.

സംഗീതം

ചെറായിലുള്ള മുള്ളത്തു രാമൻ നായർ നല്ല പാട്ടുകാരനായിരുന്നു. നാടകം, വാദ്യം, അയ്യപ്പൻപാട്ട് എന്നിവയിലെല്ലാം അദ്ദേഹം പ്രഗത്ഭനായിരുന്നു. സംഗീത നൈഷധം നാടകത്തിൽ രാമൻനായരുടെ കാട്ടാളൻ പേരെടുത്തതാണ്. പാചകകലയിൽ സ്വർണ്ണമുദ്രനേടിയിട്ടുണ്ട്. കോങ്ങാട് പഞ്ചായത്തതിർത്തിയിൽ താമസിക്കുന്ന ആലിക്കൽ മാധവ ഭാഗവതർ ചെമ്പൈ വൈദ്യനാഥഭാഗവതരുടെ ശിഷ്യനും ഒന്നു രണ്ടു തലമുറകളിൽപ്പെട്ട നിരവധി പേരുടെ ഗുരുനാഥനുമാണ്. പെരുന്തലക്കാട്ട്കേശവൻ നമ്പൂതിരി ആകാശവാണിയിൽ നിലയവിദ്വാനും സംഗീതസംവിധായകനും നല്ല ഗായകനുമാണ്. പാറശ്ശേരിഭാഗത്ത് സംഗീതവാസനയുള്ള ചെറുപ്പക്കാർ ധാരാളമുണ്ട്. പ്രസിദ്ധനർത്തകി മൃണാളിനി സാരാഭായിയുടെ 'ദർപ്പണ' അക്കാഡമിയിൽ സംഗീത വിഭാഗം കൈകാര്യം ചെയ്യുന്നത് ഈ നാട്ടുകാരനായ ജയനാണ്. സംഗീതത്തിൽ വാസനാശാലികളായ ഒട്ടേറെ ചെറുപ്പക്കാരും വിദ്യാർത്ഥികളും വിശാലമായ ഈ പഞ്ചായത്തിലുണ്ട്. മൃദംഗവാദനത്തിലും പ്രതിഭാധനരായ ചെറുപ്പക്കാർ ഇവിടെയുണ്ട്.

വാദ്യകല

വാദ്യകലയിലും ഈ ഗ്രാമത്തിന് എടുത്തു പറയത്തക്ക ഒരു പാരമ്പര്യമുണ്ട്. കോങ്ങാട്ടിൽ ഗോവിന്ദമാരാർ, രാവുണ്ണിപൊതുവാൾ, രാമമാരാർ എന്നിവർ സോപാന അനുഷ്ഠാന വാദ്യങ്ങളിൽ മിതത്വവും ചാരുതയും പുലർത്തിപ്പോന്നവരായിരുന്നു. ഗോവിന്ദമാരാരും രാവുണ്ണി പൊതുവാളും തായമ്പകക്കാരുമായിരുന്നു. എഴുപതുകളുടെ അവസാനത്തിൽ 72-ാം വയസ്സിൽ അകാലചരമമടഞ്ഞ കോങ്ങാട്ടിൽ ഗോപി പൊതുവാൾ കേരളത്തിനകത്തും പുറത്തും പേരെടുത്ത തായമ്പക വിദഗ്ദ്ധൻ ആയിരുന്നു. ക്ഷേത്ര വാദ്യങ്ങളും പഞ്ചവാദ്യവും അദ്ദേഹം ഭംഗിയായി കൈകാര്യം ചെയ്തിരുന്നു. പൊതുവാളുടെ വാദ്യ ചാതുരിയെ മാനിച്ച് തിരുമാന്ധാംകുന്ന് ഭഗവതീ ക്ഷേത്രസന്നിധിയിൽവെച്ച് നാട്ടുകാർ ഒരു സുവർണ്ണഹാരം സമ്മാനിച്ചിട്ടുണ്ട്. ചോവത്ത് അച്ചുതൻ നായർ കഴിഞ്ഞതലമുറയിലെ ഒരു ചെണ്ട വാദ്യവിദഗ്ദ്ധനായിരുന്നു. അദ്ദേഹത്തിന്റെ മകനായ അച്ചുതൻ നായർ ഇന്ന് രംഗത്തുള്ള നല്ലൊരു തായമ്പകക്കാരനാണ്. കുണ്ടുവമ്പാടത്തെ തെയ്യം വീട്ടിൽ അച്ചുതൻ നായർവാർദ്ധക്യം . കാരണം രംഗത്തുനിന്നും വിട്ടു നിൽക്കുന്ന മറ്റൊരു തായമ്പകക്കാരനാണ്. പഞ്ചവാദ്യത്തിൽ സംസ്ഥാനത്തിനകത്തും പുറത്തും അറിയപ്പെടുന്ന അനവധികലാകാരൻമാർ കോങ്ങാട്ടിലുണ്ട്. അറുപതുകളുടെ അവസാനം ഈ നാട്ടിൽ സ്ഥാപിച്ച 'ക്ഷേത്ര കലാക്ഷേത്ര'ത്തിൽ പഠിച്ച് വളർന്നവരാണ് ഇവരിൽ അധികം പേരും. കോങ്ങാട് വിജയൻ, മധു, പല്ലശ്ശന മുരളി, കോങ്ങാട് മോഹനൻ, ബാബു (തിമില) കോങ്ങാട് സുകുമാരൻ, കല്ലേക്കുളങ്ങര കൃഷ്ണവാരിയർ, നടരാജവാരിയർ (മദ്ദളം) തൃപ്പലമുണ്ട സുധാകരൻ(ഇടക്ക) കോങ്ങാട് മുരളി(കൊമ്പ്)എന്നിവർ ചേർന്നാൽ ഒരു ചെറിയ പഞ്ചവാദ്യത്തിനുള്ള പ്രധാനവട്ടങ്ങളായി. കലാക്ഷേത്രത്തിന് റിട്ടയേഡ് ജില്ലാ റെജിസ്ട്രാർ കെ.പി. ഗോപാല പിഷാരടിയുടെ ശ്രമത്തിൽ ഒരു കെട്ടിടം നിർമ്മിച്ചു കഴിഞ്ഞു. മധു കേരള കലാമണ്ഡലത്തിൽ തിമില അദ്ധ്യപകനും സുകുമാരൻ ഗുരുവായൂർ വാദ്യകലാ വിദ്യാലയത്തിൽ പ്രൻസിപ്പാളുമാണ്. സുധാകരൻ ഇടക്ക വാദനത്തോടൊപ്പം ഒരു തായമ്പക വിദ്വാൻ കൂടിയാണ്.





കഥകളി

നൃത്തനൃത്യവിഭാഗത്തിലുള്ള കലാകാരന്മാരെക്കുറിച്ച് പറയുമ്പോൾ ഈ പഞ്ചായത്തിൽ കഥകളിക്കുതന്നെയാണ് പ്രഥമസ്ഥാനം നൽകേണ്ടത്. രണ്ടുമൂന്നു തലമുറകളായി കഥകളി വേഷത്തിലും സംഗീതത്തിലും മികവു പുലർത്തിയ ഒട്ടേറെപ്പേർ ഈ ഗ്രാമത്തിലുണ്ടായിരുന്നു. അവരെക്കുറിച്ച് കെ.പി. എസ്. മേനോന്റെ കഥകളി രംഗത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിലെ എണ്ണപ്പെട്ട ഒരു സ്ത്രീ വേഷക്കാരനായിരുന്നു, കൊല്ലവർഷം 1098-ൽ അന്തരിച്ച കോന്തശ്ശാം വീട്ടിൽ നാണുമേനോൻ. .സ്ത്രീവേഷങ്ങളിൽ നടുനായികയായ കാലകേയവധത്തിലെ ഉർവ്വശി അദ്ദേഹത്തിന്റെ പ്രധാനവേഷമായിരുന്നു. അതിന്റെ പേരിൽഉർവ്വശി നാണുമേനോൻ എന്നാണ് ആ നടൻ അറിയപ്പെട്ടിരുന്നത്. അദ്ദേഹത്തിനു ലഭിച്ച വീരശൃംഖല പേരമക്കൾ ഇന്നും സൂക്ഷിച്ചു വരുന്നു. മൂന്നു താടി വേഷക്കാരുടെ നാടാണ് നമ്മുടെ പഞ്ചായത്ത്. പെരിങ്ങോട് ചോറത്തെകുട്ടി രാമപ്പണിക്കർ, തൃപ്പലമുണ്ട കിഴക്കേകളത്തിൽ കുഞ്ഞുണ്ണിപ്പണിക്കർ, കോങ്ങാട് പള്ളത്ത് അച്ചുതമേനോൻ എന്നിവരാണവർ. കുട്ടിരാമപ്പണിക്കരുടെ താടിയെക്കുറിച്ച് ഇന്ദുലേഖയിൽ പരാമർശമുണ്ട്. ഈ പഞ്ചായത്തിലെ ഏറ്റവും മികച്ച ഗ്രന്ഥാലയവും വായനശാലയുമായ കെ.കെ. പി. സ്മാരകഗ്രന്ഥശാല കുഞ്ഞുണ്ണിപ്പണിക്കരുടെ സ്മാരകമായി നാട്ടുകാർ സ്ഥാപിച്ചതാണ്.



കേരള കലാമണ്ഡലത്തിൽ വേഷ വിഭാഗം പ്രൊഫസറും ഈതലമുറയിലെ പേരെടുത്ത കഥകളി നടനുമായ കലാമണ്ഡലം വാസുപിഷാരോടി കോങ്ങാട് സ്വദേശിയാണ്. പച്ച, കത്തി, മിനുക്ക് വിഭാഗങ്ങളിൽപ്പെട്ട എല്ലാ പ്രധാനവെഷങ്ങളും ശൈലീ ഭദ്രതയോടുകൂടി കൈകാര്യം ചെയ്യുന്ന ഈ നാടൻ പത്മ ശ്രീ വാഴേങ്കട കുഞ്ചു നായരുടെ പ്രിയപ്പെട്ട ശിഷ്യനാണ്. 95 ഡിസംബർ 16-ാം തിയ്യതി നാട്ടുകാരും കേരളത്തിലെ കഥകളി പ്രേമികളും ചേർന്ന് പിഷാരോടിയെ അനുമോദിച്ചു കൊണ്ട് ഒരു വീരശൃംഖല അണിയിച്ചു. 53വയസ്സുള്ള ഇദ്ദേഹം പതിനഞ്ച് തവണ വിദേശപര്യടനം നടത്തിയിട്ടുണ്ട്. ഈ തലമുറയിലുള്ള മറ്റൊരു നടനാണ് പഞ്ചായത്തിലെ മൂന്നാം വാർഡിൽ, തൃപ്പലമുണ്ടയിലുള്ള നാരായണൻകുട്ടിപ്പണിക്കർ. പച്ച, കത്തി വിഭാഗങ്ങളിലുള്ള വേഷങ്ങൾ കെട്ടിയാടുന്നു. പ്രസിദ്ധ താടി വേഷക്കാരനായിരുന്ന കുഞ്ഞുണ്ണിപ്പണിക്കരുടെ മകനായ പണിക്കർ കൂടുതൽ സമയവും അച്ഛന്റെ സ്മാരകമായ ഗ്രന്ഥാലയത്തിന്റെ നടത്തിപ്പിൽ ദത്തശ്രദ്ധനാണ്.

കഥകളി സംഗീതം

പഞ്ചായത്തിലെ രണ്ടാം വാർഡിലാണ് പെരുന്തലക്കാട്ടുമന. അവിടെ ജീവിച്ച കേശവൻ നമ്പൂതിരി മദ്ധ്യകേരളത്തിലെ കഥകളി യോഗങ്ങളിൽ കാൽ നൂറ്റാണ്ടിലേറെ അരങ്ങു ഭരിച്ച ഒരു ആദ്യവസാന ഭാഗവതരായിരുന്നു. ചെറുപ്പത്തിൽ വേഷവും ചൊല്ലിയാടിയിട്ടുണ്ട്. കൂടാതെ ആധുനിക വിദ്യാഭ്യാസം നേടിയ ഈ കലാകാരനാണ് 75 വർഷം പഴക്കമുള്ള പാറശ്ശേരി യു.പി. സ്ക്കൂൾ സ്ഥാപിച്ചത്. അവിടത്തെ പ്രഥമമാനേജരും പ്രധാനാദ്ധ്യാപകനുമായിരുന്നു. പാലക്കാട്ടേക്ക് സൈക്കിൾ ചവുട്ടിപോയാണ് ഹൈസ്ക്കൂൾ വിദ്യാഭ്യാസം നേടിയതെന്ന് കേട്ടിട്ടുണ്ട്. കലാമണ്ഡലത്തിന്റെ സ്ഥാപനകാലത്ത് മഹാകവി വള്ളത്തോളിന്റെ സഹകരാരികളിൽ ഒരാളായിരുന്ന നമ്പൂതിരി അവസാനം പാടിയത് തൃപ്പലമുണ്ട വെച്ച് പത്മശ്രീ വാഴേങ്കട കുഞ്ചുനായരുടെ രണ്ടാം ദിവസത്തെ നളനാണ്. രണ്ടാം വാർഡിൽത്തന്നെ പി. രാമകൃഷ്ണൻനായർ എന്ന ഒരു കഥകളി ഭാഗവതരുണ്ടായിരുന്നു. അദ്ദേഹവും ആദ്യകാലത്ത് വേഷക്കാരനായിരുന്നു. വളരെക്കാലം പാട്നയിലെ നൃത്ത കലാലയത്തിൽ ജോലിചെയ്തു.



കോട്ടക്കൽ മധു ഒമ്പതാം വാർഡിൽ ജനിച്ചു. ഗവ. യു.പി. സ്ക്കൂളിൽ പഠിച്ചു കലോത്സവ വേദികളിൽ സംഗീതത്തിൽ സമ്മാനിതനായി. കോട്ടക്കൽ പി.എസ്. വി. നാട്യസംഘത്തിൽ കഥകളി സംഗീതം അഭ്യസിച്ചു. കലാമണ്ഡലം നീലകണ്ഠൻ നമ്പീശൻ, ഉണ്ണിക്കൃഷ്ണക്കുറുപ്പ് എന്നിവരായിരുന്നു ആദ്യകാലഗുരുനാഥന്മാർ. കോട്ടക്കൽ ഗോപാലപിഷാരോടി, കുഞ്ഞരക്കാട് നമ്പൂതിരി എന്നിവരിൽ നിന്ന് തുടർന്നു പഠിക്കുകയും പാടിശീലിക്കുകയും ചെയ്തു. നാട്യസംഘത്തിൽ ജോലിചെയ്യുന്നു. കേരളത്തിലും പുറത്തും ധാരാളം അരങ്ങുകളിൽ പാടുന്ന ഈ യുവകലാകാരൻ എല്ലാവിധ പ്രോത്സാഹനങ്ങളും അർഹിക്കുന്നു.

കൂത്ത്, കൂടിയാട്ടം

ഈ പഞ്ചായത്തിലെ പാറശ്ശേരി സ്വദേശിയായ കലാമണ്ഡലം രാധാകൃഷ്ണൻ അറിയപ്പെടുന്ന ഒരു കൂടിയാട്ടം കൂത്ത് പാഠകം എന്നീ ദൃശ്യകലകളുടെ പ്രയോക്താവാണ്.

തുള്ളൽ

ഹാസ്യസാമ്രാട്ടായ കുഞ്ചൻറെ ജന്മ ഗ്രാമത്തിൽ നിന്ന് ഒട്ടകലത്തല്ലാത്ത കോങ്ങാട്ടിൽ അദ്ദേഹത്തിൻറെ നൃത്യസൗഭഗത്തിൻറെ ചിലങ്ക കെട്ടാനും പാടിയാടി പ്രേക്ഷകരെ പൊട്ടിച്ചിരിപ്പിക്കാനും കച്ചകെട്ടിയിറങ്ങിയവർ നിരവധിയായിരുന്നു. എം. പി. ഗോപാലപിഷാരോടി നെടുംപട്ടികുട്ടികൃഷ്ണൻ നായർ, പുത്തൻ വീട്ടിൽ നാരായണൻനായർ, ഗോവിന്ദൻനായർ, പാലക്കുറുശ്ശി പുത്തൻ വീട്ടിൽ കുട്ടപ്പൻ നായർ തുടങ്ങിയവർ പഴയതലമുറയിൽപ്പെട്ട ഓട്ടൻ തുള്ളൽക്കാരായിരുന്നു. കോൽക്കാട്ടു രാമൻനായർ, കണ്ണമ്പറമ്പിൽ കുട്ടൻ നായർ, എം.പി. കുട്ടികൃഷ്ണ പിഷാരോടി, എഴക്കാട്ടുകാരനായ കരിങ്കപ്പാറ കൃഷ്ണൻ നായർ, കോന്തത്ത് കുട്ടപ്പൻ നായർ മുതലായി കോങ്ങാട്ടിലെ തുള്ളലരങ്ങുകളിൽ തൊപ്പിമദ്ദളമായും മൃദംഗമായും പിന്നണി വാദ്യം ഒരുക്കിയിരുന്നവർ ഏറെയുണ്ട്.

ഈ ഗ്രാമക്കാരായ പേരെടുത്ത രണ്ടു തുള്ളൽക്കാർ ഇന്ന് ജീവിച്ചിരിപ്പുണ്ട്. കോങ്ങാട് കാക്കേങ്കോട്ടിൽ കുമാരപ്പണിക്കരും കാവിൽപിഷാരത്ത് അച്ചുതപിഷാരോടിയും. രണ്ടുപേരും ഇന്ന് കോങ്ങാട്ടിലെ താമസക്കാരല്ലെങ്കിലും ഇവിടെ വേരുകളുള്ളവരാണ്. പണിക്കർ കുഞ്ചൻസ്മാരക കലാലയത്തിലെ അദ്ധ്യാപകനാണ്. ഇവർക്ക് മിടുക്കന്മാരായ നിരവധി തുള്ളൽ കലാകാരൻമാർ ശിഷ്യരായുണ്ട്.

മറ്റു നൃത്തങ്ങൾ

ഭരതനാട്യം, മോഹനിയാട്ടം, കുച്ചിപ്പുടി, നാടോടിനൃത്തം എന്നിവ അഭ്യസിപ്പിക്കുന്ന മൂന്നു സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. രണ്ടെണ്ണം ഒമ്പതാം വാർഡിലും ഒന്ന് എട്ടാം വാർഡിലും ആണ്. കൂടാതെ സ്വകാര്യ ട്യൂഷൻ സംവിധാനങ്ങൾ പഞ്ചായത്തിൻറെ ചിലഭാഗങ്ങളിലുണ്ട്.

78-79 കാലത്ത് കനറാ ബാങ്ക് മാനേജരായിരുന്നപ്രശാന്തമേനോൻറെയും ഇന്നാട്ടിലെ കലാപ്രേമികളുടെയും പരിശ്രമഫലമായി ഒരു ഫൈൻ ആർട്സ് സൊസൈറ്റി നന്നായി നടന്നിരുന്നു. ഈ ആസ്വാദകസമിതി ക്രമത്തിൽ ഇല്ലാതായെങ്കിലും അതിൻറെ ഉല്പന്നമായി വളർന്നു വന്നതാണ് പതിനേഴു വർഷം പഴക്കമുള്ള 'കലാനികേതൻ' നൃത്തവിദ്യാലയം. കലാമണ്ഡലം അംബികയാണ് മുഖ്യനൃത്ത അദ്ധ്യാപിക. കുമാരി ചങ്ങരത്തു ലത ഈ വിദ്യാലയത്തിലെ ആദ്യ വിദ്യാർത്ഥികളിൽ ഒരാളായിരുന്നു. ലതയുടെ ഉത്സാഹത്തിൽ സ്വന്തം ഭവനത്തിൽ പന്ത്രണ്ടിലധികം കൊല്ലങ്ങളായി നടന്നു വരുന്ന രണ്ടാമത്തെ സ്ഥാപനമാണ് 'അമൃത' നൃത്തവിദ്യാലയം. ഇവരണ്ടും പഞ്ചായത്തിലെ ഒമ്പതാം വാർഡിലാണ്. ഈ നാട്ടുകാരനായ നെച്ചിയിൽഅശോകനും പത്നി രാധയും ചേർന്ന് എട്ടാം വാർഡിൽ മൂന്നു വർഷം മുമ്പ് സ്ഥാപിച്ച ഡാൻസ് സ്ക്കൂളാണ് 'ശ്രീരാഗം'. ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ നിന്ന് പത്തിരുപതു വർഷമായി ധാരാളം വിദ്യാർത്ഥികൾ വിവിധ നൃത്ത ഇനങ്ങളിലും മറ്റു പരിപാ

ടികളിലും ബാലകലോത്സവ യുവജനോത്സവ വേദികളിൽ സബ്ജില്ലാ ജില്ലാതലങ്ങളിൽ പങ്കെടുത്ത് വിജയിക്കുകയും സമ്മാനിതരാവുകയും ചെയ്യുന്ന പാരമ്പര്യം നിലനിൽക്കുന്നു. പ്രസ്തുത നൃത്ത വിദ്യാലയങ്ങൾക്കും ഉത്സാഹികളായ അദ്ധ്യാപകർക്കും നാട്ടിലെ വാസനാസമ്പന്നരായ വിദ്യാർത്ഥികൾക്കും ഇക്കാര്യത്തിൽ അഭിമാനത്തിനു വകയുണ്ട്.

നാടകങ്ങൾ

ഏകദേശം ഒരു നൂറ്റാണ്ടു മുമ്പ് തമിഴ് നാട്ടിൽ നിന്ന് കേരളത്തിൽ വന്ന് അരങ്ങേറിയിരുന്ന തമിഴ്നാടക സംഘങ്ങൾ മലയാളികളെയും ഹരം പിടിപ്പിച്ചു. ആര്യമാല, കോവിലൻ ചരിത്രം, സത്യവാൻ സാവിത്രി, ഹരിശ്ചന്ദ്ര ചരിതം എന്നീ സംഗീത നാടകങ്ങൾ മലയാളികളും അഭ്യസിച്ചു. തമിഴും മലയാളവും കലർന്ന പാട്ടും ഭാഷയുമാണ് ഉപയോഗിച്ചിരുന്നത്. അത്യാവശ്യം നടികളും സംഘങ്ങളിൽ ഉണ്ടായിരുന്നു. വർഷത്തിൽ നാലഞ്ചു നാടകങ്ങളെങ്കിലും ഈ പഞ്ചായത്തതിർത്തിയിൽ കളിച്ചിരുന്നു. കൊള്ളിപ്പറമ്പിൽ ഗോപാലൻനായർ, ശങ്കുണ്ണി നായർ തുടങ്ങിയവർ കോങ്ങാട്ടിലെ നാടക പ്രേമികളുടെ ആരാധ്യരായിരുന്നു. ഏകദേശം എഴുപത്തഞ്ചു വർഷങ്ങൾക്കുമുമ്പ് നാട്ടിലെ അന്നത്തെ ചെറുപ്പക്കാർ സംഗീത നൈഷധം എന്ന മലയാള സംഗീതനാടകം അഭ്യസിച്ചു. നിരവധി അരങ്ങുകളിൽ വിജയകരമായി പ്രദർശിപ്പിച്ചു. ഈ നാട്ടുകാരായ പലരുടേയും വേഷങ്ങൾ പ്രഖ്യാതങ്ങളായി. തൂള്ളൽക്കാരനായിരുന്ന കുട്ടപ്പൻ നായരുടെ പുഷ്ക്കരൻ, സംഗീതജ്ഞനും വാദ്യവിദഗ്ദ്ധനുമായിരുന്ന മുള്ളത്തുരാമൻ നായരുടെ കാട്ടാളൻ, പുത്തൻ വീട്ടിൽ നാരായണൻ നായരുടെ കലി, പുരവത്തൊടി അപ്പുനായരുടെ വിവിധ വേഷങ്ങൾ എന്നിവ അവയിൽ ചിലതുമാത്രമാണ്.

ആധുനിക കാലത്തും (അമ്പതുകളിലും അറുപതുകളിലും) കലാസമിതികളും നാടകാഭിനയവും തുടർന്നു പോന്നു. മുഗൾ ചരിത്രവുമായി ബന്ധപ്പെട്ട ചിലനാടകങ്ങളും തറവാടിത്തം, തീകൊണ്ടുകളിക്കരുത് തുടങ്ങിയ സാമൂഹ്യനാടകങ്ങളും അന്ന് അഭിനയിച്ചിട്ടുണ്ട്. ഇന്ന് പ്രായമെത്തിനിൽക്കുന്ന പലരും അന്ന് അഭിനേതാക്കളായിരുന്നു. നല്ല നിലയിൽ നടന്നിരുന്ന ഉദയകലാസമിതിയെ ഈ പ്രദേശത്തുകാർ മറക്കാറായിട്ടില്ല.

അനുഷ്ഠാനകലകൾ

കോങ്ങാട് പഞ്ചായത്തിൽ നടപ്പുള്ള പ്രധാന അനുഷ്ഠാനകലകളാണ് ഭഗവതിപ്പാട്ട് അയ്യപ്പൻവിളക്ക് പാന എന്നിവ. ഇത്തരം അനുഷ്ഠാനങ്ങളുടെ സമ്പ്രദായങ്ങൾ ഗ്രാമീണർക്ക് സുപരിചിതമാക കൊണ്ട് വിസ്തരിക്കുവാനുദ്ദേശിക്കുന്നില്ല.

ഭഗവതീ ക്ഷേത്രങ്ങളിൽ വർണ്ണധൂളികൾ കൊണ്ട് ഭദ്രകാളിയുടെ രൗദ്രരൂപം കലാപരമായി വരച്ചുണ്ടാക്കി, പൂജകഴിച്ച് സ്തുതി പാടി കളം മാച്ചുകളയുന്ന ഒരു ആരാധനാക്രമമാണ് ഭഗവതിപ്പാട്ട്. കളം വരക്കുന്നതും സ്തുതിപാടുന്നതും കല്ലാറ്റെകുറുപ്പ് എന്ന വിഭാഗത്തിൽ പെട്ടവരാണ്. ഈ ജാതിയിൽപ്പെട്ടവർ ക്ഷേത്രോപജീവികളാണ്. ഒമ്പതാം വാർഡിൽ രണ്ടുകുടുംബത്തിൽപ്പെട്ടവർ മാത്രമാണ് ഇന്നുള്ളത്. കഴിഞ്ഞതലമറയിൽ രാമക്കുറുപ്പ്, ഈശ്വരക്കുറുപ്പ്, കരുണാകരക്കുറുപ്പ്, നാരായണക്കുറുപ്പ് എന്നീ പ്രഗത്ഭമതികളുണ്ടായിരുന്നു. കെ. ശിവശങ്കരക്കുറുപ്പും തിമല വിദ്വാനായ മധുസൂദനനും അനന്തിരവന്മാരും മാത്രമാണ് ഈ ഗ്രാമത്തിൽ ഇന്ന് ഈ അനുഷ്ഠാനകല കൈകാര്യം ചെയ്യുന്നത്. ക്ഷേത്രം ശാന്തിക്കാരാണ് ഭഗവതിപ്പാട്ടിന്റെ പൂജാകർമ്മങ്ങൾ നിർവ്വഹിക്കുന്നത്. ചിലപ്രത്യേക സന്ദർഭങ്ങളിൽ മാരാരുടെ വാദ്യവിശേഷങ്ങളും വേണ്ടതുണ്ട്. കുറുപ്പ് സ്തുതി പാടുമ്പോൾ ശ്രുതിക്കുപയോഗിക്കുന്ന ഉപകരണത്തിന് നന്ത്രുണി എന്നുപറയുന്നു. കോങ്ങാടു പഞ്ചായത്തിൽ പതിവില്ലെങ്കിലും കുറുപ്പൻ മാർ അയ്യപ്പനും വേട്ടക്കൊരുമകനും ഈശൈലിയിലുള്ള 'പാട്ട്' നടത്താറുണ്ട്.

അയ്യപ്പൻ വിളക്ക് പൊതുസ്ഥലങ്ങളിലും ഭവനങ്ങളിലും നടത്തുന്ന ഒരു ആരാധനാനുഷ്ഠാനമായതു കൊണ്ട് കൂടുതൽ ജനകീയമാണ്. അതുകൊണ്ട് അതിന്റെ സമ്പ്രദായങ്ങൾ വിവരിക്കുന്നതിൽ പ്രസക്തിയില്ല. ഈ

ഗ്രാമത്തിൽ കഴിഞ്ഞ കാലത്ത് വെളിച്ചപ്പെട്ട് നൃത്തം ചെയ്യൽ അയ്യപ്പന്റെ സ്തുതി പാടൽ മേളം ചേർക്കൽ എന്നിവയിൽ വ്യക്തിത്വമുള്ള കലാകാരൻമാരുണ്ടായിരുന്നു. മുള്ളത്തു പങ്കുണ്ണി നായർ, ശങ്കരൻനായർ, രാമൻ നായർ, നാരായണൻനായർ, പതിയിൽ രാമൻ നായർ തുടങ്ങി ഒടട്ടേറെ പ്രമുഖരുണ്ടായിരുന്നു. ആധുനികകാലത്തും എട്ടാം വാർഡിൽ കുമാരന്റെറയും രണ്ടാം വാർഡിൽ ഭാസ്ക്കരന്റെറയും നേതൃത്വത്തിലുള്ള വിളക്കു സംഘങ്ങൾ അറിയപ്പെടുന്നവയാണ്. അയ്യപ്പൻവിളക്ക് കേരളത്തിനുപുറത്തും സാധാരണമായിരിക്കുന്നു.

തിരുമാന്ധാം കുന്ന് ഭഗവതിക്കുവേണ്ടി മാഞ്ചീരിക്കാവിൽ പന്ത്രണ്ടു കൊല്ലം കൂടുമ്പോൾ നടത്തുന്ന ഒരു അനുഷ്ഠാനകലയ്ാണ് പാന. പണ്ട് നാടുവാഴി 'കോലുംപറയും' കൊടുത്ത് അധികാരപ്പെടുത്തിയ കുടുംബക്കാരാണ് ഈ വഴിപാടിന്റെ പ്രധാനകർത്താക്കൾ. താഴത്തേക്കളം, പന്തലിങ്കൽ, ആഴിച്ചത്ത്, മഠത്തിൽ, മുള്ളത്ത് എന്നീ തറവാട്ടുകാർ അക്കൂട്ടത്തിൽ പെട്ടവരാണ്. പഴയതലമുറയിലെ ആശാൻമാർ താഴത്തേക്കളം കുഞ്ഞുണ്ണിനായർ, രാമൻമേനോൻ, പന്തലിങ്കൽ പങ്കുണ്ണിനായർ, രാമൻകുട്ടിനായർ, മുള്ളത്ത് രാമൻനായർ തുടങ്ങിയവരായിരുന്നു. പുറവത്തൊടി പ്രഭാകരൻ നായർ, കടമ്പാട്ടിൽ ശ്രീധരൻ നായർ, മുള്ളത്ത് ബാലകൃഷ്ണൻ നായർ എന്നിവർ ഇന്നുള്ള പ്രമുഖരാണ്. പ്രത്യേകതരം പൂജാവിധികൾ, പാലക്കൊമ്പ് എഴുന്നള്ളത്ത്, തിരിയുഴിച്ചിൽ, ഗുരുതി, പാനപിടിത്തം, പകലവസാനം കുളം ചാട്ടം, വെളുപ്പാൻ കാലത്ത് കനൽചാട്ടം എന്നിവയാണ് പ്രധാന ചടങ്ങുകൾ. തിരിയുഴിച്ചിലിനും പാനപിടിത്തത്തിനും പ്രത്യേകതരം നൃത്തമുണ്ട്. പാനപിടിക്കുമ്പോൾ പാലമരക്കൊമ്പു കൊണ്ടുണ്ടാക്കിയ 'പാണിത്തണ്ട്' പൂക്കുലക്കതിർ എന്നിവ കയ്യിൽ പിടിക്കുന്നു. പാറശ്ശേരിക്കാവ്, കുണ്ടുവമ്പാടത്തെ ചെറുകുന്നതുകാവ് എന്നീ ക്ഷേത്രങ്ങളിൽ വർഷം തോറും ചുരുങ്ങിയനിലയിലുള്ള 'കളിപ്പാന' പതിവുണ്ട്. പാനയുടെ നൃത്തങ്ങൾക്ക് ചെണ്ടയാണ്. പ്രധാന മേളക്കൂട്ട്. പാനക്കു കൊട്ടുവാൻ പ്രത്യേക പരിശീലനം വേണം.

പഞ്ചായത്തിന്റെ ചിലഭാഗങ്ങളിലുള്ള വീടുകളിൽനാഗാരാധനയുടെ ഭാഗമായുള്ള പാമ്പിൻ തുള്ളൽ പതിവുണ്ട്. പുള്ളുവജാതിക്കാരാണ് ഈ അനുഷ്ഠാനത്തിന്റെ അധികാരികൾ.


അനുഷ്ഠാന കലകളിലെ ആരാധനക്ക് തുളസി, തെച്ചി, കൂവളം, അലരി തുടങ്ങിയ പൂക്കൾക്കു പുറമെ പേരാല്, അരയാല്, മാവ്, പാല എന്നീ വൃക്ഷങ്ങളുടെ ചെറിയ കൊമ്പുകൾക്കും പ്രസക്തിയുണ്ട്.


നാടൻകലകൾ

ക്ലാസിക് കലകൾക്കും അനുഷ്ഠാനകലകൾക്കും പുറമെ പാങ്കളി, ചെറുമക്കളി, മണ്ണാൻ സമുദായക്കാർ കളിക്കുന്ന പൂതൻ തിറ തുടങ്ങിയ പഴക്കമുള്ള നാടൻ കലകളും ഈ പഞ്ചായത്തിൽ അങ്ങിങ്ങ് കാണാം. ഇവ നാശോന്മുഖമായി വരുന്നു. ക്ഷേത്രോത്സവമായി ബന്ധപ്പെട്ടതു കൊണ്ട് പൂതനും തിറയും ഇന്നും പ്രചാരത്തിലുണ്ട്. പൂതന്റെ പൊയ്മുഖത്തിൽ കടിച്ചുപിടിച്ചനാവിനു പിന്നിൽ ഒരു ഐതിഹ്യമുണ്ട്. ദക്ഷയാഗം കാണാൻ സമ്മതമില്ലാതെ ഇറങ്ങിത്തിരിച്ച സതീദേവിയെ സംരക്ഷിക്കാനും അകമ്പടി സേവിക്കാനും പരമശിവൻ ഭൂതഗണങ്ങളെ കല്പിച്ചയച്ചു. ദക്ഷപ്രജാപതിയുമായുള്ള വാഗ്വാദത്തിൽ ദുഃഖിതയായ ദേവി ഹോമകുണ്ഡത്തിൽ ആത്മാഹൂതി ചെയ്തു. ഇതുകണ്ട ഭൂതങ്ങൾ അന്തംവിട്ട്, ' സ്വാമിയോട് എന്ത് സമാധാനം പറയും' എന്നറിയാതെ അന്നു 'നാക്കു കടിച്ചു' അതിന്റെ പ്രതീകമാണത്രെ പൊയ്മുഖങ്ങളിലെ 'നാക്കുകടി'

കുംഭംകളിയും മയിലാട്ടവും തമിഴ് നാട് ശൈലിയിലുള്ള ഒരു നാടൻ കലയും ക്ഷേത്രകലയുമാണ്. ഈ പഞ്ചായത്തിലെ ഒന്നാം വാർഡിൽ കുണ്ടുവമ്പാടത്ത് പെരുമ്പാറ വിജയൻ ഈ നൃത്തങ്ങളിൽ വിദഗ്ദ്ധനാണ്.

ശില്പകല





കോങ്ങാട് പഞ്ചായത്തിൽ നാലാം വാർഡിൽ ചെറായിൽ നെല്ലാനിക്കോട് സുകുമാരൻ എന്ന ഒരു ശില്പകലാ വല്ലഭൻ താമസിക്കുന്നു. പാലക്കാട് സംഗീത കോളേജിനു മുൻവശം സ്ഥാപിച്ചിട്ടുള്ള ചൈന്പെ വൈദ്യനാഥ ഭാഗവതരുടെ പ്രതിമ ഇദ്ദേഹം നിർമ്മിച്ചതാണ്. യേശുദാസിന്റെ പ്രശംസപിടിച്ചുപറ്റി. കോട്ടയം ജില്ലയിൽമീനച്ചിൽ താലൂക്കിൽ വലവൂരുകരയിൽ 1937ൽ ജനിച്ചു. അദ്ധ്യാപകനായിരുന്നു. അമ്പതിൽപരം ശ്രീനാരായണപ്രതിമകൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ നിരവധി ആചാര്യന്മാരുടെയും ജവഹർലാൽ നെഹ്റുവിനെപ്പോലുള്ള നേതാക്കൻമാരുടെയും പ്രതിമാ നിർമ്മാണം നടത്തിയിട്ടിട്ടുണ്ട്. 1981-ൽ പാലക്കാടു ജില്ലയിലെ അകത്തേത്തറയിൽ വന്നു. അകത്തേത്തറ അമ്പലപ്പാറ, ശ്രീകൃഷ്ണപുരം എന്നീ പഞ്ചായത്തുകളിലെ കല്യാണമണ്ഡപങ്ങളിൽ ചുമർ ശില്പങ്ങൾ നിർമ്മിച്ചു. ശില്പിയെന്നതിനുപുറമെ ഇദ്ദേഹം ഒരു നല്ല നാടകനടനും സംവിധായകനുമാണ്. കെ.പി.ടി. എഫ് സംസ്ഥാന കമ്മിറ്റിയിൽ 1957-ലും കെ.പി.ടി.യു ജില്ലാ കമ്മിറ്റി സെക്രട്ടറിയായി 1974 ലും പ്രവർത്തിച്ചു. പ്രാചീന കലകളെക്കുറിച്ചെഴുതിയ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോൾ ചെറായിൽ'ശില്പശാല' എന്ന ഭവനത്തിൽ സകുടുംബം താമസിക്കുന്നു. പ്രോത്സാഹനങ്ങളർഹിക്കുന്ന ഒരു കലാകാരനാണ് സുകുമാരൻ.

കായിക വിനോദംരംഗം

പഴയകാലത്തും ഇന്നും പഞ്ചായത്തു പ്രദേശത്ത് ഫുട്ബാൾ, വോളിബാൾബാറ്റ്മിൻറൺ എന്നീ കളികളിൽ താല്പര്യമുള്ളവരായി നിരവധി പേർ ഉണ്ടായിരുന്നു, ഇന്നും ഉണ്ട്. പതിനെട്ടാം കണ്ടത്തിൽ ഡോക്ടർ പി.കെ. രാജഗോപാലൻ വർഷങ്ങൾക്കുമുമ്പ് സംസ്ഥാനതലഫുട്ബാൾ കളിക്കാരനായിരുന്നു. ഇദ്ദേഹം സന്തോഷ് ട്രോഫിക്കുവേണ്ടിയും കളിച്ചിട്ടുണ്ട്. കെ.പി.ആർ.പി. ഹൈസ്ക്കൂളിലെ പൂർവ്വ വിദ്യാർത്ഥിയും ഇപ്പോൾ ബോംബെയിൽജോലി ചെയ്യുന്ന ആളുമായ ടി. രാജേഷ് എന്ന യുവാവ് സംസ്ഥാനതലത്തിൽ ബാറ്റ്മിൻറ്ൺ കളിച്ച് വിജയിച്ച് പ്രശസ്തിനേടിയിട്ടുണ്ട്. ചാത്തൻകുളം സുരേഷ് എന്ന ചെറുപ്പക്കാരൻ ഗൺഷൂട്ടിങ്ങിൽ പ്രസിദ്ധനും ചോമ്പിയനും പലരുടേയും കോച്ചുമാണ്. ചല്ലിക്കൽ താമസിക്കുന്ന ഗോവിന്ദരാജൻ ജാവലിൻ ത്രോയിൽ ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടിയ വിദ്യാർത്ഥിയാണ്. കേരളോത്സവത്തോടനുബന്ധിച്ചു നടത്താറുള്ള കായികമത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെച്ച് വിജയിച്ചു വരുന്ന നിരവധി ചെറുപ്പക്കാർ ഈ പഞ്ചായത്തതിർത്തിയിലുണ്ട്. എണ്ണം കൂടുതൽ കൊണ്ട് എല്ലാവരുടേയും പേരെടുത്തു പറയുന്നില്ല.

കലാസാംസ്ക്കാരിക രംഗം- ഇന്ന്

ആപേക്ഷികമായി ചിന്തിക്കുമ്പോൾ പഴയകാലത്തെ നിലയിൽ നന്ന് പഞ്ചായത്തിലെ കലാ സാസംസ്ക്കാരിക രംഗം മന്ദീഭവിച്ചിരിക്കയാണ്. ക്ഷേത്രോത്സവങ്ങൾക്കും അതോടനുബന്ധിച്ചുള്ള പരിപാടികൾക്കും പുതുമയും പൊലിമയും വർദ്ധിച്ചിട്ടുണ്ട്. എന്നാൽ വായനശാലകൾ, കലാസമിതികൾ കേരളോത്സവം പോലുള്ള വാർഷിക സംഗമങ്ങൾ എന്നിവയുടെ പ്രവർത്തനം കൃത്യാന്തരബാഹുല്യ ങ്ങൾക്കിടയിൽ ചടങ്ങുകൾ മാത്രമായി ചുരുങ്ങിയിരിക്കുന്നു. ഈ ശൈലിക്ക് അപവാദമായി വിരലിലെണ്ണാവുന്ന സ്ഥാപനങ്ങളും പരിപാടികളും ഇല്ലെന്നില്ല. പഞ്ചായത്തിന്റെ പൊതു ചിത്രം വാർഡ്തിരിച്ച് താഴെ കൊടുക്കുന്നു.

വാർഡ് ഒന്ന്

വായനശാലയോ കലാസമിതിയോ ഇല്ല. മഹിളാ സമാജവും പ്രവർത്തിക്കുന്നില്ല.

വാർഡ് രണ്ട്

ഗ്രാമസഭ റിപ്പോർട്ടുപ്രകാരം ഒന്നാംവാർഡിലെ നിലതന്നെയാണ് രണ്ടാം വാർഡിലും ഉള്ളത്.

വാർഡ് മൂന്ന്

കഥകളി നടനായിരുന്ന കിഴക്കേക്കളത്തിൽ കുഞ്ഞുണ്ണിപ്പണിക്കരുടെ സ്മാരകമായി നിലകൊള്ളുന്ന കെ.കെ.പി. സ്മാരകഗ്രന്ഥശാല, കൈരളീ വായനശാല, കലാഗ്രാമവേദി ക്ലബ്ബ് എന്നിവ ഈ വാർഡിൽ സ്ഥിതി ചെയ്യുന്നു.

കെ.കെ.പി. ഗ്രന്ഥശാല 16.6.62ൽ സ്ഥാപിച്ചു അരലക്ഷത്തോളം രൂപവിലവരുന്ന കെട്ടിടവും അഞ്ചുസെൻറ് സ്ഥലവും സ്വന്തമായുണ്ട്. ഏഴ് ദിനപത്രങ്ങളും പതിനേഴ് വാരികകളും ഇരുപത്തി മൂന്ന്

മാസികകളും ക്രമമായിവരുത്തുന്നു. പുസ്തകങ്ങൾ-മലയാളം-6362, ഇംഗ്ലീഷ് -731, ഹിന്ദി116, തമിഴ് - 24, സംസ്കൃതം - 20, ബംഗാളി - 3

സ്ഥിരാംഗങ്ങൾ- പുരുഷൻമാർ-221, സ്ത്രീകൾ-66. പ്രതിദിനവായനക്കാരുടെ ശരാശരി എണ്ണം-95. കഴിഞ്ഞവർഷം അംഗങ്ങൾക്കിടയിൽവായിക്കുവാൻ വിതരണം ചെയ്തപുസ്തകങ്ങൾ-20237 റേഡിയോ ഉണ്ട്. ഗ്രാമശാസ്ത്രസമിതി, ഫാർമേഴ്സ് ക്ലബ്ബ്, സ്പോർട്സ് ക്ലബ്ബ് ശാസ്ത്രസാഹിത്യപുസ്തക കോർണർ എന്നിവ നടത്തുനു. തിരഞ്ഞെടുത്ത പതിനൊന്നംഗസമിതി ഭരിക്കുന്നു. സെക്രട്ടറി-കെ. ശങ്കരൻകുട്ടി ഗുപ്തൻ. മാനേജർ-കെ. നാരായണൻകുട്ടി പണിക്കർ.

ഗ്രന്ഥശാലാ സംഘത്തോട് അഫീലി.യേറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽനിന്ന് ആറ് പത്രങ്ങൾ നൽകുനു. പഞ്ചായത്തിലേയും പരിസരപ്രദേശങ്ങളിലേയും ഏറ്റവും നല്ല ഗ്രന്ഥശാല, ഗ്രന്ഥശാലാ സംഘം സംസ്ഥാന കൺവീനർ പിരപ്പൻ കോട് മുരളി, സംസ്ഥാനലൈബ്രേറിയൻ എൻ. സുകുമാരൻ നായർ എന്നിവർ യഥാക്രമം 89, 88 വർഷങ്ങളിൽ സന്ദർശിച്ചു.

കൈരളീവായനശാല പി.വി. കുമാരൻ നായർ പ്രസിഡണ്ടായിരുന്ന കാലത്ത് ആരംഭിച്ചു. പഴയകെട്ടിടം പൊളിഞ്ഞുവീണു. പുതിയ ഒരു കെട്ടിടം പഞ്ചായത്ത് നിർമ്മിച്ചിട്ടുണ്ട്. വൈദ്യുതി, ടി.വി. ഗെയ്റ്റ്, ഫർണീച്ചർ എന്നീ സൗകര്യങ്ങൾ ഉണ്ടാവേണ്ടിയിരിക്കുന്നു. പുസ്തകങ്ങൾ, പത്രമാസികകൾ എന്നിവ ആവശ്യമാണ്.

മൂളിപ്പ ാറ കലാഗ്രാമവേദി പഞ്ചായത്തിലെ ഏറ്റവും നല്ല കലാകായിക വേദിയായി പ്രവർത്തിക്കുന്നു. 1994-ൽ ആരംഭിച്ചതേയുള്ളുവെങ്കിലും ഒട്ടേറെ പ്രവർത്തനങ്ങൾ ഇതിനകം നടത്തി. രണ്ടുവാർഷികങ്ങൾ സമുചിതമായി കൊണ്ടാടി. സ്പോർട്ട്സ്, നൃത്തം എന്നിവക്ക് പുറമെ നിന്ന് വിദഗ്ദ്ധരെ കൊണ്ടുവന്ന് പരിശീലനം നടത്തി ഗ്രാമോത്സവങ്ങളിലും മറ്റു പരിപാടികളിലും മികവു പുലർത്തി. വിദ്യാഭ്യാസം, ബാങ്കിങ്ങ് എന്നിവയിൽ ബോധവല്ക്കരണ ക്ലാസ്സുകൾനടത്തി. നാറാണത്തു ഭ്രാന്തനുമായി ബന്ധപ്പെട്ട ഐതിഹ്യമുള്ള, രായിരനല്ലൂർ മലയിലേക്ക് പഠനപര്യടനം നടത്തി. കേരളഫിലിം ഗൈഡൻസ് സൊസൈറ്റിയിൽ ക്ലബ്ബിന്റെ സെക്രട്ടറി മെമ്പറാണ്. ഈ കലാകായിക വേദി പ്രവർത്തകർ മൂന്നാംവാർഡിലെ എല്ലാ പൊതു പ്രവർത്തനങ്ങളിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും സജീവമാണ്. ഒരു റോഡ് നിർമ്മാണത്തിൽ ശ്രമദാനം നടത്തി. ഈ വർഷം വിപുലമായ ഒരു ചെറു കഥാക്യാമ്പ് നടത്തി. വൈശാഖൻ, മൂണ്ടൂർകൃഷ്ണൻകുട്ടി, മുണ്ടൂർ സേതുമാധവൻ, ശ്രീകൃഷ്ണപുരം കൃഷ്ണൻകുട്ടി തുടങ്ങിയവർ പങ്കെടുത്തു. ചെറുകാട്, മുണ്ടശ്ശേരി അവാർഡുകൾ നേടിയ മൂണ്ടൂർ കൃഷ്ണൻ കുട്ടിക്കും മൂണ്ടൂർ സേതുമാധവനും സ്വീകരണം നല്കി,. മഹാകവി ഒളപ്പമണ്ണ ഉപഹാര സമർപ്പണം നടത്തി. ക്ലബ്ബിന്റെ പ്രസിഡണ്ട് എ.എസ് കൃഷ്ണകുമാർ സെക്രട്ടറി ശിവശങ്കരൻ. മെമ്പർമാർ – 20.

വാർഡ് നാല്

വിവേകാനന്ദ റീഡിങ്ങ് റൂം ലൈബ്രറി. 1957 ൽ പഞ്ചായത്ത് നിർമ്മിച്ച കെട്ടിടത്തിൽ 1964 ൽ നാട്ടുകാർ സ്ഥാപിച്ച ഗ്രന്ഥാലയമാണ്. കെട്ടിടം ജീർണ്ണിച്ചത്. നാട്ടുകാർ സ്വരൂപിച്ച പുസ്തകങ്ങൾ ചിതലരിക്കുന്നു. പഞ്ചായത്തിൽനിന്ന് ഒരു പത്രം ലഭിക്കുന്നു. കെട്ടിടം പുതുക്കി പണിയണം നാട്ടുകാരുടെ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നന്നായി നടത്തണം പുസ്തകങ്ങളും കൂടുതൽ പത്രങ്ങളും ലഭ്യമാക്കണം. ടി.വി. സെറ്റ് ആവശ്യമാണ്.

വാർഡ്അഞ്ച്

വായനശാലയോ, കലാകായിക വേദി യോ ഇല്ല. ആഴ്ചത്തൊടിയിൽ ഒരു ടി. വി. ഉണ്ട്.

വാർഡ് ആറ്

സുധർമ്മവായനശാല ഒരു സാംസ്ക്കാരിക നിലയമാണ്. സ്വന്തമായ കെട്ടിടമുണ്ട്. വൈദ്യുതിയില്ല. പുസ്തകങ്ങളില്ല. മാതൃഭൂമി, ദേശാഭിമാനി പത്രങ്ങൾ വരുന്നു. മണിക്കശ്ശേരിയിൽ സ്ഥിതി ചെയ്യുന്നു.

കോൽപ്പാടത്തുള്ള വീക്കിലിക്ലബ്ബ് പത്രങ്ങൾ- 4, വാരിക-3, മാസിക-1, ആകെ മെമ്പർമാർ-128, ശരാശരി പ്രതിദിന വായനക്കാർ-25,വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. വൈദ്യുതിയില്ല. ടി.വി.യോ റേഡിയോവൊ ഇല്ല. സ്വന്തമായ സ്ഥലമുണ്ട്. കെട്ടിടം ഫർണീച്ചർ തുടങ്ങി എല്ലാ സൗകര്യങ്ങളും വേണം. പുസ്തകങ്ങൾ വാങ്ങുവാൻ ഏർപ്പാടുണ്ടാവണം.

കീരിപ്പാറയിലെ പ്രഭാവായന ശാല, മാട്ടുമ്മൽ ഗ്രന്ഥശാല എന്നിവക്ക് എല്ലാ വിധ സൗകര്യങ്ങളും വേണ്ടതാണ്. സമസ്യ, പ്രിയദർശിനി എന്നീ മഹിളാ സമാജങ്ങൾ ഉണ്ട്. പ്രവർത്തനം പോരാ. ന്യൂവോയ്സ് ബാൻറ് സെറ്റിൻെറ പ്രവർത്തനം പുരോഗമിക്കുന്നു.

വാർഡ് ഏഴ്

കോട്ടപ്പടിയിലുള്ള ചിത്ര ഗ്രന്ഥശാല 1990-ൽ സ്ഥാപിച്ചു. പുസ്തകങ്ങൾ - മലയാളം - 130

ഇംഗ്ലീഷ് - 44, ഹിന്ദി-6. മാതൃഭൂമി, ദേശാഭിമാനി, കേരള കൗമുദി എന്നീ പത്രങ്ങൾ ലഭിക്കുന്നു. ടി.വി. യുണ്ട്. കെട്ടിടം, ഫർണീച്ചർ എന്നിവ ഇല്ല.

വോൾഗാ ആർട്സ് & സ്പോർട്സ് ക്ലബ്ബിൻെറ പ്രവർത്തനം മുന്നേറുന്നു. 'ഉത്സവകാലം' എന്ന ഒരു ടെലിഫിലീമിൻെറ നിർമ്മാണത്തിൽ അവർ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു.

വാർഡ് എട്ട്

തുടി ആർട്ട്സ് സ്പോർട്ട്സ് ക്ലബ്ബ് തരക്കേടില്ലാതെ പ്രവർത്തിക്കുന്നു. വായനശാലയുടെ സ്ഥാപനം ഇനിവൈകിക്കൂടാ. ഒമ്പതാം വാർഡിലെ മഹാത്മാവായനശാലയിൽ പോയി വായിക്കുന്ന വളരെ കുറച്ചം പേർ ഉണ്ട്. ശ്രീരാഗം നൃത്ത വിദ്യാലയം ഈ വാർഡിലാണ്.

വാർഡ് ഒമ്പത്

മഹാത്മാസ്മാരക വായനശാല ഒരു വിധം നന്നായി പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ പഴക്കം ചെന്ന ഈ വായനശാല പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിൽ പ്രവർത്തിക്കുന്നു. ആകെ പുസ്തകങ്ങൾ - 3324 അതിൽ 197 ഇംഗ്ലീഷ് പുസ്തകങ്ങളും 16 ഹിന്ദി പുസ്തകങ്ങളും 4 തമിഴ് പുസ്തകങ്ങളും ബാക്കിയുള്ളത് മലയാളംപുസ്തകങ്ങളുമാണ്. പത്രങ്ങൾ 5, വാരികകൾ 3, മാസികകൾ 2, പഞ്ചായത്ത് കെട്ടിടം.

വൈദ്യുതിയുണ്ട്. ടി.വി. യുണ്ട്. വാർഷികം നടത്താറില്ല. ലൈബ്രേറിയൻ കെ. സി. ചന്ദ്രൻ

വായനശാലയോടു ചേർന്ന് ഒരു മീറ്റിങ്ങ്ഹാൾ ഉണ്ട്. ഈ കെട്ടിടത്തിന് ക്ഷമാസ്മാരകമന്ദിരം എന്നാണ് പേര്. പരേതനായ മേവർക്കോട്ടു കൃഷ്ണനുണ്ണി പണിക്കർ അകാലചരമമടഞ്ഞ തൻെറ പുത്രി ക്ഷമാദേവിയുടെ സ്മാരകമായി അമ്പതുകളുടെ ആദ്യവർഷങ്ങളിൽ സ്വന്തം സ്ഥലത്ത് നിർമ്മിച്ചു. ആദ്യകാലത്ത് നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന വയോജനവിദ്യാഭ്യാസ കേന്ദ്രവും ഹിന്ദി വിദ്യാലയവും ഉണ്ടായിരുന്നു. വർഷങ്ങൾക്കുമുമ്പ് ഈ സ്മാരകം പൊതുജനങ്ങളുടെ ഉപയോഗത്തിന് സൗകര്യപ്പെടുമാറ് പഞ്ചായത്തിനു വിട്ടു കൊടുത്തു.

ചാലഞ്ചേഴ്സ് സ്പോർട്ട്സ് ക്ലബ്ബ്, ക്ഷേത്രകലാക്ഷേത്രം എന്നിവ ഈ വാർഡിലാണ്.

വാർഡ് പത്ത്

ടി.വി. സൗകര്യമുള്ള ഒരു നല്ല വായനശാലയും മറ്റു കലാവേദികളും തുടങ്ങുവാൻ ജനങ്ങളും പഞ്ചായത്തും ശ്രദ്ധിക്കണം.

വാർഡ് പതിനൊന്ന്

വായനശാല സ്ഥാപിക്കണം. ടി.വി. ഏറെനാളുകളായി കേടാണ്. കലാവേദിയുടെ പ്രവർത്തനമില്ല.

പ്രശ്നപരിഹാര നിർദ്ദേശങ്ങൾ

1 കേരളത്തിൽ ആറായിരത്തിലധികം ഗ്രന്ഥശാലകളും വായനശാലകളും ഉണ്ട്. മാതൃകാപരമായി പ്രവർത്തിക്കുന്നവ പത്തു ശതമാനം പോലും വരുന്നില്ല. പഞ്ചായത്തിൽ ഒരു പ്രധാനവായനശാല കേന്ദ്രമാക്കി, മറ്റുള്ളവ . അതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നരീതിയിൽ സംവിധാനം ചെയ്യുക. ഗ്രന്ഥവിനിമയത്തിലൂടെ ധാരാളം പേർക്ക് കൂടുതൽ പുസ്തകങ്ങൾ വായിക്കുവാൻ സൗകര്യമുണ്ടാക്കുക.

2. കലാ കായിക വേദികളും ഗ്രന്ഥാലയങ്ങളും വർഷത്തിൽ മൂന്നോ നാലോ തവണ പ്രാദേശികമായോ പഞ്ചായത്തു തലത്തിലോ സാഹിത്യവിചാരങ്ങളും ചർച്ചകളും നടത്തി സമൂഹത്തെ ഒരു പുത്തൻ സാംസ്ക്കാരിക തലത്തിലേക്കുനയിക്കുക.
3. വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾക്കും ക്ലബ്ബുകൾക്കും അർഹിക്കുന്ന പ്രോത്സാഹനവും സഹായങ്ങളും നൽകുകയും സംയുക്തമായി വാർഷികവും മത്സരങ്ങളും സംഘടിപ്പിച്ച് പ്രതിഭകളെ വളർത്തിയെടുക്കുക.
4 കേരളഗ്രാമോത്സവ പരിപാടികൾ ഫലപ്രദമായി സംഘടിപ്പിക്കുക.
5 വിദ്യാലയങ്ങളിലെ ഗ്രന്ഥശാലകൾ പ്രയോജനപ്പെടുത്തി കുട്ടികളുടെ വായനാശീലം വളർത്തുക. കഴിവുള്ള കായികതാരങ്ങളേയും കലാപ്രതിഭകളേയും സഹായിച്ച് അവസരങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുക. സാമ്പത്തിക ശേഷിയുള്ളവർക്കുമാത്രം പങ്കെടുക്കാൻ കഴിയുന്ന ഇന്നത്തെ ബാലയുവജനോത്സവ സംവിധാനം ക്രമത്തിലെങ്കിലും മാറ്റിയെടുക്കുക.
6 ദൃശ്യമാദ്ധ്യമങ്ങളുടെയും ലഹരിവസ്തുക്കളുടെയും വഴിതെറ്റിക്കുന്ന പ്രവണതകൾക്കെതിരെ ബാല്യകൗമാരയുവനിരകളെ ജാഗരൂകരാക്കുക.
7 അന്ധവിശ്വാസങ്ങൾ അകറ്റുവാനും പഴമകളിലെ മൂല്യങ്ങളും നൻമകളും നിലനിർത്തുവാനും പ്രേരിപ്പിക്കുക. വിവേചനാശീലങ്ങൾ ഗുണപരമായി വളർത്തിയെടുക്കുക.
8 മഹിളാ സംഘടനകളെ വളർത്തിയെടുക്കുകയും ശിശുക്കൾക്കും സ്ത്രീകൾക്കുമെതിരായ കടന്നാക്രമണങ്ങൾ ചെറുത്തു തോല്പിക്കുകയും ചെയ്യുക.
9 അർഹതയും കഴിവുമുള്ള സാഹിത്യ കലാപ്രസ്ഥാനങ്ങളേയും വ്യക്തികളേയും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
10 നാടൻ കലകളെ പുനരുദ്ധരിക്കുക.
11 മതസൗഹാർദ്ദം വളർത്തുക.

1. "സൃഷ്ടിപോലെ വായനയും സർഗ്ഗക്രിയതന്നെയാണ്"
2 "നാവുനന്നായാൽ നാകവും വെല്ലാം"
3 "കളവാണിയാവണംപെണ്ണ്"

കുഞ്ഞുണ്ണി.

വനിത

ഒരു സമൂഹത്തിന്റെ പുരോഗതിയെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ ആ സമൂഹത്തിലെ സ്ത്രീകളുടെ നിലയെപ്പറ്റി വിശകലനം ചെയ്താൽ മതിയെന്ന് പ്രാമാണികരായ സാമൂഹ്യശാസ്ത്രജ്ഞൻമാർ പ്രസ്താവിച്ചിട്ടുണ്ട്.

കൃഷി മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള ജനങ്ങൾക്ക് ഭൂരിപക്ഷമുണ്ടായിരുന്ന നമ്മുടെ ഗ്രാമത്തിന്റെ ഭൂതകാലം അവികസിതമായ കാർഷിക ബന്ധങ്ങളുടേതായിരുന്നു. സ്ത്രീ സമൂഹത്തിൽ ഒരു വിഭാഗം ഗൃഹാന്തരീക്ഷങ്ങളിൽ തളച്ചിടപ്പെട്ട രൂപത്തിലും മറ്റൊരുവിഭാഗം യാതൊരു അവകാശങ്ങളും ഇല്ലാതെ മൃഗസമാനമായി അടിമത്വത്തിൽ തളയ്ക്കപ്പെട്ടും കഴിഞ്ഞിരുന്നു. സാമൂഹ്യ അടിമത്വം അവരിൽ അടിച്ചേൽപ്പിക്കപ്പെട്ടു. വള്ളുവനാടൻ സംസ്ക്കാരതനിമയുള്ള നമ്മുടെ ഗ്രാമത്തിൽ ഉത്സവങ്ങളിൽ കാഴ്ചക്കാരായും തിരുവാതിരപോലുള്ള ആഘോഷങ്ങളിൽ പങ്കാളികളായും മാത്രമാണ് ഇവരുടെ പൊതുരംഗത്തുള്ള പങ്കാളിത്തം.

വള്ളുവനാടിന്റെ കേന്ദ്രങ്ങളിൽ നടന്നിരുന്ന സാമൂഹ്യ നവോത്ത്ഥാന പ്രസ്ഥാനവും കർഷകപ്രസ്ഥാനങ്ങളും കുറഞ്ഞതോതിൽ പോലും നമ്മുടെ ദേശത്തിന്റെ ഭാഗമായുള്ള ജനകീയ പ്രസ്ഥാനത്തിന്റെ കാര്യത്തിലും താരതമ്യേന കുറഞ്ഞ തോതിലുള്ള പ്രതികരണം മാത്രമാണ് കണ്ടിരുന്നത്.

നമ്മുടെ ഗ്രാമത്തിന് അന്ധവിശ്വാസജഡിലമായ ജീവിതക്രമവും, ശക്തമായ ജാതി വ്യവസ്ഥകളും മൂലം അവികസിതമായ ബോധം വച്ച് പുലർത്തിയിരുന്ന നിർജ്ജീവമായ പൊതു സമൂഹത്തിന്റെ ചരിത്രമാണ് പറയാനുള്ളത്. അത്തരം ഒരു സമൂഹത്തിൽ "സ്ത്രീപ്രശ്നം " എന്നത് മനുഷ്യനെന്ന ബോധം ജനിപ്പിക്കുന്നതിൽ തൊട്ട് മൗലികമായ മനുഷ്യാവകാശത്തിന്റെ ഘടകങ്ങൾ വരെ ഉൾപ്പെടുന്നു.

തൊള്ളായിരത്തി അറുപതുകളുടെ ആരംഭത്തിൽ സജീവമായ കർഷകപ്രസ്ഥാനവും, തൊഴിലാളിപ്രസ്ഥാനവും ഒരു അളവ് വരെ പൊതു സമൂഹത്തിന്റെ ബോധമണ്ഡലം വികസിപ്പിച്ചിട്ടുണ്ട്. അതിന്റെ തുടർച്ചയായി ജനാധിപത്യത്തിന്റെ സ്ഥാപനങ്ങളിലേയ്ക്കുള്ള സ്ത്രീകളുടെ കടന്ന് വരവും ഒരു പരിധിവരെ പുരോഗതിയിലേയ്ക്കുള്ള കാൽവയ്പുകളായി കാണാവുന്നതാണ്. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യ ദശകത്തിൽ പോലും സംസ്ക്കാരസമ്പന്നരെന്ന് അഭിമാനിക്കുന്ന കേരളീയ ജനതയുടെ പൊതു ബോധത്തെ അപഹസിക്കുന്ന രൂപത്തിലുള്ള സ്ത്രീ പീഡനത്തിന്റെ തുടർച്ചയായ കഥകൾ പരിമിതമായ സ്ത്രീ സ്വാതന്ത്ര്യം പോലും അനുവദിക്കുന്നതിലുള്ള പുരുഷാധിപത്യ ആശയ പ്രചരണത്തിന്റെ അസഹിഷ്ണുതയാണ്.

സ്ത്രീ സമൂഹത്തിന്റെ പ്രശ്നങ്ങൾ:-

കേരളത്തിന്റെ കുടുംബഘടനയിൽ 20% ത്തോളം കുടുംബങ്ങൾ സ്ത്രീകളുടെ മാത്രം വരുമാനങ്ങൾകൊമ്ടാണ് ഉപജീവനം കഴിക്കുന്നത്. 20 മുതൽ 35% വരെ കുടുംബങ്ങൾ സ്ത്രീകളുടേയും പുരുഷൻമാരുടെയും സംയുക്ത അദ്ധ്വാനംകൊണ്ടാണ് കുടുംബം പുലർത്തുന്നത്. ബാക്കി വരുന്ന 45% കുടുംബങ്ങളിലെ ഗാർഹികജോലികൾ നിർവ്വഹിക്കുന്നത് സ്ത്രീകൾ തന്നെയാണ്. എല്ലാകുടുംബങ്ങളിലും സ്ത്രീകളുടെ അദ്ധ്വാനം നിർണ്ണായകപങ്കാണ്. എന്നാൽ ഈ അളവിൽ ഉള്ള സാമൂഹ്യപദവിയും അന്തസ്സും തുല്യ അവകാശങ്ങളും അവർക്ക് നൽകുന്നതിൽ നാം പരാജയപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസമേഖലയിൽ സെക്കൻററി തലം വരെ സ്ത്രീ പങ്കാളിത്തം ഉണ്ടാവുന്നുണ്ട്. ഉപരിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സമാനമായ പങ്ക് നിലനിർത്താൻ കഴിയുന്നില്ല. ഉന്നതവിദ്യാഭ്യാസം നേടിയസ്ത്രീകൾ തന്നെ പലപ്പോഴും ഗാർഹിക അന്തരീക്ഷത്തിൽ കെട്ടിയിടപ്പെടുകയാണ്. ചില ജനവിഭാഗങ്ങളിലെ ബാലവിവാഹവും

ആരോഗ്യകരമായ ഒരു തലമുറയെ സൃഷ്ടിച്ച് എടുക്കുന്നതിൽ തടസ്സമാകുന്നുണ്ട്. സ്ത്രീധനം പൊലുള്ള സാമൂഹ്യപ്രശ്നങ്ങൾ ജീവിതം തന്നെ ദുരിത പൂർണ്ണമാക്കുന്നതാണ്. കാർഷികമേഖലയുടെ മുരടിപ്പ് വലിയൊരു അളവുവരെ തൊഴിൽ നഷ്ടം സ്ത്രീതൊഴിലാളികൾക്കും ഉണ്ടാക്കുന്നുണ്ട്.

മാധ്യമങ്ങളുടെ സമീപനം:-

കമ്പോളവൽക്കരിക്കപ്പെടുന്ന നമ്മുടെ സമൂഹത്തിൽ സ്ത്രീകളെ ഒരു ഉപഭോഗ വസ്തു മാത്രമായികാണുന്ന സമീപനം ഉണ്ട്. ഈ സമീപനത്തിന്റെ പ്രകടനമാണ് പ്രദർശന വസ്തുപോലെ സ്ത്രീ ശരീരത്തിന്റെ വിവിധ ഭാഗങ്ങൾ അനാഛാദനം ചെയ്ത് കൊണ്ടുള്ള പരസ്യങ്ങൾ ഉൾപ്പെടെയുള്ള നീചമായ സമീപനങ്ങൾ.

ചാരായ നിരോധനം:-

ലഹരിയ്ക്ക് അടിമപ്പെടുന്ന പുരുഷന്റെ പീഡനങ്ങളിൽ നിന്നും മോചനവും, സമാധാനപരമായ കുടുംബാന്തരീക്ഷവും ആഗ്രഹിച്ചിരുന്ന സ്ത്രീകൾ ഹൃദ്യമായാണ് ചാരായനിരോധനത്തെ സ്വാഗതം ചെയ്തത്. എന്നാൽ ഒരു ചെറിയ അംശംപോലും മദ്യപാനാസക്തി കുറയ്ക്കുവാൻ കഴിഞ്ഞിട്ടില്ല എന്നത് വസ്തുതയാണ്. എല്ലാ ഗ്രാമസഭകളിലും സ്ത്രീകളുടെ ഗ്രൂപ്പ് ചർച്ചയിൽ ഏറ്റവും പ്രധാന പ്രശ്നമായി ഉയർന്ന് വന്നത് ഈ പ്രശ്നം തന്നെയാണ്. എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തി മദ്യപാനാസക്തിക്ക് എതിരെ സംഘടിതമായ പ്രചരണ പ്രവർത്തനവും ബോധവൽക്കരണവും നടത്തുന്നതിനും ചാരായനിരോധനം ഫലപ്രദമാക്കുവാൻ സർക്കാരിന്റെ എല്ലാവിധ സഹായവും ഉപയോഗപ്പെടുത്തിയും ജനകീയ പ്രസ്ഥാനങ്ങളുടെ ശേഷി ഉപയോഗപ്പെടുത്തിയും ശ്രമിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ വനിതാ പ്രാതിനിധ്യം കൂടുതലുള്ളസ്ഥാപനങ്ങൾ:-

1. വനിതാ പോളിടെക്നിക് :- ഇതൊരു സ്വകാര്യസ്ഥാപനമാണെങ്കിലും, ഈ സ്ഥാപനത്തിൽ നിന്നും പരിശീലനം പൂർത്തിയാക്കുന്നവർക്ക് കെ.ജി.ടി.ഇ. നടത്തുന്ന യോഗ്യത പരീക്ഷയിൽ പങ്കെടുക്കുവാൻ കഴിയുന്നതു കൊണ്ട് വനിതകൾക്കായുള്ള ഒരു സാങ്കേതിക പരിശീലനകേന്ദ്ര മാണിത്. ഇവിടെ തയ്യലും, ചിത്രത്തയ്യലും(എംബ്രോയിഡറി) കൂടാതെ ഇവയുടെ അനുബന്ധ തൊഴിലുകളും പരിശീലിപ്പിക്കുന്നുണ്ട്.
2. ഖാദിഗ്രാമ ഉദ്യോഗഭവൻ കുണ്ടുവംപാടം, ഈ സ്ഥാപനത്തിൽ നൂൽനൂൽപ്പിൽ പരിശീലനം നൽകിതൊഴിൽ ലഭ്യമാക്കുന്നു. ഇതും വനിതകൾക്ക് മാത്രമായുള്ള സ്ഥാപനമാണ്.
3. പാറശ്ശേരി കൈത്തറികേന്ദ്രം (ഖാദി, വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് . ഈ സ്ഥാപനത്തിൽ തുണി നെയ്ത്തിൽ പരിശീനം നൽകി തൊഴിൽ ചെയ്യാൻ അവസരം കൊടുക്കുന്നു. ഇതിലും വനിതകൾ മാത്രമാണ് പ്രവർത്തിക്കുന്നത്.

കൂടാതെ വിദ്യാലയങ്ങളിൽ ജോലിചെയ്യുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്(അദ്ധ്യാപികമാർ) എന്നാൽ അതിന്റെ ഗുണം പൊതുമണ്ഡലത്തിൽ ഉണ്ടാക്കി എടുക്കാൻ കഴിഞ്ഞിട്ടില്ല.

നിർദ്ദേശങ്ങൾ:-

1. സമൂഹത്തിൽ സ്വന്തമായി തൊഴിൽ എടുക്കുന്നവരും വ്യക്തിപരമായ കാര്യങ്ങൾ തീരുമാനങ്ങൾ എടുക്കുന്നത് ഉൾപ്പെടെയുള്ള പൊതു ബോധത്തിലേക്ക് സ്ത്രീകളെ ഉയർത്തികൊണ്ട് വരണം.
2. സുരക്ഷിതത്വബോധം പ്രദാനം ചെയ്യുന്നതിന് വേണ്ടിയുള്ള ജനകീയ പ്രസ്ഥാനങ്ങളുടേയും സന്നദ്ധ സംഘടനകളുടേയും സംഘടിതമായ പ്രചരണം.
3. രാഷ്ട്രീയ - സാംസ്കാരിക - സന്നദ്ധസംഘടനകളുടെ നേതൃത്വത്തിലേക്ക് നിർബന്ധമായി സ്ത്രീകളെകൊണ്ടുവരണം.
4. അംങ്കണവാടികളും, സ്ക്കൂളുകളും ഉപയോഗപ്പെടുത്തി മാതൃസംഗമം പോലുള്ള പരിപാടികളിൽ ആവശ്യമായ വിഷയങ്ങൾ വെച്ച് സ്ത്രീകളെ പരിശീലിപ്പിക്കണം.

5. സ്ത്രീകൾക്ക് തൊഴിൽ സാധ്യത ഉണ്ടാക്കുന്നതിന് വേണ്ടി ചെറുകിട വ്യവസായങ്ങൾ, പച്ചക്കറിക്കൃഷി, പൂന്തോട്ടം, കോഴിവളർത്തൽ, കറവമാട് വളർത്തൽ, തയ്യൽ കേന്ദ്രങ്ങൾ, റെഡി മേയ്ഡ് വസ്ത്രനിർമ്മാണം, ബേക്കറി ഉൽപന്നങ്ങൾ, നിർമ്മാണം തുടങ്ങിയ രംഗങ്ങളിൽ പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ തന്നെ സഹകരണപ്രസ്ഥാനത്തിന്റെ സഹായത്തോടുകൂടി ശരിയായ ഇടപെടൽ നടത്തണം.
6. സ്ത്രീധനം ഉൾപ്പെടെയുള്ള സാമൂഹ്യപ്രശ്നങ്ങൾക്കും, ആർഭാടപൂർവ്വമായ അധിക ചെലവുകളിലൂടെ കുടുംബത്തിന്റെ സാമ്പത്തിക സന്തുലിതാവസ്ഥ തകർക്കുന്ന വിവാഹക്രമങ്ങൾക്ക് എതിരായും നിരന്തരമായ പ്രചരണം നടത്തണം.
7. തൊഴിൽ മേഖലയിലെ നിയമങ്ങളെക്കുറിച്ച് തൊഴിൽ സംഘടനകളുടെ സഹായത്തോടെ സ്ത്രീകളെ പഠിപ്പിക്കണം.
8. തുല്യ ജോലിക്ക് തുല്യ വേതനം ലക്ഷ്യമാക്കി പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.
9. സാമൂഹ്യക്ഷേമ ആനുകൂല്യങ്ങൾ അർഹതപ്പെട്ട മുഴുവൻ സ്ത്രീകൾക്കും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.
10. അങ്കണവാടികളുടെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തികൊണ്ട് പ്രവർത്തനം സമഗ്രമാക്കണം.
11. പാഠ്യേതര പ്രവർത്തനങ്ങളിൽ ജില്ലാ - സംസ്ഥാന നിലവാരത്തിൽ മികവ് നേടുന്നവർക്ക് (വനിതകൾക്ക്) അർഹമായ പാരിതോഷികങ്ങളും തൊഴിലവസരവും ഉറപ്പ് വരുത്തണം.
12. ജനാധിപത്യ സ്ഥാപനങ്ങളിൽ വനിതാ പ്രാതിനിധ്യം മെച്ചപ്പെടുത്തണം.
13. മഹിളാ സമാജങ്ങളുടെ പ്രവർത്തനത്തിലൂടെ വിശാലമായൊരു സന്നദ്ധസെവനമേഖലയും ബോധവൽക്കരണ പ്രക്രിയയും ശക്തിപ്പെടുത്തണം.
14. പ്രാദേശിക സ്വഭാവത്തിനനുസൃതമായ ഗ്രാമീണ വനിതാ ശിശുവികസന പദ്ധതികൾ (DWCRA) ഏറ്റെടുത്ത് വിജയകരമായി പ്രവർത്തിപ്പിക്കണം.
15. സ്വദേശാഭിമാനം, സുരക്ഷിതത്വം, സ്വാശ്രയത്വം എന്നിവ വനിതാ പ്രസ്ഥാനങ്ങളുടെ ക്രിയാത്മകമായ പ്രവർത്തനം വഴി ആർജ്ജിക്കുന്നതിന് ശ്രമിക്കണം.
16. വിവിധ രംഗങ്ങളിൽ ക്രിയാത്മകമായി പ്രവർത്തിയ്ക്കാൻ വനിതാ വേദികൾ രൂപീകരിക്കുക.

1. വികസനരംഗം, 2. ക്ഷേമ പ്രവർത്തനം, 3. ബോധവൽക്കരണം, 4. നിയമസഹായം തുടങ്ങിയവ.

"നാട്ടിലെന്തു നടക്കണമെന്നും
നാട്ടിലെന്തു നടക്കരുതെന്നും
വീട്ടുകാരികൾ തീരുമാനിക്കാൻ
ഒട്ടും വൈകാതുണർന്നിറങ്ങേണം"

"നാളെ നേതാക്കളായ് മാറേണ്ട
നിങ്ങൾക്കു കാലമമാന്തിച്ചു പോയില്ല".

സഹകരണം

സഹകരണ ബോധം ഭാരതീയ ചിന്താഗതിക്ക് പുത്തനല്ല. പ്രാചീനകാലം മുതല്ക്കുതന്നെ പരസ്പരസഹായവും സഹകരണവും ഭാരതീയ ഗ്രാമങ്ങളിലെ ജീവിതത്തിന്റെ ഭാഗമായിരുന്നു. ജനങ്ങൾ തങ്ങളുടെ സാമ്പത്തിക ക്ഷേമത്തിനുവേണ്ടി സമത്വാടിസ്ഥാനത്തിൽ സ്വയം ചേർന്നിട്ടാണ് സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നത്. ഈ നിർവ്വചനം സഹകരണത്തിന്റെ മൗലിക തത്വത്തെക്കുറിച്ച് ഒരുഏകദേശ രൂപം നമുക്ക് തരുന്നു. പ്രായപൂർത്തിയായ ആർക്കും അതിലെ അംഗമാകാം. അംഗങ്ങൾ സ്വയം സമത്വാടിസ്ഥാനത്തിൽ സംഘടിക്കുന്നു.

1937 ൽ 9 ദേശങ്ങൾ പ്രവർത്തന പരിധി വെച്ചു കൊണ്ട് ഐക്യനാണയസംഘം ക്ലിപ്തരഹിത ബാദ്ധ്യത (Dislimited Liability) യോടുകൂടിഒരു സംഘം ഇവിടെ രൂപീകരിക്കപ്പെട്ടു. കാര്യമായ പ്രവർത്തന മൊന്നും ഇല്ലാതിരുന്ന ഈ സംഘം 1944 ഓടു കൂടി പ്രവർത്തനരഹിതമായി. 1946 ആഗസ്റ്റിൽ ഒരു PCC Society Producers cum Consumers Co-op. Society രൂപീകരിച്ച് കോങ്ങാട് മാത്രം പ്രവർത്തന പരിധിവെച്ചു കൊണ്ട് പ്രവർത്തിച്ചുവെങ്കിലും നടത്തിപ്പിൽ വന്ന പാകപ്പിഴകളും പരിചയക്കുറവും കാരണം സംഘത്തിന്റെ സ്ഥിതി മോശമാവുകയും 1952 ൽസംഘം ലികിഡേറ്റ് ചെയ്യപ്പെടുകയും ചെയ്തു. തുടർന്ന് 1952 ൽ കോങ്ങാട് II വില്ലേജ് പ്രവർത്തനപരിധി വെച്ചുകൊണ്ട് പെരിങ്ങോട് സർവ്വീസ് സഹകരണ സംഘം എന്ന പേരിൽ ഒരു സംഘം റജിസ്റ്റർ ചെയ്യപ്പെടുകയും 1985 ൽ അത് ഒരു ബാങ്കാക്കി മാറ്റപ്പെടുകയും ചെയ്തു. കോങ്ങാട് I വില്ലേജ് പ്രവർത്തനപരിധി വെച്ചു കൊണ്ട് 1964 ഏപ്രിൽ കോങ്ങാട് സർവ്വീസ് സഹകരണബാങ്ക് റജിസ്റ്റർ ചെയ്യപ്പെടുകയും തുടർന്ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

തുടർന്നുള്ള കാലങ്ങളിൽ രൂപീകൃതമായതും പുരോഗതി പ്രാപിച്ചതുമായ സ്ഥാപനങ്ങളുടെ വിവരങ്ങൾ താഴെപറയും പ്രകാരമാണ്.

2 നിലവിലുള്ളത്

A ക്രെഡിറ്റ് 1 പെരിങ്ങോട് സർവ്വീസ് സഹകരണബാങ്ക്
2 കോങ്ങാട് സർവ്വീസ് സഹകരണബാങ്ക്

30.6.96 ന് അവസാനിച്ച സഹകരണവർഷത്തിലെ സ്ഥിതി വിവരക്കണക്കുകൾ താഴെ പറയും പ്രകാരമാണ്.

ആകെ അംഗങ്ങൾ	9269
പിരിച്ചെടുത്ത ഓഹരിമൂലധനം	19.03 ലക്ഷം
ബാങ്കിൽ സ്വീകരിച്ച മൊത്തം നിക്ഷേപം	277.80 ലക്ഷം
ജില്ലാബാങ്കിൽ നിന്നും സർക്കാരിൽ നിന്നുമായി വാങ്ങിയ മൊത്തം വായ്പ	32.58 ലക്ഷം
ജില്ലാ ബാങ്കിലും മറ്റു സ്ഥാപനങ്ങളിലുമായി നിക്ഷേപിച്ച സംഖ്യ	27.10 ലക്ഷം
മറ്റു സഹകരണസ്ഥാപനങ്ങളിൽ നിന്നും ഓഹരി എടുക്കുന്നതിനായി നിക്ഷേപിച്ച സംഖ്യ	3.75 ലക്ഷം
സ്ഥലം, കെട്ടിടം എന്നിവയിലായി മുടക്കിയ സംഖ്യ	25.28 ലക്ഷം
അംഗങ്ങൾക്ക് കൊടുത്ത മൊത്തം വായ്പാ സംഖ്യ	230.92
കൊടുത്തവായ്പയിൽ അവധി ബാക്കി വന്ന സംഖ്യ	39.81
റബ്ബർ, രാസവളം, കീടനാശിനി, സിമൻറ് തുടങ്ങിയവ വില്പന നടത്തിയ സംഖ്യ	51.00 ലക്ഷം
ആകെ ജീവനക്കാർ	
സ്ഥിരം	12 പേർ
താല്ക്കാലികം	4 പേർ
പാർട്ട്ടൈം	4 പോർ

കമ്മീഷൻ ഏജൻറ്	11 പേർ
ഭരണം	തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികൾ

ബ വ്യവസായം

പഞ്ചായത്തിൽ പാറശ്ശേരി ചാത്തംകുളം, കോങ്ങാട് എന്നിവിടങ്ങളിലായി 3 ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ പാറശ്ശേരിക്ഷീരവ്യവസായ സഹകരണസംഘം അപ്കോസ് മാതൃകയിലുള്ളതാണ്. ക്ഷീരസംഘങ്ങളുടെ സ്ഥിതി വിവര കണക്കുകൾ താഴെ പറയും പ്രകാരമാണ്.

ആകെ അംഗങ്ങൾ		560 പേർ
പിരിച്ചെടുത്ത ഔഹരി മൂസലധനം		5600 രൂപ
പ്രതിദിനം സംഭരിക്കുന്ന ശരാശരി പാലിൻെറ അളവ്		1000 ലി
മൊത്തം വിറ്റു വരവ് സംഖ്യ പാല് ഇനത്തിൽ		37 ലക്ഷം
കാലിത്തീറ്റ ഇനത്തിൽ		1.50 ലക്ഷം
ആകെ ജീവനക്കാർ	സ്ഥിരം	7 പേർ
	താല്ക്കാലികം	3 പേർ
ഭരണം		തെരഞ്ഞെടുക്കപ്പെട്ട സമിതികൾ

C സ്ക്കൂൾ സംഘങ്ങൾ

പഞ്ചായത്തിൽ 2 സ്ക്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു.

1. KPRP High School Co.op. Society Ltd.
2. GUO School Complex Co-op. Society Ltd

1976 ൽ ഈ സംഘങ്ങൾ പ്രവർത്തനം തുടങ്ങി പഞ്ചയാത്തിനകത്തുള്ള LP, UP സ്ക്കൂളുകൾ ചേർന്നതാണ് G U P സ്ക്കൂൾ കോ-ഓപ്പ. സൊസൈറ്റി ഗവർമെൻറിൽ നിന്നും വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകങ്ങൾ ഈ സംഘങ്ങൾ മുഖേന വിതരണം നടത്തുന്നു.

D ഹരിജൻ സംഘങ്ങൾ

പഞ്ചായത്തിൽ പ്രിയദർശിനി ഹരിജൻ സേവന സഹകരണ സംഘം എന്ന പേരിൽ ഒരു സംഘം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

സംഘം പ്രസിഡണ്ടുമാർ

1 കോങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് - പ്രസിഡണ്ട് - ശ്രീ. കെ. കരുണാകരൻ
2. പെരിങ്ങോട് സർവ്വീസ് സഹകരണ ബാങ്ക് - പ്രസിഡണ്ട് - ശ്രീ. അമ്പാട്ട് ഗോപാലകൃഷ്ണൻ
3. ചാത്തംകുളം ക്ഷീരവ്യവസായ സഹകരണ സംഘം പ്രസിഡണ്ട് - ശ്രീ. എം. എസ് ദേവദാസ്
4. കോങ്ങാട് ക്ഷീരവ്യവസായ സഹകരണ സംഘം പ്രസിഡണ്ട് - ശ്രീ. കെ. എം. പങ്കുണ്ണി
5. പാറശ്ശേരി ക്ഷീരവ്യവസായ സഹകരണസംഘം പ്രസിഡണ്ട് - ശ്രീ. പി.കെ. രാമചന്ദ്രൻ
6. പ്രിയദർശിനി പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘം പ്രസിഡണ്ട് - ശ്രീ. ഒണക്കൻ

കോങ്ങാട്ടിലെ സഹകരണ പ്രസ്ഥാനത്തിന് മുൻകൈയെടുത്തു പ്രവർത്തിച്ച ആദ്യത്തെ സംഘം പ്രസിഡൻറ് ശ്രീ. പി. വി. കുമാരൻ നായരാണ് സി. പി. കരുണാകരമേനോൻ, പി.കെ. മേനോൻ തുടങ്ങിയവരും കോങ്ങാട് സംഘത്തിൻെറ പ്രസിഡൻറുമാരായിരുന്നു.

പ്രശ്നങ്ങൾ

1. വർഷം തോറും കാർഷികവായ്പാ അപേക്ഷകൾ ഗണ്യമായി കുറഞ്ഞു വരുന്നു.
2 കാർഷികവായ്പകളിൻമേൽ വർദ്ധിപ്പിച്ച പലിശനിരക്ക്

3. ഭീമമായ അവധി ബാക്കി
4. കടം എഴുതിത്തള്ളുക, പലിശ സബ്സിഡി അനുവദിക്കുക എന്നീ ആനുകൂല്യങ്ങൾ ലഭിക്കുമെന്ന പ്രതീക്ഷയിൽ വായ്പ തിരിച്ചടക്കാതിരിക്കുക
5. വർദ്ധിച്ചുവരുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ.
6. ദുർബ്ബല വിഭാഗങ്ങളിൽ പെട്ടവർക്ക് വായ്പ അനുവദിക്കേണ്ടുന്നതിലേക്ക് കൂടുതൽ ഫണ്ട് അനുവദിക്കുന്നില്ല.
7. പാലക്കാട് പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബ്വാങ്കിന്റെ പ്രവർത്തനം വിപുലവും ജനോപകാരപ്രദവുമാക്കുക.
8. കറവപ്പശുക്കളെ വാങ്ങിക്കുവാനും തൊഴുത്ത് നിർമ്മിക്കുവാനും ആവശ്യാനുസരണം വായ്പ ലഭ്യമാക്കുക.
9 എല്ലാ പാൽഉല്പാദകസംഘങ്ങളിലെ അംഗങ്ങൾക്കും ഉല്പാദിപ്പിക്കുന്ന കാലത്തെങ്കിലും നിയന്ത്രിത വിലക്ക് കാലിത്തീറ്റകൾ ലഭ്യമാക്കുക.
10 അംഗങ്ങൾ ഉല്പാദിപ്പിക്കുന്ന പാൽമുഴുവൻ വില്പന നടത്തുവാൻ സംഘത്തിനു കഴിയാതെ വരിക.
11 ഉല്പാദിപ്പിക്കുന്ന പാൽ പൊതുവിപണിയിൽ വില്ക്കുന്നതിലും മിൽമ ഏറ്റെടുക്കുന്നതിലും സംഘങ്ങൾ തമ്മിലുള്ള വിവേചനം.
12 ബാങ്കിംഗ് സൗകര്യം ഇല്ലാത്ത പ്രദേശങ്ങളായ മണിക്കശ്ശേരി, കുണ്ടുവംപാടം എന്നിവിടങ്ങളിലേക്ക് ബാങ്കിംഗ് സൗകര്യം എത്തണം.
13 പഞ്ചായത്തിലെ വനിതകൾക്കിടയിലെ തൊഴിലില്ലായ്മാ പ്രശ്നം.
14. ആധുനിക കൃഷിരീതികളിലൂടെ മെച്ചപ്പെട്ട വിളവ് ലഭ്യമാക്കുന്നതിനും ഉല്പന്നങ്ങൾ കൂടുതൽ വിലക്ക് വിറ്റഴിക്കുവാനും നിലവിൽ സൗകര്യമില്ല.
15 പഞ്ചായത്തിലെ അവിദഗ്ധ തൊഴിലാളികൾക്ക് സ്ഥിരമായ ജോലി സംവിധാനമില്ല .
16. സഹകരണബാങ്കുകൾ ആർജ്ജിക്കേണ്ട നിക്ഷേപ-വായ്പാ ഫണ്ടുകളുടെ തിട്ടമില്ലായ്മ.
17 പ്രഭാത സായാഹ്ന വേളയിൽ ജനങ്ങൾക്ക് ബാങ്കിംഗ് സൗകര്യം ലഭ്യമല്ല.
18 ജനങ്ങൾക്ക് അലോപ്പതി-ആയുർവേദ മരുന്നുകൾ ന്യായമായ വിലക്ക് ലഭ്യമാക്കുവാനുള്ള സംവിധാനം നിലവിലില്ല.

4

പരിഹാരങ്ങളും നിർദ്ദേശങ്ങളും

1 ചുരുങ്ങിയപലിശനിരക്കിൽ ആവശ്യാനുസരണം തക്കസമയങ്ങളിൽ വായ്പ ലഭ്യമാക്കുക, രാസവളം, കീടനാശിനി, കാർഷികോപകരണങ്ങൾ, വിത്തുകൾ തുടങ്ങിയവ നിയന്ത്രിത വിലക്ക് **വിതരണം ചെയ്യുവാൻ കഴിയുക. ഇതുമൂലം നെൽകൃഷി ലാഭകരമാക്കുവാൻ കഴിയണം.**
2 1.4.96 മുതൽ കാർഷിക വായ്പകളിൻമേൽ പലിശനിരക്ക് 15% ആയി വർദ്ധിപ്പിച്ചത് കുറക്കണം.
3 അവധി ബാക്കി കുറച്ചു കൊണ്ടുവരേണ്ടതിന്റെ ആവശ്യം വായ്പക്കാരെ ബോധവാൻമാരാക്കുവാനും തക്ക സമയങ്ങളിൽ നടപടികൾ കൈക്കൊള്ളുവാനും കഴിയണം.
4 ചിലകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന ഇത്തരം ആനുകൂല്യങ്ങൾ യഥാസമയം വായ്പ തിരിച്ചടച്ചവർക്ക് അനുവദിക്കുകയോ അല്ലാത്തപക്ഷം പ്രഖ്യാപിക്കാതിരിക്കുകയോ ചെയ്യുക. വായ്പ തിരിച്ചടക്കാതിരിക്കുന്നവർക്ക് കൊടുക്കുന്ന ഈ ആനുകൂല്യം ഈ പ്രവണതവർദ്ധിപ്പിക്കുവാനേ ഉപകരിക്കൂ. മുൻകാലങ്ങളിൽ ഇങ്ങനെ കടം എഴുതിത്തള്ളിയ വകയിലും പലിശയിനത്തിലുമായി 24000 ക. ഇനിയും സംഘത്തിന് ലഭിക്കുവാനുണ്ട്.

5 ജനങ്ങൾ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ ധാരാളമായി വഞ്ചിക്കപ്പെടുവാൻ ഇടയുണ്ട്. ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിച്ച് ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ സഹകരണ ബാങ്കുകളെ ശക്തമാക്കേണ്ടത് ആവശ്യമാണ്.

6 SSI, IRDP സ്കീമുകളിൽ കൂടുതൽ ഫണ്ട് ലഭ്യമാക്കേണ്ടതാണ്.

7 കാർഷിക ഗ്രാമവികസന ബാങ്കിന്റെ എല്ലാ പ്രവർത്തനങ്ങളും ഈ പ്രദേശങ്ങളിലെ ജനങ്ങൾക്കു ലഭിക്കുമാറ് ഇത് ഒരു ശാഖയായി ഉയ.ർത്തി പ്രവർത്തനം വിപുലീകരിക്കണം

8 നിലവിൽ കാർഷികവായ്പക്ക് ഈടാക്കി വരുന്ന അതേ പലിശനിരക്കിലും പ്രാധാന്യം കൊടുത്തും കറവുമാടുകളെ വാങ്ങിക്കുന്നതിനും തൊഴുത്ത് നിർമ്മാണത്തിനും ആവശ്യമായ വായ്പാ സൗകര്യം ലഭ്യമാക്കേണ്ടതാണ്.

9 ക്ഷീരസഹകരണസംഘങ്ങൾ തരംതിരിക്കാതെ എല്ലാ തരത്തിലുംപെട്ട സംഘങ്ങളിലേയും അംഗങ്ങൾക്ക് പാൽ ഉല്പാദിപ്പിക്കുന്ന കാലത്തെങ്കിലും നിയന്ത്രിത വിലക്ക് കാലിത്തീറ്റകൾ നല്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.

10 മിച്ചം വരുന്ന പാൽ സൂക്ഷിച്ചുവെക്കുന്നതിനും ആവശ്യാനുസരണം വില്പന നടത്തുന്നതിനും ഫ്രീസറോ, പില്ലിംഗ് പ്ലാൻറോ അതാതു സംഘത്തിന്റെ ഉല്പാദകശേഷിക്കനുസരിച്ച് സ്ഥാപിക്കാനുള്ള സഹായധനം ലഭ്യമാക്കേണ്ടതാണ്.

11 എല്ലാ സംഘങ്ങളിലേയും മിച്ചം വരുന്ന പാൽമുഴുവനും മിൽമ ഏറ്റെടുക്കുവാൻ തയ്യാറാവുകയോ അപ്കോസ് മാതൃകയിലുള്ളതും അല്ലാത്തതുമായ സംഘങ്ങളിൻമേലുള്ള നിയന്ത്രണ രീതി എടുത്തു കളയുകയോ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം എല്ലാ സംഘങ്ങൾക്കും ഒരു പൊതു നിബന്ധന നടപ്പിലാക്കേണ്ടതാണ്.

12 പെരിങ്ങോട് സർവ്വീസ് സഹകരണബാങ്കിന്റെ കീഴിൽ കുണ്ടുവംപാടത്തും കോങ്ങാട് സർവ്വീസ് സഹകരണബാങ്കിന്റെ കീഴിൽ മണിക്കശ്ശേരിയിലും ഓരോ ശാഖകൾ തുറന്നു പ്രവർത്തിക്കേണ്ടതാണ്.

13 ഒരു വനിതാ വ്യവസായ സഹകരണസംഘം രൂപീകരിച്ച് എംബ്രോയ്ഡറി, റെഡിമെയ്ഡ് ഗാർമെൻറ്സ്, പിക്കിൾസ് നിർമ്മാണം, കറിപൗഡർ, ബത്തി, മെഴുകുതിരി, പായനെയ്ത്ത് പപ്പട നിർമ്മാണം മൺപാത്ര നിർമ്മാണം എന്നീ പ്രവൃത്തികൾ ആരംഭിച്ച് തൊഴിലില്ലായ്മ ഒരു പരിധി വരെ പരിഹരിക്കാവുന്നതാണ്.

14 കൃഷിഭവന്റെ കീഴിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന പാടശേഖരസമിതികളെ ഉൾകൊള്ളിച്ച് ഒരു ഗ്രൂപ്പ് ഫാമിംഗ് സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

15 പഞ്ചായത്തിൽ ഒരു ലേബർ കോൺട്രാക്ട് സഹകരണസംഘം രൂപീകരിച്ച് അവിദഗ്ദ്ധ തൊഴിലാളികളുടെ തൊഴിലില്ലായ്മ പ്രശ്നവുംഒരു പരിധി വരെ പരിഹരിക്കുവാനും സ്ഥിരം സംവിധാനം ഏർപ്പെടുത്തുവാനും കഴിയും.

16 ജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ആവശ്യങ്ങൾക്ക് സഹകരണ സംഘങ്ങൾ ഒരു അനിവാര്യഘടകമായി മാറ്റി എടുക്കേണ്ടത് ആവശ്യമാണ്.

പഞ്ചായത്തു തലത്തിൽ വീടുകൾ തോറും ഒരു സഹകരണ സർവ്വേ തയ്യാറാക്കി ഓരോ കുടുംബത്തിന്റെയും മിച്ചമുള്ള സമ്പാദ്യം ബാങ്കിലെത്തിക്കുവാനും ഓരോ കുടുംബത്തിന്റെയും പോരായ്മകളും ആവശ്യങ്ങളും കണ്ടറിഞ്ഞ് അത് നിറവേറ്റുന്നതിലേക്കാവശ്യമായ വായ്പാ സൗകര്യം അവരിലെത്തിക്കുവാനും ഈ സർവ്വേ കൊണ്ട് കഴിയണം. പഞ്ചായത്തിലെ തൊഴിൽ രഹിതരായ യുവാക്കളെ പ്രത്യേകപരിശീലനം നല്കി സർവ്വേക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

17 അർദ്ധ നഗരമായ കോങ്ങാട്ടിൽ കോങ്ങാട് സേവനസഹകരണ ബാങ്കിന്റെ കീഴിൽ ഒരു പ്രഭാതസായാഹ്നശാഖ ആരംഭിക്കാവുന്നതാണ്.

19 സഹകരണാടിസ്ഥാനത്തിൽ ഒരു മെഡിക്കൽ സ്റ്റോർ ആരംഭിച്ച് ന്യായവിലക്ക് അലോപ്പതി-ആയൂർവ്വേദ മരുന്നുകൾ ജനങ്ങൾക്ക് ലഭ്യമാക്കാവുന്നതാണ്.

" സംഘബോധം നമ്മെ നയിക്കുവാനെത്തുമ്പോൾ സംഗതികളെല്ലാം നമ്മുടെ ഇംഗിതം പോലാവും - നമ്മുടെഇംഗിതം പോലാവും "

പട്ടിക ജാതി-പട്ടിക വർഗ്ഗക്ഷേമം

കോങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ ആകെ ജനസംഖ്യയുടെ 15.77% പട്ടികജാതി വിഭാഗമാണ്. 1073 പട്ടികജാതി കുടുംബങ്ങളും ഒരു പട്ടിക വർഗ്ഗ കുടുംബവും ഇവിടെ താമസിക്കുന്നു. 5 അംഗീകൃത കോളനികളും 42 ഓളം അംഗീകാരം ലഭിച്ചിട്ടില്ലാത്ത കോളനികളിലും മറ്റും ഇടകലർന്നു ജീവിക്കുന്ന പട്ടിക ജാതി കുടുംബങ്ങളിലുമായി 1936 പുരുഷൻമാരും 2032 സ്ത്രീകളുമാണുള്ളത്. പട്ടികവർഗ്ഗ കുടുംബത്തിൽ ഒരു സ്ത്രീയും ഒരു പുരുഷനുമാണ് ഉള്ളതെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സാമൂഹ്യ സാമ്പത്തിക രംഗത്ത് നിരവധി കാലം ചൂഷണത്തിന് വിധേയരായ ഈ വിഭാഗത്തിന് ഭൂപരിഷ്ക്കരണ നിയമത്തിലൂടെയും മറ്റും ഒരു പരിധിവരെ സാമൂഹിക പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്ന് ഒരു പരിധിവരെ മോചനം നേടാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും എല്ലാ ജാതി മതസ്ഥരുടെയും എല്ലാ തരം ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും മറ്റും ചെയ്യപ്പെടുന്നുണ്ടെങ്കിലും ഇവരിൽ ഭൂരിഭാഗവും ഇന്നും ദാരിദ്ര്യരേഖയ്ക്ക് താഴെ തന്നെയാണ് കഴിയുന്നത്.

ഇവരുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തതിനാലും പദ്ധതിയുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും ഉദ്ദേശിച്ച ലക്ഷ്യത്തിലെത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. സർക്കാർ നല്കുന്ന നിരവധി സൗജന്യങ്ങൾ ഭാഗികമായി ഇക്കൂട്ടർക്ക് നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അതേപോലെ, വികസന പദ്ധതികളുടെ ഇടവഴികളിലെ ചോർച്ചയും ഇടത്തട്ടുകാരുടെ ചൂഷണവും ഇവരുടെ വികസന പദ്ധതികൾ ഫലപ്രദമാക്കുന്നതിന് വിഘാതമായിട്ടുണ്ട്.

പട്ടികജാതി വികസന പദ്ധതികളുടെ രേഖകളും ആസ്തികളും വിലയിരുത്തിയാൽ ഇക്കാര്യം മനസ്സിലാക്കാനാവും. ഇങ്ങനെയൊക്കെയാണെങ്കിലും കൂടുതൽ നേട്ടങ്ങൾ കോളനി നിവാസികൾക്കാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ പരിഹരിക്കാതെ കിടക്കുകയാണ്. കോളനികളിലെ ലഭ്യമായ വിവരങ്ങൾ 1-ാം പട്ടികയിൽ ചേർക്കുന്നു. ചുരുങ്ങിയത് 5 വീടുകൾ ഉള്ള പട്ടികജാതി ആവാസ കേന്ദ്രങ്ങളും കോളനികളായി അംഗീകരിക്കേണ്ടതാണ്.

വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗത്ത് നിരവധി ആനുകൂല്യങ്ങൾ നിലനില്ക്കുന്നുണ്ടെങ്കിലും വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. പഴയ തലമുറയിലെ 90% പട്ടികജാതിക്കാരും നിരക്ഷരരാണ്. വിദ്യാഭ്യാസത്തിലൂടെ തുറന്നു കിട്ടുന്ന അറിവിലൂടെ മാത്രമേ ഇവർക്കു സമൂഹത്തിന്റെ മുഖ്യധാരയിലെത്തിച്ചേരാൻ കഴിയുകയുള്ളു.

പട്ടിക 1

ക്രമ നമ്പർ		കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
1	I	ഷാരത്ത് കോളനി	8	40
2		മുണ്ടഞ്ചീരിപ്പടി	7	35
3		പെരുമ്പാറ കോളനി	4	25
4		കുനിക്കോട	11	50
5		കള്ളിക്കളം-മേലേപ്പുറം	7	29
6		വയങ്കരപാടം	14	77
7		മുണ്ടഞ്ചീരിക്കുന്ന്	5	30
8	II	ചണ്ണക്കര	10	ë
9		അയ്യപ്പൻകാവ്	6	ë
10		അത്തിക്കുണ്ട്	15	ë
11	II	ചിറമുഖത്ത്കുണ്ടിൽ	8	55
12		കിളിക്കാടൻ കുന്ന്	15D	84
13		കിളയരുകിൽ	12	55
14		നായാടിക്കുന്ന്	20	81
15		പാറക്കോട്ടിൽ	5	ë
16		അരീക്കര	8	31
17		ചരിപുറത്ത്	5	ë
18		പുനത്തിൽ	5	ë
19	IV	ചെടയൻകുന്ന് IHDP	15	ë
20		കുതിരവട്ടപറമ്പ്	15	ë
21		തൊണ്ടിയത്തു കുന്ന്	11	35
22		അക്കരപറമ്പ്	6	ë
23	V	ആഴ്ചത്ത് പടി	11	ë
24		മൂത്തേടത്ത് പറമ്പ്	12	35
25		പൂത്തിരിക്കുന്ന്	6	25
26		കൂനം മൂച്ചിക്കൽ	4	20
27		കയ്പഞ്ചേരിക്കുണ്ടിൽ	8	
28	VII	വീണ്ടപ്പാറ	7	-

29		ചാത്തംകുളംIHDP	50	-
30		വെണ്ണെക്കാട് IHDP	-	-
31		നായാടിക്കുന്ന് IHDP	-	-
32		കോട്ടപ്പടി	10	70
33	VIII	മേലെക്കളം	-	-
34		കക്കാട്ടു പറമ്പ്	-	-
35		മണ്ണാന്തറ	-	-
36	IX	കുമ്പാരത്തറ	-	-
37	X	പൂപ്പുള്ളി	-	-
38	Xi	ചാമക്കുന്ന്	-	-
39		വെള്ളപ്പുറം	-	
40		ചെമ്പക്കര	12	51
41		കവളേങ്ങിൽ	ë	ë
42		പാണക്കാട്	4	20

SSLCയ്ക്ക് പരാജയപ്പെട്ടാൽ തുടർന്നു പഠിക്കുവാൻ പല കുട്ടികളും താല്പര്യം കാണിക്കുന്നില്ല. ഇക്കാര്യത്തിൽരക്ഷിതാക്കളും വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. കുടുംബ ബാദ്ധ്യത ഏറ്റെടുക്കേണ്ടി വരുന്നതു മൂലവും മറ്റും പഠനം പലർക്കും ഇടക്ക് വെച്ച് നിറുത്തേണ്ടി വരുന്നു. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തേണ്ടതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കണം. SSLCയ്ക്ക് ഉപരിയായി വിദ്യാഭ്യാസമുള്ളവരുടെ എണ്ണം കുറവാണ്. ഈ അവസ്ഥ മാറ്റി എടുക്കണം.

തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽ തൊഴിൽ ചെയ്ത് ജീവിച്ചു വന്നിരുന്നവരാണ്. കാർഷിക മേഖലയിലെ തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും മറ്റു മേഖലകളിലേക്ക് തൊഴിൽ തേടിപോകാൻ നിർബ്ബന്ധിതരാക്കുകയും ചെയ്യുന്നു. ഇതിൽ ഒരു ചെറിയ ന്യൂനപക്ഷം നിർമ്മാണ മേഖലയിലും മറ്റും എത്തിപ്പെട്ടിട്ടുണ്ട്. ഈ മേഖലയിൽ നിന്ന് ഇവർക്ക് മാന്യമായ വേതനം ലഭിക്കുന്നുണ്ട്.

വേതനത്തിലുള്ള വ്യത്യാസം പട്ടിക 2 ൽ ചേർക്കുന്നു.

ഇനം	ആൺ	പെൺ
കാർഷികം	60.00	40.00
നാടൻപണി	75.00	40.00
നിർമ്മാണമേഖല	125.00	60.00

എന്നാൽ ഭൂരിഭാഗവും കാർഷികമേഖലയിലെ 'സീസൺ' കഴിഞ്ഞാൽ ഒരു തരം നിർജ്ജീവാവസ്ഥയിലാണ്. തൊഴിൽ എന്നതിലുപരി ഭക്ഷ്യധാന്യവർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്ത് കാർഷിക മേഖലയെ തകർച്ചയിൽ നിന്നും രക്ഷപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതോടൊപ്പം ഈ വിഭാഗത്തിന് തൊഴിൽ സംരഭങ്ങൾ ആരംഭിക്കേണ്ടതുണ്ട്.

പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾക്കും കഴിഞ്ഞിട്ടുണ്ട്. മിക്ക പട്ടികജാതി കോളനികളിലും പരിമിതമായ സൗകര്യങ്ങളാണുള്ളതെങ്കിലും ചെറ്റക്കുടിലുകളിൽ നിന്നും മോചനമായിട്ടുണ്ട്. ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം വേണ്ടത്ര ലഭിച്ചിട്ടില്ല. വീട് നിർമ്മിക്കുന്നതിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത മൂലം പല വീടുകളുടെയും പണി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. പട്ടികജാതി വികസന കോർപ്പറേഷനിൽ നിന്നും മറ്റും വായ്പയെടുത്ത കുറച്ചുപേർ വായ്പ തിരിച്ചടക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്ന അവസ്ഥയും ഉണ്ട്. ഇവരുടെ കടബാദ്ധ്യത എഴുതി തള്ളുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-ാം വാർഡിലെ കോഴിശ്ശേരി മലയിലും 3-ാം വാർഡിലെ മഞ്ഞപ്പാറയിലും താമസിക്കുന്ന പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് പുനരധിവാസ പദ്ധതി പ്രകാരം അടിയന്തിരമായി വീടും സ്ഥലവും അനുവദിച്ചുകൊടുക്കേണ്ടതാണ്.

ഭൂരിഭാഗം കോളനികളിലും കക്കൂസ് ഇല്ല. വീടിനും കക്കൂസിനുമായി ധനസഹായം ലഭിച്ചിട്ടും കക്കൂസ് നിർമ്മിച്ചിട്ടില്ലാത്ത അവസ്ഥയിലാണ്. ഇവർക്ക് ഇനി കക്കൂസ് അനുവദിക്കുകയില്ലെന്നാണ് അധികൃതരുടെ നിലപാട്. ഓരോ വീടിനും ഓരോ കക്കൂസ് അനുവദിച്ചു കൊടുത്ത് ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്.

പട്ടിക ജാതിക്കാർകൂടി താമസിക്കുന്ന 5 ഉം 3 ഉം 7 ഉം വാർഡുകളിലെ ലക്ഷം വീട് കോളനികളിൽ നിലവിൽ കക്കൂസുകൾ ഇല്ല. ഈ ലക്ഷം വീടു കോളനികളിൽ പൊതു കക്കൂസുകൾ അനുവദിക്കേണ്ടതാണ്. മേൽ സൗകര്യങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ 3-ാം പട്ടികയിൽ ചേർക്കുന്നു.

പട്ടിക - 3

1	പിഷാരത്ത് കോളനി	ഇല്ല	4	4	4	1	7
2	മുണ്ടഞ്ചീരിപ്പടി	1	4	2	2	4	3
3	പെരുമ്പാറ	ഇല്ല	-	4	ഇല്ല	-	4
4	കുനിക്കോട്	ഇല്ല	7	4	4	-	11
5	കല്ലിക്കളം-മേലെപ്പുറം	ഇല്ല	6	1	1	2	5
6	വയങ്കരപാടം	ഇല്ല	7	7	7	2	12
7	മുണ്ടഞ്ചേരിക്കുന്ന്	ഇല്ല	5	-	-	3	2
8	ചെടയൻകുന്ന്	ഇല്ല	15	-	2	1	14
9	അക്കരപറമ്പ്	ഇല്ല	3	3	3	-	6
10	വീണ്ടപറമ്പ്	ഇല്ല	7	-	14	1	13
11	മൂത്തേടത്ത് പറമ്പ്	ഇല്ല	7	5	2	7	10
12	തൊണ്ടിയത്ത് കുന്ന്	ഇല്ല	10	1	1	4	7
13	കിളിക്കാടൻ കുന്ന്	ഇല്ല	11	3	2	4	10
14	കിളയരുകിൽ	ഇല്ല	12	-	5	7	5
15	നായാടികുന്ന്	ഇല്ല	15	5	5	10	10
16	ചിറമുഖത്ത്കുണ്ടിൽ	ഇല്ല	7	1	1	4	4
17	അരീക്കര	ഇല്ല	8	-	1	5	3

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. കോളനികളിൽ നിരക്ഷരത നിലനില്ക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നു.
2. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നു. തൊഴിൽ സാദ്ധ്യത കുറയുന്നു. ജീവിതം പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.
3. എല്ലാവർക്കും സ്വന്തമായി വീടില്ല. വീട് വെക്കാൻ സ്ഥലമില്ല. വീട് നിർമ്മിക്കാൻ നല്കുന്ന സഹായധനം നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ ദുർവിനിയോഗം ചെയ്യുന്നു.
4. കോളനികളിൽ കുടിവെള്ള സൗകര്യം പരിമിതമാണ്. വൈദ്യുതി ഇല്ല.
5. പൊതുശ്മശാനം ഇല്ല.
6. കൈവശ ഭൂമിക്ക് പട്ടയം ഇല്ല.
7. ആരോഗ്യ സംരക്ഷണ സംവിധാനം ഇല്ല.
8. നിർധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
9. കടക്കെണിയിൽ പെട്ടു പോകുന്നു.
10. IRDP പദ്ധതിയും മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
11. മദ്യപാനം ജീവിതത്തിന്റെ ഒരു ഭാഗമായി മാറിയിരിക്കുന്നു.

സാദ്ധ്യതകൾ

കുടിവെള്ളം

കോളനിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. പഞ്ചായത്ത്, ബ്ളോക്ക് എന്നീ ഏജൻസികൾ സ്ഥാപിച്ചിട്ടുള്ള കിണറുകളും കുഴൽ കിണറുകളും പലതും ഉപയോഗശൂന്യമാണ്. ജലദൗർലഭ്യത്തിന് പരിഹാരം കാണാൻ പുതിയ പദ്ധതികൾ കണ്ടെത്തണം. ചില സാദ്ധ്യതകൾ 4-ാം പട്ടികയിൽ ചേർക്കുന്നു.

പട്ടിക 4

വാർഡ്

ടാപ്പുകൾ സ്ഥാപിക്കാവുന്ന കോളനികൾ

വാർഡ്

ജലപങ്കാളിത്തത്തോടെ ജലസേചനപദ്ധതികൾ നടപ്പിലാക്കാവുന്ന കോളനികൾ

V	പൂത്തിരിക്കുന്ന്	4	ചെടയൻകുന്ന്
VII	വീണ്ടപ്പാറ	7	നായാടിക്കുന്ന്
VIII	കക്കാട്ടുപറമ്പ്	7	ചാത്തം കുളം
VIII	മേലെക്കളം	7	കോട്ടപ്പടി
IX	കുംഭാരത്തറ	10	പൂപ്പുള്ളി
I	ചണ്ണക്കര	11	ചാമക്കുന്ന്
		5	ആഴ്ചത്തൊടി

വിവിധകോളനികളിലെ റോഡുകൾ വൈദ്യുതി, കുടിവെള്ളം, പൊതുകക്കൂസ്, എന്നിവയുടെ ലഭ്യമായ വിവരങ്ങൾ 5-ാം പട്ടികയിൽ ചേർക്കുന്നു.

വൈദ്യുതി

പഞ്ചായത്തിലെ 7-ാം വാർഡിലെ ചാത്തം കുളം ഹരിജൻ കോളനി, 10-ാം വാർഡിലെ പൂപ്പുള്ളി ഹരിജൻ കോളനികളിലാണ് ഭാഗികമായെങ്കിലും വൈദ്യുതീകരിക്കപ്പെട്ടിട്ടുള്ളത്. വൈദ്യുതീകരണം സംബന്ധിച്ച പട്ടിക 6- താഴെ ചേർക്കുന്നു.

പട്ടിക - 6

വൈദ്യുത ലൈൻ എത്തിയിട്ടുള്ള കോളനികൾ വയറിങ്ങ് പൂർത്തിയാക്കിയിട്ടും കണക്ഷൻ ലഭിച്ചിട്ടില്ലാത്ത കോളനികൾ

IV	ചെടയൻകുന്ന്	ആഴ്ചത്തൊടി
V	ആഴ്ചത്തൊടി	നായാടിക്കുന്ന്
VII	ചാത്തംകുളം	ചാമക്കുന്ന്
	പൂപ്പുള്ളി	പൂത്തിരിക്കുന്ന്
	മേലെക്കളം	അരീക്കര

കോളനികളിലെ പുരയിടങ്ങളിലെ മണ്ണൊലിപ്പ് തടയുന്നതിന് നടപടികൾ കൈകൊള്ളണം. മണ്ണൊലിപ്പ് തടയുന്നത് ആവശ്യമായ കോളനികളുടെ പട്ടിക 7 ൽ ചേർക്കുന്നു.

പട്ടിക 7

മണ്ണുസംരക്ഷണം നടത്തിയ കോളനികൾ	മണ്ണുസംരക്ഷണം നടത്തേണ്ട കോളനി
ചെടയൻ കുന്ന്	മൂത്തേടത്ത് കോളനി
ആഴ്ചത്തൊടി	കുതിരവട്ട പറമ്പ്
ചാത്തംകുളം	വീണ്ടപ്പാറ
	ചാമക്കുന്ന്
	കയ്പഞ്ചേരിക്കുണ്ട്
	തൊണ്ടിയത്ത് കുന്ന്

ക്ഷേമ പദ്ധതികളെക്കുറിച്ച് അറിവുണ്ടാക്കുന്നതിന് ആവശ്യമായ ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിക്കണം. ക്ഷേമ പദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാവുന്നതിന് സഹായകമായ രീതിയിൽ നിബന്ധനകൾ ലളിതമാക്കേണ്ടതുണ്ട്. പട്ടികജാതി ക്ഷേമ വകുപ്പും പട്ടികജാതി വികസന കോർപ്പറേഷനും നടപ്പിലാക്കി വരുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയണമെങ്കിൽ ഇതിന്റെ മാനദണ്ഡങ്ങളിൽ കാര്യമായ മാറ്റം വരുത്തണം. ലളിതമായ വ്യവസ്ഥകളിലൂടെ മാത്രമേ ഈ വിഭാഗത്തിന് വായ്പകളും ധനസഹായങ്ങളും ഉപയോഗപ്പെടുത്തി തൊഴിൽ സംരംഭങ്ങളും മറ്റും ആരംഭിക്കാൻ കഴിയൂ. ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കാൻ കഴിയുകയാണെങ്കിൽ കൂടുതൽ ഫലപ്രദമാക്കാൻ കഴിയും.

ചിലനിർദ്ദേശങ്ങൾ

1. പഞ്ചായത്ത് കോളനികളിലെ പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക. ഇതിനു വേണ്ട സഹായസഹകരണങ്ങൾ ചെയ്യുക.
2. സഹകരണമേഖലയിൽ പട്ടിക ജാതി സ്ത്രീകളെ ഉൾപ്പെടുത്തി പാട്ട വ്യവസ്ഥയിൽ കൃഷിഭൂമി പഞ്ചായത്ത് വാങ്ങി പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കുകയും അത് വിറ്റഴിക്കുന്നതിന് നേതൃത്വം നൽകുകയും ചെയ്യുക. കോളനികൾക്ക് കൃഷിഭവനുകൾ നൽകുന്ന സഹായങ്ങൾ പച്ചക്കറി ഉല്പാദനത്തിനായി വിനിയോഗിച്ചു കൊണ്ട് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.
3. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് കൃഷിഭൂമി വാങ്ങിക്കാൻ സഹായധനം നൽകുക.
4. പ്രിയദർശിനി പട്ടിക ജാതി സഹകരണസംഘം പുനർജ്ജീവിപ്പിച്ച് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനനുസൃതമായ പദ്ധതികൾ ആവിഷ്ക്കരിക്കുക.

5. കോളനികളിൽ പട്ടികജാതി വനിതാ DWCRA യൂണിറ്റുകൾ ആരംഭിക്കുക.
6. കോളനി വികസന സമിതികൾ രൂപീകരിക്കുക.
7. വ്യവസായ പരിശീലനം നൽകുകയും പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പ പൂർണ്ണമായും അനുവദിക്കുകയും ചെയ്യുക. വായ്പ പൂർണ്ണമായും അനുവദിക്കുകയും ചെയ്യുക. വായ്പ ഉദ്ദേശിച്ച കാര്യത്തിന് തന്നെ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും വായ്പകൾ ദുരുപയോഗം ചെയ്യുന്നതും തടയുകയും ചെയ്യുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.
8. വീട് നിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുക.
9. പദ്ധതികൾക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പട്ടികജാതി വികസന സമിതികൾ രൂപീകരിക്കുന്നതിനും മേൽ നോട്ടത്തിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.
10. വീട് പുതുക്കി പണിയുന്നതിനും അറ്റകുറ്റപണികൾക്കായുംപലിശരഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.
11. പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്ന ഭൂരഹിത ഭവനരഹിത പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കുക.
12. പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവിഹധനസഹായം 5000 രൂപയാക്കി ഉയർത്തുക.
13. അങ്കണവാടികൾ മുഖേന പട്ടികജാതിക്കാരായ കുട്ടികൾക്ക് പോഷകാഹാരവിതരണം നടത്തണം.
14. പട്ടികജാതിക്കാർക്ക് ഹെൽത്ത് കാർഡുകൾ നൽകി സൗജന്യ ചികിത്സ ഉറപ്പുവരുത്തുക.
15. എല്ലാ പട്ടിക ജാതി കുടുംബങ്ങളും സൗജന്യമായി ഇൻഷൂർ ചെയ്യുക.
16. ഗ്രാമീണ വൈദ്യുതീകരണത്തിൽ പട്ടികജാതി കുടുംബങ്ങൾക്ക് മുൻഗണന നൽകുക.
17. രണ്ടോ മൂന്നോ കോളനികൾക്ക് സംയുക്തമായി 3 മുതൽ 5 വയസ്സു വരെയുള്ള കുട്ടികൾക്ക് ബാലവാടികളും നഴ്സറികളും ആരംഭിക്കുക.
18. കോളനികളിൽ വായനശാലകളും ടി.വി. കിയോസ്കുകളും സ്ഥാപിക്കുക.
19. കോളനികളിൽ കുടുംബാടിസ്ഥാനത്തിൽ ഡയറിഫാം യൂണിറ്റുകൾ ആരംഭിക്കുക.
20. 5-ാം വാർഡിലെ പൂത്തിരിക്കുന്ന് ഭാഗത്ത് ഒരു കിണർ കുഴിച്ചു നല്കണം. ഇവിടെ കുടിവെള്ളപ്രശ്നം രൂക്ഷമാണ്.
21. 4-ാം വാർഡിലെ അക്കരപ്പറമ്പ് കോളനിയിലേക്കുള്ള കാരാനിപ്പാടം അക്കരപ്പറമ്പ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുകയും പ്രസ്തുത റോഡിൽനിന്ന് ടിപ്പുസുൽത്താൻ റോഡുവരെ ഒരു പുതിയ റോഡു നിർമ്മിക്കുക.
22. 4-ാം വാർഡിലെ തൊണ്ടിയത്ത്കുന്ന് കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.
23. 11-ാം വാർഡിലെ ചാമക്കുന്ന് കോളനിയിലെ തകർന്നു വീണ പഞ്ചായത്ത് കിണറിനുപകരം ഒരു പുതിയ കിണർ കുഴിച്ചു നൽകുക. പ്രസ്തുത കോളനിയിലേക്കുള്ള റോഡ് ഗതാഗത യോഗ്യമാക്കുക.
24. വെള്ളപ്പുറം കോളനിയിൽ നിലവിലുള്ള കിണറിന്റെ വേനലിലെ ജലദൗർലഭ്യത പരിഹരിക്കണം.
25. 8-ാം വാർഡിലെ മണ്ണാന്തറയിലേക്കുള്ള റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുക.
26 7-ാം വാർഡിലെ നായാടിക്കുന്ന് ഹരിജൻ കോളനിയിലേക്ക് പന്നിക്കാട് നിന്ന് റോഡ് നിർമ്മിച്ച് ഗതാഗത യോഗ്യമാക്കുക.
27. 7-ാംവാർഡിലെ വീണ്ടപ്പാറ കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.
28. 4-ാം വാർഡിലെ അട്ടക്കാടുമുതൽ ചെടയൻകുന്ന് കോളനിവരെ തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവ കത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.
29. 7-ാം വാർഡിലെ ചാത്തം കുളം ആൽത്തറ റോഡ് ടാർ ചെയ്യുക. ചാത്തംകുളം - പന്നിക്കോട് റോഡ് വെണ്ണക്കാട് റോഡ് എന്നിവ നിർമ്മിക്കുക.
30. എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും കക്കൂസും വൈദ്യുതി കണക്ഷനും നൽകുക.

വിഭവസമാഹരണം

"ഒൻപതാം പദ്ധതി ജനകീയ പദ്ധതി " ചർച്ചയുടെ ആരംഭത്തിൽ പ്രാഥമിക മേഖലയിൽ കേരളത്തിന്റെ സമ്പന്നമായ നേട്ടം പ്രകീർത്തിച്ചിട്ടുണ്ട്. എന്നാൽ ജനപങ്കാളിത്തത്തോടുകൂടിയുള്ള വികസന പ്രശ്നങ്ങളുടെ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത് റോഡുനിർമ്മാണം, കുടിവെള്ള പ്രശ്നം, സമ്പത്ത് ഉല്പന്നമേഖലയിലെ ഇടപെടൽ എന്നീ മേഖലകളിൽ വൻതോതിലുള്ള പണമിറക്കൽ ആവശ്യമായി വരുന്നുണ്ടെന്നാണ്. നിലവിലുള്ള പരിതസ്ഥിതിയിൽ സംസ്ഥാന കേന്ദ്ര ഗവൺമെൻറുകളുടെ സഹായം കൊണ്ടുമാത്രം ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ കഴിയുകയില്ല. ഒൻപതാം പദ്ധതിയിൽ 35-40% സ്വയം ഭരണസ്ഥാപനങ്ങൾ വഴി ചിലവാക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതോയൊപ്പം കൂടുതൽ വിഭവങ്ങൾ സ്വരൂപിക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിന്റെ പ്രശ്നങ്ങളും സാദ്ധ്യ.തകളും വിലയിരുത്തിക്കൊണ്ട് ചില നിർദ്ദേശങ്ങളാണ് സമർപ്പിക്കുന്നത്.

സാമ്പത്തികഘടന

നമ്മുടെ പഞ്ചായത്ത് കാർഷിക പ്രധാനമായ പ്രദേശങ്ങളുൾക്കൊള്ളുന്നതാണ്. 2 ഏക്കർമുതൽ 5 ഏക്കർ വരെ നെൽകൃഷിയും, ചെറിയ തോതിലുള്ള പറമ്പു കൃഷിയുമാണ് ഭൂരിഭാഗം. സമീപകാലത്ത് റബ്ബർ ഒരു പ്രധാന കൃഷിയായി മാറിയിട്ടുണ്ട്.നാണ്യവിളകൾ ലേലത്തിലെടുത്ത് കച്ചവടം ചെയ്യുന്ന ഒരു വിഭാഗം ജനതയും പ്രധാനഘടകമാണ്. ബാക്കിവരുന്ന വിഭാഗക്കാർ, ഇടത്തരക്കാർ, സർവീസിലുള്ളവർ, ഗൾഫുകാർ എന്നിങ്ങനെയാണ്. താരതമ്യേന ധനശേഷിയുള്ളവരുമുണ്ട്. ചെറുകിട വ്യവസായങ്ങൾ 50-ൽ താഴെയുണ്ടിറ്റാണ്. നമ്മുടെ പഞ്ചായത്തിലുള്ളത് മഹാഭൂരിപക്ഷം വരുന്നത് തൊഴിലാളികളും കർഷകത്തൊഴിലാളികളുമാണ്. അദ്ധ്യാപക സർവ്വീസ് മേഖലയിൽ ജോലിചെയ്യുന്ന തൊഴിൽനികുതിദായകരുടെ എണ്ണവും പരിമിതമാണ്. അതുകൊണ്ട് തന്നെ ജനങ്ങൾക്ക് ഉപദ്രവകരമല്ലാത്ത രൂപത്തിൽ, നാടിന്റെ വികസനത്തിൽ താല്പര്യം വളർത്തിയെടുക്കുന്നതിനുള്ള ചെറിയ നികുതി നിർദ്ദേശങ്ങൾ മാത്രമേ സമർപ്പിക്കുന്നുള്ളു.

വിദേശജോലിക്കാരുടെ എണ്ണം

വാർഡ്	1	2	3	4	5	6	7	8	9	10	11
ഗ്രാമ സഭകളിൽ വന്ന കണക്ക്	50	14	20	4	25	8	15	57	23	17	24

മുൻകാലപ്രവർത്തന അനുഭവങ്ങൾ

നമ്മുടെ പഞ്ചായത്തിന്റെ പരിമിതികൾക്കകത്തുനിന്ന് കൂടുതൽ മെച്ചപ്പെട്ട വരുമാനം ഉണ്ടാക്കിയെടുക്കുന്നതിനുള്ള ഭാവനാ പൂർണ്ണമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് മുൻഭരണസമിതികൾ ശ്രമിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ കേന്ദ്രത്തിൽ നിരവധി ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് വാടകക്ക് കൊടുത്തിട്ടുള്ളതിന്റെ ലോൺ അടവുകൾ തീരുന്നതോടുകൂടി നല്ലൊരു വരുമാനമാണ് പഞ്ചായത്തിന് ഉണ്ടാകുന്നത്. എന്നാൽ വീട്ടുനികുതി ലൈസൻസ് ഫീസ് തുടങ്ങിയവ ക്രമീകരിക്കുന്നതിനും പിരിച്ചെടുക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ കുറെക്കൂടി കൃത്യമാക്കേണ്ടതുണ്ട്. സംസ്ഥാന വിഹിതം ലഭിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കി കൂടുതൽ മെച്ചപ്പെട്ട വിഹിതം കിട്ടുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

വിഭവസമാഹരണം

"ഒൻപതാം പദ്ധതി ജനകീയ പദ്ധതി " ചർച്ചയുടെ ആരംഭത്തിൽ പ്രാഥമിക മേഖലയിൽ കേരളത്തിന്റെ സമ്പന്നമായ നേട്ടം പ്രകീർത്തിച്ചിട്ടുണ്ട്. എന്നാൽ ജനപങ്കാളിത്തത്തോടുകൂടിയുള്ള വികസന പ്രശ്നങ്ങളുടെ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത് റോഡുനിർമ്മാണം, കുടിവെള്ള പ്രശ്നം, സമ്പത്ത് ഉല്പന്നമേഖലയിലെ ഇടപെടൽ എന്നീ മേഖലകളിൽ വൻതോതിലുള്ള പണമിറക്കൽ ആവശ്യമായി വരുന്നുണ്ടെന്നാണ്. നിലവിലുള്ള പരിതസ്ഥിതിയിൽ സംസ്ഥാന കേന്ദ്ര ഗവൺമെൻറുകളുടെ സഹായം കൊണ്ടുമാത്രം ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ കഴിയുകയില്ല. ഒൻപതാം പദ്ധതിയിൽ 35-40% സ്വയം ഭരണസ്ഥാപനങ്ങൾ വഴി ചിലവാക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതോയൊപ്പം കൂടുതൽ വിഭവങ്ങൾ സ്വരൂപിക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിന്റെ പ്രശ്നങ്ങളും സാദ്ധ്യതകളും വിലയിരുത്തിക്കൊണ്ട് ചില നിർദ്ദേശങ്ങളാണ് സമർപ്പിക്കുന്നത്.

സാമ്പത്തികഘടന

നമ്മുടെ പഞ്ചായത്ത് കാർഷിക പ്രധാനമായ പ്രദേശങ്ങളുൾക്കൊള്ളുന്നതാണ്. 2 ഏക്കർമുതൽ 5 ഏക്കർ വരെ നെൽകൃഷിയും, ചെറിയ തോതിലുള്ള പറമ്പു കൃഷിയുമാണ് ഭൂരിഭാഗം. സമീപകാലത്ത് റബ്ബർ ഒരു പ്രധാന കൃഷിയായി മാറിയിട്ടുണ്ട്.നാണ്യവിളകൾ ലേലത്തിലെടുത്ത് കച്ചവടം ചെയ്യുന്ന ഒരു വിഭാഗം ജനതയും പ്രധാനഘടകമാണ്. ബാക്കിവരുന്ന വിഭാഗക്കാർ, ഇടത്തരക്കാർ, സർവീസിലുള്ളവർ, ഗൾഫുകാർ എന്നിങ്ങനെയാണ്. താരതമ്യേന ധനശേഷിയുള്ളവരുമുണ്ട്. ചെറുകിട വ്യവസായങ്ങൾ 50-ൽ താഴെയുണ്ടിറ്റാണ്. നമ്മുടെ പഞ്ചായത്തിലുള്ളത് മഹാഭൂരിപക്ഷം വരുന്നത് തൊഴിലാളികളും കർഷകത്തൊഴിലാളികളുമാണ്. അദ്ധ്യാപക സർവ്വീസ് മേഖലയിൽ ജോലിചെയ്യുന്ന തൊഴിൽനികുതിദായകരുടെ എണ്ണവും പരിമിതമാണ്. അതുകൊണ്ട് തന്നെ ജനങ്ങൾക്ക് ഉപദ്രവകരമല്ലാത്ത രൂപത്തിൽ, നാടിന്റെ വികസനത്തിൽ താല്പര്യം വളർത്തിയെടുക്കുന്നതിനുള്ള ചെറിയ നികുതി നിർദ്ദേശങ്ങൾ മാത്രമേ സമർപ്പിക്കുന്നുള്ളു.

വിദേശജോലിക്കാരുടെ എണ്ണം

വാർഡ്	1	2	3	4	5	6	7	8	9	10	11
ഗ്രാമ സഭകളിൽ വന്ന കണക്ക്	50	14	20	4	25	8	15	57	23	17	24

മുൻകാലപ്രവർത്തന അനുഭവങ്ങൾ

നമ്മുടെ പഞ്ചായത്തിന്റെ പരിമിതികൾക്കകത്തുനിന്ന് കൂടുതൽ മെച്ചപ്പെട്ട വരുമാനം ഉണ്ടാക്കിയെടുക്കുന്നതിനുള്ള ഭാവനാ പൂർണ്ണമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് മുൻഭരണസമിതികൾ ശ്രമിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ കേന്ദ്രത്തിൽ നിരവധി ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് വാടകക്ക് കൊടുത്തിട്ടുള്ളതിന്റെ ലോൺ അടവുകൾ തീരുന്നതോടുകൂടി നല്ലൊരു വരുമാനമാണ് പഞ്ചായത്തിന് ഉണ്ടാകുന്നത്. എന്നാൽ വീട്ടുനികുതി ലൈസൻസ് ഫീസ് തുടങ്ങിയവ ക്രമീകരിക്കുന്നതിനും പിരിച്ചെടുക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ കുറെക്കൂടി കൃത്യമാക്കേണ്ടതുണ്ട്. സംസ്ഥാന വിഹിതം ലഭിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കി കൂടുതൽ മെച്ചപ്പെട്ട വിഹിതം കിട്ടുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

പട്ടിക 1 വരുമാനത്തിലെ വ്യതിയാനം

ഇനം	1994-95	1995-96	വ്യത്യാസം
തനത് വരുമാനം			
കെട്ടിടനികുതി	195485-45	205868.10	10382.65
വിനോദനികുതി	32019.00	35944.00	3925.00
ഉപാതിരഹിതനികുതി			
എസ്.സി.പി.	314000.00	340500.00	26500
ജെ.ആർ.വൈ.			
ഗ്രാൻറുകൾ			
സംഭാവനകൾ	424427.00	669070.00	244643
ആകെവരവ്	1992852.05	2762859.30	77007.30
ചിലവ്			
എസ്റ്റാബ്ളിഷ്മെൻറ്	205109.00	286494.00	81385
ആകെ.	3163886.50	4300736.40	

നികുതി നിർദ്ദേശങ്ങൾ

നിർദ്ദേശങ്ങൾ

1. നികുതിനിരക്കുകൾ യുക്തിസഹമാക്കുക
2. നികുതി കൊടുക്കുന്നതിലൂടെ നാടിൻെറ വികസനത്തിൽ പങ്കാളികളാക്കണമെന്ന് ബോധത്തിൻെറ അടിസ്ഥാനത്തിൽ വരുമാനമുള്ള മുഴുവൻ ആളുകളെയും നികുതിദായകർ ആക്കണം.
3. നികുതിയുടെ കണക്കുകൾ സുതാര്യമായിരിക്കണം. നിലവിലുള്ള വാട്ടർ സപ്ളൈയിലുള്ള പൈപ്പു ലൈൻ സ്ഥാപിക്കുകയും ഹൗസ്കണക്ഷൻ കൊടുത്ത് നികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്.

വരുമാനം

1. തൊഴിൽനികുതി-നിലവിലുള്ള വരുമാനത്തിൻെറ മേൽ പരിധി ഇല്ലാതാക്കണം (G)

പഞ്ചായത്തതിർത്തിയിലുള്ള കച്ചടവടക്കാർ കൃഷിക്കാർ മുതലായവരുടെ വ്യക്തമായ വിവരങ്ങൾ ശേഖരിച്ച് അർഹമായ നികുതി വസൂൽ ചെയ്യണം.

2. കെട്ടിടനികുതി

നിലവിലുള്ള നികുതി ഘടനയിൽ വളരെയധികം അപാകതകൾ കണ്ടെത്താവുന്നതാണ്. വാർഷികവാടകമൂല്യം 150 രൂപ വരെ വരുന്ന കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കേണ്ടതും മറ്റു കെട്ടിടങ്ങൾക്ക് മുൻ നിലകണക്കാക്കാതെ പുതുക്കിയ വാർഷിക വാടകമൂല്യം കണക്കാക്കി അടുത്ത റിവിഷൻ മുതൽ നികുതിഘടന സമൂലം മാറ്റം വരുത്തേണ്ടതാണ്.

3. വിനോദനികുതി (സിനിമ)

a. ഇപ്പോഴത്തെ സിനിമാ തിയേറ്ററിലെ വിനോദനികുതിയിൽ തന്നെ സമൂല മാറ്റം വരുത്തേണ്ടതാണ്. ഇന്നത്തെ ടിക്കറ്റ് നിരക്കിലുള്ള നികുതിക്ക് പകരം തിയേറ്ററിൻെറ സിറ്റിംഗ് കപ്പാസിറ്റിയുടെയും ചാർജ്ജിൻെറയും അനുപാതം കണക്കാക്കി വിനോദനികുതിയും അധിക വിനോദനികുതിയും ചുമത്തണം.

b. പ്രദർശനനികുതി ഒരു പ്രദർശനത്തിന് 25 രൂപയാക്കി വർദ്ധിപ്പിക്കണം.

4. നികുതിയേതരവരുമാനം

സർക്കാറിന്റെ നിയന്ത്രണങ്ങളും നിബന്ധനകളും ഇല്ലാതെ അതാതു പഞ്ചായത്തുകളിൽ യുക്തമായ രീതിയിൽ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസ് ചുമത്തി പിരിക്കുന്നതിനുള്ള അധികാരം അതാതു പഞ്ചായത്തകൾക്കു തന്നെ നല്കേണ്ടതാണ്.

മാർക്കറ്റ്

കോങ്ങാട് പൊതുമാർക്കറ്റിൽ വർഷം പ്രതി ഇപ്പോൾ ലഭിച്ചു കൊണ്ടിരിക്കുന്ന വരവ് 90,000 രൂപയിൽ താഴെ മാത്രമാണ്. ആഴ്ചച്ചന്തയുടെ പ്രാധാന്യം നാൾക്കുനാൾ കുറഞ്ഞു കൊണ്ടിരിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ മാർക്കറ്റ് ജനോപകാരപ്രദമായ രീതിയിലും പഞ്ചായത്തിന് സാമ്പത്തികനേട്ടം ലഭിക്കുന്നതിനു വേണ്ടിയും അടിയന്തിരമായി പരിഷ്ക്കരിക്കേണ്ടതുണ്ട്. അതിനായി താഴെ പറയുന്ന നിർദ്ദേശം സമർപ്പിക്കുന്നു. ജനറൽ മാർക്കറ്റായി പ്രവർത്തിക്കുന്ന സ്ഥിരം സ്റ്റാളുകൾ നിർമ്മിക്കുകയും താല്ക്കാലിക വാടകക്ക് കൊടുക്കുകയും ചെയ്യുന്ന ഇന്നത്തേതിലും പത്തിരട്ടി വരുമാനം പ്രതീക്ഷിക്കാവുന്നതാണ്. പൊതുമാർക്കറ്റിന്റെ 2 പ്രധാന കവാടങ്ങൾ തമ്മിൽ ബന്ധിപ്പിച്ചും ഒരു ബൈപ്പാസ് റോഡ് നിർമ്മിക്കുകയാണെങ്കിൽ ഇപ്പോൾ മാർക്കറ്റിനകത്ത് നിലവിലുള്ള ഈ കെട്ടിടങ്ങളിലെ സ്റ്റാളുകൾക്ക് ഷട്ടർ സൗകര്യം ഏർപ്പെടുത്തി സ്ഥിരം സ്റ്റാളുകളാക്കി മാറ്റാവുന്നതും, ആയവ താല്ക്കാലിക വ്യാപാരത്തിനായി വാടകക്ക് കൊടുക്കുവാൻ കഴിയുന്ന പക്ഷം ഈയിനത്തിൽലഭിച്ചു കൊണ്ടിരിക്കുന്ന വരുമാനത്തിന്റെ ഇരട്ടിയാക്കാൻ കഴിയുന്നതുമാണ്.

2. ഇന്ന് പ്രവർത്തിക്കുന്ന കന്നുകാലി മാർക്കറ്റിന്റെ റോഡരുകിലുള്ള ഭാഗം മുഴുവൻ ഷോപ്പിംഗ് കോപ്ലക്സ് കെട്ടി വാടകയ്ക്ക് നല്കാവുന്നതാണ്. കന്നുകാലി ചന്തയുടെ സമീപത്തുള്ള ഒറ്റനിലഷോപ്പിംഗ് കോപ്ലക്സുകൾക്ക് 2 നിലയാക്കി ഉയർത്തി വാടകയ്ക്ക് കൊടുക്കാവുന്നതാണ്. പത്തിരിപ്പാല റോഡിൽ നിലവിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സിനു മുകളിലായി ഒരു നില കൂടി കെട്ടിടം നിർമ്മിച്ച് ആയതിൽ ലോഡ്ജിംഗ് സൗകര്യം ഏർപ്പെടുത്താവുന്നതാണ്.
3. ഇന്ന് ഉപയോഗശൂന്യമായികിടക്കുന്ന "കാറ്റിൽ പൗണ്ട് "നിൽക്കുന്ന സ്ഥലത്ത് ഒരു രണ്ടു നില പീടികമുറി പണിത് വാടകക്ക് കൊടുക്കാവുന്നതാണ്.
4. ഇന്ന് കോങ്ങാട് പഞ്ചായത്തിന്റെ അധീനതയിൽ കിടക്കുന്ന കമ്പോസ്റ്റ് നിർമ്മാണത്തിനായി വാങ്ങിയ കോട്ടപ്പടി പ്രദേശത്തെ ഒരു ഏക്കർ സ്ഥലം നാലു ഭാഗത്തും കമ്പിവേലി കെട്ടി തേക്കിൻ തൈകൾ നട്ടു വളർത്തിയാൽ പഞ്ചായത്തിന് നല്ലൊരു വരുമാന മാർഗ്ഗമായിരിക്കും.
5. പഞ്ചായത്ത് ബസ്റ്റാൻഡിൽ നിലവിലുള്ള മൂത്രപ്പുരയോടനുബന്ധിച്ച് കുളിമുറികൾ നിർമ്മിക്കുകയും ആയതിലേക്ക് വാട്ടർ കണക്ഷൻ നല്കുകയും അതിനുള്ള നടപടികൾ സ്വീകരിക്കുകയുമാണെങ്കിൽ പഞ്ചായത്തിന് നിലവിലുള്ള ആദായത്തിൽവർദ്ധനവ് പ്രതീക്ഷിക്കാവുന്നതാണ്.

സാംസ്ക്കാരിക നിലയം

നിലവിലുള്ള സാംസ്ക്കാരിക നിലയം വിപുലീകരിച്ചും കൂടുതൽ ആദായം ഉണ്ടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പോലീസ്സ്റ്റേഷന്റെ പിൻഭാഗത്ത് ഒഴിഞ്ഞുകിടക്കുന്ന സ്ഥലം വ്യാപാരസ്ഥലമാക്കി മാറ്റേണ്ടതാണ്.

വാട്ടർ സപ്ലൈ

വാട്ടർ സപ്ലൈ സ്കീം വിപുലീകരിച്ച് ഹൗസ് കണക്ഷൻ നല്കി വരുമാനം പുതുതായി കണ്ടെത്താവുന്നതാണ്. പഞ്ചായത്ത് അധീനതയിലുള്ള പൊതു കുളങ്ങൾ ആവശ്യക്കാർക്ക് മത്സ്യം

വളർത്തുന്നതിന് നല്കിയാൽ പഞ്ചായത്തിലേക്ക് പുതിയതായ വരുമാന മാർഗ്ഗം കണ്ടെത്തുവാൻ കഴിയും.

സംസ്ഥാനവിഹിതം (നികുതി)

പഞ്ചായത്തിൽ നിന്നും പിരിക്കുന്ന അടിസ്ഥാന നിരക്കിൽ വിഹിതം യഥാസമയം പഞ്ചായത്തിന് ലഭ്യമാക്കണം. ഇന്ന് നിലവിലുള്ള വെഹിക്കിൽ ടാക്സ് കോമ്പൻസേഷൻ പരിധി വർദ്ധിപ്പിക്കണം.

പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന വില്പന നികുതി വിഹിതം അതാതു പഞ്ചായത്തുകൾക്ക് നല്കണം.

ഉപാധിരഹിത ഫണ്ട്

പഞ്ചായത്തിലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ആനുപാതികമായി പിന്നോക്കാവസ്ഥ കണക്കിലെടുത്ത് ഈ ഫണ്ട് നൽകേണ്ടതാണ്.

ചിലവ്.

ഇന്ന് നിലവിലുള്ള തസ്തികകൾ പരിമിതമായതിനാൽ തസ്തിക ചിലവുകൾ കുറവു ചെയ്യാൻ കഴിയുകയില്ല.

പൊതുമരാമത്ത്

ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് നടത്തുന്ന വികസന പ്രവർത്തനങ്ങളുടെ മാതൃകയിൽ മറ്റ് പഞ്ചായത്തു ഫണ്ട് കാളിഫൈഡ് എഞ്ചിനീയറുടെ മേൽ നോട്ടത്തിൽ ഉപയോഗിച്ച് പ്രവർത്തി നടത്തുന്നതും നിർമ്മാണ വികസന പ്രവർത്തനങ്ങൾക്കും അനുമതി നല്കേണ്ടതാണ്.

മറ്റ് വികസന ചിലവുകൾ

പഞ്ചായത്തിൽ 50000 രൂപയിൽ താഴെ എസ്റ്റിമേറ്റ് തുകയ്ക്കുള്ള വികസന പ്രവർത്തനങ്ങൾ തദ്ദേശീയർ അടങ്ങുന്ന കമ്മിറ്റികൾ രൂപീകരിച്ച് അവരെ ഏല്പിച്ച് പ്രവൃർത്തി നടത്തേണ്ടതാണ്.

കടം തിരിച്ചടവ്

ഗ്രാമവികസന ബോർഡ് ഇപ്പോൾ പഞ്ചായത്തിൽനിന്നും വസൂലാക്കി വരുന്ന അമിത നിരക്കിലുള്ള പലിശ ഇളവ് ചെയ്യേണ്ടതാണ്.

വായ്പകൾ

1. കാർഷികമേഖലയ്ക്ക് ചുരുങ്ങിയ പലിശ നിരക്കിൽ വായ്പ അനുവദിക്കേണ്ടതാണ്.
2. ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്ക് ബാങ്കുകൾ മുഖേന ദീർഘകാലാടിസ്ഥാനത്തിൽ ഭവന നിർമ്മാണ ലോണുകളും മറ്റു ഇതര ലോണുകളും നല്കേണ്ടതാണ്.
3. പഞ്ചായത്തിൽ രണ്ടു സഹകരണ ബാങ്കുകളും രണ്ടു നാഷണലൈസ്ഡ് ബാങ്കുകളും ഒരു ഷെഡ്യൂൾഡ് ബാങ്കും ഉണ്ട്. സഹകരണബാങ്കിലെ നിക്ഷേപങ്ങളിലെ 80-90 ശതമാനവും കൃഷിയുടെയും ചെറുകിട വ്യവസായങ്ങൾ മെച്ചപ്പെടുത്തുന്നതിനും വായ്പയായി നല്കേണ്ടതാണ്.
4. ചെലവുകൾ

   പഞ്ചായത്തിന് റോഡിന് വേണ്ടി വരുന്ന ആവർത്തന ചിലവുകളുടെ കാലദൈർഘ്യം വർദ്ധിപ്പിക്കുന്നതിനുള്ള സാങ്കേതിക മാർഗ്ഗങ്ങൾ അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്.

5. കൃഷിചെറുകിട വ്യവസായം തുടങ്ങിയ അടിസ്ഥാന മേഖലകളിൽ കൂടുതൽ വിപുലമായ അധികാരങ്ങൾ താഴേക്ക് കൈമാറുകയാണ്. ആമേഖലയിൽ ധാരാളം നികുതിയും മറ്റും പിരിച്ചെടുക്കുന്നതിന് പഞ്ചായത്തിന് അധികാരം ലഭിക്കേണ്ടതാണ്.

നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്

പഞ്ചായത്തിൽനിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാവികാസ് പത്ര, കിസാൻ വികാസ് പത്ര, ടൈംഡെപ്പോസിറ്റുകൾ എന്നിവയുടെ 15 മുതൽ 25 ശതമാനം വരെ പഞ്ചായത്തിൽ തന്നെ ലഭിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. അതുകൊണ്ട് പഞ്ചായത്ത് ഭരണസമിതിയുടെ മുൻകൈയോടുകൂടി പരമാവധി നിക്ഷേപം ഉണ്ടാക്കാൻ ശ്രമിക്കണം.

സന്നദ്ധസേവനം

നമ്മുടെ പഞ്ചായത്തിലുള്ള പ്രാഥമിക സൗകര്യങ്ങളുടെ വലിയ ഒരു അളവ് നിർവ്വഹണത്തിന് സന്നദ്ധ പ്രവർത്തനം വഴി അദ്ധ്വാന ശക്തി ഉപയോഗപ്പെടുത്താവുന്നതാണ്. നവമ്പർ ഒന്നിന്റെ പുനരർപ്പണ ദിനത്തിൽ നടന്ന പ്രവർത്തനം വിലയിരുത്തുമ്പോൾ ജനങ്ങളുടെ താല്പര്യവും മുൻകൈയെടുത്തുള്ള ഈ ദിശയിൽ കൂടുതൽ ഇടപെടുന്നതിനുള്ള ബാദ്ധ്യതയാണ് തെളിയിക്കപ്പെട്ടിട്ടുള്ളത്.

നമ്മുടെ വിദ്യാഭ്യാസ മേഖലയിലെ പിന്നോക്കാവസ്ഥയുടെ ചില ഘടകങ്ങൾക്ക് പരിഹാരം കാണുവാൻ സന്നദ്ധസംഘടനകളുടെയും ജനകീയ സമിതികളുടെയും ഇടപെടലുകൾ കൊണ്ട് കഴിയും. സ്വന്തം രാജ്യത്തെ ശത്രുക്കളിൽ നിന്നും രക്ഷിക്കാനുള്ള അർപ്പണബോധത്തോടെയുള്ള പ്രവർത്തനം സംഘടിപ്പിക്കുന്ന രീതിയിൽ നമ്മൾ വിവിധ മേഖലകളിൽ ആ രൂപത്തിലുള്ള ശ്രമങ്ങൾ ചിട്ടയായി നടത്തേണ്ടതാണ്.

6. കച്ചവട സ്ഥാപനങ്ങളുടെ ലാഭത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നാമമാത്രമായ ലൈസൻസ് ഫീസിലും ലൈസൻസ് പുതുക്കൽഫീസിലും വർദ്ധനവുവരുത്താവുന്നതാണ്.
7. പഞ്ചായത്ത് അധീനതയിലുള്ള പുറമ്പോക്ക് ഭൂമികൾ യഥാസമയം താല്ക്കാലിക ലേലം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
8. 2 ബ്ളോക്കിൽ കൂടുതൽ റബ്ബർ ടാപ്പിംഗ് നടത്തുന്ന റബ്ബർ കർഷകരിൽനിന്നും മേൽ പരിധിക്കു മേൽ ടാപ്പ് ചെയ്യുന്ന മരങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നാമമാത്രമായ തോതിൽ നാണ്യവിളസെസ്സ് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

അന്ന വസ്ത്രങ്ങൾക്കുമൗഷധങ്ങൾക്കുമായ്
നമ്മളിൽ പാതിയും കേണിടുന്നു.
വേണ്ടാത്തതൊക്കെയും വാങ്ങുവാനായി
സമ്പത്തുപാതിയും ചോർന്നിടുന്നു
നാട്ടിന്നു നട്ടെല്ലൊടിഞ്ഞിടുന്നു-കടം
നേട്ടമായ്കോടികൾവാണിടുന്നു.

ഉപസംഹാരം

പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ, .



ജനകീയ-ആസൂത്രണ പ്രസ്ഥാനം വളരെ വേഗത്തിലാണ് ശക്തിയാർജ്ജിച്ചത്. തുടക്കത്തിൽ പലതരത്തിലുള്ള സംശയങ്ങളും ആശങ്കകളും ഉണ്ടായിരുന്നു. അതെല്ലാം ക്രമേണ അലിഞ്ഞില്ലാതായി.

ഒന്നാം ഘട്ടപരിശീലന ക്യാമ്പ്, വിശേഷാൽ ഗ്രാമസഭകൾ, രണ്ടാംഘട്ട പരിശീലന ക്യാമ്പ്, പ്രകൃതി പഠനപര്യടനം, ദ്വിതീയ വിവരശേഖരണം, വിഷയഗ്രൂപ്പുചർച്ചകൾ, വികസന രേഖ തയ്യാറാക്കൽ ഇതെല്ലാം നമ്മുടെ പഞ്ചായത്തിൽ വിജയകരമായി പൂർത്തിയാക്കി. 96 നവമ്പർ ഒന്നിന് പഞ്ചായത്തിലാകെ വികസന പ്രവർത്തനങ്ങൾ നടത്തി. "എനിക്കെന്തുകിട്ടും" എന്ന് അന്വേഷിക്കുന്നതോടൊപ്പം, "എനിക്കെന്തു ചെയ്യാൻ കഴിയും" എന്നുകൂടി ചിന്തിക്കുന്നിടത്തേക്ക് നമ്മളെത്തി.

നമ്മുടെ പഞ്ചായത്തിൽ, ഗവൺമെൻറിൽ നിന്ന് ലഭിക്കുന്ന പദ്ധതി വിഹിതം 1997-2002 കാലഘട്ടത്തിൽ എങ്ങനെ ഉപയോഗപ്പെടുത്തണം എന്നതു സംബന്ധിച്ച് ഏകദേശ രൂപരേഖയായി. ഈ രേഖ സമ്പൂർണ്ണമാണെന്ന് അവകാശപ്പെടുന്നില്ല. ഫലപ്രദമായ ചർച്ചകളിലൂടെ, നിർദ്ദേശങ്ങളിലൂടെ, ഈ രേഖ സമ്പുഷ്ടമാക്കണം.

കോങ്ങാടിനുമാത്രമായി ഒരു വികസനമില്ലെന്നറിയാം. എങ്കിലും നമുക്കൊരു വികസന സങ്കല്പം വേണം. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തിക്കൊണ്ട് ഐക്യത്തിൻെറയും സാഹോദര്യത്തിൻെറയും കൊടിക്കൂറ പാറിച്ചുകൊണ്ട് നമുക്കൊരുമിച്ചൊന്നായി മുന്നോട്ടുപോകാം.

ഭൂതകാലത്തിൻെറ നേട്ടങ്ങൾ നിലനിർത്തണം. വർത്തമാന കാലത്തിൻെറ തിന്മകളെ തള്ളണം, നന്മകളെ കൊള്ളണം. ശുഭപ്രതീക്ഷയോടെ ഭാവിയെ വരവേൽക്കാം. 'അറുപത് പുതപ്പുകൾ കൊണ്ട് നൂറാൾക്ക് പുതക്കേണ്ടതായി ' വരാം. അഞ്ചുകിണർ പതിനൊന്ന് വാർഡുകളിലേക്ക് തർക്കം കൂടാതെ വീതിക്കേണ്ടതായി വരാം. പലപൂക്കൾ കോർത്തൊരു മനോഹരമാലക്ക് നമുക്ക് ഭംഗി നല്കാം.

ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഒട്ടേറെപേർ, രാവുകളെ പകലുകളാക്കി മാറ്റിയിട്ടുണ്ട്. എത്രയെത്ര രാത്രികളുടെ അന്ത്യയാമങ്ങൾ ഈ രേഖാ നിർമ്മാണത്തിന് സാക്ഷ്യം വഹിച്ചിട്ടുണ്ട്. സംസ്ഥാന ജില്ലാ പഞ്ചായത്ത് റിസോഴ്സ് പേഴ്സൻസ് ,വിശേഷാൽ ഗ്രാമസഭകളിൽ പങ്കെടുത്തവർ, വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയവർ പരിശീലനക്യാമ്പുകളിൽ പങ്കെടുത്തവർ, ദ്വിതീയ വിവരങ്ങൾ ശേഖരിക്കാൻ സഹായിച്ചവർ, വിവിധ സ്ഥാപനമേധാവികൾ, വിവിധസാംസ്ക്കാരിക സംഘടനാ പ്രവർത്തകർ, പ്രകൃതി പഠന പര്യടനം നടത്തിയവർ, വികസന രേഖ തയ്യാറാക്കാൻ സഹായിച്ചവർ. പുനരർപ്പണദിനത്തിലും ശേഷവും സന്നദ്ധ സേവനം നടത്തിയവർ.... അങ്ങനെ എത്രയെത്ര ആളുകൾ-പങ്കാളികളായി ..... എല്ലാവർക്കും എൻെറ സ്നേഹോപഹാരം സമർപ്പിക്കട്ടെ.

നമുക്കിനിയും ജോലികളേറെയുണ്ട്. കർമ്മസമിതികൾ രൂപീകരിക്കണം. സ്ക്കീമുകൾ തയ്യാറാക്കണം. അവ സമയബന്ധിതമായി പൂർത്തിയാക്കണം. ''ഐശ്വര്യപൂർണ്ണമായ ഒരു കോങ്ങാട് " - അതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം. എന്നുമെന്നും നിങ്ങളിലൊരാളായി നിങ്ങളോടൊപ്പം ഉണ്ടാകുമെന്ന പ്രതിജ്ഞയോടെ,

സ്നേഹപൂർവ്വം

കോങ്ങാട്
14.12.96

എം. സി. വേലായുധൻ
പ്രസിഡൻറ്
കോങ്ങാട് ഗ്രാമപഞ്ചായത്ത്

ഗ്രാമ പഞ്ചായത്തിന്റെ വികസന സംരംഭങ്ങൾക്ക് ആശംസകൾ.....

വിവിധ തരം പരിമളം തരുന്ന
ബി. പി. ആർ അഗർബത്തികൾ
ആവശ്യപ്പെടുക

BPR

Phone : 845273

SARASWATHY STORES
Wholesale and Retail Stores, Kongad
Stainless Steel, Aluminium wares, Stationary goods
and all kind of Consumer goods

With best compliments from

KRISHNA TRADE LINK
KONGAD

Ph : 845285

കോങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ
വികസന സംരംഭങ്ങൾക്ക് ആശംസകൾ

മംഗളം ജ്വല്ലറി വർക്സ്
എം. ആർ. എസ്. ബിൽഡിങ്ങ്
കോങ്ങാട്

സ്വർണാഭരണ നിർമാണം
ഉത്തരവാദിത്വത്തോടുകൂടി
കൃത്യസമയത്ത് ചെയ്തു
കൊടുക്കുന്നു.

പി. ടി. വാസുദേവൻ
ആൻറ് സൺ
പ്രൊപ്രൈറ്റർ

നവീന രീതിയിലുള്ള സ്വർണാഭരണങ്ങളും
രവള്ളി ആഭരണങ്ങളും പണിയുന്നതിന് സമീപിക്കുക :
സന്ദർശിക്കുക.

ദാസ് ജ്വല്ലറി വർക്സ്
എം. ആർ. എസ്. ബിൽഡിങ്ങ്

മെയിൻ റോഡ്, കോങ്ങാട്

ആശംസകളോടെ

പി. ടി. ബാലകൃഷ്ണൻ
ആൻറ് സൺസ്
മണിക്കശ്ശേരി
പ്രൊപ്രൈറ്റർ :

ശ്രീലക്ഷ്മി കൂറീസ് & ലോൺസ് (P) ലിമിറ്റഡ്

റജി. നമ്പർ – 09 – 10224 – നൂറണി, പാലക്കാട്
ബ്രാഞ്ച് – എം. ആർ. എസ്. ബിൽഡിങ്ങ്, കോങ്ങാട്

ശ്രീ ലക്ഷ്മിയിൽ അംഗമാകൂ, സാമ്പത്തിക വിഷമതകൾ പരിഹരിക്കൂ.
ശ്രീ ലക്ഷ്മിയുടെ പ്രത്യേകതകൾ

കൂറി ഉടമയുടെ പേരിൽ 80% സംഖ്യക്ക് സൗജന്യമായി അപകട ഇൻഷറൻസ് ചെയ്തു കൊടുക്കുന്നു.

6000 മുതൽ 3,00000 രൂപ വരെ സലയുള്ള കൂറികൾ നടത്തുന്നു.

ഇടപാടുകാരുടെ സൗകര്യാർത്ഥം ദിവസേന / ആഴ്ചയിൽ / മാസത്തിൽ പിരിവു നടത്തുന്നു.

ലേലാദായം എല്ലാ മാസവും എല്ലാ വരിക്കാർക്കും സമമായി വീതിക്കുന്നു.

കൂറി ലേലം ചെയ്ത് 30 ദിവസം കഴിഞ്ഞാൽ പ്രൈസ് സംഖ്യ മതിയായ ജാമ്യം / ഈട് കൊടുത്ത് വാങ്ങാവുന്നതാണ്.

കൂറി സാമ്രാജ്യത്ത് പുതുമകൾ സൃഷ്ടിച്ച് ജനശ്രദ്ധ പിടിച്ചു പറ്റിയ കേരളത്തിലെ ഒരു വിശ്വസ്ത സ്ഥാപനം

കൃത്യനിഷ്ഠ: ശ്രീ ലക്ഷ്മിയുടെ മുഖമുദ്ര

ആശംസകൾ !

അർച്ചന ഫേഷൻ ജ്വല്ലേഴ്സ്,

കോങ്ങാട്, ഫോൺ : 845380

ശ്രീലക്ഷ്മി ജ്വല്ലറി, കോങ്ങാട്

അർച്ചന ജ്വല്ലറി, പാലക്കാട്

ഫോൺ : 845380

പുതുമയാർന്ന എല്ലാവിധ സ്വർണ്ണാഭരണങ്ങൾക്കും സമീപിക്കാവുന്ന വിശ്വസ്ത സ്ഥാപനങ്ങൾ !
നിങ്ങളുടെ അഭിരുചിക്കിണങ്ങുന്ന ആഭരണങ്ങൾ ഓർഡറുകൾ സ്വീകരിച്ച് കൃത്യസമയത്ത് നിർമിച്ചു കൊടുക്കുന്നു.
വെള്ളി ഉരുപ്പടികളും ലഭ്യമാണ്.

നിങ്ങളുടെ വിശ്വാസം – ഞങ്ങളുടെ മുതൽക്കൂട്ട്

With best compliments from

MRS & SONS
KONGAD

MURALI MEDICALS
JAYASREE JEWELLERS
VENKATESWRA METELS
AMRITHA LAKSHMI LABS
JAYASREE GOLD LOANS

PHONE : 843334
845234
845434

Amrutha ELECTRICAL AGENCIES
KONGAD, PALAKKAD - 678 631
(0491) 845549
846543(R)

AUTHORISED DISTRIBUTORS / DEALERS

Shakti®
LT/HT POWER CAPACITORS
SPL APPLICATION CAPACITORS

ELECONIC
LT POWER CAPACITORS
MFD CAPACITORS

SUNNY
MOTOR START CAPACITORS
LT POWER CAPACITORS

NOVA
MFD CAPACITORS

Samrat
MOTOR START CAPACITORS
MFD CAPACITORS, LT CAPACITORS
MAIN SWITCHES

GEC ALSTHOM
INDIA
FANS, MOTORS, SWITCHES

SHETRA
MANTRA SLOKA SPEAKING
SPIRITUAL ALARM CLOCKS

BONZUN
HEAVY DUTY MIXER GRINDERS

WHEPL
POWER &
DIST. TRANSFORMERS
FURNECE TRANSFORMERS
DRYTYPE & OILCOOLED
REACTORS

We have no argument with our competitors who charge less

With best compliments from


SIRAJ INDUSTRIES, KONGAD. Ph: 845238

KAIRALI HARDWARE STORE, KONGAD. Ph: 845438, 845537

KAIRALI AUTO PARTS, KONGAD. Ph: 845458

NABEEL OIL MILL, KONGAD. Ph: 845355, 846355

KAIRALI TRADERS, PULAPPATTA



കോങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ
വികസന സംരംഭങ്ങൾക്ക്
അകമഴിഞ്ഞ ആശംസകൾ

Phone : 845327

ശ്രീ ലക്ഷ്മി പ്രിന്റേഴ്സ്
കോങ്ങാട്

ആധുനിക രീതിയിലുള്ള ആകർഷകമായ
സ്വർണ്ണാഭരണ നിർമ്മാണത്തിന് സമീപിക്കുക...

മണിമംഗലത്ത് ജ്വല്ലറി വർക്സ്
ഹൈസ്കൂൾ കുന്ന്, കോങ്ങാട്

കോങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ
വികസന സംരംഭങ്ങൾക്ക്
ആശംസകൾ

വിദഗ്ദ്ധമായ ചികിത്സക്കും വിശിഷ്ട ഔഷധങ്ങൾക്കും

നാഗാർജുന ഔഷധശാല ഏജൻസി
കോങ്ങാട്

പരിശോധന

എല്ലാ തിങ്കളാഴ്ചയും	ഡോക്ടർ പ്രേമലത, BAMS	09 AM	1 PM
എല്ലാ ബുധനാഴ്ചയും	ഡോക്ടർ രാധാകൃഷ്ണൻ DAM	10 AM	1 PM
എല്ലാ വ്യാഴാഴ്ചയും	ഡോക്ടർ നാരായണൻ നായർ	09 AM	5 PM

രുചികരമായ എല്ലാവിധ ബേക്കറി സാധനങ്ങൾക്കും സമീപിക്കുക....

സതീഷ് ബേക്കറി
കോങ്ങാട്

വിവാഹാവശ്യങ്ങൾക്കും
മറ്റു സ്വീകരണ പരിപാടികൾക്കും
മിതമായ നിരക്കിൽ ബേക്കറി സാധനങ്ങൾ
പുതുമയോടെ പാകംചെയ്തു കൊടുക്കുന്നു.

ആശംസകളോടെ,
ഭാസ്കരൻ
പ്രൊപ്രൈറ്റർ

കോങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ
വികസന സൂരംഭംങ്ങൾക്ക് ആശംസകൾ

രചന സ്റ്റുഡിയോ & വീഡിയോ

കോങ്ങാട് & കല്ലടിക്കോട്

കളർ, ക്ലാക്കആൻറ് വൈറ്റ് ഫോട്ടോകൾ, വീഡിയോ കവറേജ്,
എൻലാർജ്മെൻറ്, ലാമിനേഷൻ, ഡിസൈനിങ്ങ്
എന്നിവക്ക് സമീപിക്കുക

രചന സ്റ്റുഡിയോ,
കോങ്ങാട്.
ഫോൺ: 845202

ബോംബെ ഡൈയിങ്ങ്
മഫത്ലാൽ
തുണിത്തരങ്ങൾക്കും
വിവാഹസാരികൾക്കും
പോപ്പി കുടകൾക്കും
സൂര്യമാർക്ക് കുടകൾക്കും
സന്ദർശിക്കുക.....

ചിത്രാ വെയർ ഹൗസ്
കോങ്ങാട്

ആർ. ഹരിഹര അയ്യർ
പ്രൊപ്രൈറ്റർ
ഫോൺ : 845309

എല്ലാവിധ ഇലക്ട്രോണിക്സ്
ഉപകരണങ്ങളും സൂക്ഷ്മതയോടും
ഉത്തരവാദിത്വത്തോടും കൂടി റിപ്പയർ
ചെയ്തു കൊടുക്കുന്നതാണ്.

ചുരുങ്ങിയ ചിലവിൽ പുതിയ
'ഡിഷ് ആൻറിന' സ്ഥാപിച്ചു
കൊടുക്കുന്നതുമാണ്.

ആശംസകളോടെ.....

ശേഖർ ഇലക്ട്രോണിക്സ്
കോങ്ങാട്

പ്രൊപ്രൈറ്റർ : ശേഖർ

സഹൃദയരായ നിങ്ങളേവരുടേയും വിശ്വാസവും സഹകരണവും
ആർജിച്ചു കൊണ്ട് മുന്നേറുന്നു

ചമയം

ടെക്സ്റ്റൽസ് ആൻറ് റെഡിമെയ്ഡ്സ്

(ബസ്സ് സ്റ്റാൻറിന് എതിർവശം)
പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ്, കോങ്ങാട്

ഗ്രാമ പഞ്ചായത്തിൻറെ വികസന സംരംഭങ്ങൾക്ക് ആശംസകൾ

ആശംസകളോടെ

അലൈൻസ് മെഡിക്കൽസ്

പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ്
കോങ്ങാട്

ഗ്രാമ പഞ്ചായത്തിൻറെ വികസന സംരംഭങ്ങൾക്ക് ആശംസകൾ

രുചികരമായ ഭക്ഷണത്തിന്

സന്ദർശിക്കുക

ഹോട്ടൽ ഹാർദ്ദ, കോങ്ങാട്

(വെജിറ്റേറിയൻ ആൻറ് നോൺ വെജിറ്റേറിയൻ) ഫോൺ : 845464


ആശംസകൾ

ഇറച്ചി കോഴികൾക്ക്
സമീപിക്കുക.....

ഹരിത ചിക്കൻ സെൻറർ

പഞ്ചായത്ത് ഷോപ്പിങ്ങ് കോപ്ലക്സ്,കോങ്ങാട്

കോങ്ങാട് ക്ഷീരോൽപാദകസഹകരണ സംഘം
നമ്പർ പി. 58 ഡി



ഭരണസമിതിയും ജീവനക്കാരും

' കോങ്ങാട് മിൽക്ക് ' എന്ന പേരിൽ പാക്കറ്റ് പാൽ വിതരണം ചെയ്യുന്നു.

വെണ്ണയെടുക്കാത്ത ശുദ്ധമായ പാൽ വില കുറച്ചു നൽകുന്നു.

വീട്ടാവശ്യങ്ങൾക്കും വിവാഹാവശ്യങ്ങൾക്കും ചെല്ലിക്കലുള്ള സംഘം ഡെപ്പോവിൽ സമീപിക്കുക

ആശംസകളോടെ

പി. എൽ. രാധാകൃഷ്ണൻ
സെക്രട്ടറി

കെ. എം. പങ്ങുണ്ണി
പ്രസിഡൻറ്

ഗണേഷ് ഡ്രൈവിങ്ങ് സ്കൂൾ

കോങ്ങാട്

എല്ലാത്തരം വാഹനങ്ങളുടേയും ഡ്രൈവിങ്ങ് പഠിപ്പിച്ച് ലൈസൻസും ബാഡ്ജും എടുത്തു കൊടുക്കുന്നതാണ്. കൂടാതെ ആർ. ടി. ഒ. സംബന്ധമായ എല്ലാ ജോലികളും ചെയ്തുകൊടുക്കുന്ന. ഒരു വിശ്വസ്ത സ്ഥാപനം

PH : 845323

ചാത്തംകുളം ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം

നമ്പർ പി 57 ഡി പന്നിക്കോട്, കോങ്ങാട്

വീട്ടാവശ്യങ്ങൾക്കും വിവാഹാവശ്യങ്ങൾക്കും വെണ്ണയെടുക്കാത്ത ശുദ്ധമായ പാൽ വിലകുറച്ചു നൽകുന്നു. പന്നിക്കോട്ടുള്ള സംഘം ഡെപ്പോവിൽ അന്വേഷിക്കുക.

ഗ്രാമപഞ്ചായത്തിന്റെ വികസന സംരംഭങ്ങൾക്ക് ആശംസകൾ

എം. വി. ഉണ്ണികൃഷ്ണൻ
സെക്രട്ടറി

എം. എസ്. ദേവദാസ്
പ്രസിഡൻറ്

"ഒമ്പതാംപദ്ധതി ജനകീയ പദ്ധതി

കോങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ ആസൂത്രണ പരിപാടികൾക്ക് വിജയാശംസകൾ

കോങ്ങാട് സർവീസ് സഹകരണ ബാങ്ക്
നമ്പർ പി.538

കെ. കരുണാകരൻ
പ്രസിഡൻറ്

ടി. പി. രാമൻ
സെക്രട്ടറി

With best compliments from

VALLUVANAD AYURVEDA OUSHADASALA

D.L. No: 54/25 D/96

IX/468, KONGAD POST, PALAKKAD - 678 631, KERALA

(Manufacturers and Exporters of Ayurvedic Medicines)

ചിന്തകർ ലോകത്തെ വ്യാഖ്യാനിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. അതിനെ മാറ്റിയെടുക്കുകയാണ് നമ്മുടെ കർത്തവ്യം

-കാറൽ മാർക്സ്

ആഹ്ളാദം പെരുപ്പിക്കാനുള്ള ഏക മാർഗം അത് വിഭജിക്കുകയാണ്.


- മുഹമ്മദ് നബി


With best compliments from



Rainbow Textiles
Rainbow Saree Centre
Rainbow Readymades

Main Road, Kongad
Phone : 845272, 845372





"ഗ്രാമങ്ങളും അവിടുത്തെ ജനങ്ങളുമാണ് ഭാരതത്തിന്റെ പ്രാണൻ —
ഗ്രാമീണപുരോഗതിയും സന്തുഷ്ടിയുമാണ് എന്റെ സ്വപ്നം
അവ സാക്ഷാത്കരിക്കുവാൻ ഐക്യമത്യവും കഠിനദ്ധ്വാനവും
കൂടിയേ തീരൂ..."

– ഗാന്ധിജി

സമ്പത്തൊഴികെയുള്ള കാര്യങ്ങളിൽ കേരളം അമേരിക്കയോടൊപ്പം

	കേരളം	ഇന്ത്യ	വരുമാനം കുറഞ്ഞ രാജ്യങ്ങൾ	അമേരിക്ക
പ്രതിശീർഷ വരുമാനം – 1991	297 ഡോളർ	330	350	22240
സാക്ഷരത – 1991	91%	52%	55	96
ആയുർദൈനഘ്യം	പുരുഷൻ 69 സ്ത്രീ 72	60	55	76
ശിശുമരണനിരക്ക് 1000ൽ	17	85	91	9
ജനന നിരക്ക് 1000ൽ	20	31	38	16

"എല്ലാവരുടേയും അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട വിഭവങ്ങൾ
ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടേയും
ദുരയെ തൃപ്തിപ്പെടുത്താനൊട്ടില്ലതാനും"

"സ്വന്തം രാജ്യത്തിന്റെ നിർമിതിയിൽ ഞങ്ങൾക്കും
ഫലപ്രദമായൊരു പങ്കുണ്ടെന്ന് പരമദരിദ്രനുപോലും
അനുഭവപ്പെടുന്നൊരു ഭാരതം, ഉയർന്ന വർഗക്കാരോ താഴ്ന്ന
വർഗക്കാരോ ഇല്ലാത്തൊരു ഭാരതം, എല്ലാ സമുദായങ്ങളും
പരിപൂർണ രഞ്ജിപ്പിൽ കഴിയുന്നൊരു ഭാരതം
കെട്ടിപ്പടുക്കാൻ വേണ്ടി ഞാൻ പ്രവർത്തിക്കും."

– മഹാത്മാഗാന്ധി